


# സംഘടിത

സംഘടിത/മെയ് 2021/ വോള്യം 18/ലക്കം 13


കുടുംബത്തിനുള്ളിലെ ജനാധിപത്യം
ഉമ്മു ഹബീബ — 5

പരസ്യങ്ങളിലെ കുടുംബം
സുഹ്റമോൾ Z — 6

കടപ്പുറവും കുടുംബവും
അനിഷ എ മെന്റസ് — 11

വേരിറക്കം
സൂര്യജ എം. — 14

മലയാളിയുടെ കുടുംബരാഷ്ട്രീയം
കെ. എസ്. ഇന്ദുലേഖ — 15

മലയാള സീരിയലും മലയാളി കുടുംബവും ചില നിരീക്ഷണങ്ങൾ
മിഷൽ മരിയ ജോൺസൺ — 20

കുടുംബത്തിൽ നിന്നും സമൂഹത്തിലേക്ക്
മഞ്ജിമ സുരേഷ് — 23

മലയാള സിനിമ- കുടുംബ നിർമ്മിതിയുടെ വ്യവഹാരസ്ഥാനങ്ങൾ
അനുശ്രീ ചന്ദ്രൻ സി. — 25

സ്വയംകൃതം
പ്രവീണ കെ. — 30

സാമൂഹിക മാധ്യമങ്ങളും കുടുംബങ്ങളും
ശ്രീലക്ഷ്മി അറക്കൽ — 31

നിർമിതികളുടെ സാഹിത്യം : കഥാവായനയുടെ പാഠ്യതലങ്ങൾ
ഐശ്വര്യ വി. ഗോപാൽ — 34

ഉത്തമകുടുംബത്തിന്റെ പുറമ്പോക്കുകൾ ദളിത് കുടുംബം; ദേശീയതയുടെ അപരലോകങ്ങൾ
ശ്രീദേവി പി. എസ്. — 38

പ്രണയവേവ്
ശഹന എ. — 45

ഈ മഹാമാരി നമ്മെ തകർക്കുമോ?
പെൺപക്ഷം/അജിത കെ. — 48

കുടുംബവും ഭരണകൂടവും : വിമത നോട്ടങ്ങൾ
ഉമ്മു ഹബീബ — 49

കുടുംബം പെണ്ണിന്റേതു കൂടിയാവേണ്ടുന്ന കാലം
വാസ്തവം/ഡോ.ജാൻസി ജോസ് — 56

മുസ്ലിം സ്ത്രീപദവിയും കുടുംബവും
ഷിഫാന കെ. — 57

മതാത്മക കുടുംബങ്ങളും സ്ത്രീ സ്വതവും
ഉപ്പും മുളകും /ഗീത — 60

ഇനി 'അമ്മ എന്ത് ചെയ്യും?'
ജാനകി — 63

നാടകങ്ങളിലെ കുടുംബങ്ങൾ
ആതിര നികത്തിൽ — 65

കാതലീൻ റൂബിൻസ്- ബഹിരാകാശ സ്വപ്നങ്ങൾ കൈയത്തിപ്പിടിച്ച തന്മാത്രാ ജീവശാസ്ത്രജ്ഞ
ശാസ്ത്രം/സീമ ശ്രീലയം — 67



**എഡിറ്റർ :** ഡോ.ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ :** കെ.അജിത **ഗസ്റ്റ് എഡിറ്റർ : ഉമ്മു ഹബീബ** **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ. പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്, ഡോ. അമീറ വി.യു., ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാ സാരാഭായ്, ഡോ. ബീനാ പോൾ **ലേഔട്ട് & കവർ** : സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി.

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖവുര



ഷീബ കെ.എം.

രാജ്യത്തിന്റെ തലസ്ഥാനനഗരിയിൽ മനുഷ്യർ ജീവവായു കിട്ടാതെ പിടഞ്ഞുവീണ് മരിക്കുന്ന നടുക്കുന്ന കാഴ്ചകൾ! അഭയമേതുമുണ്ടാവില്ലെന്ന ആശ്രയശൂന്യതയിൽ സ്വന്തം ജീവരക്ഷയ്ക്ക് ഓക്സിജൻ സിലിണ്ടർ അടക്കം സ്വയം കണ്ടെത്തേണ്ടുന്ന ഗതികേടിൽ ജനങ്ങൾ .ആസന്നമരണങ്ങളുടെ പേക്കിനാവുകളിൽ മന:സ്ഥൈര്യം നഷ്ടപ്പെട്ട് ജനം വലയുമ്പോൾ ഒന്നുമറിഞ്ഞിട്ടില്ലാത്ത മട്ടിൽ അവശ്യവാക്സിന്റെ ലാഭവിഹിതത്തിൽ കണ്ണും നട്ട് ഫാഷിസ്റ്റ് ഭീകരഭരണകൂടം. അപസർപ്പക കഥകളെ വെല്ലുന്ന അതിഭീകരമായ ജീവിതസന്ദർഭം! ജനങ്ങളോടുള്ള പ്രതിബദ്ധതയും ജനജീവിതസുരക്ഷയുമാണ് ജനാധിപത്യത്തിന്റെ ആണിക്കല്ലുകളെങ്കിൽ ആ സംവിധാനത്തിന്റെ പരിപൂർണ്ണ തകർച്ചയാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. 'മോദി രാജിവെയ്ക്കൂ' എന്നത് ഒരു രാഷ്ട്രീയ മുദ്രാവാക്യത്തിനപ്പുറം ജീവൻമരണ പോരാട്ടമുറവിളിയായിരിക്കുന്നു.

ഈ ദുരന്തവേളയിൽ ആഹ്ളാദവും ആശ്വാസവുമായി എത്തിയത് കേരളജനത ഹിന്ദുത്വശക്തികളെ അധികാരത്തിലെത്തിക്കാതിരിക്കാനുള്ള വിധിയെഴുതിയിരിക്കുന്നു എന്ന വസ്തുതയാണ്. തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം പൂർണ്ണസന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. പ്രതിനിധാനം പരിമിതമാണെങ്കിലും പതിനൊന്ന് വീറുള്ള വനിതാപ്രതിനിധികൾ നിയമസഭയിൽ എത്തിയതിൽ അളവറ്റ സന്തോഷവും രേഖപ്പെടുത്തുന്നു.. ജനാധിപത്യത്തിന്റെയും ലിംഗ ജാതി നീതിയുടെയും മാതൃകയാവാൻ പുതിയ സർക്കാറിന് കഴിയട്ടെ എന്ന് പ്രത്യാശിക്കുന്നു.

പ്രശസ്ത അന്താരാഷ്ട്ര വാർത്ത ഏജൻസിയായ റോയ്ടേസിന്റെ ആദ്യ വനിത മുഖ്യപത്രാധിപയായി അലെസ്സാന്ദ്ര ഗല്ലോനിയും ഇന്ത്യയിലെ വാണിജ്യ വ്യവസായ സംഘടനയായ നാസ്സ്കോം ന്റെ ആദ്യ വനിത ചെയർപേഴ്സനായി രേഖ മേനോനും സ്ഥാനമേറ്റു എന്നത് കഴിഞ്ഞ മാസം സന്തോഷത്തിന് വക നൽകിയ രണ്ട് വാർത്തകളാണ്. ഉയർന്ന പദവികൾ സ്ത്രീകൾക്ക് കൂടിയുള്ളതാണെന്ന് സ്ഥാപിച്ചെടുക്കാൻ ദീർഘകാലത്തെ പോരാട്ടങ്ങൾ തന്നെ വേണ്ടിവന്നുവല്ലോ.

രാത്രികാല ജോലികൾ സ്ത്രീകൾക്ക് നിഷേധിക്കപ്പെടരുതെന്ന കേരള ഹൈക്കോടതിയുടെ ഉത്തരവ് ഏറെ സ്വാഗതാർഹമാണ്. കേരള മിനറൽസ് എൻഡ് മെറ്റൽസ് ലിമിറ്റിഡ് ൽ ഫയർ എൻഡ് സേഫ്റ്റി ഓഫീസർ തസ്തികയിലേക്ക് സ്ത്രീകൾ അപേക്ഷിക്കേണ്ടതില്ലെന്ന് വ്യവസ്ഥ ചെയ്തത് ലിംഗവിവേചനപരമാണെന്നതായിരുന്നു കോടതിയുടെ ഉത്തരവ് .സംരക്ഷണത്തിന്റെ പേരിൽ സ്ത്രീകൾ തൊഴിലെടുക്കുന്നതിൽ തടസ്സങ്ങൾ സൃഷ്ടിക്കരുതെന്ന കോടതിയുടെ നിരീക്ഷണം പ്രസക്തമാണ്.

കുടുംബം എന്ന സങ്കല്പനം കാലങ്ങളിലൂടെ പരിണാമം സംഭവിച്ച ഒരു കൂട്ടുജീവനമാതൃകയാണ്. പ്രാകൃത മനുഷ്യർ മൃഗങ്ങളെപ്പോലെ ഇണചേർന്ന കാലത്തിൽ നിന്നും മാതൃഅവകാശ സമൂഹങ്ങളും പിന്നീട് പിതൃഅധീശ കുടുംബങ്ങളും ഉരുത്തിരിഞ്ഞുവന്നത് ചരിത്രത്തിൽ ദൃശ്യമാണ്. ആധുനികകാലത്ത് കൂട്ടുകുടുംബങ്ങൾ അടർന്ന് അണുകുടുംബം മാതൃകയാവുകയും അതിൽ സ്ത്രീ അകംലോക ജീവിയായി പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യപ്പെട്ടു. കാലങ്ങൾ കഴിഞ്ഞിട്ടും പുരോഗമനവും ജനാധിപത്യവും ഏറെ പറഞ്ഞിട്ടും പ്രയോഗിച്ചിട്ടും ഇന്നും കുടുംബം എന്നത് പുരുഷാധിപത്യത്തിന്റെ ഉത്തമപ്രയോഗ ഇടമായിത്തന്നെ തുടരുന്നു. കുടുംബം എന്ന വിഷയം വിമർശനാത്മകമായി ചർച്ച ചെയ്യുകയാണ് ഉമ്മു ഹബീബ അതിഥിപത്രാധിപയായ ഈ ലക്കം സംഘടിത .

കൊറോണയുടെ ഈ കെട്ട കാലത്ത് നമുക്ക് ചുറ്റുമുള്ളവർ , നാം സ്നേഹിച്ചവർ പലരും വ്യാധിയോട് തോറ്റ് പിൻവാങ്ങുമ്പോൾ അതിജീവനത്തിനായി നമുക്ക് ഒററക്കെട്ടാകാം എന്ന ദൃഢനിശ്ചയവുമായി ഈ ലക്കം സമർപ്പിക്കട്ടെ.

■



**ഉമ്മു ഹബീബ**
ഗവേഷക , മലയാള വിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല
കാലടി

# കുടുംബത്തിനുള്ളിലെ ജനാധിപത്യം

വ്യവസ്ഥാപിത സമൂഹത്തിനനുസൃതമായി രൂപീകരിക്കുന്ന സ്ഥാപനമാണ് കുടുംബം . ഇരുപതാം നൂറ്റാണ്ടിലെത്തുന്നതോടെ കുടുംബമെന്ന സ്ഥാപനം ഘടനാപരമായും അർത്ഥപരമായും മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ആൺകേന്ദ്രിതവും സദാചാര ബന്ധിതവുമായ പുതിയ ലോകക്രമമായിരുന്നു പുതിയ കുടുംബത്തിന്റേത്. സ്ത്രീയുടേയും പുരുഷന്റേയും 'ഉത്തരവാദിത്വങ്ങൾ' ക്രമപ്പെടുത്തുന്നതോടൊപ്പം ചരിത്രത്തിന്റെ തുടർച്ചയെന്നോണം കുടുംബത്തിനുള്ളിലെ അധികാരബന്ധങ്ങളും ഉറപ്പിക്കപ്പെട്ടു. അതോടുകൂടി പുരുഷനെ കേന്ദ്രമാക്കിയുള്ള പിതൃകേന്ദ്രിത കുടുംബങ്ങൾ സ്ഥിരപ്രതിഷ്ഠ നേടാനും തുടങ്ങി. കുടുംബത്തിനുള്ളിലെ ആൺ / പെൺ റോളുകൾ അലിഖിത നിയമങ്ങളായി മാറി. ആണുങ്ങൾ ചെയ്യുന്ന റോളുകൾക്ക് പൊതു ഇടവുമായും സ്ത്രീകളുടെ റോളുകൾക്ക് സ്വകാര്യ ഇടവുമായുള്ള ബന്ധമായിരുന്നു മുന്നിട്ട് നിന്നത്. പൊതു/സ്വകാര്യം എന്ന ദ്വന്ദ്വത്തെ നിലനിർത്തി കൊണ്ട് സ്വകാര്യ ലോകത്തെ അടുക്കടുക്കായി ക്രമപ്പെടുത്താൻ തുടങ്ങിയതോടെ കുടുംബബന്ധങ്ങളിലെ ആണധികാരം 'സ്വാഭാവികമായ' ഒന്നാവുകയും ജനാധിപത്യത്തെ വിമർശനാത്മകമായി സമീപിക്കേണ്ടി വരുകയും ചെയ്തു.

കുടുംബത്തിനുള്ളിലെ അധികാരബന്ധങ്ങളോട് പലപ്പോഴായി സ്ത്രീകൾ പലവിധത്തിലുള്ള പ്രതിരോധങ്ങളിൽ ഏർപ്പെടുന്നുണ്ട്. പ്രത്യക്ഷത്തിൽ തന്നെ കുടുംബത്തെ വെല്ലുവിളിക്കുന്നവരും ആദൃശ്യമായി, തന്ത്രപരമായി കുടുംബത്തിന്റെ ജനാധിപത്യ വിരുദ്ധതയെ നേരിടുന്നവരും നമുക്കിടയിൽ തന്നെയുണ്ട്.

'സ്നേഹം' എന്ന സവിശേഷമായ ഒന്നിന്റെയുള്ളിൽ രൂപപ്പെട്ടെന്നു പറയുന്ന കുടുംബം ഏതൊരു ജനാധിപത്യ വിരുദ്ധമായ പ്രക്രിയകളേയും, അതിക്രമങ്ങളേയും, അനീതിയേയും ന്യായീകരിച്ചത് ഇതേ 'സ്നേഹ'മെന്നതിനുള്ളിലാണ്. കുടുംബത്തിനുള്ളിലെ സംഘർഷങ്ങളെ പരിമിതപ്പെടുത്തിയതും സ്നേഹത്തിനുള്ളിലാണ്. അതുകൊണ്ടാണ് 'പെരുകും പ്രണയാനുബന്ധമാമൊരു പാശമെന്ന്' സ്നേഹത്തിന്റെ 'അധികാരപരമായ' മറ്റൊരു വശത്തെ ആശാന്റെ സീത ചൂണ്ടികാണിച്ചത്. ആചാര അനുഷ്ഠാനങ്ങളാലും രക്തബന്ധങ്ങളാലും രൂപപ്പെടുന്ന കുടുംബങ്ങൾ അനുസരിക്കാത്തവരേയും ക്രമങ്ങളുടെ ഭാഗമാവാത്തവരേയും പുറന്തള്ളിയിരുന്നു.. അത്തരത്തിൽ കുടുംബമെന്ന വ്യവസ്ഥാപിതമായ സ്ഥാപനത്തെ ചോദ്യം ചെയ്യുന്ന സ്ത്രീയും പുരുഷനും ലൈംഗിക ന്യൂനപക്ഷങ്ങളും 'കുടുംബ' ങ്ങളിൽ നിന്നും പുറത്തായി.

സവർണ കുടുംബങ്ങളെ കേന്ദ്രമാക്കി കൊണ്ട് ദളിത്, മുസ്ലീം, ആദിവാസി, ട്രാൻസ്ജെൻഡർ കുടുംബങ്ങളെ അപരവൽക്കരിക്കുന്ന രീതി നിലനിൽക്കുന്നുണ്ട്. അത്തരം വാർപ്പു മാതൃകകൾ നമ്മുടെ സ്ഥിര വ്യവഹാരങ്ങളിൽ നിലനിൽക്കുന്നുമുണ്ട്. എന്നാൽ പലപ്പോഴും അത്തരം പൊതുധാരണകളെ തിരുത്താൻ ശേഷിയുള്ളതാണ് പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ അനുഭവങ്ങൾ. പക്ഷേ അപ്പോഴും അത്തരം കുടുംബങ്ങളിലെ ബന്ധങ്ങൾ അധികാരങ്ങളിൽ നിന്ന് വിമുക്തമാണെന്ന് പറയാനും സാധിക്കുകയില്ല.

പരസ്യങ്ങൾ, സാമൂഹികമാധ്യമങ്ങൾ, രാഷ്ട്രീയം, സാഹിത്യം, വിദ്യാഭ്യാസം, മതം, സിനിമ, നാടകം എന്നിവയെല്ലാം കുടുംബങ്ങളെ എങ്ങനെ പ്രതിനിധാനം ചെയ്യുന്നുവെന്നത് വിശകലനം ചെയ്യേണ്ടതാണ്.വിശാലാർത്ഥത്തിൽ കുടുംബത്തിന്റെ രൂപീകരണത്തിന് അടിസ്ഥാനമാവുന്നത് 'സ്നേഹം' തന്നെയാണ്. എന്നാൽ ആ 'സ്നേഹം' ജനാധിപത്യപരവും സംവാദത്തിനുള്ള ഇടം നൽകുന്നതുമായിരിക്കണമെന്ന തോടപ്പം തന്നെ, 'മനുഷ്യർ തമ്മിൽ തുല്യമായി പരസ്പരം ബഹുമാനം പുലർത്തുന്ന ഇടങ്ങളായി നമ്മുടെ കുടുംബങ്ങൾ മാറേണ്ടതുമുണ്ട്. ഇത്തരമൊരു ആശയമാണ് പുതിയ പതിപ്പ് മുന്നോട്ടുവെക്കുന്നത്.കൂടുതൽ വിശകലനങ്ങൾക്കും സംവാദങ്ങൾക്കുമായി വായനക്കാർ ഈ പതിപ്പ് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.



# പരസ്യങ്ങളിലെ കുടുംബം




**സുഹ്റമോൾ Z**
ഗവേഷക
മലയാളവിഭാഗം
കേരളസർവകലാശാല


കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം. കുറച്ച് കാലങ്ങളായി കേരളീയ കുടുംബസങ്കല്പത്തെ നിർവചിക്കുന്ന വാക്യമാണിത്. 'കുടുംബം' എന്ന വാക്കിനെ രണ്ടായി വേർതിരിച്ചു നിർമ്മിച്ചെടുത്ത അർത്ഥം. സമൂഹത്തിന്റെ അടിസ്ഥാനങ്ങളിൽ ഒന്നായി വർത്തിക്കുന്ന കുടുംബം എന്ന സ്ഥാപനത്തിന്റെ പൊള്ളത്തരങ്ങളെ അഥവാ വ്യക്തിജീവിതത്തെ സാരമായി ബാധിക്കുന്ന ഈ സങ്കല്പത്തിന്റെ ദോഷവശങ്ങളെ മറച്ചുവെക്കുന്ന തരത്തിൽ പ്രസ്തുത നിർവചനം പ്രവർത്തിക്കുന്നുണ്ട്. സാമൂഹിക മനോഭാവം കുടുംബത്തെ മഹത്വവത്കരിക്കാൻ ഒരുവശത്ത് ശ്രമിക്കുമ്പോൾ മറുവശത്ത് വ്യക്തിജീവിതത്തിന്റെ വ്യതിരേകാത്മകതയും സ്വാതന്ത്ര്യവും മുൻനിർത്തി കുടുംബസങ്കല്പത്തെ മാറ്റി പണിയുന്നുണ്ട്. ഒരു നിശ്ചിതവ്യവസ്ഥിതിയിൽ നിന്ന് മാറി, പല പാളികളിലൂടെയുള്ള നോട്ടം സാധ്യമാക്കുന്ന വിധത്തിൽ, ഏതൊരു വ്യക്തിക്കും പാകപ്പെടുത്താവുന്ന വ്യവസ്ഥിതിയിലേക്ക് കുടുംബസങ്കൽപം ഇന്ന് സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള കുടുംബാസൂത്രണത്തിന്റെ മാതൃകയും പ്രതിനിധാനവും മാധ്യമങ്ങൾ പ്രദർശിപ്പിക്കുന്നുണ്ട്. ചലച്ചിത്രങ്ങൾ, സീരിയലുകൾ, കൊമേഡി ഷോകൾ, പരസ്യങ്ങൾ, യൂട്യൂബ് വീഡിയോകൾ തുടങ്ങിയവ കുടുംബവ്യവസ്ഥിതിയുടെ മൂല്യസങ്കല്പങ്ങളെ സംരക്ഷിക്കുന്നുണ്ട്, വ്യാഖ്യാനിക്കുന്നുണ്ട്, ചോദ്യം ചെയ്യുന്നുമുണ്ട്. മാധ്യമമെന്ന നിലയിൽ പരസ്യങ്ങൾ എങ്ങനെയാണ് കുടുംബസങ്കല്പത്തെ ചിത്രീകരിക്കുന്നതെന്നും വ്യാഖ്യാനിക്കുന്നതെന്നും അന്വേഷിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

റേഡിയോയിലും ടെലിവിഷനിലും ആയിരുന്നു പരസ്യങ്ങളുടെ രംഗപ്രവേശം. പിന്നീട്, തിയേറ്ററുകളിലേക്കും ഫേസ്ബുക്ക്, യൂട്യൂബ്, ഇൻസ്റ്റഗ്രാം തുടങ്ങിയ നവമാധ്യമങ്ങളിലേക്കും പരസ്യങ്ങളുടെ പ്രദർശന ഇടം വ്യാപിച്ചു. പരസ്യങ്ങളുടെ ദൃശ്യാവിഷ്കാരം ഈ വ്യാപനത്തിന് ഹേതുവായി പരിഗണിക്കണം. റേഡിയോ, ടെലിവിഷൻ

തിയേറ്റർ, നവമാധ്യമങ്ങൾ ഇവയിലൊക്കെ സംപ്രേഷണം ചെയ്യുന്ന കാര്യപരിപാടികൾക്കിടയിലെ ഇടവേളകളിലാണ് പരസ്യങ്ങൾ കടന്നുവരുന്നത്. ഇടവേളകളിൽ സംപ്രേഷണം ചെയ്യുന്ന പരസ്യങ്ങളെ അവഗണിച്ചുപോരുന്ന ടെലിവിഷൻ, തീയേറ്റർ കാഴ്ചക്കാരെയും നവമാധ്യമങ്ങളിൽ പരസ്യങ്ങളെ 'സ്കിപ്പ്' ചെയ്ത്പോകുന്ന 'വ്യൂവേഴ്സി'നെയും പരസ്യങ്ങൾക്ക് മുന്നിൽ തന്നെ പിടിച്ചിരുത്തുക എന്ന ലക്ഷ്യം പരസ്യകമ്പനികൾക്കുണ്ട്. ഈ ലക്ഷ്യം ഇന്ന് വെല്ലുവി

ളിയായി പരസ്യനിർമ്മാതാക്കൾ ഏറ്റെടുക്കുന്നുമുണ്ട്.

ഉൽപ്പന്നത്തെ ഉപഭോക്താക്കൾക്ക് പരിചയപ്പെടുത്തുന്നതാണ് പരസ്യങ്ങളുടെ അടിസ്ഥാനധർമ്മം. ഈ ധാർമികസാക്ഷാൽകാരത്തിന് വിശാലമായ 'ക്യാൻവാസ്' ആണ് പരസ്യങ്ങൾ ഒരുക്കുന്നത്. ആകർഷണമാണ് പരസ്യങ്ങളുടെ കാതൽ. ഉപഭോക്താവിന് അനിവാര്യമായ ഉത്പന്നമാണ് വിപണിയിലുള്ളതെന്ന് സമർത്ഥിക്കാൻ ശ്രമിക്കുന്ന പരസ്യങ്ങൾ ചില തന്ത്രങ്ങൾ വിദഗ്ധമായി പ്രയോഗിക്കുന്നുണ്ട്. ഉൽപ്പന്നം- ഉപഭോക്താവ്, ഇവർക്കിടയിൽ 'കണക്റ്റിങ് ലിങ്ക്' ആയി പ്രവർത്തിക്കുന്ന പരസ്യങ്ങളിലെ കുടുംബാന്തരീക്ഷം ചർച്ചചെയ്യേണ്ടതാണ്. കുടുംബബന്ധത്തെ വൈകാരികമായി പരസ്യങ്ങൾ സമീപിക്കുന്നു.

പരസ്യങ്ങളിൽ ചിത്രീകരിക്കുന്ന കുടുംബം നിലവിലുള്ള കുടുംബസ്ഥാപനത്തിന്റെ പ്രതിനിധാനങ്ങളാണെന്ന് നമുക്കു തോന്നുമെങ്കിലും സാമൂഹിക കുടുംബ സങ്കലപ്പങ്ങളുടെ ഉപരിപ്ലവമായ ബദൽ ആഖ്യാനങ്ങളാണ് യഥാർത്ഥത്തിൽ അവ സംവേദനം ചെയ്യുന്നത്. പരസ്യങ്ങളിലെ കുടുംബം സമൂഹത്തിലെ 'ഉയർന്നശ്രേണിയിലുള്ള'വരെ മാത്രം പരിഗണിക്കുന്നതായി തോന്നുന്നില്ലേ?

ഇവിടെ ഉയർന്നശ്രേണിയിലുള്ളവർ എന്ന് അർത്ഥമാക്കുന്നത്, സാമ്പത്തിക ഭദ്രതയുള്ള, ജാതീയമായ ചിന്താഗതികളുള്ള, 'സിവിലൈസ്ഡ്' സംസ്കാരമാണ് തങ്ങളുടേതെന്ന് വാദിക്കുന്നവരെയാണ്. ചുരുക്കിപ്പറഞ്ഞാൽ, പൊളിഷ്ഡ് കുടുംബങ്ങളെയാണ് പരസ്യങ്ങളിൽ അവതരിപ്പിക്കുന്നത്. ഇവിടെ പൊന്തിവരുന്ന ആഗോളപ്രശ്നം; മേൽപറഞ്ഞവിഭാഗം ഒഴികെയുള്ള എല്ലാ ജനവിഭാഗങ്ങളുടെയും കുടുംബവ്യവസ്ഥിതിയിലും കുടുംബാന്തരീക്ഷത്തിലും ഐഡിയൽ( മാതൃക) കുടുംബം ആകാനുള്ള മൂലകങ്ങൾ കുറവാണെന്ന് പരസ്യങ്ങൾ പരോക്ഷമായി പറയുന്നു. ചില സാംസ്കാരിക- സാമൂഹിക ഘടകങ്ങൾ ബോധപൂർവം കൊരുത്തുകൊണ്ട് നിർമ്മിക്കുന്ന പരസ്യങ്ങളിലെ കുടുംബം സാധാരണ കുടുംബത്തെ കൊഞ്ഞനം കുത്തുന്നു. ഉൽപ്പന്നത്തിന്റെ വിപണിയാണ് പരസ്യങ്ങളിലെ കേന്ദ്രആശയം. എങ്കിലും പരസ്യങ്ങളിലെ കുടുംബവിഷ്കാരം സാധാരണപ്രേക്ഷകരുടെ കണ്ണ് മഞ്ഞളിപ്പിക്കുന്നു. പരസ്യങ്ങൾ നിർമ്മിക്കുന്ന ദൃശ്യപ്രകടനം ഒരുപരിധിവരെയും സാമൂഹിക മനോഭാവത്തെ സ്വാധീനിക്കുന്നുണ്ട്. പരസ്യങ്ങൾ പുറന്തള്ളുന്ന മായികലോകം, സാധാരണമനുഷ്യർക്ക് വിനയാകുന്നു. എന്നാൽ, പരസ്യങ്ങളിലെ കുടുംബസങ്കല്പങ്ങളിലെ പുതുബോധ്യങ്ങളെ ഇവിടെ കണ്ടില്ലെന്ന് നടിക്കുന്നില്ല.

മനുഷ്യരാശിയുടെ ജീവിതരീതിക്ക് ഇടവേള നൽകിയ ഘട്ടമായിരുന്നു 2020 കൊറോണക്കാലം. പ്രത്യേകിച്ച് ലോക്ക്ഡൗൺ. ഇന്നും കൊറോണ സധൈര്യം വിലസുന്നുണ്ട്. ഇവിടെ പരസ്യങ്ങളുടെ ചരിത്രത്തിൽ തന്നെ സംഭവിച്ച പരിണാമഗുപ്തിയെ നാം അടയാളപ്പെടുത്തണം. കോവിഡിന് മുമ്പുള്ള പരസ്യങ്ങൾ, കോവിഡാനന്തര  പരസ്യങ്ങൾ എന്നിങ്ങനെ വേർതിരിക്കാൻ കഴിയുംവിധം പരസ്യ ഘടകങ്ങളിലെയും പരസ്യ ആശയങ്ങളിലെയും വ്യത്യസ്തതകൾ പ്രകടമാണ്. ഈ വ്യത്യസ്തതകളുടെ അടിസ്ഥാനത്തിൽ പരസ്യങ്ങളിലെ കുടുംബവിശകലനം പ്രാധാന്യമർഹിക്കുന്നു. നൂതനസാമൂഹികസന്ദർഭങ്ങളെയും സൂക്ഷ്മരാഷ്ട്രീയത്തെയും പുനർനിർമിക്കപ്പെട്ട വ്യവഹാരപ്രവണതകളെയും പരസ്യങ്ങൾ മാനിക്കുന്നതും കണ്ടുവരുന്നു.

ഉല്പന്നത്തെയും അതിന്റെ ഉപയോഗങ്ങളെയും വിശദീകരിക്കാൻ പരസ്യങ്ങൾ നിർമ്മിക്കുന്ന പശ്ചാത്തലത്തിലമാണ് പ്രേക്ഷകരെ സ്വാധീനിക്കുന്നത്; പരസ്യനിർമ്മാതാക്കൾ സർഗാത്മകമായി ആശയപശ്ചാത്തലം സൃഷ്ടിക്കുന്നു. കോവിഡാനന്തര പരസ്യങ്ങളിലെ ആശയപശ്ചാത്തലം കോവിഡ്-19 വൈറസിൽ നിന്നും സുരക്ഷിതമായിരിക്കാനുള്ള മാർഗ്ഗങ്ങൾ, ലോക്ഡൗൺ, അനന്തരഫലമായുള്ള ഒറ്റപ്പെടൽ, ഒക്കെ വിഷയമായി സ്വീകരിച്ചു.  കുടുംബബന്ധങ്ങളിലെ 'ഐക്യ'ത്തെ ശക്തമായി പരസ്യങ്ങൾ ഇതിനായി പ്രയോഗിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കേണ്ട വസ്തുത, പകർച്ചവ്യാധി വ്യാപനത്തിൽ നിന്നും സുരക്ഷിതമായിരിക്കാനുള്ള മുൻകരുതൽ പ്രധാനമാണെന്ന് പരസ്യങ്ങൾ ഓർമിപ്പിച്ചിരുന്നു. പരസ്യങ്ങൾ അവബോധം നല്കിയിരുന്നെന്ന് വിവക്ഷ. പിന്നീടുള്ള പരസ്യങ്ങൾ കോവിഡാനന്തരസാഹചര്യത്തിലെ കുടുംബാന്തരീക്ഷമാണ് ഏറിയതും പ്രതീകവൽക്കരിച്ചത്. അണുവിമുക്ത മരുന്നുകളുടെ പരസ്യങ്ങളും ഓൺലൈൻ ക്ലാസ്സുകളുടെ പരസ്യങ്ങളും ദൃഷ്ടാന്തമാണ്. പക്ഷെ, അടുക്കളയിലേക്ക് സാധനം വാങ്ങുന്നതും, വീട് വൃത്തിയാക്കുന്നതും, കുടുംബത്തിലെ മറ്റെല്ലാവരുടെയും വൃത്തിയെപറ്റി ആശങ്കപ്പെടുന്നതും സ്ത്രീ തന്നെയാണ്. സ്ത്രീക്ക് സമൂഹം നൽകിയിരുന്ന 'റോളുകൾ' പരസ്യങ്ങളിൽ ഉറച്ചുപോയിട്ടുണ്ട്. സ്ത്രീയെ വസ്തുവായി കണക്കാക്കിയിരുന്ന സമ്പ്രദായത്തെ കണക്കറ്റ് വിമർശിച്ചുകൊണ്ട് നിരവധി പരസ്യങ്ങൾ കേരള സർക്കാരിന്റെ വനിത, ശിശു- ക്ഷേമവകുപ്പിന്റെ കീഴിൽ നിർമ്മിച്ചിട്ടുണ്ട്. കുടുംബത്തിനകത്ത് സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന ശാരീരികവും മാനസികവുമായ ചൂഷണങ്ങൾക്ക്, പ്രശ്നങ്ങൾക്ക് കാര്യഗൗരവത്തോടെ നടപടിയെടുക്കുന്നതാണെന്ന് സൂചിപ്പിക്കുന്ന പരസ്യങ്ങൾ കോവിഡ് കാലത്ത് സാഹചര്യവശാൽ നിർമിച്ചതാകാം. പ്രതീക്ഷ നല്കുന്ന സന്ദേശങ്ങളാണ് ഈ പരസ്യങ്ങൾ പങ്കുവെക്കുന്നത്. അപ്പോഴും കുടുംബ പശ്ചാത്തലം ഉയർന്നവർഗ്ഗക്കാരുടേതാണ്. വലിയ വീട്, ഉയർന്ന ജോലി, വെളുത്ത നിറം- ഇതൊക്കെ കോവിഡാനന്തരപരസ്യങ്ങളിലും നിർബന്ധമാണെന്ന് കാണുന്നു.

അണുകുടുംബങ്ങളെയാണ് പര്യസത്തിൽ ചിത്രീകരിക്കുന്നത് എന്ന ധാരണ പരന്നിട്ടുണ്ടെങ്കിലും അ



മ്മുമ്മയും അപ്പൂപ്പനും കൂടി അടങ്ങുന്നതാണ് മിക്കവാറും പരസ്യങ്ങളിലെ കുടുംബാംഗങ്ങൾ. ഇവരുടെയെല്ലാം വസ്ത്രധാരണം, സംസാരഭാഷ, ശരീരഭാഷ, താൽപര്യങ്ങൾ, പെരുമാറ്റരീതികൾ ഒക്കെ കൃത്രിമമായി അനുഭവപ്പെടുന്നു. ഈ കൃത്രിമത്വത്തെ സാധാരണീകരിക്കാൻ പരസ്യങ്ങൾ ശ്രമിക്കുന്നതുകൊണ്ടാണ് കുടുംബത്തിലെ ഏറ്റവും ഇളയ അംഗത്തെ (മിക്കപ്പോഴും 10 വയസ്സിന് താഴെയുള്ള കുട്ടികളെ) മംഗ്ളീഷിലാണ് സംസാരിപ്പിക്കുന്നത്. മലയാളവും ഇംഗ്ലീഷും ചേർത്തുപയോഗിക്കുന്ന മംഗ്ലീഷ് ഭാഷാവികാസമാണെന്നും ഭാഷാധ:പതനമാണെന്നും വാദങ്ങളുണ്ട്. അതിവിടെ വിശദീകരിക്കുന്നില്ല. വാക്യം മുഴുവനും മലയാളത്തിൽ പറയുന്നത് മോശമാണെന്ന അബദ്ധധാരണ സാധാരണ കുട്ടികളിലും രക്ഷകർത്താക്കളിലും അടിച്ചേൽപ്പിക്കുന്നു. മംഗ്ലീഷിനെ ഇഷ്ടപ്പെടുന്ന സമൂഹത്തെ സൃഷ്ടിച്ചെടുക്കാൻ പരസ്യങ്ങൾക്ക് സാധിച്ചിട്ടുണ്ട്. നിറങ്ങൾക്ക് പോലും ശബ്ദമുള്ള ലോകമാണ് കുട്ടികൾക്ക് പരസ്യങ്ങൾ. അവരുടെ വൈകാരിക അനുഭവങ്ങളെയും മാനസികാവസ്ഥകളെയും ക്രമീകരിക്കുന്നതിൽ പരസ്യങ്ങൾ സ്വാധീനിക്കുണ്ട്. പരസ്യചിത്രങ്ങളിലെ കുടുംബം ഈ സ്വാധീനതയിൽ മുന്നിലാണ്. ഇത് വളർന്നുവരുന്ന കുട്ടികളിൽ ഗുണപരമായും ദോഷപരമായും ഇടപെടുന്നുണ്ട്. കുട്ടികളുടെ മാനസികവളർച്ചയെ കുറിച്ചുള്ള പഠനങ്ങളിൽ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ട വിഷയമാണിത്.

കുടുംബത്തിലെ മറ്റെല്ലാവരാലും സ്നേഹിക്കപ്പെടണമെന്നും അങ്ങനെ സ്നേഹിക്കപ്പെടാൻ കാര്യമാ

യ നിറവും ബുദ്ധിയും മുടിയും കുസൃതികളും തനിക്കുണ്ടായിരിക്കണമെന്നും, തന്റെ ആവശ്യങ്ങൾ അപ്പപ്പോൾ നിറവേറ്റിത്തരണമെന്നുമൊക്കെ പരസ്യങ്ങൾ കണ്ട കുട്ടി അഭിലഷിക്കുന്നു. സമ്പത്ത്, വസ്ത്രം, വീട്, വണ്ടി എന്നിവയാണ് മനുഷ്യനേറ്റവും അത്യാവശ്യമായവ എന്ന ധാരണ പരസ്യങ്ങൾ പരത്തുന്നു. അടിസ്ഥാനവിഭാഗങ്ങളുടെ പ്രശ്നങ്ങളോ പ്രതിനിധാനങ്ങളോ ശരിയായ രീതിയിൽ പരസ്യങ്ങൾ കൈകാര്യം ചെയ്യുന്നില്ല.

പരസ്യങ്ങൾ പ്രബലവിനോദമായി ഇന്ന് വ്യാപരിക്കുന്നത്, ഉൽപ്പന്നത്തിന്റെ ഗുണമേന്മകളെ വിശദീകരിക്കുന്നതിന്റെ പശ്ചാത്തലമായി പരസ്യങ്ങൾ മുന്നോട്ട് വയ്ക്കുന്ന ആശയങ്ങളുടെ സാധ്യതകളിലാണ്. കോവിഡാനന്തരപരസ്യങ്ങളിൽ ഈ ആശയങ്ങൾ സന്ദേശങ്ങളായി രൂപംമാറുന്നുണ്ട്. സാമൂഹികപരിണാമത്തിന്റെ ഫലമായി ഉയർന്നുവന്ന ചിന്താഗതികൾ പരസ്യത്തിൽ പ്രവേശിച്ചു. പരസ്യങ്ങളിലെ കുടുംബാസൂത്രണത്തിലാണ് നവീനചിന്തകളുടെ പ്രകമ്പനം സംഭവിച്ചത്.

കുടുംബത്തിലെ എല്ലാവരെയും തീറ്റിപ്പോറ്റുന്ന, ചയകൊടുക്കുന്ന, മീൻകറി, ചിക്കൻകറി മുതലായവ പാചകം ചെയ്യുന്ന, പാത്രങ്ങൾ വെളുപ്പിച്ച് തിളക്കമുണ്ടാക്കുന്ന , സോപ്പുകളുടെ കാലാവധി ആലോചിച്ചു ആശങ്കപ്പെടുന്ന, തുണിവിരിക്കുന്ന, എല്ലാം വൃത്തിയാക്കുന്ന- ഇതെല്ലാം ഒരുമിച്ച് ചെയ്യാൻ അസാധരണ കഴിവുള്ളവരാണ് സ്ത്രീകൾ എന്നാണ് പരസ്യങ്ങൾ ആധുനികതയിൽ കണ്ടെത്തിയത്. പിന്നീട്, 2019 ലേക്ക് വരുമ്പോൾ കുടുംബത്തിലെ സ്ത്രീകൾക്ക് വ്യക്തിത്വം നൽകാനുള്ള ശ്രമത്തിലായിരുന്നു പരസ്യങ്ങൾ. സ്ത്രീകൾക്കായി ജോലിയും വേതനവും കണ്ടെത്തൽ, അവൾക്ക് കഴിവ് തെളിയിക്കാനുള്ള വേദിയൊരുക്കൽ, അവളുടെ സ്വപ്നങ്ങളെ സാക്ഷാത്കരിക്കൽ, അവളുടെ താത്പര്യങ്ങളെ പിന്താങ്ങൽ ഒക്കെ പരസ്യങ്ങളുടെ കുടുംബാശയങ്ങളായി വന്നിട്ടുണ്ട്. ഈ ആശയങ്ങൾ ഉത്പന്നത്തെ ന്യായീകരിക്കുന്നതാണോ എന്ന ചോദ്യം ഇവിടെ പ്രസക്തം. ഉത്തരമെന്തായാലും ഇത്തരം പരസ്യങ്ങളുടെ സ്ത്രീപക്ഷമനോഭാവം അത്രയൊന്നും പുരോഗമിച്ചിട്ടില്ലെന്ന് തെളിയുന്നു. സ്ത്രീയുടെ വ്യക്തിത്വത്തിന്റെ രൂപവൽകരണത്തിൽ കുടുംബം തന്നെ മുൻകൈയെടുക്കണമെന്ന് പരസ്യങ്ങൾ ശാഠ്യംപിടിക്കുന്നു. സ്ത്രീയെ ബലഹീനജീവിയായി പരസ്യത്തിലെ കുടുംബം വരുത്തിതീർക്കുന്നുണ്ട്. സ്ത്രീകൾക്ക് കുടുംബത്തിന്റെ തണലുപ്പറ്റിയെ നിലനിൽപുള്ളൂ എന്ന യാഥാസ്ഥിതിക മനോഭാവത്തെ വഹിക്കുന്ന പുരുഷാധിപത്യ കുടുംബവ്യവസ്ഥിതിയാണ് പരസ്യങ്ങളിലെ കുടുംബങ്ങളിൽ. കോവിഡാനന്തരപരസ്യങ്ങൾ പോലും ഈ ചിന്താഗതിയെ സാരമായി ബാധിക്കാത്ത തരത്തിലാണ് അവതരിപ്പിക്കുന്നത്. പക്ഷെ, കുടുംബവ്യവസ്ഥയുടെ മൂല്യസങ്കല്പ്പങ്ങളെ തിരുത്തിയെഴുതാൻ കോവിഡാന്തർ പരസ്യങ്ങൾ ചെറിയ പടവുകൾ വെയ്ക്കുന്നതും കാണാം.

മക്കൾക്കും മരുമക്കൾക്കും പുതിയ പങ്കാളിയെ അമ്മ പരിചയപ്പെടുത്തുന്ന ഒരു പരസ്യമുണ്ട്. കോവിഡ് ലോക്ക്ഡൗണിൽ ഒറ്റപ്പെടൽ അനുഭവിച്ച സ്ത്രീ വ്യക്തിജീവിതത്തിലേക്ക് ഒരു പങ്കാളിയെ സ്വീകരിക്കുന്നു. മക്കളും മരുമക്കളുമുള്ള സ്ത്രീ വാർദ്ധക്യത്തിന്റെ അവശതയിലാണ് എന്ന പൊതുബോധം പരസ്യങ്ങൾ വഹിക്കുന്ന രംഗത്തേക്കാണ് കുടുംബവുമായി കഴിയുന്ന മക്കൾക്കും മരുമക്കൾക്കും താൻ സ്വയം കണ്ടെത്തിയ പങ്കാളിയെ പരിചയപ്പെടുത്തുന്നത്. പരസ്യങ്ങളിലെ കുടുംബവ്യവസ്ഥിതിയുടെ പുനരവതരണമാണിത്. ഏത് ഉത്പ്പന്നത്തിന് വേണ്ടിയാണ് പരസ്യം നിർമ്മിച്ചതെന്ന് ഓർത്തെടുക്കാൻ കഴിയാത്ത വിധം  ആശയത്തിനാണ്- ഉത്തരാധുനിക കുടുംബ സങ്കല്പ്പം- പ്രശ്നവൽകരിക്കുന്ന കുടുംബസ്ഥാപനത്തിന്റെ വിശാലസമീപനത്തിനാണ് അംഗീകാരവും പ്രചാരവും ലഭിച്ചത്. പരസ്യങ്ങളിലെ ഇത്തരം കുടുംബാവിഷ്കാരം സാമൂഹിക പുരോഗതിയുടെ പച്ചവെളിച്ചമാണ്. ഈ വാദത്തോട് കൊമ്പുകോർക്കാൻ മാട്രിമോണിയൽ പരസ്യങ്ങൾ രംഗത്തുണ്ടെന്നതാണ് വിരോധാഭാസം! ജാതിചിന്തയും കുലസ്ത്രീസങ്കൽപ്പവും സമൂഹികനിലയും സമ്പത്തും മാനദണ്ഡപ്പെടുത്തി നിർമിക്കുന്ന മാട്രിമോണിയൽ പരസ്യങ്ങൾ, പുനർനിർമ്മിച്ചു  കൊണ്ടിരിക്കുന്ന സാമൂഹികാവസ്ഥയ്ക്ക് എതിര് നിൽക്കുന്നു.

ഭാര്യയെ അടുക്കളയിൽ 'സഹായിക്കുന്ന' ഭർത്താവിൽ നിന്നും ജോലിക്ക് പോകുന്ന ഭാര്യയ്ക്ക് ആഹാരംപാകം ചെയ്യുന്ന ഭർത്താവ് എന്ന കഥാപാത്രത്തിലേക്ക്  പരസ്യങ്ങളിൽ കുടുംബാംഗങ്ങൾ നടന്നുവന്നിട്ടുണ്ട്. ഇതേ സന്ദർഭത്തിലാണ് ഈ മാറ്റങ്ങളെ ത്വരിതപ്പെടുത്തുന്നതിന് പകരം സമൂഹം പരിച്ചെറിഞ്ഞ പിന്തിരിപ്പൻ ആശയങ്ങളെ വിത്തിട്ട മുളപ്പിക്കുന്ന സാഹചര്യം മാട്രിമോണിയൽ പരസ്യങ്ങൾ നിർവഹിക്കുന്നത്.

വിവാഹം ഒരു പെൺകുട്ടിയുടെ ഏറ്റവും വലിയ സ്വപ്നമാണെന്നും വിലകൂടിയ പട്ടും നിറയെ പൊന്നും അവളെ രാജകുമാരിയാക്കുമെന്നും സ്വപ്നം കണ്ട് നടക്കുന്ന കാല്പനിക പെൺകഥാപാത്രങ്ങളെയാണ് വസ്ത്ര/ ആഭരണ കടകളുടെ പരസ്യങ്ങൾ ആവർത്തിക്കുന്നത്. പെണ്ണിന് കരുത്തും വേറിട്ട സ്വപനങ്ങളും നൽകുന്നത് സാനിറ്ററി പാഡിന്റെയും വുമെൻസ് ഹോർലിക്സിന്റെയും പരസ്യങ്ങളിൽ മാത്രമാണ്. ഈ വ്യക്തിബോധങ്ങൾ പെണ്ണിന് സ്വാഭാവികമായിട്ടില്ല എന്നും പ്രസ്തുത പരസ്യങ്ങൾ സൂചിപ്പിക്കുന്നു. കേരള സർക്കാരിന്റെ വനിത-ശിശു ക്ഷേമ വകുപ്പ് പെണ്ണിന് സ്വർണ്ണം നിർബന്ധമാണെന്ന് സ്ഥാപിക്കുന്ന പരസ്യങ്ങൾ നിർമിക്കരുതെന്ന് താക്കീത് ചെയ്തിട്ടുണ്ട്. ഈ അവസരത്തിൽ തന്നെയാണ് 'ഭീമ'യുടെ പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്ന പരസ്യം പ്രക്ഷേപണം ചെ

യ്യുന്നത്. സ്ത്രീക്ക് പകരം ട്രാൻസ്സ്ത്രീയെ പരസ്യത്തിൽ കേന്ദ്രീകരിക്കുന്നു. ട്രാൻസ്വ്യക്തികളെ അംഗീകരിക്കുന്ന സമീപനം പ്രതീക്ഷ നൽകുന്നു. പരസ്യചിത്രത്തിൽ കുടുംബം അവളെ അംഗീകരിക്കുന്നു. അവളുടെ കല്യാണത്തിന് പൊന്നണിയിക്കുന്നു. പക്ഷെ, ട്രാൻസ് സ്ത്രീയെ തന്നെ മോഡലാക്കി, അവൾ അതിജീവിച്ച പ്രയാസങ്ങൾ ചിത്രീകരിക്കുമ്പോഴും പെണ്ണിന് കല്ല്യാണത്തിന് സ്വർണ്ണം നിർബന്ധമാണെന്ന് പറഞ്ഞുവയ്ക്കുന്നു.

കുടുംബത്തിലെ മുതിർന്ന വ്യക്തിയും ചെറിയവ്യക്തിയുംതമ്മിലുള്ള ബന്ധം, ആശയവിനിമയം, ഒക്കെ ഉപകരണമായി പരസ്യങ്ങൾ പരീക്ഷിക്കുന്നുണ്ട്. അമ്മുമ്മ- കൊച്ചുമകൾ, അമ്മുമ്മ- കൊച്ചുമകൻ, അപ്പൂപ്പൻ- കൊച്ചുമകൻ- ഇവർ തമ്മിലുള്ള വൈകാരിക അടുപ്പം പരസ്യങ്ങൾ മുതലെടുക്കുന്നുണ്ട്. (പേരക്കുട്ടി എന്ന സംജ്ഞ മനപ്പൂർവം എഴുതാത്തതാണ്). പൈതൃകം പാരമ്പര്യമായി കൈമാറുന്ന കുടുംബാന്തരീക്ഷം ഇവരിലൂടെ പരസ്യങ്ങൾ ആവിഷ്കരിക്കുന്നുണ്ട്. സമ്പത്ത്, സ്വർണ്ണം, വസ്ത്രം, മരുന്ന്, എണ്ണ, ഭക്ഷണത്തിന്റെ ചേരുവകൾ മുതലാവയാണ് ഇവിടെ പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെടുന്നത്. പരമ്പര്യത്തെയും പൈതൃകത്തെയും പ്രൗഢിയുടെ പ്രതീകമായി നിർവചിക്കുന്ന സ്ഥിരം പരസ്യങ്ങളുടെ ഭൂമികയിലേക്ക് സൺലൈറ്റിന്റെ പരസ്യം പുതിയ സമീപനം സ്വീകരിച്ചുവന്നു. ഇവിടെ സൺലൈറ്റ് സോപ്പും പൊടിയും പാരമ്പര്യത്തിന്റെ പ്രതീകമായി കൈയ്യേറ്റം ചെയ്യപ്പെട്ടേക്കാമെന്ന സൂചനയുണ്ട്. എങ്കിലും വാർധക്യം വയസ്സ് നോക്കി തിട്ടപെടുത്തേണ്ടതല്ല എന്ന് പരസ്യത്തിന്റെ ആശയം പിറുപിറുക്കുന്നു. അനുഭവങ്ങൾ പ്രായംകൊണ്ട് മറച്ചുവെക്കേണ്ടതല്ല എന്ന് പരസ്യം ഓർമിപ്പിക്കുന്നു.

പരസ്യങ്ങൾ ശക്തമായ ദൃശ്യാവിഷ്കാരങ്ങൾ ആകുമ്പോൾ അത്രയും ഗൗരവമായി തന്നെ അവയെ ചർച്ചചെയ്യുകയും വേണം. അമ്മയും രണ്ട് പെൺമക്കളും കാറിൽ യാത്രചെയ്യുമ്പോൾ വഴിയിൽ ടയർ കേടാകുന്നു. മൂത്തമകൾ ടയർ മാറ്റിവെക്കുന്നു. ഹോർലിക്സിന്റെ പരസ്യമാണിത്. സ്ത്രീശാക്തീകരണത്തിന്റെ അലയൊലികൾ പ്രത്യക്ഷമാകുന്നു. പക്ഷെ ഒരു ചോദ്യം, കാറിൽ പുരുഷനുണ്ടായിരുന്നെങ്കിൽ ആരായിരിക്കും ടയർ മാറ്റുന്നത്? അവർക്കൊപ്പം പുരുഷൻ കൂടിയുള്ളതായും മൂത്തമകൾ മാത്രം ടായർമാറ്റുന്നതുമായ പരസ്യചിത്രം സൃഷ്ടിക്കാൻ കഴിയുമോ നിർമ്മാതാക്കൾക്ക്? സമൂഹത്തിന്റെ യാഥാസ്ഥിതികതാത്പര്യങ്ങളെ തൃപ്തിപ്പെടുത്താൻ പരസ്യങ്ങൾ ശ്രമിക്കുന്നത് പരിതാപകരമാണ്. ഇന്നും പുരുഷന്റെ നോട്ടം തന്നെയാണ് പരസ്യങ്ങളുടെ ഫ്രെയിമുകളെ നിയന്ത്രിക്കുന്നത്. എന്നാൽ പരസ്യത്തിലെ കുടുംബങ്ങളിൽ ആൺവർഗ്ഗങ്ങളുടെ അവസ്ഥയോ? സ്ഥിരം തൊഴിൽ ചെയ്യാൻ വിധിക്കപ്പെട്ടവർ. ഉയർന്ന ജോലി തന്നെ നിർബന്ധം. അവർക്ക് ജോലിയുടെ അമിതഭാരം ഉണ്ടാകണം. പ്രായമാകുമ്പോൾ മകളെ അന്തസ്സായി കെട്ടിച്ചുവിടാനുള്ള സമ്പാദ്യം ഉണ്ടാക്കണം. കുടുംബാന്തരീക്ഷത്തിന്റെ കെട്ടുറപ്പിന് വേണ്ട ഘടകങ്ങളൊക്കെയും നിർമ്മിക്കുന്ന യന്ത്രങ്ങളായി പുരുഷന്റെ വ്യക്തിത്വം ചിത്രീകരിക്കുന്നു. ഇതൊന്നുമല്ലാത്ത പുരുഷന്മാർ പരസ്യത്തിനുള്ളിലെ കുടുംബങ്ങൾക്ക് കഴിവുകെട്ടവനാണ്, കൊള്ളരുതാത്തവനാണ്. സമൂഹികനിലവാരം കണക്കിലെടുക്കുന്ന മാനദണ്ഡങ്ങളിലാണ് പ്രശ്നം. ഈ മാനദണ്ഡങ്ങളെ സാമൂഹികമനോഭാവം എന്ന് പ്രശ്നവൽകരിക്കുന്നുവോ അന്നേ പരസ്യങ്ങളിലെ കുടുംബത്തിനകത്തും വ്യക്തിപ്രാധാന്യമുണ്ടാകൂ.

'കർത്താവ്- നിർവാഹക' എന്ന കുടുംബസങ്കല്പത്തെ എന്ന് പൂർണമായും നിരാസിക്കുന്നുവോ, അന്ന് പരസ്യങ്ങളിലെ കുടുംബസങ്കല്പങ്ങളിൽ അന്യവൽകരിക്കപ്പെട്ട പെണ്ണിന്റെയും ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും നോട്ടങ്ങൾ ആവിർഭവിക്കും. കാലം മാറുന്നതിനനുസരിച്ച് ഉടയാടകൾ ഊരിയെറിയാൻ നിർബന്ധക്കപ്പെട്ട മാധ്യമം തന്നെയാണ് പരസ്യങ്ങൾ. പരസ്യങ്ങൾക്ക് ഇത് കഴിയുകയും ചെയ്യും.

കോവിഡാനന്തരം നിർമിക്കപ്പെടുന്ന പരസ്യങ്ങൾ പുതിയ ജീവിതരീതികൾ വിഭാവനചെയ്യുന്നുണ്ട്. ഏക രക്ഷിതാവ്, ലിവിങ് ടുഗതർ, കുട്ടികൾ വേണ്ടെന്ന് തീരുമാനിക്കുന്ന ദമ്പതികൾ, സ്വയം കണ്ടെത്തുന്ന വ്യക്തിത്വങ്ങൾ ഒക്കെ പരസ്യങ്ങളിലെ കുടുംബസങ്കലപ്പങ്ങളെ ഇനിയും പുനർനിർമ്മിക്കേണ്ടി ഇരിക്കുന്നു. LGBTIQ പ്രതിനിധാനവും ദളിത് പ്രധിനിധാനവും സ്വാഭാവിക പ്രതിനിധാനങ്ങളായി പരസ്യങ്ങളിൽ കടന്നുവരേണ്ട അനിവാര്യതയുണ്ട്. സാധാരണക്കാരൻ കഥാപാത്രമാകുന്ന,ന്യൂനപക്ഷങ്ങളുടെ പ്രതിനിധികൾ കടന്നുവരുന്ന, അവരുടെ ജീവിതസഹചര്യത്തെയും ഉൾക്കൊള്ളുന്ന, അവരുടെ പ്രശ്നങ്ങളെ ഗൗരവത്തോടെ സമീപിക്കുന്ന പരസ്യചിത്രങ്ങളാണ് ഇനി നിർമ്മിക്കേണ്ടത്. നിലപാടുകളുള്ള രാഷ്ട്രീയബോധ്യങ്ങളിലൂടെയാണ് ഇന്ന് പരസ്യങ്ങളിലെ കുടുംബവും സഞ്ചരിക്കുന്നതെന്ന് പരസ്യനിർമ്മാതാക്കൾ ഉറപ്പുവരുത്തേണ്ടതുണ്ട്. പരസ്യങ്ങളിലെ കുടുംബത്തെ സമൂഹം മാതൃകയാക്കുകയല്ല, മറിച്ച് സമൂഹത്തിലെ കുടുംബത്തെ പരസ്യങ്ങൾ മാതൃകയാക്കുകയാണ് വേണ്ടത്.



**അനിഷ എ മെൻ്റസ്**
ഹൈദരാബാദ് ഇ ടിവി ഭാരതിൽ
മാധ്യമ പ്രവർത്തകയായി പ്രവർത്തിച്ചിട്ടുണ്ട്

# കടപ്പുറവും കുടുംബവും

കടപ്പുറത്തെ കുടുംബമെന്നാൽ മദ്യപിച്ചും ചീട്ടു കളിച്ചും കുടുംബം നോക്കാതെ നടക്കുന്ന ആണുങ്ങൾ തെറി പറയുന്ന ’ചാള മേരി’യെ പോലെയുള്ള പെണ്ണുങ്ങൾ, വിദ്യാഭ്യാസമില്ലാത്ത ദുശ്ശീലങ്ങൾ ഉള്ള മക്കളൊക്കെയുള്ള കുടുംബമാകണം എന്നൊരു വാശി കേരളത്തിലെ പൊതുബോധത്തിനും, ഇവിടുത്തെ ദൃശ്യമാധ്യമങ്ങൾക്കും ഉള്ളതായി പലപ്പോഴും തോന്നിയിട്ടുണ്ട്. മത്സ്യതൊഴിലാളി കുടുംബങ്ങളുടെ പിന്നോക്കാവസ്ഥക്ക് കാരണം നിങ്ങൾ സൂക്ഷിക്കാത്തത് കൊണ്ട ല്ലേ?,കിട്ടുന്ന പൈസയൊക്കെ നിങ്ങൾ കുടിച്ചും, നിക്ഷേപങ്ങൾക്ക് മാറ്റാതെ ചിലവാക്കി കളയുന്നത് കൊണ്ടല്ലേ എന്ന ചോദ്യങ്ങൾ നേരിട്ട് കെട്ടിട്ടുമുണ്ട്. മറ്റു തദ്ദേശീയ (ഇൻഡിജീനിയസ്) സമൂഹങ്ങളെ പോലെ തന്നെ മത്സ്യതൊഴിലാളി സമൂഹങ്ങൾക്കും തനതായ സാമൂഹിക അവസ്ഥയും ജീവിത രീതികളും ചുറ്റുപാടുമാണ് ഉള്ളത്. തൊഴിൽ സംബന്ധമായ സമാനതകൾ ഉള്ളപ്പോഴും ഓരോ തീരങ്ങളിലേയും മത്സ്യതൊഴിലാളി സമൂഹത്തിന്റെ മതത്തിനും ആചാരങ്ങൾക്കും അനുസരിച്ച് സാമൂഹിക ചുറ്റുപാടിലും ജീവിത രീതിയിലും വ്യത്യാസങ്ങൾ കാണാൻ സാധിക്കും. കടലിൽ പണിക്ക് പോകുന്ന ഓരോ മത്സ്യതൊഴിലാളിയും കുടുംബം നോക്കാൻവേണ്ടി പോകുന്നവരാണ്.വളരെ അപകടകരമാ

യ കാലവസ്ഥ ഉള്ളപ്പോഴും ഗവണ്മെന്റ് നിർദ്ദേശം ലംഘിച്ച് കടലിൽ പോകുന്നത് കുടുംബത്തെ ഓർത്താണ്. ലത്തീൻ കാത്തോലിക്ക സമുദായത്തിൽപ്പെട്ട മത്സ്യ തൊഴിലാളി കുടുംബാംഗമെന്ന നിലയിൽ കടപ്പുറത്ത് ജീവിക്കുന്ന മനുഷ്യർക്ക് 'കുടുംബ'മെന്ന സ്ഥാപനത്തിനു പുറത്തൊരു ജീവിതം സാധ്യമല്ലെന്ന് പറയാം. ജനനം മുതൽ മരണം വരെ കത്തോലിക്കാസഭാ വിശ്വാസത്തിൽ ജീവിക്കുന്നവരായത് കൊണ്ട് തന്നെ സഭ പറയുന്ന കുടുംബവ്യവസ്ഥിതികളിൽ ജീവിക്കാൻ ശ്രമിക്കുന്ന സമൂഹമാണിത്. Family is family എന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ വാക്കുകൾ ഇതിന് ഉദാഹരണമാണ്.വിശ്വാസ ജീവിതത്തിന്റെ ഭാഗമായ മമ്മോദീസ മുതൽ മരണാനന്തര കർമ്മങ്ങളിൽ വരെ കുടുംബമെന്നതിന്റെ പങ്ക് വളരെ വലുതാണ്.കുടുംബാംഗങ്ങൾ ഒരുമിച്ചു ഇരുന്നുള്ള സന്ധ്യാ പ്രാർത്ഥനകളും ഒരു പ്രാദേശത്തെ കുറച്ചു കുടുംബങ്ങൾ ചേർന്നുള്ള കുടുംബയൂണിറ്റുകളും ഒക്കെ ആത്മീയ ജീവിതത്തിന്റെ എന്നതിലുപരി സാമൂഹിക ജീവിതത്തിന്റെ തന്നെ ഭാഗമാണ് ഇവിടെങ്ങളിൽ.അതുകൊണ്ട് തന്നെ കുടുംബ ജീവിതം അല്ലെങ്കിൽ സന്യാസ ജീവിതം തിരഞ്ഞെടുത്ത് ജീവിക്കാൻ ഓരോ വ്യക്തിയും ഇവിടെ നിർബന്ധിതരാവുന്നു എന്ന് വേണമെങ്കിൽ പറയാം . സ്ഥലപരിമിതി മൂലം ഒരു വീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങളോ,അഞ്ചിൽ കൂടുതൽ അംഗങ്ങളോ താമസിക്കുന്ന രീതിയാണ് മിക്കവാറും തീരപ്രദേശങ്ങളിൽ കാണാൻ സാധിക്കുക. ഇത്തരം വീടുകളിൽ ഒരാൾക്ക് സ്വന്തമായി ഒരു മുറിയോ, സ്വാകാര്യതയോ, വീടിനോട് ചേർന്നുള്ള ശുചിമുറിയോ, കക്കൂസോ ഉണ്ടായിരിക്കുകയില്ല. വളരെ ചെറിയ സൗകര്യങ്ങളിൽ കൂടുതൽ ആളുകൾ ഒരുമിച്ചു കഴിയുന്ന ഇത്തരം വീടുകളിൽ സ്ത്രീകളാണ് കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത്. പ്രകൃതി ദുരന്തങ്ങൾ, കൊറോണ, ലോക്ഡൗൺ പോലെയുള്ള സാഹചര്യങ്ങൾ ഈ വീടുകളെ എങ്ങനെ ബാധിക്കുമെന്നുള്ളത് കഴിഞ്ഞ കോവിഡ് പ്രതിസന്ധി കാലത്ത് വിശാലമായ എസി മുറികൾ ഉള്ള വീടുകളിൽ ഇരുന്നു പൂന്തുറയിലെ സ്ത്രീകളെ കുറ്റം പറഞ്ഞ കേരള സമൂഹം ചിന്തിക്കുന്നത് നന്നായിരിക്കും. സ്വന്തമായി ഭൂമി ഇല്ലാത്തവർ ലൈഫ് മിഷൻ പോലെയുള്ള പദ്ധതികളിൽ പ്രതീക്ഷ വെച്ചരിക്കുമ്പോഴും വീണ്ടും കുടുസ് മുറികൾ ഉള്ള ഫ്ളാറ്റ് ജീവിതം തന്നെയാണ് ഇവരെ കാത്തിരിക്കുന്നത്.എന്നാൽ മത്സ്യ മേഖലയിലെ യന്ത്രവൽക്കരണവും,ഗൾഫ് കുടിയേറ്റവും മൂലം സാമ്പത്തിക പുരോഗതി ഉണ്ടായ ചുരുക്കം ചില തീരദേശങ്ങളിൽ, നാലോ അഞ്ചോ അംഗങ്ങൾ ഉള്ള അണുകുടുംബ വ്യവസ്ഥയിലേക്ക് മാറുന്നതായും കാണാം. ഇവിടങ്ങളിൽ ഉള്ളവർക്ക് സ്വന്തമായി ഭൂമിയും സൗകര്യമുള്ള വീടുകളും ഉണ്ട് . എല്ലാ സമൂഹങ്ങളെയും പോലെ പുരുഷാധിപത്യ കുടുംബങ്ങളാണെങ്കിലും പൂർണ്ണമായും ആൺ ഭരണമുള്ള കുടുംബങ്ങളല്ല എന്ന് പറയേണ്ടി വരും. ആണുങ്ങൾ കടലിൽ പോയി കിട്ടുന്ന വരുമാനം (മുഴുവൻ /ഒരു ഭാഗം)വീട്ടിലെ കാര്യങ്ങൾക്കായി സ്ത്രീകളെ ഏല്പിക്കുന്ന ശീലം കാലങ്ങളായി തുടരുന്നു. അതായത്





വീട്ടിലെ സാമ്പത്തിക കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത് സ്ത്രീകളാണ്.കൂടാതെ ഇവിടുത്തെ മിക്കവാറും സ്ത്രീകൾ മീൻ വില്പന, മീൻ ഉണക്കി വിൽക്കുക, പീലിംഗ്, തുടങ്ങിയ നിരവധി മത്സ്യബന്ധന അനുബന്ധ തൊഴിലിൽ ഏർപ്പെട്ടു സ്വയം വരുമാനമുള്ളവർ കൂടിയാണ്. മത്സ്യതൊഴിലാളി സമൂഹത്തിലെ സ്ത്രീകൾ വീടു നോക്കലും, കുട്ടികളുടെ കാര്യങ്ങൾക്കും പുറമെയാണ് ഈ ജോലികൾ കൂടി ചെയ്യുന്നതെന്ന് ഓർക്കുക. പലപ്പോഴും വീട്ടിലെ അവസ്ഥയും സാമൂഹിക ചുറ്റുപാടുമാണ് ഇവരെ ഈ ഇരട്ടി പണിയെടുക്കാൻ നിർബന്ധിതിതരാക്കുന്നത് എന്ന് വേണമെങ്കിൽ പറയാം. മുൻകാലങ്ങളിൽ വീടിനോട് അടുത്ത് തന്നെയായിരുന്നു ഇത്തരം തൊഴിലിൽ ഇവർ ഏർപ്പെട്ടിരുന്നത്. എന്നാൽ യന്ത്രവൽക്കരണവും മുതലാളിത്തത്തിന്റെ കടന്നു കയറ്റവും മൂലം വീടിനടുത്തുള്ള ജോലി സാധ്യത കുറയുകയും വീട്ടു ജോലികൾ തീർത്തതിന് ശേഷം ദൂരെയുള്ള ഇത്തരം തൊഴിലിടങ്ങളിലേക്ക് പോകുന്നവരാണ് ഇന്ന് പല സ്ത്രീകളും. കുടുംബത്തിലെ ബുദ്ധിമുട്ട് മൂലം കുറഞ്ഞ കൂലി സ്വീകരിച്ചു കൊണ്ട് തണുപ്പ് വളരെ കൂടിയ ചുറ്റുപാടുള്ള സമുദ്രോൽപ്പന്ന കയറ്റുമതി യൂണിറ്റുകളിൽ ജോലിക്ക് പോകുന്ന സ്ത്രീകളും,ഗൾഫ്, ഇസ്രായേൽ പോലെയുള്ള രാജ്യങ്ങളിലേക്ക് കുടിയേറ്റം നടത്തുന്ന സ്ത്രീകളും ഇന്ന് തീരപ്രദേശങ്ങളിൽ ഉണ്ട്. വീട്ടു ജോലികളിൽ പുരുഷന്റെ പങ്കാളിത്തം വളരെ വളരെ കുറവാണ് അല്ലെങ്കിൽ തീരെ ഇല്ല എന്ന് തന്നെ പറയണം. വീട്ടു ജോലി ചെയ്യുന്ന പുരുഷൻ എന്നത് നാണക്കേട് ആയി കരുതുന്ന പുരുഷൻമാർ മാത്രം അല്ല സ്ത്രീകളും ഉണ്ട് എന്നതാണ് വാസ്തവം. സ്ത്രീകൾ സാമ്പത്തിക സ്വാതന്ത്ര്യം ഉള്ളവരാണ് എങ്കിലും സ്ത്രീകളുടെ വരുമാനം മിക്കവാറും കുട്ടികളുടെ പഠനം,പെൺ കുട്ടികളുടെ വിവാഹം, സ്വർണം, നിക്ഷേപം പോലെയുള്ള കുടുംബവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായാണ് വിനയോഗിക്കുക. അത് പോലെ തന്നെ 'കുടി ചിട്ടികൾ' പോലെയുള്ള സ്ത്രീകൾ കൂട്ടായി ചേർന്ന് നടത്തുന്ന ചില ചെറിയ നിക്ഷേപങ്ങളുമുണ്ട്. മക്കൾ തങ്ങളെ പോലെ മത്സ്യതൊഴിലാളിയാകരുതെന്ന് ആഗ്രഹിക്കുന്നവരാണ് കൂടുതൽപേരും. എത്ര കഷ്ടപ്പെട്ടിട്ടാണെങ്കിലും മക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകാനാണ് ഓരോ കുടുംബവും ശ്രമിക്കുന്നത്. ആൺകുട്ടികളെ അപേക്ഷിച്ചു ഉന്നത വിദ്യാഭ്യാസം നേടുന്ന പെൺകുട്ടികളുടെ എണ്ണം തീരങ്ങളിൽ കൂടി വരുന്നു. എന്നാൽ മുൻപ് കുടുംബനാഥൻ നോക്കാത്ത വീട് പോറ്റാൻ,തല ചുമടായി മീൻ കൊണ്ട് നടന്നു വില്പന നടത്തി കുടുംബം പോറ്റിയ സ്ത്രീകളുടെ ഇപ്പോഴത്തെ തലമുറ പക്ഷേ ബിരുദവും ബിരുദാനന്തര ബിരുദവും എഞ്ചിനീയറിംഗ് ഡിഗ്രിയും ഉണ്ടെങ്കിലും ജോലിക്ക് പോകാത്ത പ്രവണത തീര പ്രദേശങ്ങളിൽ കൂടുതലാണ്. മറ്റൊന്ന് ഉന്നത വിദ്യാഭ്യാസമുള്ള പെൺകുട്ടികൾ തങ്ങളെക്കാൾ വിദ്യഭ്യാസം കുറഞ്ഞ പുരുഷന്മാരെയാണ് മിക്കവാറും വിവാഹം കഴിക്കുന്നത്. തീരപ്രദേശങ്ങളിൽ  ഇന്നും സ്ത്രീധന സമ്പ്രദായം വളരെ ശക്തമായ് നിലനിൽക്കുന്നുണ്ട് എന്നതും അതിൽ കുടുംബമെന്ന സ്ഥാപനത്തിന്റെ പങ്കും എടുത്തു പറയേണ്ട ഒന്നാണ്. കുടുംബത്തിലെ പെൺകുട്ടിയെ വലിയ തുക സ്ത്രീധനവും സ്വർണവും കൊടുത്തു കല്യാണം കഴിപ്പിച്ചയക്കുക എന്നത് ആ വീട്ടിലെ പിതാവ് /സഹോദരന്റെ ചുമതലയായി ആണ് സമൂഹം നോക്കി കാണുന്നത്. പെൺകുട്ടിക്ക് ഉയർന്ന തുക സ്ത്രീധനം കൊടുക്കുമ്പോൾ അത് വീട്ടിലെ ആണുങ്ങളുടെ തന്റേടമായും, ഒരു പുരുഷ

ന് ഉയർന്ന സ്ത്രീധനം കിട്ടുമ്പോൾ അത് പുരുഷന്റെ യോഗ്യതയുടെ പ്രതിഫലമായും കണക്കാക്കപ്പെടുന്ന പുരുഷാധിപത്യ പ്രകടനങ്ങളാണ് വിവാഹ മാർക്കറ്റുകൾ എന്നതാണ് യാഥാർഥ്യം. 'നിന്റെ മോക്ക് എത്രാ കൊടുക്കുന്നെ? മോന് എത്ര കിട്ടും' എന്ന ചോദ്യം വിവാഹമുറപ്പിച്ച് കഴിഞ്ഞാൽ ഇവിടങ്ങളിൽ പതിവാണ്. ഇത്തരം സമൂഹിക ചുറ്റുപാടിൽ വീടും,സ്ഥലവും വിറ്റിട്ടോ കടമെടുത്തോ വലിയ തുകമകൾക്ക് സ്ത്രീധനം കൊടുത്തു വിവാഹം നടത്താൻ നിർബന്ധിതരാകുന്ന കുടുംബങ്ങളും, അഭിമാന പ്രശ്നമായി കണ്ടു സ്ത്രീധനം ചോദിച്ചു വാങ്ങുന്ന കുടുംബങ്ങളുമുണ്ട്. സഹോദരിമാരുടെ വിവാഹങ്ങൾക്കും, വീട് വെക്കുന്നതിനുമൊക്കെയായി ഉന്നത വിദ്യാഭ്യാസത്തിനു പോകാതെ ആൺകുട്ടികൾ ഗൾഫിലേക്ക് കുടിയേറുന്നതും കൂടി വരുന്നു. ഉയർന്ന ശമ്പളം മാത്രമല്ല ഗൾഫിൽ ജോലിയുള്ളവർക്ക് നാട്ടിലെ മത്സ്യതൊഴിലാളിയെക്കാൾ ഡിമാൻഡ് വിവാഹ മാർക്കറ്റിൽ ലഭിക്കും എന്നുള്ളതും കുടിയേറ്റത്തിന് കാരണമാവുന്നു. ആഘോഷങ്ങൾ, പെരുന്നാളുകൾ, ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയവക്കൊക്കെ കുടുംബാംഗങ്ങൾ ഒന്നിച്ചു ചേരുക,ഒന്നിച്ചു ഭക്ഷണം കഴിക്കുക, മറ്റു ബന്ധുക്കളെ കാണാൻ പോവുകയൊക്കെ പതിവാണ്. ആഘോഷങ്ങളെ കുടുംബവുമായി ഒത്തുകൂടാനുള്ള അവസരമായി ആണ് കാണുന്നത്. കുടുംബത്തിൽ പുരുഷനുള്ളത്ര സഞ്ചാര സ്വാതന്ത്ര്യം പലപ്പോഴും ഇവിടുത്തെ സ്ത്രീകൾക്കില്ല. പുരുഷൻ കടൽ പണിക്ക് ശേഷം കടലോരങ്ങളിൽ സമയം ചിലവഴിക്കുമ്പോൾ സ്ത്രീക്ക് ജോലികഴിഞ്ഞാലും, വീട്ടു ജോലി, പ്രാർത്ഥനകൾ, ഇവയൊക്കെയാണ്. അതിനുശേഷം സമയം ലഭിക്കാറില്ല എന്നു മാത്രമല്ല സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യം പലപ്പോഴും തീർത്ഥാടന യാത്രകളിൽ ഒതുങ്ങുന്നു. കടലും കടലോരവും പുരുഷന് മുന്നിൽ എപ്പോഴും തുറന്നു കിടക്കുമ്പോൾ സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഇത് രണ്ടും അന്യമായ കടപ്പുറങ്ങൾ ഇവിടെയുണ്ട്. മത്സ്യബന്ധന മേഖലയിലെ സ്ത്രീകളുടെ സാന്നിധ്യം ഒഴിച്ച്കൂടാൻ പറ്റാത്തത് എന്നു പറയുമ്പോഴും ഇന്ത്യയിൽ ആഴക്കടൽ മത്സ്യബന്ധന ലൈസൻസ് ഉള്ള ഏക വനിത ചേറ്റുവ സ്വദേശി രേഖ മാത്രമാണ്.എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീ സാന്നിധ്യമുണ്ടായിട്ടും ഇന്നും കടലിലെ പണി പുരുഷന്റേത് മാത്രമായി ചുരുങ്ങുന്നു. കുടുംബമെന്നാൽ സ്ത്രീയും പുരുഷനും മക്കളും 'കാത്തോലിക്ക സഭാ കുടുംബം' എന്ന കാഴ്ചപ്പാടിൽ നിന്ന് എൽജിബിടിക്യു കുടുംബാംഗത്തെയോ,സമൂഹത്തെയോ, കുടുംബത്തെയോ, ഉൾകൊള്ളാൻ മാത്രം തീരദേശം വളർന്നോ എന്നത് സംശയമാണ്. മതത്തിന്റെ പാപ,സദാചാര ബോധത്തിൽ നിന്ന് പുറത്ത് കടക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. മറ്റു സമൂഹങ്ങളിലെ കുടുംബങ്ങളെ അപേക്ഷിച്ചു കുടുംബത്തിനകത്തെ ജീവിത രീതിയിലും കുടുംബ ബന്ധങ്ങളിലും അധികാര വ്യവസ്ഥയിലും വ്യത്യസ്ഥത പുലർത്തുന്നവരാണ് മത്സ്യതൊഴിലാളി കുടുംബങ്ങൾ. ആൺ കേന്ദ്രീകൃത സമൂഹമാണെങ്കിലും വീടിന്റെ സർവ്വ അധികാരി മിക്കപ്പോഴും സ്ത്രീകളാണ്. കുടുംബവുമായി ബന്ധപ്പെട്ട് എല്ലാ കാര്യങ്ങളിലും തീരുമാനങ്ങൾ എടുക്കുന്നു, നടപ്പിലാക്കുന്നു എന്നതിനപ്പുറം വ്യക്തമായി തങ്ങളുടെ നിലപാടുകൾ കുടുംബത്തിലായാലും സമൂഹത്തിലായാലും പറയാൻ തക്ക തന്റേടമുള്ള,സാമ്പത്തിക സ്വാതന്ത്ര്യമുള്ളവരാണ് മത്സ്യതൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾ.

**കവിത**



**സൂര്യജ എം.**
ഗവേഷക
മലയാള-കേരളപഠന വിഭാഗം
കാലിക്കറ്റ് യൂണിവേഴ്സിറ്റി

# വേരിറക്കം

മുകളിലേക്ക് മാത്രം
പടരുന്ന വള്ളികളിലൊന്നിനെ
മണ്ണിലേക്ക് പടർത്തിവിട്ടു
അത് കല്ലിൽ തട്ടി വീണു
നനവ് പറ്റി ചിരിച്ചു
ആഴങ്ങളിലെ വേരുകളതിനെ
സ്വപ്നം കാണിച്ചു വിളിച്ചു
മണ്ണിലൂടെ ഊളിയിട്ട്
വള്ളി തിരഞ്ഞുകൊണ്ടേയിരുന്നു
ദിശതെറ്റിയെന്ന് പേടിച്ചു
വേര് സർവ്വവ്യാപിയെന്ന് സമാധാനിച്ചു
അവസാനമതൊരു വേരറ്റത്ത് ചെന്നുമുട്ടി.
കണ്ടാലറിയാത്ത അനേകം ജന്മങ്ങളിലവർ
വേരും വള്ളിയുമായിരുന്നിരിക്കണം
രണ്ടാമതൊന്നാലോചിക്കാതെ
വള്ളി തന്റെ പച്ചപ്പിനെ വേരിലേക്ക് പകർന്നു.
മണ്ണിനുമുകളിൽ കാടുകൾ കുളിരുകൊണ്ടു.



# മലയാളിയുടെ കുടുംബരാഷ്ട്രീയം



**കെ. എസ്. ഇന്ദുലേഖ**
ഗവേഷക, മലയാള വിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃത
സർവകലാശാല, കാലടി

രാഷ്ട്രീയ പാർട്ടികൾക്കുള്ളിലെ കുടുംബവാഴ്ച ഇന്ത്യൻ സാഹചര്യത്തിൽ പല നിലകളിൽ ചർച്ചയായിട്ടുണ്ട്. മക്കൾ രാഷ്ട്രീയം, കുടുംബ രാഷ്ട്രീയം തുടങ്ങിയ പദാവലികളാൽ വിവക്ഷിക്കപ്പെടുന്ന ഈ പ്രവണത ഒരർത്ഥത്തിൽ ജനാധിപത്യ സങ്കൽപ്പത്തെ തന്നെ പ്രശ്നവത്കരിക്കുന്നതാണ്. ജനാധിപത്യത്തെ ഫ്യൂഡൽ ബന്ധങ്ങളുടെ തുടർച്ച മാത്രമായി പരിമിതപ്പെടുത്തുകയാണ് രാഷ്ട്രീയ പാർട്ടികൾക്കുള്ളിൽ നിലനിൽക്കുന്ന കുടുംബരാഷ്ട്രീയം ചെയ്യുന്നത്. പ്രാദേശികതലം മുതൽ ദേശീയതലം വരെയുള്ള രാഷ്ട്രീയ സംഘടനാ സംവിധാനങ്ങൾക്കകത്ത് അധികാരം കൈയ്യാളുന്ന കുടുംബങ്ങൾ ഉണ്ടായി വന്നിട്ടുണ്ട്. ചിലയിടങ്ങളിൽ അത് രാജഭരണത്തിന്റെ തുടർച്ചപോലുമാണെന്നു കാണാം. രാജസ്ഥാനിലെ സിന്ധ്യകുടുംബം തന്നെ ഉദാഹരണം.

രാഷ്ട്രീയപാർട്ടികൾക്കകത്തെ കുടുംബവാഴ്ചയ്ക്ക് പല മാനങ്ങളുണ്ട്. നെഹ്റു കുടുംബത്തിന്റെ രാഷ്ട്രീയ തുടർച്ചയിലാണ് ഇന്ദിരയെ നമ്മൾ കാണുന്നതെങ്കിലും വളരെ സജീവമായ പൊതുജീവിതം ഇന്ദിരയ്ക്ക് അവകാശപ്പെടാനുണ്ട്. നെഹ്റുവിന്റെ മകൾ എന്ന പ്രിവിലേജിനപ്പുറം ഉറച്ച രാഷ്ട്രീയ ബോധ്യങ്ങളുള്ള സ്ത്രീയെന്ന ബഹുമതി നെഹ്റുവിന്റെ മരണത്തിനു മുമ്പുതന്നെ ഇന്ദിര നേടിയെടുത്തിരുന്നു.

ഹമ്പിൾ സിമ്പിൾ ഇന്ദിരഗാന്ധി
ഏബിൾ നോബിൾ ഇന്ദിരഗാന്ധി
ഏണസ്റ്റ് ഓണസ്റ്റ് ഇന്ദിരഗാന്ധി
ലീഡേഴ്സ് ലീഡർ ഇന്ദിരഗാന്ധി

എന്ന മുദ്രാവാക്യം പോലും ഇന്ദിരയ്ക്കു വേണ്ടി പിൽകാലത്ത് ഉയരുന്നുണ്ട്. ലീഡേഴ്സ് ലീഡർ എന്ന വിശേഷണം സജീവമായ രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെയാണ് അവർ നേടിയെടുക്കുന്നതെന്നുകൂടി ഓർക്കണം. എന്നാൽ ഇന്ദിരയുടേതിന് സമാനമായ വരവായിരുന്നില്ല രാജീവിന്റേത്. ഇന്ദിരഗാന്ധി കൊല്ലപ്പെട്ട രാത്രിയിൽ തന്നെ ഇന്ദിരയുടെ പിൻഗാമിയായി കോൺഗ്രസ് രാഷ്ട്രീയത്തിന്റെ തലപ്പത്തേക്കു കടന്നുവരാൻ രാജീവ് ഗാന്ധിയ്ക്കു സാധിച്ചത് ഇന്ദിരയുടെ മകനെന്ന പദവികൊണ്ടു മാത്രമാണ്. ഒറ്റ നോട്ടത്തിൽ കോൺഗ്രസ്സിനകത്തുള്ള നെഹ്റു കുടുംബത്തിന്റെ അധികാര തുടർച്ചയായി ഇതിനെ കരുതാമെങ്കിലും സൂക്ഷ്മാർത്ഥത്തിൽ ഇന്ദിരയുടെയും രാ

ജീവിന്റെയും വരവിനു പിന്നിൽ വ്യത്യസ്തമായ രാഷ്ട്രീയമാനമുണ്ട്.

രാഷ്ട്രീയപാർട്ടികൾക്കകത്ത് കുടുംബവാഴ്ച എങ്ങനെ പ്രവർത്തിക്കുന്നു എന്നാണ് മുകളിൽ സൂചിപ്പിച്ചത്. പല സന്ദർഭങ്ങളിലും ഇത്തരം ചർച്ചകൾ സജീവമായി തന്നെ ഇന്ത്യൻ രാഷ്ട്രീയത്തിൽ നടന്നിട്ടുമുണ്ട്. എന്നാൽ കുടുംബം എന്ന സ്ഥാപനത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്ന വിഷയത്തെ പലപ്പോഴും നമ്മൾ അഭിസംബോധന ചെയ്തിട്ടില്ല. ഈയൊരു പ്രശ്നത്തെ കേരളത്തിന്റെ രാഷ്ട്രീയ സാഹചര്യത്തിൽ ചർച്ച ചെയ്യുകയാണ് ഈ ലേഖനം ചെയ്യുന്നത്.

**രാഷ്ട്രീയ പാർട്ടികളുടെ ഉദയം, കുടുംബങ്ങളുടേയും:**

കേരളത്തിന്റെ കുടുംബസങ്കൽപ്പം പൊളിച്ചെഴുത്തിനു വിധേയമായമാകുന്നത് നവോത്ഥാന ആധുനികതയുടെ സന്ദർഭത്തിലാണ്. നവോത്ഥാനപ്രസ്ഥാനങ്ങളും നേതാക്കളും കുടുംബമെന്ന സ്ഥാപനത്തെ പല നിലകളിൽ അഭിസംബോധന ചെയ്തിട്ടുണ്ട്. നാരായണ ഗുരു, പണ്ഡിറ്റ് കറുപ്പൻ, സഹോദരൻ അയ്യപ്പൻ , വി ടി ഭട്ടതിരിപ്പാട് എന്നിവരുടെ ഇടപെടലുകളിൽ കുടുംബത്തിന്റെ ഘടനയെ പ്രശ്നവത്കരിക്കുന്ന യുക്തികൾ പ്രവർത്തിക്കുന്നുണ്ടെന്നു കാണാം.

ഈയൊരു കാലഘട്ടത്തിൽ തന്നെയാണ് സന്ദർഭവശാൽ രാഷ്ട്രീയ പാർട്ടികളും ഉദയം കൊള്ളുന്നത്. കേരളത്തിലെ ദേശീയപ്രസ്ഥാനം ഉപരിവർഗ്ഗ പ്രസ്ഥാനമായാണ് നിലകൊണ്ടെതെന്ന നിരീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ട്. പുരുഷൻമാർക്കൊപ്പം അപൂർവ്വം സ്ത്രീകളും ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നെങ്കിലും അവയുടെ പ്രവർത്തനം വ്യാപകമായി കുടുംബ സംവിധാനങ്ങൾക്കകത്തേക്ക് ഇറങ്ങി ചെല്ലുകയോ സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള മനുഷ്യരെ വലിയയളവിൽ സ്വാധീനിക്കുകയോ ചെയ്തതായി കാണുന്നില്ല. ഇതിലൊരു മാറ്റം സംഭവിക്കുന്നത് കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ വളർച്ചയോടെയാണ്. ഇന്ത്യയിലെ പലയിടങ്ങളിലും ജന്മിയുടെ രാഷ്ട്രീയം സ്വീകരിക്കാനും അവർക്കു വേണ്ടി അണിനിരക്കാനും കുടിയാൻമാരും കർഷക തൊഴിലാളികളും നിർബന്ധിതരായപ്പോൾ കമ്മ്യൂണിസ്റ്റു പാർട്ടി വേരോടിയ ഇടങ്ങളിൽ ജന്മിമാരും കുടിയാൻമാരും രണ്ടു ചേരിയായി പിരിയുകയും മണ്ണിൽ പണിയെടുക്കുന്ന മനുഷ്യരിൽ വലിയൊരു പങ്കും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭാഗമാകുകയുമാണുണ്ടായത്. ഇത്തരമൊരു അനുഭവം ഒളിവിലെ ഓർമ്മകൾക്കു ശേഷം എന്ന കൃതിയിൽ തോപ്പിൽ ഭാസി പങ്കുവയ്ക്കുന്നുണ്ട്.

'വോട്ടറന്മാർ കുറേശ്ശെ വന്നു തുടങ്ങി.അവർ കോൺഗ്രസ് ക്യാമ്പിൽ നിന്നു ചീട്ടും വാങ്ങി വോട്ടു ചെയ്യാൻ പോയിത്തുടങ്ങി.അവരെല്ലാം എന്നെ അറിയുന്നവരാണ്. അവരെന്നെ കണ്ടു മനസ്സിലാക്കി.

പത്തു മണിയോടെ തെന്നല തറവാട്ടു പറമ്പിൽ നിന്നു തുടങ്ങുന്ന ഇടവഴിയിലൂടെ ഒരു വലിയ ജാഥ വന്നു. മുന്നിൽ ശ്രീ.തെന്നല ഗോപാലപ്പിള്ള, തൊട്ടു പിന്നിൽ അദ്ദേഹത്തിന്റെ അനുയായികളും ഗുണ്ടകളും അവർക്കു പിന്നാലെ സ്ത്രീകളും വയസ്സന്മാരും അടങ്ങുന്ന തൊഴിലാളികളുടെ നീണ്ട നിര എന്റെ അടുത്തുവന്നപ്പോൾ കോൺഗ്രസ് സ്ഥാനാർത്ഥി പരിഹാസസ്വരത്തിൽ ചോദിച്ചു. 'എന്നെ തോൽപ്പിക്കാൻ വന്നതാണോ? '

ഞാൻ ഉറക്കെ മറുപടി പറഞ്ഞു 'അതേ... '

ശ്രീ.ഗോപാലപ്പിള്ള അനുചരരെ നോക്കി. എല്ലാവരും ഉറക്കെച്ചിരിച്ചു. അതെനിക്ക് സംസാരിക്കാൻ ഇടനൽകി.

ഞാൻ പറഞ്ഞു. 'ചിരിക്കണ്ട. പാവപ്പെട്ട തൊഴിലാളികൾ അവരുടെ മന:സാക്ഷിക്കനുസരിച്ചേ വോട്ടു ചെയ്യുകയുള്ളൂ'. എന്നെക്കൊണ്ടു കൂടുതൽ സംസാരിപ്പിക്കണ്ട എന്നു കരുതിയാവണം സ്ഥാനാർത്ഥി വേഗം ബൂത്തിലേക്കു നടന്നു പോയി. (ഫലം വന്നപ്പോൾ )കടക്കൽ പരമുപ്പിള്ള തോറ്റു പോയി. വള്ളിക്കുന്നത്തെ എല്ലാ വാർഡിലും കമ്മ്യൂണിസ്റ്റുകാർ ജയിച്ചു. ഇതൊരു പൊതുപ്രവണതയായി കേരള സമൂഹത്തിൽ വേരോടുന്നുണ്ട്. ജന്മിയിൽ നിന്നും വ്യത്യസ്തമായ രാഷ്ട്രീയ താത്പര്യങ്ങൾ തൊഴിലാളികളുടെ കർതൃത്വത്തെ നിർവചിക്കാൻ തുടങ്ങുന്ന ഈയൊരു ഘട്ടം കേരള രാഷ്ട്രീയത്തിലും വളരെ പ്രധാനപ്പെട്ടതാണ്. ന്യായമായും ലഭിക്കേണ്ട അവകാശങ്ങൾക്കു വേണ്ടി ഒരുമിച്ചു നിൽക്കേണ്ടത് ആവശ്യമായി വരുന്ന സമയത്തുതന്നെയാണ് കുടുംബമൊന്നാകെ ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയായി മാറുന്ന പ്രവണത വ്യാപകമായത്.ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകർ തങ്ങളുടെ പാർട്ടിയിലേക്ക് കുടുംബങ്ങളെ ഒന്നാകെ അണിചേർക്കാൻ പ്രത്യേക ശ്രദ്ധ വച്ചിരുന്നു. പാർട്ടി മീറ്റിങ്ങുകളിൽ സ്ത്രീകളും പുരുഷൻമാരും കുട്ടികളുമെല്ലാം ഒരുപോലെ ഭാഗമാകുകയും പങ്കെടുക്കുന്ന കുടുംബാംഗങ്ങളെല്ലാം സജീവ അണികളാക്കുകയും ചെയ്തുവെന്നതാണ് ഈ ഘട്ടത്തിൽ ഓർക്കേണ്ടത്. മാതാപിതാക്കളും കുട്ടികളുമടങ്ങുന്ന കുടുംബമൊന്നാകെ 'പാർട്ടി' യായി മാറുന്ന ദൃശ്യങ്ങൾ കർഷകഗ്രാമങ്ങളിലും തൊഴിലിടങ്ങളിലുമുണ്ടായി. കുടുംബമൊന്നാകെ ഒരേ തൊഴിലിലേർപ്പെട്ടു വന്നിരുന്ന തൊഴിൽ സാഹചര്യവും ഈ പ്രവണതക്ക് ആക്കം കൂട്ടിയ ഘടകമായിരുന്നു. അങ്ങനെയാണ് 'പാർട്ടി കുടുംബങ്ങൾ' എന്ന പുതിയൊരു രാഷ്ട്രീയ സംവർഗം രൂപമെടുക്കുന്നത്. അക്കാലത്തെ സാഹിത്യകൃതികൾ ഇതിനു തെളിവുതരും. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകം നോക്കുക. കർഷക തൊഴിലാളികളായ മാലയും അച്ഛനും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിയുറച്ച പ്രവർത്തകരാണ്. വീടിനകത്തും പുറത്തുമുള്ള അവരുടെ സംസാരങ്ങളിൽ രാഷ്ട്രീയമാണ് വിഷയമാകുന്നത്. ജന്മി കുടുംബാംഗമായ യുവാവ് മാത്രമാണ് തൊഴിലാളി പ്രസ്ഥാനത്തെ

പിൻതുണയ്ക്കുന്നതെങ്കിലും നാടകം അവസാനിക്കുമ്പോൾ ആ കുടുംബത്തിലെ മുഴുവൻ പേരും പാർട്ടി പ്രവർത്തകരാകുന്നു. ഈയൊരു രീതി പിൽകാലത്ത് എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രയോഗിക്കുന്നുണ്ട്. മതാടിസ്ഥാനത്തിൽ രൂപംകൊണ്ട അപൂർവ്വം കക്ഷികളൊഴികെയുള്ളവയുടെ സമ്മേളനങ്ങളിലും പരിപാടികളിലും സ്ത്രീ-പുരുഷമാരും കുട്ടികളുമുൾപ്പെടുന്ന കുടുംബങ്ങളുടെ സാന്നിധ്യം ഇക്കാലയളവിൽ ഉണ്ടാകുന്നുണ്ട്.

ഇതിന്റെ തുടർച്ചയിലാണ് സ്ത്രീകളുടെ തൊഴിലിടങ്ങൾ സമരവേദികളായി രൂപാന്തരപ്പെടുന്നത്. കുട്ടനാട്ടിലെ കർഷത്തൊഴിലാളികളായ സ്ത്രീകളുടെ സമര ചരിത്രം കേരള രാഷ്ട്രീയത്തിൽ പ്രധാനപ്പെട്ടതാണ്. കുട്ടനാടും കർഷകത്തൊഴിലാളി പ്രസ്ഥാനവും എന്ന കൃതിയിൽ കായൽ രാജാവെന്നറിയപ്പെട്ടിരുന്ന മുരിക്കനെതിരെ നടന്ന പ്രശസ്തമായ സമരത്തെക്കുറിച്ച് എൻ.കെ.കമലാസനൻ എഴുതുന്നത് നോക്കുക:

......ജോലിസമയം ഏതാണ്ട് 8 മണിക്കൂർ എന്നത് സാർവത്രികമായി അംഗീകരിച്ചിരുന്നു . കൂലിയെ സംബന്ധിച്ചുമാത്രം ഒരു വ്യവസ്ഥയും ഉണ്ടായിട്ടില്ല . ഒരു ദിവസം പണികഴിഞ്ഞ് കൂലി അളക്കുന്ന സമയമായി . ചിത്തിരക്കായലിലെ ആപ്പീസ് കെട്ടിടത്തിന്റെ മുന്നിൽ നെല്ലിൻ ചാക്കുകൾ അടുക്കിവച്ചിട്ടുണ്ട് . ഒരു പായ് നിവർത്തിട്ട് അതിൽ ഒരു ചാക്ക് നെല്ല് അഴിച്ചിട്ടിരുന്നു . കൂലി അളക്കുന്നതിന് കൃഷി നടത്തിപ്പുകാർ കൂലിയാനുമായി നിരന്നിരുന്നു . വട്ടിയും നിവർത്തി സ്ത്രീകൾ ചുറ്റും കൂടി , മുരിക്കൻ ഔതച്ചൻ ഒരു ചാരു കസേരയിൽ അടുത്ത് അങ്ങനെ കിടക്കുന്നു .

അളക്കാൻ തുടങ്ങുന്നതിനു മുമ്പ് കമലാക്ഷി പറഞ്ഞു : 'ഞങ്ങൾക്കു ഈ പ്രാവശ്യം കൂലി മൂന്നിടങ്ങഴി നെല്ലു തരണം . കുറ്റിക്ക് അളന്നു തരികയും വേണം . ' എല്ലാവരും അത് ഏറ്റു പറഞ്ഞു . കസേരയിൽ കിടന്ന ഔതച്ചൻ ചാടി എഴുന്നേറ്റു . അന്നുവരെ ആ കായലിലുണ്ടാകാത്തതാണ് ആ സംഭവം . കൊടുക്കുന്നതു വാങ്ങിച്ചുകൊണ്ടു പോകും .

അത്രയ്ക്കായോ ? അദ്ദേഹത്തിനു ദേഷ്യം വന്നു.

നീ ആണോടീ കൂലി തീരുമാനിക്കുന്നത്? .

ജോലി ചെയ്താൽ കൂലി എന്താണെന്ന് ഞാനാണ് തീരുമാനിക്കുന്നത് .

ഹോ കൂലി തീരുമാനിക്കാൻ വന്നിരിക്കുന്നു !

കമലാക്ഷി പറഞ്ഞു . 'അതൊക്കെ പണ്ട് . ഇപ്പോൾ ഞങ്ങളുടെ കൂലി എന്തായിരിക്കണമെന്ന് ഞങ്ങളുടെ യൂണിയനാണ് തീരുമാനിക്കുന്നത് . അതു മാത്രവുമല്ല എടീ , എന്നുള്ള വിളി വീട്ടിൽമതി ' .

മുരിക്കന് കോപം സഹിക്കാനായില്ല . അദ്ദേഹത്തിനു കലിയിളകി വിറയ്ക്കാൻ തുടങ്ങി . അവൾക്കു വേണ്ടെങ്കിൽ കൊടുക്കേണ്ട മറ്റുള്ളവർക്കു അളക്കിൻ.

'മുരിക്കൻ അളവുകാർക്ക് ആജ്ഞകൊടുത്തു . കൃഷിക്കാർ അളക്കാൻ തയ്യാറായി നിന്നു . വട്ടിപിടിക്കുവാൻ ആരും തയ്യാറില്ല . കോപം കൊണ്ടുതുള്ളുന്ന മുരിക്കൻ പറഞ്ഞു , 'ആർക്കും വേണ്ടിങ്കിൽ വേണ്ട . മുരിക്കുംമൂട് നശിച്ചാലും ഒരു മണിനെല്ലു കൂട്ടിത്തരുമെന്ന് കരുതേണ്ട . എന്റെ തന്ത മുരിക്കുംമൂട്ടിൽ തൊമ്മനാണെങ്കിൽ ഇത് തീർച്ചയായിരിക്കും . '

അദ്ദേഹം ധൃതിയിൽ കുടയുമെടുത്ത് നടന്ന് ബോട്ടിൽ കയറിപ്പോയി . കായലിലെ കൊച്ചോളങ്ങളെ വെട്ടിമുറിച്ചുകൊണ്ട് ബോട്ട് കാവാലം ലക്ഷ്യമാക്കി ചീറിപ്പാഞ്ഞു പോയി .'

അതേ തുടർന്ന് വാശിയേറിയ സമരമുണ്ടാകുകയും ഒടുവിൽ മുരിക്കൻ തൊഴിലാളി സമരത്തിനു മുൻപിൽ കീഴടങ്ങുകയും ചെയ്തുവെന്നുമാണ് ചരിത്രം. സംഘടിത ശക്തിയായി മാറിയ കർഷതൊഴിലാളി കുടുംബങ്ങളും സ്ത്രീകളുമെല്ലാം കേരള സമൂഹത്തെയാകെ രാഷ്ട്രീയമായി അഴിച്ചു പണിയുന്നതിന്റെ സൂചന കൂടിയായിരുന്നു ഇത്. കൂലിക്കു വേണ്ടിയും ഭൂമിക്കുവേണ്ടിയും നടക്കുന്ന സമരങ്ങളിൽ മുതൽ വഴിനടക്കാനും വസ്ത്രം ധരിക്കാനും ആരാധനക്കാനും വേണ്ടി നടത്തിയ സമരങ്ങളിൽ വരെ സ്ത്രീകളുൾപ്പെടുന്ന കുടുംബത്തിന്റെ സാന്നിധ്യം അക്കാലത്ത് വളരെക്കൂടുതലായിരുന്നു.

**തലമുറകളിലേക്ക് പരിണമിക്കുന്ന രാഷ്ട്രീയാഭിമുഖ്യങ്ങൾ:**

ലിംഗഭേദമില്ലാതെ രാഷ്ട്രീയ പ്രവർത്തനങ്ങളിലും അവകാശസമരങ്ങളിലും ഇടപെടുന്ന മനുഷ്യരെ കേരളചരിത്രത്തിൽ കാണാം. രാഷ്ട്രീയ പാർട്ടികൾ സംഘടിത രൂപമാർജ്ജിക്കുന്ന ഘട്ടത്തിലുള്ള ഈ ഇടപെടലുകൾക്ക് പിൽക്കാലത്ത് പല നിലകളിൽ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. തലമുറകളിലേക്ക് പരിണമിക്കുന്ന സംവിധാനമായി രാഷ്ട്രീയ പാർട്ടികൾ മാറിത്തീർന്നുവെന്നതാണ് രണ്ടാമത്തെ ഘട്ടത്തിൽ സംഭവിക്കുന്ന എടുത്തു പറയാവുന്ന സവിശേഷത.

ജാതി-മത-ലിംഗ ബന്ധങ്ങളുടെ മൂല്യബോധങ്ങൾക്കകത്തു പ്രവർത്തിക്കുന്ന സ്ഥാപനമായിട്ടാണല്ലോ നമ്മുടെ കുടുംബ സംവിധാനങ്ങളുടെ നിൽപ്പ്. ഒരു കുഞ്ഞ് ജനിക്കുന്നത് കുടുംബത്തിനുള്ളിൽ പ്രവർത്തിക്കുന്ന ഇത്തരം മൂല്യബന്ധങ്ങൾക്കകത്തേക്കാണ്. കുടുംബത്തിന്റെ മതപരവും ജാതിപരവും ലിംഗപരമവുമായ മുഴുവൻ ബോധ്യങ്ങളെയും പിൻതുടരാൻ കുഞ്ഞിനെ പരിശീലിപ്പിക്കുന്ന പ്രവർത്തനങ്ങൾ കുടുംബത്തിനകത്ത് നടക്കുന്നുണ്ട്. പുറമേയ്ക്ക് പ്രകടമായ ഇത്തരം പരമ്പരാഗത മൂല്യ സങ്കല്പങ്ങൾക്കൊപ്പം തന്നെ മറ്റൊരു പരിഗണനാ വിഷയമായി രാഷ്ട്രീയം/രാഷ്ട്രീയപാർട്ടികൾ കൂടി കടന്നു വരുന്നുണ്ടെന്നത് ജനാധിപത്യ കേരളത്തെ സംബന്ധിച്ച് പ്രധാനമാണ്. അതായത് കുഞ്ഞ് ജനിക്കുന്നത് പ്രത്യേക മതത്തിലേക്കും ജാതിയിലേക്കും ലിംഗത്തിലേക്കും മാത്രമല്ല, പ്രത്യേക പാർട്ടി സംവിധാനങ്ങൾക്കകത്തേ

ക്കു കൂടിയാണെന്നു വരുന്നു. കുടുംബത്തിന്റെയാകമാനമുള്ള രാഷ്ട്രീയ താത്പര്യങ്ങൾ തലമുറകളിലേക്ക് പകർന്നു കൊടുക്കുന്ന ബോധ്യമായി മാറുന്നുവെന്നു സാരം. കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന കൂത്താട്ടുകുളം മേരി പെരിന്തൽമണ്ണയിൽ അധ്യാപികയായി ജോലി ചെയ്യുന്ന സമയത്തെ ഒരനുഭവം പങ്കുവയ്ക്കുന്നത് നോക്കുക:

ഒരു ദിവസം, വാട്ടീസ് യുവർ ഫാദർ എന്ന ചോദ്യത്തിന് ഉത്തരമെഴുതാൻ കുട്ടികളോടു ഞാൻ പറഞ്ഞു.ഡോക്ടർ, ടീച്ചർ, അഡ്വക്കേറ്റ് എന്നൊക്കെ കൂട്ടുകാർ എഴുതിയപ്പോൾ എന്റെ മകൾ എന്തെഴുതണമെന്നറിയാതെ മൗനമായി ഇരിക്കുകയാണ്. അവളെന്നെ ആകാംക്ഷയോടെ നോക്കി. മൈ ഫാദർ ഈസ് എ കമ്മ്യൂണിസ്റ്റ് എന്നെഴുതാൻ ഞാൻ അവളോടു പറഞ്ഞു.അതോടെ കുഞ്ഞുമുഖം അഭിമാനത്താൽ വിടർന്നു. കമ്മ്യൂണിസ്റ്റ് ആയിരിക്കുക ഏറ്റവും അഭിമാനകരമായ സംഗതിയാണെന്ന് അവൾ ഉൾക്കൊണ്ടിരിക്കണം. കമ്മ്യൂണിസ്റ്റ് എന്ന മേൽവിലാസമാണ് അന്നും ഇന്നും എന്നും ഞങ്ങൾക്ക് അഭിമാനം (കനലെരിയും കാലം).

മറ്റൊരിടത്ത് മാതാപിതാക്കളുടെ പാർട്ടി പ്രവർത്തനത്തിനൊപ്പം വളർന്ന കുട്ടികൾ അതേ വഴിപിൻതുടർന്ന് പാർട്ടിയിലും അനുബന്ധ സംഘടനാ സംവിധാനങ്ങളിലും സജീവമായിരുന്നതിനെ പറ്റി മേരി പറയുന്നുണ്ട്. ഇതൊരു ഒറ്റപ്പെട്ട സംഭവമായിരുന്നില്ല എന്നാണ് മുകളിൽ വിശദീകരിച്ചത്. പൊതുവിൽ കുടുംബ സംവിധാനങ്ങൾക്കുള്ളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന പാരമ്പര്യമൂല്യങ്ങളെപ്പോലെ പ്രധാനപ്പെട്ട ഒന്നായിട്ടാണ് പാർട്ടി സംവിധാനങ്ങളും വളർന്ന്. കുടുംബ സംവിധാനങ്ങൾക്കുള്ളിൽ നടക്കുന്ന പുറമേയ്ക്ക് അത്രയൊന്നും പ്രകടമാകാത്ത ഇത്തരം പരിശീലനങ്ങളാണ് പിൽകാലത്തെ തെരെഞ്ഞെടുപ്പു രാഷ്ട്രീയത്തിൽ പാർട്ടികളുടെ വോട്ട് ബാങ്കുകളായി മാറുന്നത്. ഇപ്പോഴും രാഷ്ട്രീയ പാർട്ടികളിലെ അംഗത്വം വ്യക്തികൾക്കാണെന്ന് പൊതുവെ പറയാമെങ്കിലും സൂക്ഷ്മാർത്ഥത്തിൽ കുടുംബം അദൃശ്യമായ യൂണിറ്റായി നിലനിൽക്കുന്നുണ്ട്.

ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പു വേളയിൽ നടന്ന സർവ്വേകളിൽ പോലും കേരളത്തിലെ ബഹുഭൂരിപക്ഷം വോട്ടർമാരും രാഷ്ട്രീയം നോക്കി വോട്ടു ചെയ്യുന്ന ശീലമാണ് പിൻതുടരുന്നത് എന്നു സർവ്വേ ഫലങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ട്രൂ കോപ്പി തിങ്ക് നടത്തിയ സർവ്വേ പ്രകാരം 63. 2% പേരും തങ്ങൾ പാർട്ടി നോക്കിയാണ് വോട്ടു ചെയ്യുക എന്നു വ്യക്തമാക്കിയിരുന്നു. സ്ഥാനാർത്ഥിയെ വിലയിരുത്തി വോട്ടു ചെയ്യുന്നവർ 21.6 % മാണ്. മത-ജാതി ഘടകങ്ങൾ നോക്കി വോട്ടവകാശം വിനിയോഗിക്കുന്നവർ 7.5% വും പ്രാദേശിക വിഷങ്ങളെ മുൻനിർത്തി വോട്ടു ചെയ്യുന്നവർ 7 ശതമാനവും മാത്രമാണ്. മേൽപ്പറഞ്ഞ കണക്കുകളിൽ രാഷ്ട്രീയ വോട്ടുകളുടെ അടിത്തറ കേ

**ഒരു ദിവസം, വാട്ടീസ് യുവർ ഫാദർ എന്ന ചോദ്യത്തിന് ഉത്തരമെഴുതാൻ കുട്ടികളോടു ഞാൻ പറഞ്ഞു. ഡോക്ടർ, ടീച്ചർ, അഡ്വക്കേറ്റ് എന്നൊക്കെ കൂട്ടുകാർ എഴുതിയപ്പോൾ എന്റെ മകൾ എന്തെഴുതണമെന്നറിയാതെ മൗനമായി ഇരിക്കുകയാണ്. അവളെന്നെ ആകാംക്ഷയോടെ നോക്കി. മൈ ഫാദർ ഈസ് എ കമ്മ്യൂണിസ്റ്റ് എന്നെഴുതാൻ ഞാൻ അവളോടു പറഞ്ഞു. അതോടെ കുഞ്ഞുമുഖം അഭിമാനത്താൽ വിടർന്നു. കമ്മ്യൂണിസ്റ്റ് ആയിരിക്കുക ഏറ്റവും അഭിമാനകരമായ സംഗതിയാണെന്ന് അവൾ ഉൾക്കൊണ്ടിരിക്കണം. കമ്മ്യൂണിസ്റ്റ് എന്ന മേൽവിലാസമാണ് അന്നും ഇന്നും എന്നും ഞങ്ങൾക്ക് അഭിമാനം (കനലെരിയും കാലം).**

രളത്തിലെ പാർട്ടി കുടുംബങ്ങളാണ്. നിയമസഭാ തെരെഞ്ഞെടുപ്പിലെ ഓരോ കക്ഷിയുടെയും വോട്ട് ഷെയർ കൂടി എടുത്തു പരിശോധിച്ചാൽ ഇക്കാര്യം കുറച്ചു കൂടി വ്യക്തമാകും. തെരെഞ്ഞെടുപ്പുകളിൽ ഒന്നും രണ്ടും സ്ഥാനത്തെത്തുന്ന മുന്നണികളുടെ വോട്ട് ഷെയർ അടുത്ത കാലം വരെ ഏതാണ്ട് ഒരേ തോതിലായിരുന്നുവെന്നു കാണാം. ഇടതുപക്ഷ ജനാധിപത്യ മുന്നണി 2006 ലെ നിയമസഭ തെരെഞ്ഞെടുപ്പിൽ 48.63 % വോട്ടും 2011ൽ 44.99% വോട്ടും 2016 ൽ 43.42% വോട്ടുമാണ് നേടിയത്. ഐക്യ ജനാധിപത്യ മുന്നണി 2006 ൽ 42.93 വോട്ടും 2011 ൽ 45.83% വോട്ടും 2016 ൽ 38.08 ശതമാനവും വോട്ടും നേടി. മുന്നണി സമ്പ്രദായം സ്ഥിരത നേടിയ കാലം മുതൽ എൻഡിഎയ്ക്ക് വളർച്ചയുണ്ടായ 2011 നു മുൻപുവരെ ഇരു മുന്നണികളും 40 ശതമാനത്തിനു മുകളിൽ വോട്ടുകൾ സ്ഥിരമായി നിലനിർത്തുകയും നേരിയ ശതമാനം വോട്ടു വ്യത്യാസത്തിൽ ഭരണത്തിലേറുകയോ പുറത്താകുകയോ ചെയ്തെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വോട്ട് ഷെയറിനെ നിർണ്ണയിക്കുന്നതിൽ ജാതിയടക്കമുള്ള പല സ്ഥാപനങ്ങൾക്കും വലിയ പങ്കുണ്ടെങ്കിലും ജാതി, സമുദായം, സഭ തുടങ്ങിയ സംവിധാനങ്ങളുടെ രാഷ്ട്രീയാഭിമുഖ്യങ്ങൾ പൊതുവെ അസ്ഥിരമായിട്ടാണ് പ്രവർത്തിക്കുക. അതാതു കാലത്തെ രാഷ്ട്രീയ കാലാവസ്ഥയ്ക്കനുസരിച്ച് ജാതി, മത, സമുദായ, സഭാ താത്പര്യങ്ങൾക്കും മാറ്റം സംഭവിക്കാം. മറ്റു സ്ഥാപനങ്ങളെയപേക്ഷിച്ച് സ്ഥിരമായി നിൽക്കുന്ന സ്ഥാപനമാണ് കുടുംബം. രാഷ്ട്രീയാഭിമുഖ്യങ്ങ

ളെ തലമുറകളിലേക്ക് കൈമാറ്റം ചെയ്തുകൊണ്ട് സ്ഥിരമായ വോട്ട് ബാങ്കിനെ നിലനിർത്തുന്ന യൂണിറ്റായി കുടുംബം പ്രവർത്തിക്കുന്നു.

**പിതൃമേധാവിത്വപരമായ സ്ഥാപനങ്ങൾ:**

ബലപ്രയോഗം കൊണ്ടും നേരിട്ടുള്ള സമ്മർദ്ദം കൊണ്ടും, അല്ലെങ്കിൽ അനുഷ്ഠാനം, പാരമ്പര്യം, നിയമം എന്നിവകൊണ്ടും ഒപ്പം ഭാഷ, ആചാരങ്ങൾ, മര്യാദ, വിദ്യാഭ്യാസം, അധ്വാനവിഭജനം എന്നിവകൊണ്ടും സ്ത്രീകളുടെ പങ്കിനെ പുരുഷൻമാർ നിർണയിക്കുന്ന കുടുംബപരമായ, സാമൂഹ്യമായ, പ്രത്യയശാസ്ത്രപരമായ രാഷ്ട്രീയവ്യവസ്ഥയെന്നാണ് ആൻഡ്രിയ റിച്ചിനെ ഉദ്ദരിച്ചുകൊണ്ട് പുരുഷാധികാരത്തെ ജെ ദേവിക വിശദീകരിക്കുന്നത്. ഇതനുസരിച്ച് കുടുംബമുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളും പിതൃമേധാവിത്വപരമായിട്ടാണ് പ്രവർത്തിക്കുന്നതെന്നു കാണാം.


രാഷ്ട്രീയ പാർട്ടികളുടെ തെരെഞ്ഞെടുക്കുന്നതിൽ പോലും ഈയൊരു പുരുഷാധികാരം പ്രവർത്തിക്കുന്നുണ്ട്. പുരുഷന്റെ രാഷ്ട്രീയാഭിമുഖ്യത്തെ അതേ മട്ടിൽ പിൻതുടരുന്ന സംവിധാനങ്ങളാണ് പൊതുവിൽ നമ്മുടെ കുടുംബങ്ങൾ. കുടുംബത്തിനുള്ളിൽ അച്ഛന്റെ രാഷ്ട്രീയ താത്പര്യങ്ങളെ പിൻതുടരുന്ന സ്ത്രീകൾ വിവാഹശേഷം ഭർത്താവിന്റെ രാഷ്ട്രീയത്തിലേക്ക് പരിവർത്തിപ്പിക്കപ്പെടുന്നത് വളരെ സ്വാഭാവികമായ പ്രക്രിയയായിട്ടാണ് സമൂഹം കരുതുന്നത്. ഇവിടെ സ്ത്രീയ്ക്ക് / കുടുംബാംഗങ്ങൾക്ക് അധികാരിയായ പുരുഷനിൽ നിന്നു വേറിട്ട രാഷ്ട്രീയസ്വത്വമില്ല. കൂട്ടുകുടുംബങ്ങളെ അപേക്ഷിച്ച് പുരുഷകേന്ദ്രിത ഘടനയെ തകർക്കാനുള്ള ആന്തരികശേഷി അണുകുടുംബങ്ങൾക്കുണ്ടെങ്കിലും പുരുഷന്റെ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുന്ന സ്ഥാപനമായിട്ടുതന്നെയാണ് അവ തുടരുന്നത്. ആ നിലയിൽ കുടുംബത്തിന്റെ രാഷ്ട്രീയാഭിമുഖ്യമെന്നത് ആണധികാരത്തിന്റെ രാഷ്ട്രീയം തന്നെയായി പലപ്പോഴും മാറിത്തീരുന്നുണ്ട്.

കുടുംബ സംവിധാനങ്ങൾക്കുള്ളിൽ നിലനിൽക്കുന്ന ഈയൊരു അധികാരബന്ധം അതേയളവിൽ തന്നെ രാഷ്ട്രീയ പാർട്ടികൾക്കുള്ളിലും നിലനിൽക്കുന്നുണ്ട്. മറ്റെല്ലാ ഇൻസ്റ്റിറ്റ്യൂഷനുമെന്ന പോലെ രാഷ്ട്രീയ പാർട്ടികൾക്കും ഒരു പാട്രിയാർക്കൽ സ്വഭാവമുണ്ടെന്നു കാണാം. ആണധികാരത്തിന്റെ താൽപര്യങ്ങളെയും മൂല്യങ്ങളെയും ഉൽപാദിപ്പിക്കാനും അതിനെ സ്വാംശീകരിക്കാനുമാണ് ഓരോ അംഗങ്ങളെയും രാഷ്ട്രീയ പാർട്ടികൾ പരിശീലിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ ശീലങ്ങളിലും വിശ്വാസങ്ങളിലും നിലപാടുകളിലും എന്തെങ്കിലും പ്രശ്നമുണ്ടെന്നോ 'സിസ്റ്റം ഓഫ് ബിലീഫി'നോട് തിരിച്ചെന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കണമെന്നോ രാഷ്ട്രീയപ്രവർത്തകരാരും തന്നെ കരുതുന്നുമില്ല. ഭൂരിഭാഗം അംഗങ്ങളും സ്വാഭാവികമെന്നോണമാണ് സംഘടനയുടെ ആണധികാര സ്വഭാവത്തെയും അവ രൂപപ്പെടുത്തുന്ന അഭിരുചികളെയും തീരുമാനങ്ങളെയും താത്പര്യങ്ങളെയും നിലപാടുകളെയും സ്വീകരിക്കുന്നത്. രാഷ്ട്രീയ സംഘടനകളുടെ പ്രകടനങ്ങൾ നോക്കുക. ബാനർ പിടിക്കുന്നത് മിക്കവാറും സ്ത്രീകളായിരിക്കും. എല്ലാ കാലത്തും അത് സ്ത്രീകൾക്കു മാത്രമായി സംവരണം ചെയ്യപ്പെട്ട തൊഴിലായിട്ടാണ് പൊതുവെ കാണുന്നത്. ഇവിടെ സ്ത്രീകൾ കേവലം പ്രദർശന വസ്തുക്കൾ മാത്രമാണ് . അത്രയ്ക്കു സൂക്ഷ്മമായിട്ടാണ് അധികാരം പ്രവർത്തിക്കുക. ഇത്തരം അധികാരത്തെ ചോദ്യം ചെയ്യുന്ന സ്ത്രീകളെ എല്ലാവിധ സമ്മർദ്ദതന്ത്രങ്ങളുപയോഗിച്ച് അടിച്ചമർത്തുകയാണ് പുരുഷാധികാരം ചെയ്യുക.

നേരത്തേ സൂചിപ്പിച്ച 63.2 % വരുന്ന രാഷ്ട്രീയ വോട്ടുകൾ തന്നെയെടുക്കുക. അതിൽ നല്ലൊരു പങ്കും സംഭാവന ചെയ്യുന്നത് പാരമ്പര്യമായി രൂപപ്പെട്ടു വന്ന പാർട്ടി അനുഭാവി കുടുംബങ്ങളാണെന്ന് നേരത്തേ സൂചിപ്പിച്ചു . ഈ കുടുംബങ്ങളുടെ പാർട്ടി ബന്ധങ്ങളിൽ നല്ലൊരു ശതമാനവും ഉണ്ടാകുന്നതും നിലനിൽക്കുന്നതും പുരുഷനിലൂടെയാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ ആർക്ക് വോട്ടു ചെയ്യണമെന്ന സ്ത്രീയുടെ ചോയ്സിനെ സ്വാധീനിക്കുന്ന ഘടകമായി കുടുംബത്തിലെ പുരുഷന്റെ രാഷ്ട്രീയ താത്പര്യങ്ങൾ മാറുന്നു. ജനാധിപത്യ കേരളം രൂപപ്പെട്ട് അറുപത്തിയഞ്ച് വർഷങ്ങൾ പിന്നിടുമ്പോഴും രാഷ്ട്രീയ പാർട്ടികളുടെ അധികാരസ്ഥാനങ്ങളിൽ സ്ത്രീകളുടെ എണ്ണം കുറഞ്ഞു പോയതിന്റെ കാരണവും കുടുംബത്തിനകത്തും രാഷ്ട്രീയ പാർട്ടിക്കകത്തും നിലനിൽക്കുന്ന ആണധികാരവ്യവസ്ഥയല്ലാതെ മറ്റൊന്നല്ല.

ജനാധിപത്യ കേരളത്തെ രൂപപ്പെടുത്തിയ ത്യാഗപൂർണ്ണമായ സമരങ്ങളിലെല്ലാം പുരുഷനൊപ്പം സ്ത്രീകളും ഇടപെട്ടിരുന്നെങ്കിലും പ്രസ്തുത പോരാട്ടങ്ങളുടെ ഫലം രാഷ്ട്രീയാധികാരമായി പരിണമിക്കുന്ന ഘട്ടത്തിൽ സ്ത്രീകൾ പുറത്തു പോകേണ്ടി വരികയും സർവ്വാധികാരങ്ങളും പുരുഷനിൽ നിക്ഷിപ്തമാകുകയും ചെയ്തു. ജനസംഖ്യയിൽ പുരുഷനേക്കാൾ കൂടുതൽ സ്ത്രീകളുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ നിയമസഭയുടെ ചരിത്രത്തിൽ 52 സ്ത്രീ എം എൽ എ മാരാണ് ആകെ ഉണ്ടായിട്ടുള്ളത്. കെ.ആർ.ഗൗരിയമ്മ, എം.കമലം, എം.ടി.പത്മ, സുശീല ഗോപാലൻ, പി.കെ.ശ്രീമതി, പി.കെ.ജയലക്ഷ്മി, ജെ.മേഴ്സിക്കുട്ടി, കെ.കെ.ഷൈലജ എന്നിങ്ങനെ എട്ടു പേർ മാത്രമാണ് മന്ത്രിസഭയിൽ അംഗങ്ങളായിരുന്നത്. ഒരു വനിത പോലും ഇനിയും മുഖ്യമന്ത്രി സ്ഥാനത്തെത്തിയിട്ടുമില്ല. രാഷ്ട്രീയ രംഗത്തെ സ്ത്രീയുടെ പ്രാതിനിധ്യം ഉയർന്ന് കാര്യക്ഷമമാകണമെങ്കിൽ കുടുംബ സംവിധാനങ്ങൾ ജനാധിപത്യപരമാകുകയും സ്ത്രീയുടെ രാഷ്ട്രീയസ്വത്വം അംഗീകരിക്കാൻ സാധിക്കുന്ന തുറവിയുള്ള ഇടങ്ങളായി കുടുംബം മാറുകയും വേണം.

ചർച്ചാവിഷയം



**മിഷൽ മരിയ ജോൺസൺ**
ഗവേഷക, കോട്ടയം

# മലയാള സീരിയലും മലയാളി കുടുംബവും ചില നിരീക്ഷണങ്ങൾ

ഓർമ്മയിൽ ഇല്ലെങ്കിലും പറഞ്ഞു കേട്ടതു വച്ച് ഞാനാദ്യമായി കാണുന്ന സീരിയൽ ജ്വാലയായ് ആണ്. വൈകുന്നേരം പണിയെല്ലാം ഒതുക്കിയിട്ട് രണ്ടുപേരും ഒപ്പം ഞാനും ടി വിയ്ക്ക് മുന്നിൽ എത്തുമായിരുന്നു. ദൂരദർശനിലും ഏഷ്യാനെറ്റിലും സൂര്യയിലും കൈരളിയിലുമൊക്കെയായി എത്രയെത്ര സീരിയലുകൾ. പലപ്പോഴും അച്ഛൻ എത്തുമ്പോ ഞാനും അമ്മയും അമ്മച്ചിയും അനിയത്തിയുമൊക്കെ സീരിയൽ നിർത്തി നാലുപാടും ഓടുമായിരുന്നു. വീട്ടിലെ പെണ്ണുങ്ങൾക്ക് ഒരു സിനിമ പോലും ഒറ്റയിരുപ്പിൽ കാണാൻ പറ്റാറില്ല.കറിക്കരിയുമ്പോ, കറി ഇളക്കുന്നതിന്റെയിടയ്ക്ക്, ചപ്പാത്തി പരത്തുമ്പോ ഒക്കെ അവിടെയും ഇവിടെയും കണ്ടാണ് സിനിമാ മോഹങ്ങളൊക്കെ തൃപ്തിപ്പെടുന്നത്. അതുകൊണ്ട് തന്നെ അര മണിക്കൂർ സീരിയലിന് ഗാർഹിക പരിസരങ്ങളിൽ സ്വീകാര്യതയുണ്ട്.കണ്ണീർ സീരിയലുകളെന്നും മറ്റും കളിയാക്കുമ്പോൾ ആ സമയത്തു കൂടി എന്തെങ്കിലും പണി ചെയ്ത് സ്ത്രീകളുടെ അധ്വാനശേഷി പാഴായി പോകാതിരിക്കാൻ സമൂഹം കാണിക്കുന്ന ജാഗ്രതയാണ് മനസ്സിൽ തെളിയുന്നത്. ക്രിക്കറ്റ് മാച്ചുകളുടെ കാലത്ത് പ്രധാനപ്പെട്ടതെല്ലാം മാറ്റി വച്ച് വീട്ടിലെ ആണുങ്ങൾ ക്രിക്കറ്റ് കാണുമ്പോ സീരിയൽ



കാണുന്നത് വില കെട്ട പണിയായിത്തന്നെ തുടർന്നു കൊണ്ടിരിക്കുന്നു. അതേസമയം, ഈ വിലകെട്ട പരിപാടിക്കാകട്ടെ യാതൊരു തരത്തിലുള്ള നിയന്ത്രണങ്ങളും വിമർശനങ്ങളും ബാധകമല്ല. ഈ ചിന്തകളെ മുൻനിർത്തിക്കൊണ്ടാണ് സീരിയൽ വിചാരങ്ങൾ ആരംഭിക്കുന്നത്.

സീരിയലിനെക്കുറിച്ച് യാതൊരു സംശയവുമില്ലാത്ത ഒന്നാമത്തെ വസ്തുത അത് സ്ത്രീകളുടെ മേഖലയാണെന്നാണ്. എങ്ങനെയാണ് അത് സ്ത്രീകളുടെ വിഷയമാകുന്നത്? ഒരു കലാ വ്യവസായം എന്ന നിലയിൽ മുതൽമുടക്കുന്നതും ഒരുക്കുന്നതും സംവിധാനം ചെയ്യുന്നതുമൊക്കെ ഭൂരിഭാഗം ആണുങ്ങളാണ്. അഭിനയിക്കുന്നതിൽ ആണും പെണ്ണും ഏകദേശം ഒരുപോലെ . കഥ ആണിന്റേതാണ്, സംഭാഷണങ്ങൾ ആണിന്റേതാണ്.പിന്നെങ്ങനാണ് അത് സ്ത്രീയുടെ വിഷയമാകുന്നത്?  രണ്ട് കാരണങ്ങളാണ്. ഒന്ന് ഇത്  സ്ത്രീകളെയാണ് ടാർഗറ്റ് ചെയ്യുന്നത്, സ്ത്രീജനങ്ങൾക്ക്, അമ്മമാർക്ക്, ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള അമ്മ പെങ്ങന്മാർക്ക് എന്നൊക്കെ പറഞ്ഞാണ് പരസ്യം വരുക. രണ്ട്, കഥയിലെ ഏറ്റവും വലിയ നന്മ മരവും തിന്മ മരവും സ്ത്രീകളായിരിക്കും. മലയാളത്തിലെ മിക്ക സീരിയലുകളിലും ആണുങ്ങൾ വെറുതേ ഫില്ലേഴ്സ് ആയി നിൽക്കുന്നതാണ് തോന്നുന്നത്. സ്വന്തമായി ഒരു നിലപാടുമില്ലാത്ത ഈ നന്മതിന്മ മരങ്ങൾക്ക് ഒത്ത് പ്രതികരിക്കുന്നവർ. ആദാമിന്റെ സന്തതികൾ.

കേരളത്തിലെ ഒരു വലിയ വിഭാഗം സ്ത്രീജനങ്ങളുടേയും ഗാർഹികാവസ്ഥകൾ പരസ്പരം പൊരുത്തമുള്ളതാണെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.തൊഴിലുറപ്പിന് പോകുന്ന സ്ത്രീയായാലും വീട്ടുജോലിയ്ക്ക് പോകുന്ന സ്ത്രീയായാലും സർക്കാർ ജീവനക്കാരിയായ സ്ത്രീയായാലും പല സാമ്പത്തിക സാഹചര്യങ്ങൾക്കുള്ളിലും ഏകദേശം ഒരേ ജീവിതമാണ് ഇവർ നയിക്കുന്നത്, ഒരേ ജോലികൾ, ഒരേ ആശങ്കകൾ .ഇത് തുല്യതയുടെ വിഷയമല്ല, മറിച്ച് കേരളത്തിന്റെ ആണധികാര വ്യവസ്ഥ പല തരം നവോത്ഥാനങ്ങൾക്കിടയിലൂടെ ശക്തമായി പണിതെടുത്ത് പ്രചരിപ്പിക്കുക്കുന്നതാണ്.പല മതങ്ങൾ, പലജാതികൾ, പല സാമ്പത്തിക ശ്രേണികൾ ഇതിലെല്ലാം ഒരേപോലെ കീഴാളമായി സ്ത്രീയവസ്ഥയെ കാണുന്നത് ചില്ലറ കാര്യമല്ലല്ലോ. ഒരു നാട്ടിൽ പ്രാഥമിക വിദ്യാഭ്യാസം പോലുമില്ലാത്ത സ്ത്രീയ്ക്കും ഡോക്ട്രേറ്റുള്ള സ്ത്രീയ്ക്കും ഒരുപോലെ ചിന്തിക്കാൻ സാധിക്കുന്നത് അത്ഭുതം തോന്നുന്ന കാര്യമാണ്.ഒരു അമ്പലത്തിലേയ്ക്കോ പള്ളിയിലേയ്ക്കോ ധ്യാനകേന്ദ്രത്തിലേയ്ക്കോ കൗൺസിലിംഗ് സെന്ററിലേയ്ക്കോ പോവുക, അവിടെയെത്തുന്ന സ്ത്രീകളുടെ പ്രധാന ആവശ്യങ്ങൾ പരാതികൾ കേൾക്കുക, ഒരു സാധാരണ മലയാളിയെന്ന നിലയിൽ ചിലതെനിക്ക് ലിസ്റ്റ് ചെയ്യാൻ പറ്റും.

* എന്റെ 24 +  മകന്റെ/ മകളുടെ കല്യാണം നടക്കുന്നില്ല

**സീരിയലിനെക്കുറിച്ച് യാതൊരു സംശയവുമില്ലാത്ത ഒന്നാമത്തെ വസ്തുത അത് സ്ത്രീകളുടെ മേഖലയാണെന്നാണ്. എങ്ങനെയാണ് അത് സ്ത്രീകളുടെ വിഷയമാകുന്നത്? ഒരു കലാ വ്യവസായം എന്ന നിലയിൽ മുതൽമുടക്കുന്നതും ഒരുക്കുന്നതും സംവിധാനം ചെയ്യുന്നതുമൊക്കെ ഭൂരിഭാഗം ആണുങ്ങളാണ്. അഭിനയിക്കുന്നതിൽ ആണും പെണ്ണും ഏകദേശം ഒരുപോലെ . കഥ ആണിന്റേതാണ്, സംഭാഷണങ്ങൾ ആണിന്റേതാണ്.പിന്നെങ്ങനാണ് അത് സ്ത്രീയുടെ വിഷയമാകുന്നത്?**

* ഭർത്താവിന്റെ അമിത കുടി/ ലഹരി ഉപയോഗം,

* മകൾ/ മകൻ ILTS പാസാകണം

* ജോലി കിട്ടണം (മിക്കവാറും ) എനിക്കല്ലാ, എന്റെ മോന്, മോൾക്ക്

* എനിക്ക്, എന്റെ മകന്, എന്റെ മോൾക്ക് കുട്ടികളുണ്ടാകുന്നില്ല

ഭർത്താവിന്റെ കടം തീരാൻ കരഞ്ഞു നിലവിളിച്ചു പ്രാർത്ഥിക്കുന്ന, മോളെ കെട്ടിച്ചതിന്റെ കടം തീരാൻ കണ്ണീരൊഴുക്കി പ്രാർത്ഥിക്കുന്ന അമ്മമാരെ ഞാൻ പള്ളികളിൽ കണ്ടിട്ടുണ്ട്. എങ്ങനെയാണ് കേരളത്തിലെ ഒരു വലിയ കൂട്ടം സ്ത്രീകളുടെ ആഗ്രഹങ്ങൾ ഇങ്ങനെയാകുന്നത്.ഇതിൽ വലിയ റോൾ സീരിയലുകൾക്കുമുണ്ടെന്നാണ് ഞാൻ കരുതുന്നത്.

കേരളത്തിലെ കുടുംബങ്ങൾ അതതിന്റെ ഘടനയിൽ തന്നെ സ്ത്രീവിരുദ്ധമായിത്തുടരുന്നത് എടുത്തു കാണാം മലയാള സീരിയലിൽ. മലയാള സിനിമ പഴയ തഴക്കങ്ങളൊക്കെ ഒരു പരിധി വരെ ഉപേക്ഷിക്കാൻ ശ്രമിക്കുമ്പോഴും മലയാള സീരിയലുകളിൽ ഈ മാറ്റം സംഭവിക്കുന്നില്ല. ആരൊക്കെയോ കഷ്ടപ്പെട്ട് ബുദ്ധിമുട്ടി നിലനിർത്തിക്കൊണ്ട് പോകുന്നതു പോലെ.

കേരളത്തിലെ പ്രേക്ഷകരുടെ വ്യാപകമായ കാഴ്ചാ ശീലങ്ങൾ മലയാള സീരിയൽ കൊണ്ട് മാത്രം തൃപ്തിപ്പെടുന്നതല്ല. കൊറിയൻ പോലുള്ള വിദേശ ഭാഷാ സീരിയലുകൾ, ഹിന്ദി തമിഴ് സീരിയലുകൾ എന്നിങ്ങനെ പലതും ഇവിടെ കയറി ഇറങ്ങുന്നുണ്ട്.മ

ലയാള സീരിയലുകളിൽ ഇവയുടെ സ്വാധീനം കാണാം. ഉച്ച സമയങ്ങളിൽ സൂര്യാ ടിവിയിലും മറ്റും മലയാളം ഡബ് ചെയ്ത തമിഴ് സീരിയലുകൾ സംപ്രേക്ഷണം ചെയ്യാറുണ്ടായിരുന്നു.പല തമിഴ് സീരിയലുകളുടേയും കഥ സ്വീകരിച്ച് മലയാള സീരിയലുകൾ തുടങ്ങിയിട്ടുണ്ട്. ഹിന്ദി സീരിയലുകൾ കാണുന്ന ഒരുപാട് മലയാളികൾ ഉണ്ട്. ഹിന്ദി സീരിയലുകൾ കണ്ട് ഹിന്ദി പഠിച്ചവർ. തമിഴ്, മലയാളം സീരിയലുകളെ സംബന്ധിച്ച് ഹിന്ദി സീരിയൽ ഒരു ആഡംബരക്കാഴ്ചയാണ്. വലിയ കൊട്ടാരം പോലുള്ള വീടുകൾ, ആവശ്യത്തിലധികം അണിഞ്ഞൊരുക്കിയ സുന്ദരിമാർ, സാധാരണക്കാരെപ്പോഴും അത്ഭുതപ്പെടുന്ന തരം ഗുലുമാലുകൾ.. ഇങ്ങനെ ഹിന്ദി സീരിയലുകൾ സൃഷ്ടിക്കുന്ന വലയം ചില്ലറയൊന്നുമല്ല, മലയാള സീരിയലിൽ വരെ അവ സ്വാധീനം ചെലുത്തുന്നുണ്ട്.ഒരു കാലം വരെ മലയാള സീരിയലിലെ ശക്തനും സമ്പന്നനുമായ നായകൻ ഒന്നുകിൽ സർക്കാർ ജോലിക്കാരനായിരിക്കാം. ഡോക്ടറോ മറ്റ് സേവനമേഖലകളിൽ ജോലി ചെയ്യുന്നവരോ ആകാം. ഇന്ന് മലയാളത്തിലുള്ള നായകൻമാർ മിക്കവരും വൻ ബിസിനസ് ടൈക്കൂണുകളാണ്. ഈയടുത്തായി ശ്രദ്ധിച്ചു തുടങ്ങിയ മറ്റൊരു കാര്യം,ഇന്നത്തെ മലയാള സീരിയലുകളിൽ മിക്കതും ഒരു ഹൈന്ദവകുടുംബത്തിന്റെ പശ്ചാത്തലത്തിലാണ് നിൽക്കുന്നത്.ഈ സീരിയലുകളിലൊക്കെ അമിത പ്രാധാന്യം മതത്തിനും മതാചാരങ്ങൾക്കും കൈവരുന്നുണ്ട്. ഹിന്ദിയിൽ ഉത്തമമരുമകളുടെ പ്രധാന ജോലി എന്തെങ്കിലും പൂജ നടത്തുകയായിരിക്കും. കേരളത്തിലും ഇപ്പോൾ പതിവില്ലാത്തതിലധികം പൂജ തുടങ്ങിയിട്ടുണ്ട്. വൻ ബിസിനസ് ടൈക്കൂണിന്റെ വീട്ടിൽ അമ്മയ്ക്കും ഭാര്യയ്ക്കും പൂജ നടത്തലാണ് പ്രധാന ഹോബി.കൂടാതെ, ഫാമിലി ഡോക്ടറിനെപ്പോലെ ഒരു ഫാമിലി പൂജാരിയുമുണ്ട് ഇതിനിടയ്ക്ക്. ദൈവവിശ്വാസം നായകന് തീരെയുണ്ടാവാറില്ല. പിന്നെ ഭാര്യ വേണം ഭർത്താവിനെ ദൈവ വിശ്വാസിയാക്കി മാറ്റാൻ .ഈ ഉത്തരേന്ത്യൻ ഹിന്ദി സീരിയലുകളിലെ അബദ്ധങ്ങൾ എത്ര എളുപ്പത്തിലാണ് മലയാളികൾ ആസ്വദിക്കുന്നതെന്ന് അതിശയിക്കേണ്ടിയിരിക്കുന്നു. അതിൽ വലിയ പങ്ക് ഇത് സ്പോൺസർ ചെയ്യുന്ന ഗ്രൂപ്പുകൾക്ക് ഉണ്ട്. മറ്റൊരു രസകരമായ കാര്യം എന്താന്ന് വച്ചാൽ പ്രധാനപ്പെട്ട ചില സംഗതികളെപ്പറ്റി ഈ സീരിയലുകൾ പുലർത്തുന്ന മൗനമാണ്. ഉദാഹരണം ജാതിയാണ്.കേരളത്തിലെ സ്ഥിരം ശീലം പോലെ ജാതി ഇവിടെ നിലനിൽക്കുന്നേയില്ലന്ന് തോന്നിപ്പിക്കുമെങ്കിലും ജാതി അടിയിൽ പ്രവർത്തിക്കുന്നത് കാണാം. മറ്റൊന്ന് ഫെമിനിസം പറയുന്നുവെന്ന് നമ്മെ തെറ്റിദ്ധരിപ്പിക്കുന്നതിൽ ഉള്ള പങ്കാണ്. ഫെമിനിസത്തെ സംബന്ധിച്ച് എത്രയധികം തെറ്റിദ്ധാരണകൾ ഇവർ പ്രചരിപ്പിക്കുന്നുണ്ട്. നായികയെ കാണുമ്പോൾ, നായികയുടെ പോരാട്ടം കാണുമ്പോ ഫെമിനിസം ആണെന്ന് നമ്മൾ

**കേരളത്തിലും ഇപ്പോൾ പതിവില്ലാത്തതിലധികം പൂജ തുടങ്ങിയിട്ടുണ്ട്. വൻ ബിസിനസ് ടൈക്കൂണിന്റെ വീട്ടിൽ അമ്മയ്ക്കും ഭാര്യയ്ക്കും പൂജ നടത്തലാണ് പ്രധാന ഹോബി. കൂടാതെ, ഫാമിലി ഡോക്ടറിനെപ്പോലെ ഒരു ഫാമിലി പൂജാരിയുമുണ്ട് ഇതിനിടയ്ക്ക്. ദൈവ വിശ്വാസം നായകന് തീരെയുണ്ടാവാറില്ല. പിന്നെ ഭാര്യ വേണം ഭർത്താവിനെ ദൈവ വിശ്വാസിയാക്കി മാറ്റാൻ. ഈ ഉത്തരേന്ത്യൻ ഹിന്ദി സീരിയലുകളിലെ അബദ്ധങ്ങൾ എത്ര എളുപ്പത്തിലാണ് മലയാളികൾ ആസ്വദിക്കുന്നതെന്ന് അതിശയിക്കേണ്ടിയിരിക്കുന്നു.**

കരുതുകയും നായകനിലും അമ്മായിയമ്മയിലും എത്തുമ്പോ ആ ധാരണ തകരുകയും ചെയ്യും. യഥാർത്ഥത്തിൽ സീരിയലുകളുടെ ഏവും വലിയ ശത്രു ഫെമിനിസമാണെന്ന് എപ്പോഴും തോന്നിട്ടുണ്ട്, തിരിച്ചും. ഈയടുത്ത് മലയാളത്തിലെ ഒരു ജനപ്രിയ സീരിയലിനെ അനലൈസ് ചെയ്ത ഒരു യൂട്യൂബർ എങ്ങനെയാണ് അടിസ്ഥാന ആവശ്യങ്ങളുന്നയിക്കുന്ന സ്ത്രീകൾ വില്ലത്തികളായി മലയാളിയുടെ പൊതുബോധത്തിൽ പ്രതിഷ്ഠിക്കപ്പെടുന്നത് എന്ന് അത്ഭുതപ്പെടുന്നുണ്ട്.ജാതി ലിംഗം മതം രാഷ്ട്രീയം തുടങ്ങിയവ സംബന്ധിച്ച പ്രശ്നങ്ങൾ, യാഥാർത്ഥ്യങ്ങൾ ഒന്നും മുന്നോട്ട് വയ്ക്കുന്നതേയില്ല. ആളുകളെ ഒരാലസ്യത്തിൽ തുടർന്ന് പോകാൻ അനുവദിക്കുകയും തങ്ങൾ നേരിടുന്ന അനീതികൾ കാണാൻ അനുവദിക്കാതിരിക്കുകയും ചെയ്യുകയാണ് ഇവിടെ സംഭവിക്കുന്നത്. സീരിയലുകൾ പോലെ തന്നെ ആളുകളെ സ്വാധീനിക്കുന്ന ധാരാളം റിയാലിറ്റി ഷോകളും കോമഡി ഷോകളും പ്രചാരത്തിലുണ്ട്.ഇവയെല്ലാം ചേർന്നാണ് കേരളത്തിലെ ഒരു ഭൂരിഭാഗം ജനത്തെ പല തരത്തിൽ സ്വാധീനിക്കുന്നത്. നിങ്ങളനുഭവിക്കുന്ന അനീതികളെ പുഞ്ചിരിയോടെ സഹിക്കുവാനും ക്ഷമിക്കുവാനും അകപ്പെട്ടുപോയ ജീവിതാവസ്ഥകളിൽ സംതൃപ്തിയോടെ കുടുങ്ങിക്കിടക്കാനും നമ്മുടെ മാതൃകാ കഥാപാത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ചുറ്റുമുള്ള സംഭവങ്ങൾ, സാമ്പത്തികവും സാമൂഹികവുമായ അസമത്വങ്ങൾ ഇതിനിടയിലും കണ്ണുമൂടിക്കെട്ടി സ്വർഗ്ഗസുന്ദരജീവിതം ഭാവന ചെയ്ത് ജീവിക്കാൻ സീരിയലുകൾ നിരന്തരം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു.



# കുടുംബത്തിൽ നിന്നും സമൂഹത്തിലേക്ക്



**മഞ്ജിമ സുരേഷ്**
സുൽത്താൻ ബത്തേരി അൽ ഫോൺസാ ആർട്സ് & സയൻസ് കോളേജിൽ അഥിതി അധ്യാപിക ആയി പ്രവർത്തിച്ചിട്ടുണ്ട്.

മനുഷ്യർ തമ്മിലുള്ള ഇടപെടലുകൾ ആണ് സമൂഹത്തെ സൃഷ്ടിക്കുന്നത്. ഓരോ സമൂഹവും ഭൂമിശാസ്ത്രപരവും ചരിത്രപരവും സാംസ്കാരികവും മതപരവുമായ കാരണങ്ങളാൽ വ്യത്യസ്തരാണ്. ഈ ഘടകങ്ങൾ ഓരോ സമൂഹത്തിന്റെയും പൊതുവായൊരു സ്വഭാവ രൂപീകരണത്തിന് കാരണമാകുന്നു. മനുഷ്യന്റെ കൂട്ടായ ജീവിതത്തിന്റെ ആദ്യപടിയായാണ് കുടുംബം കണക്കാക്കപ്പെടുന്നത്.ജനനം മുതൽക്ക് തന്നെ വ്യക്തികൾ ആശ്രയിക്കുകയും ഇടപെടുകയും ചെയ്യുന്ന  സാമൂഹിക സ്ഥാപനമാണ് കുടുംബം. കുടുംബം എന്ന സാമൂഹിക സ്ഥാപനത്തെയും അതിന്റെ നിലനിൽപ്പിനെയും പ്രവർത്തനങ്ങളെയും സാമൂഹിക ശാസ്ത്രം ആഴത്തിൽ പഠിക്കാൻ ശ്രമിച്ചിട്ടുണ്ട്.കുടുംബം എന്ന സാമൂഹിക സ്ഥാപനം അത് നിലനില്ക്കുന്ന സമൂഹത്തിന്റെ മൂല്യബോധങ്ങളെയും സാമൂഹിക നിയമങ്ങളെയും അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത്. സാമൂഹിക ജീവി എന്ന നിലയ്ക്ക് കുടുംബത്തിൽ നിന്ന് ലഭിക്കുന്ന പ്രാഥമിക വിദ്യാഭ്യാസവും പരിചരണവുമാണ് വ്യക്തികളുടെ സ്വഭാവ രൂപീകരണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നത്.

വ്യവസ്ഥാപിതമായ കുടുംബസങ്കല്പം സാമൂഹികവും മതപരവുമായ ഇടപെടലുകൾക്ക് വിധേയമാണ്.മനുഷ്യന്റെ വ്യക്തിപരമായ നൈതികത രൂപപ്പെട്ട് വരുന്നത് നിലനിൽക്കുന്ന സമൂഹത്തിന്റെ മൂല്യബോധങ്ങളിൽ നിന്നു കൂടിയാണ്.അതിനാൽ തന്നെ കുടുംബത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും വ്യക്തിക്ക് ലഭിക്കുന്ന വിദ്യാഭ്യാസം വളരെ പ്രധാനമാണ്. ഏതൊരു സമൂഹത്തിലും കാലങ്ങളായി അനുവർത്തിച്ച് പോരുന്ന സാമൂഹിക നിയമങ്ങൾ ഉണ്ടാകും.സമൂഹത്തിലെ ഏറ്റവും അടിസ്ഥാന ഘടകമായ കുടുംബം ഈ സാമൂഹിക നിയമങ്ങൾക്ക് വിധേയപ്പെട്ടാണ് നിലനില്ക്കുന്നത്. വ്യവസ്ഥാപിതമായ സാമൂഹിക നിയമങ്ങൾക്കനുസരിച്ചുള്ള പെരുമാറ്റചട്ടങ്ങൾ പിന്തുടരാനാണ് കുടുംബം വ്യക്തിയെ പരിശീലിപ്പിക്കുന്നത്.   സമൂഹത്തിന്റെ പൊതുവായ ശരികളും ധാരണകളുമാണ് കുടുംബത്തിൽ നിന്ന് വ്യക്തികളിലേക്ക് എത്തുന്നത്.കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ ഈ സാമൂഹിക നിയമങ്ങൾക്ക് കഴിയാതെ വരുമ്പോൾ ഒരു സമൂഹത്തിന്റെ മുഴുവൻ പുരോ

ഗതിയെയും അത് വിപരീതമായി ബാധിക്കുന്നു.വ്യക്തിയുടെ മാനസികാരോഗ്യത്തിനും വികാസത്തിനും ആവിശ്യമായ അറിവ് പ്രധാനം ചെയ്യുക എന്നതിൽ നിന്നു മാറി വ്യവസ്ഥാപിതമായ സാമൂഹിക നിയമങ്ങൾക്ക് അനുസൃതമായി വ്യക്തിയെ പാകപ്പെടുത്തി എടുക്കുന്ന രീതിയിലേക്ക് ഇത്തരം പഠനങ്ങൾ ചുരുങ്ങിപ്പോകുന്നു. പല പിന്തിരിപ്പൻ ആശയങ്ങളെയും അതേപടി പിൻപ്പറ്റുന്നതും അവയിലെ ശരികേടുകൾ തിരിച്ചറിയാൻ കഴിയാതെ വരുന്നതും ഈ പാകപ്പെടുത്തലുകളുടെ പരിണിതഫലങ്ങളാണ്.

"മനുഷ്യന്റെ വിമോചനം സാധ്യമാകുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്.സംവാദമാണ് അതിന് ഉതകുന്ന ബോധന രീതി"

ബ്രസീലിയൻ ചിന്തകനായ പൌലോ ഫ്രയറിന്റെ വിദ്യാഭ്യാസത്തെ സംബന്ധിച്ച ഈ നിരീക്ഷണം ഇവിടെ പ്രസക്തമാണ്.കൃത്യമായും അധികാരശ്രേണിയിലധിഷ്ഠിതമായാണ് കുടുംബം എന്ന സാമൂഹിക സ്ഥാപനം നിലനില്ക്കുന്നത്. അത്തരം പരിസരങ്ങളിൽ നിന്നും വ്യക്തി നേടുന്ന അറിവുകൾക്ക് സ്വാഭാവികമായും നിലനില്ക്കുന്ന സമൂഹത്തിന്റെ പൊതുബോധങ്ങളുടെ സ്വാധീനം ഉണ്ടായിരിക്കും. ആധുനിക സമൂഹം വ്യക്തി/കുട്ടികൾ കുടുംബത്തിനകത്ത് നിന്ന് ആർജിക്കുന്ന വിദ്യാഭ്യാസത്തെ വളരെ ഗൗരവത്തോടെയാണ് നോക്കി കാണുന്നത്. സാമൂഹിക അസമത്വങ്ങൾ, തുല്യത, പരിസ്ഥിതിയോടുള്ള സമീപനം എന്നിവയെ സംബന്ധിച്ചെല്ലാമുള്ള വ്യക്തമായ കാഴ്ച്ചപ്പാടുകൾ പുതുതലമുറയ്ക്ക് ഉണ്ടാകേണ്ടത് ശരിയായ വിദ്യാഭ്യാസം വഴിയാണ്.

കേരളം പോലൊരു സമൂഹത്തെ മുൻനിർത്തി പരിശോധിച്ചാൽ സാക്ഷരത, ജീവിത നിലവാരം എന്നിവയിലെല്ലാം താരതമ്യേന മികച്ചു നില്ക്കുമ്പോഴും സ്ത്രീകളെ സംബന്ധിച്ച സാമ്പ്രദായിക ധാരണകൾ, ജാതീയമായ വിവേചനങ്ങൾ, ലൈംഗിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എന്നിവയോടെല്ലാമുള്ള സമീപനങ്ങൾക്കും മറ്റും എത്രത്തോളം മാറ്റം വന്നിട്ടുണ്ടെന്നുള്ളത് പ്രശ്നവൽക്കരിക്കേണ്ട വിഷയമാണ്.പ്രസ്തുത കാര്യങ്ങൾ സംബന്ധിച്ച അവബോധമില്ലായ്മക്ക് ഒരു പ്രധാന കാരണം കുടുംബത്തിൽ നിന്നും ലഭിക്കുന്ന വിദ്യാഭ്യാസത്തിലെ പരിമിതി കൂടിയാണ്. കുടുംബത്തിനകത്തു നിന്നും നേടുന്ന അറിവ് പ്രധാനമായും നിരീക്ഷണങ്ങളിലൂടെയാണ് ഉണ്ടാകുന്നത്. മുതിർന്നവരുടെ പെരുമാറ്റം, സംസാര രീതി, മറ്റുള്ളവരെ പരിചരിക്കുന്ന രീതി ഇവയെല്ലാം അടുത്ത തലമുറയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.ഇത്തരത്തിൽ കുടുംബത്തിൽ നിന്നും നേടുന്ന അറിവുകളാണ് വിദ്യാഭ്യാസത്തിന്റെ അടിത്തറ. ആ ധാരണകൾ അടിസ്ഥാനമാക്കിയാണ് വ്യക്തികൾ അവരുടെ ബോധ്യങ്ങൾ നിർമ്മിക്കുന്നത്. കുടുംബം, സൗഹൃദം, ബന്ധുത്വം എന്നീ സാമൂഹിക സ്ഥാപനങ്ങൾക്കെല്ലാം ഇതിൽ സവിശേഷമായ പങ്കുണ്ട്.



ഔപചാരികമായ വിദ്യാഭ്യാസത്തിന് മുൻപ് തന്നെ പരിസരങ്ങളിൽ നിന്നും ലഭിക്കുന്ന പാഠങ്ങളാണ് ചുറ്റുപാടുകളെ നോക്കികാണുവാനും വിലയിത്തുവാനും ഓരോ മനുഷ്യനെയും പ്രാപ്തരാക്കുന്നത്. അറിവുകളുടെയും അനുഭവങ്ങളുടെയും കൈമാറ്റം എന്നതിലുപരിയായി വ്യക്തികളെ വിശാലമായൊരു സാമൂഹിക ജീവിതം നയിക്കുവാൻ ശേഷിയുള്ളവരാക്കി മാറ്റുന്നത് കൂടിയാണ് കുടുംബത്തിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ലഭിക്കുന്ന വിദ്യാഭ്യാസം. അതുകൊണ്ടു തന്നെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം കുടുംബമുൾപ്പടെയുള്ള സാമൂഹിക സ്ഥാപനങ്ങൾ കുറേക്കൂടി ധാർമികവും വിശാലവുമായ സമീപനങ്ങൾ സ്വീകരിക്കേണ്ടത് വളരെ പ്രധാനമാണ്.



# മലയാള സിനിമ – കുടുംബ നിർമ്മിതിയുടെ വ്യവഹാരസ്ഥാനങ്ങൾ



**അനുശ്രീ ചന്ദ്രൻ സി.**
ഗവേഷക മലയാള വിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല

ലൈംഗികതയെയും പ്രണയത്തെയും സംബന്ധിക്കുന്ന നിയമപരമായ സാധുതയാണ് കുടുംബം എന്ന സങ്കല്പനത്തിന്റെ വ്യവഹാരസ്ഥാനം. ഏതാണ്ട് രണ്ടു നൂറ്റാണ്ടിന്റെ പഴക്കം മാത്രമേ കുടുംബം എന്ന സങ്കല്പത്തിനുള്ളൂ. വൈയക്തികവും സാമൂഹികവുമായ സ്ഥാപനം എന്ന നിലയ്ക്ക് മനുഷ്യസമുദായത്തിന്റെ ലിംഗഘടനയെ ഐക്യപ്പെടുത്തുന്ന ചരിത്രപരമായ ഘടകമായാണ് കുടുംബം അടയാളപ്പെടുത്തപ്പെടുന്നത്. മനുഷ്യസംസ്കൃതിയുടെ ഉദാത്തമായ രൂപം എന്നനിലയ്ക്ക് വ്യവസ്ഥപ്പെടുത്തിയ ഘടനയാണ് കുടുംബത്തിനുള്ളത്.

പുരുഷനും സ്ത്രീയും തമ്മിലുള്ള അനുരഞ്ജനം എന്ന നിലയിലല്ല ,മറിച്ച് ഒരു ലിംഗവിഭാഗം മറ്റേതിനെ കീഴടക്കുന്നതാണ് കുടുംബ രൂപത്തിന്റെ ചരിത്രഘടന എന്ന് ഏംഗൽസ് അഭിപ്രായപ്പെടുന്നുണ്ട്. പുരുഷന്റെ സർവ്വാധികാരവും സ്ത്രീയുടെ സകലമാനങ്ങളിലുമുള്ള വിധേയത്വവും ചരിത്രപരമായി നിലനിർത്തിക്കൊണ്ട് പുരുഷാധിപത്യവ്യവസ്ഥയെ സംരക്ഷിക്കുക എന്നതാണ് ഒരു പ്രത്യയശാസ്ത്രസ്ഥാപനമെന്ന നിലയിൽ കുടുംബത്തിന്റെ പ്രവർത്തനം. മുതലാളിത്ത ഘടനയുടെ വികാസത്തോടൊപ്പം രൂപം കൊണ്ടതെങ്കിലും, പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളത്തിൽ രൂപം കൊണ്ടു തുടങ്ങിയ അണുകുടുംബമാണ് കേരള കുടുംബസങ്കല്പത്തിന്റെ അടിസ്ഥാനമാതൃക. അത് പുരുഷന്റെ പരമാധികാരവും സ്ത്രീയുടെ വിധേയത്വവുമാണ് കുടുംബഘടനയുടെ അന്ത:സത്ത എന്ന് അലിഖിതമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് കുടുംബം എന്ന വ്യവസ്ഥാപിത ഘടനയെ, അതിന്റെ സങ്കീർണതകളെ, വൈകാരികതകളെ, അതിലെ വൈരുദ്ധ്യങ്ങളെ മലയാളസിനിമ സമീപിച്ച പ്രകാരങ്ങളെ വിശകലനം ചെയ്യേണ്ടത്. രൂപപരമായിരിക്കെത്തന്നെ ചരിത്രപരമായി സംവദിച്ചുകൊണ്ടാണ് മലയാള സി

നിമ ഭൗതീകചരിത്രത്തോടും അനുഭൂതിചരിത്രത്തോടും വിനിമയത്തിലേർപ്പെട്ടു പോന്നത്. സിനിമയും സമൂഹവും എന്ന ദ്വന്ദ്വാത്മകവിഭജനത്തെ മുൻനിർത്തി ദൃശ്യഭാഷയിലൂടെ പ്രതിനിധാനം ചെയ്യപ്പെടേണ്ട ബാഹ്യയാഥാർത്ഥ്യമായി സാമൂഹിക ചരിത്രം വിഭാവന ചെയ്യപ്പെട്ടു. അതനുസരിച്ച് സിനിമ രൂപപരതയ്ക്കപ്പുറത്ത് ചരിത്രത്തിന്റെയോ സവിശേഷ യാഥാർത്ഥ്യത്തിന്റെയോ പ്രതിനിധാനമോ സൗന്ദര്യാത്മകമായ പ്രകാശനമോ ആണ് എന്ന് വരുന്ന സവിശേഷസന്ധിയിലാണ് മലയാള സിനിമയുടെ കുടുംബ പാരായണങ്ങളെ അടയാളപ്പെടുത്തേണ്ടത്.

1928-ൽ മലയാളസിനിമയുടെ ചരിത്രം ആരംഭിക്കുന്നുണ്ടെങ്കിലും 1950 കളിൽ മാത്രമാണ് സാംസ്കാരിക സൂചകം എന്ന നിലയിൽ സിനിമ കേരളത്തിൽ പ്രബലമാകുന്നത്. കുടുംബം, പ്രണയം, വിരഹം തുടങ്ങിയ വ്യവഹാരങ്ങളുടെ സങ്കീർണതകൾ ആവിഷ്കരിച്ച ജീവിതനൗക (1951), പുരുഷൻ, സ്ത്രീ, ലൈംഗികത എന്നിവയുമായി ബന്ധപ്പെട്ട സവർണ-അവർണ നിഷ്ഠമായ സാമൂഹിക കുടുംബഘടനയുടെ വൈരുദ്ധ്യങ്ങളെ അവതരിപ്പിച്ച നീലക്കുയിൽ(1954) , ഈ സിനിമകൾക്കു മുമ്പ് വ്യവസ്ഥാപിത കുടുംബഘടനയിലെ പുനർവിവാഹ ചിന്തകൾ, രണ്ടാനമ്മയുടെ ക്രൂരതകൾ ചിത്രീകരിച്ചുകൊണ്ട് അവതരിപ്പിച്ച ബാലൻ (1934) എന്നിങ്ങനെ മലയാളസിനിമയുടെ കുടുംബനിർമ്മിതിയുടെ ചരിത്രം രേഖപ്പെടുത്തപ്പെടുന്നു.

തുടർന്ന് വിവാഹത്തെയും സ്ത്രീധന സമ്പ്രദായത്തെയും സംബന്ധിക്കുന്ന സങ്കീർണതകൾ അവതരിപ്പിച്ച പാടാത്ത പൈങ്കിളി (1957), കർഷക ജീവിത സംഘർഷങ്ങൾ ആവിഷ്കരിച്ച രണ്ടിടങ്ങഴി (1958), ദാരിദ്ര്യവും രോഗവും കുടുംബ ഘടനകളിലുണ്ടാക്കിയ അരക്ഷിതാവസ്ഥ ആവിഷ്കരിച്ച ന്യൂസ് പേപ്പർ ബോയ് (1955), സ്ത്രീധന സമ്പ്രദായത്തിന്റെ വൈകാരിക സമ്പ്രദായങ്ങളെ ചിത്രീകരിച്ച കണ്ടം ബച്ച കോട്ട് (1961), കുടുംബഘടനയുമായി ബന്ധപ്പെട്ട ബന്ധുവ്യവസ്ഥയെയും വിവാഹക്രമങ്ങളെയും ആവിഷ്കരിച്ച മുറപ്പെണ്ണ് (1965) ,കടലോര ജീവിതവുമായി ബന്ധപ്പെട്ട പ്രണയം, വിവാഹം തുടങ്ങിയവയുടെ സങ്കീർണതകളെയും കുടുംബ ജീവിതവുമായി ബന്ധപ്പെട്ട മിത്തുകളെയും ആവിഷ്കരിച്ച ചെമ്മീൻ (1965) തുടങ്ങി എഴുപതുകൾ ആകുമ്പോഴേക്കും മലയാള സിനിമ യാഥാസ്ഥിതികവും വൈരുദ്ധ്യാത്മകവും പുരുഷാധിപത്യപരവുമായ കുടുംബഘടനയെ സൃഷ്ടിച്ചു കഴിഞ്ഞിരുന്നു. ഇക്കാലയളവിൽ തന്നെ കേരള ചരിത്രത്തിൽ നിലനിന്നുപോന്നിരുന്ന ദായക്രമങ്ങളെ ചിത്രീകരിച്ച വടക്കൻപാട്ട് സിനിമകളും ഇവിടെ സംഭവിച്ചു.

70 കൾ ആകുമ്പോഴേക്കും സാഹിത്യത്തിൽ ആധുനികതയും സിനിമയിൽ നവതരംഗവും രംഗപ്രവേശം ചെയ്തു. ഭൂപരിഷ്ക്കരണത്തിന്റെയും കൂട്ടുകുടുംബവ്യവസ്ഥയുടെയും തകർച്ചയുടെ പശ്ചാത്തലത്തിൽ രൂപപ്പെട്ട മധ്യ-വർഗ്ഗ സമൂഹക്രമമായിരുന്നു അക്കാലത്തെ സിനിമയുടെ ആഖ്യാനഭൂമിക. അവിടെ കഥാകേന്ദ്രം ഉപരി / മധ്യജാതി -വർഗ്ഗ അണുകുടുംബമോ അതിലേക്കുള്ള നീക്കങ്ങളോ ആയിരുന്നു. അവിടെ നടക്കുന്ന സംഘർഷങ്ങളും മറ്റും സിനിമാഖ്യാനത്തെ സ്വാധീനിച്ചു. സാമൂഹികമായിരുന്ന വ്യവഹാരങ്ങളെല്ലാം 70 കൾക്കു ശേഷമുള്ള സിനിമകളിൽ വൈയക്തികതയിലേക്ക് സംക്രമിച്ചു. വ്യക്തിയുടെ വിഹ്വലതകളും കാമനകളും അന്ത:സംഘർഷങ്ങളും സിനിമയുടെ കഥാകേന്ദ്രമായി. അത് മധ്യവർഗ്ഗ കുടുംബ ജീവിതത്തിന്റെ അനുഭവമണ്ഡലമെന്നനിലയിലാ



ണ് ആവിഷ്കരിക്കപ്പെട്ടത്.

അവയുടെ ലോക വീക്ഷണം ഒരു മധ്യവർഗ്ഗ ബുദ്ധിജീവിയുടെയും, പ്രമേയങ്ങൾ മധ്യവർഗ്ഗജീവിതത്തിന്റെ ആശങ്കകളിൽ നിന്നും കുടുംബാന്തരീക്ഷങ്ങളിൽ നിന്നും ഗൃഹാതുരത്വത്തിൽ നിന്നും നിരാശകളിൽ നിന്നും രൂപപ്പെട്ടവയുമായിരുന്നു. സ്വയംവരം (1972), അശ്വത്ഥാമാവ് (1978), പ്രയാണം (1975), ഉത്തരായനം (1974) തുടങ്ങിയ ചിത്രങ്ങളുടെ കേന്ദ്രപ്രമേയം അഭ്യസ്ഥവിദ്യരായ മധ്യവർഗ്ഗ നായകന്മാരുടെ ജീവിത പരിസരവും ആത്മ സംഘർഷങ്ങളുമായിരുന്നു. അടൂരിന്റെ 'എലിപ്പത്തായ'ത്തിലെ ഉണ്ണി ഫ്യൂഡൽ കുടുംബവ്യവസ്ഥയുടെ തകർച്ചയുടെ രൂപകമായി.

കുടുംബത്തെത്തന്നെ ഒരു രാഷ്ട്രീയ സ്ഥലമായി അവതരിപ്പിക്കാൻ ശ്രമിച്ച സിനിമയായിരുന്നു ഭരതൻ സംവിധാനം ചെയ്ത ഇത്തിരി പൂവേ ചുവന്ന പൂവേ (1984). സമൂഹ/കുടുംബ ദ്വന്ദ്വങ്ങൾ രാഷ്ട്രീയ മാറ്റങ്ങളോട് പ്രതികരിക്കുന്നത് ഭിന്ന രീതിയിലാണോ എന്നതിനെയും, രാഷ്ട്രീയ സംവാദങ്ങളുടെ അതിർത്തി കുടുംബം വരെയാണെന്നും വീട്/കുടുംബം എന്നീ സ്ഥാപനങ്ങൾ സമൂഹ്യ സദാചാര നിയമങ്ങൾക്കുള്ളിൽ പരിപാലിച്ചുപോരേണ്ടതാണെന്നുമുള്ള ബോധത്തെയും ആണ് ഈ സിനിമയിലൂടെ പ്രശ്നവൽക്കരിക്കേണ്ടത്. കുടുംബ ബാഹ്യമായ കാര്യങ്ങളാണ് ചർച്ചചെയ്യുന്നത് എന്ന പ്രതീതി സൃഷ്ടിച്ചുകൊണ്ട് കുടുംബത്തെ പാരമ്പര്യ മൂല്യസങ്കല്പ്പങ്ങളിൽ ഉറപ്പിച്ചു നിർത്തുന്ന സിനിമകൾ 80കൾക്കു ശേഷം മലയാളത്തിൽ കാര്യമായുണ്ടായി. എൺപതുകളിലെ നക്സലേറ്റ് സിനിമകളാകട്ടെ ചരിത്രത്തിന്റെ ഭാരത്തെ പൂർണമായും കൈയ്യൊഴിഞ്ഞു കൊണ്ട് രാഷ്ട്രീയത്തെ അമൂർത്തവും ഏറെക്കുറേ ദുരൂഹവുമായ ഒരനുഭവമാക്കി അവതരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. വ്യക്തിക്കും കുടുംബത്തിനും വന്നുഭവിക്കുന്ന കഠിനവ്യഥകളുടെ കാല്പ്പനികഭാവനകൾ ആവിഷ്കരിക്കപ്പെട്ടു. അവിടെ രാഷ്ട്രീയവും പ്രത്യയശാസ്ത്രവുമെല്ലാം വ്യക്തിയുടെ/കുടുംബത്തിന്റെ ദുരന്തത്തിനു കാരണമായിത്തീരുന്നു.

തൊണ്ണൂറുകളിൽ താരം എന്ന സങ്കല്പനം സിനിമയുടെ പ്രഥമ പരിഗണനയിൽ വന്നതോടു കൂടി കുടുംബവ്യവസ്ഥ പുരുഷാധീശ പ്രത്യയശാസ്ത്രത്തിന്റെ വ്യവഹാരസ്ഥാനമായി സിനിമാ വിചാരങ്ങളെ നിയന്ത്രിച്ചു. പൗരുഷത്തിന്റെ ആഖ്യാനങ്ങൾ എന്ന നിലയിലാണ് ഈ കാലയളവിലെ സിനിമകളിൽ കുടുംബം വ്യവസ്ഥപ്പെട്ടത്. മഴയെത്തും മുമ്പേ, വാത്സല്യം, പപ്പയുടെ സ്വന്തം അപ്പൂസ്, ഹിറ്റ്ലർ തുടങ്ങി പുരുഷനായക / താര കേന്ദ്രിതമായ ഒരു കൂട്ടം ചിത്രങ്ങൾ കുടുംബമൂല്യസങ്കല്പങ്ങളെ ആഖ്യാനം ചെയ്തു.

ആസുരമായ പുരുഷത്വത്തിന്റെ ആവിഷ്കാരം സവർണകുടുംബഘടനയ്ക്കകത്തു നിന്നു കൊണ്ട് ആവിഷ്കരിക്കപ്പെട്ട മോഹൻലാൽ ചിത്രങ്ങളും ഈ കാലഘട്ടത്തിന്റെ സവിശേഷതയാണ്. ദേവാസുരം, ആറാം തമ്പുരാൻ, നരസിംഹം, ഉസ്താദ്, രാവണപ്രഭു എന്നീ ചിത്രകളിലൂടെ സവർണ കുടുംബ-കുല പുരുഷന്റെ ആധിപത്യം സാമൂഹികമായി സ്ഥാപിക്കുകയായിരുന്നു. പവിത്രം, ദശരഥം തുടങ്ങിയ സിനിമകൾ വൈവാഹികത, പിതൃത്വം തുടങ്ങിയ കുടുംബ വ്യവസ്ഥകളെ പൊളിച്ചെഴുതുന്നുമുണ്ട്. പ്രിയപുത്രൻ, പേരക്കുട്ടി, കാമുകൻ, ചേട്ടൻ, മുറച്ചെറുക്കൻ തുടങ്ങിയ കുടുംബകാലാവസ്ഥകളിലൂടെ സഞ്ചരിച്ച ചരിത്രം മോഹൻലാൽ സിനിമകൾക്കുണ്ട്.

ഉത്തമ കുടുംബം വാർത്തെടുക്കേണ്ടതിന്റെ ഉദാഹരങ്ങളുമായാണ് പല സിനിമകളും മലയാളിയുടെ മുന്നിലേക്കെത്തിയത്. സ്നേഹവാനും പ്രശ്നസംഹാരിയുമായ ഭർത്താവ്, അയാൾക്കു വിധേയപ്പെട്ട് നിൽക്കുന്ന ഉത്തമയായ ഭാര്യ, കുട്ടികൾ എന്ന പതിവു സമവാക്യങ്ങൾ ആവിഷ്കരിച്ച് കുടുംബത്തിന്റെ വാർപ്പ് മാതൃകകൾ പണിതു വയ്ക്കുകയും, അതിനവശ്യമായ ഉപദേശങ്ങളും അനുഭവങ്ങളും പകർന്നു തരികയെന്ന 'ധാർമ്മികത'യ്ക്കുള്ളിലാണ് കുടുംബചിത്രങ്ങൾ സ്ഥാനപ്പെട്ടത്. സ്ത്രീകഥാപാത്രങ്ങൾ പലപ്പോ

**കുടുംബത്തെത്തന്നെ ഒരു രാഷ്ട്രീയ സ്ഥലമായി അവതരിപ്പിക്കാൻ ശ്രമിച്ച സിനിമയായിരുന്നു ഭരതൻ സംവിധാനം ചെയ്ത ഇത്തിരി പൂവേ ചുവന്ന പൂവേ (1984). സമൂഹ/കുടുംബ ദ്വന്ദ്വങ്ങൾ രാഷ്ട്രീയ മാറ്റങ്ങളോട് പ്രതികരിക്കുന്നത് ഭിന്ന രീതിയിലാണോ എന്നതിനെയും, രാഷ്ട്രീയ സംവാദങ്ങളുടെ അതിർത്തി കുടുംബം വരെയാണെന്നും വീട്/കുടുംബം എന്നീ സ്ഥാപനങ്ങൾ സമൂഹ്യ സദാചാര നിയമങ്ങൾക്കുള്ളിൽ പരിപാലിച്ചുപോരേണ്ടതാണെന്നുമുള്ള ബോധത്തെയും ആണ് ഈ സിനിമയിലൂടെ പ്രശ്നവൽക്കരിക്കേണ്ടത്.**

ഴും കുടുംബം തകർക്കുന്ന അഹങ്കാരികളായി ആവിഷ്കരിക്കപ്പെട്ടു. സ്ത്രീയുടെ കർതൃത്വം 'വീട്ടമ്മ' പദവിയിലേക്ക് മാത്രം തിരിച്ചുവെക്കപ്പെട്ടു. 90–കൾക്ക് ശേഷം ഉടലെടുത്ത അണുകുടുംബങ്ങളെ നിശിതമായി വിമർശിക്കാൻ വാത്സല്യം പോലുള്ള കുടുംബചിത്രങ്ങൾ തയ്യാറായി.

സിനിമ ആത്യന്തികമായി ഒരു പ്രേക്ഷക സമൂഹത്തെ ലക്ഷ്യം വയ്ക്കുന്നുണ്ട്. ആ സമൂഹം പുലർത്തിപോരുന്ന സദാചാര വ്യവസ്ഥകളെയും മൂല്യസംഹിതകളെയും മുറിപ്പെടുത്തുവാൻ സിനിമക്ക് സാധിക്കില്ല എന്ന ദൗർബല്യമാണ് രണ്ടായിരം വരെ സിനിമ കുടുംബാവിഷ്കാരങ്ങളിൽ പ്രകടിപ്പിച്ചത്. കൊച്ചു കൊച്ചു സന്തോഷങ്ങൾ, അച്ഛനെയാണെനിക്കിഷ്ടം, ഇഷ്ടം, മേഘസന്ദേശം, കല്യാണരാമൻ, താണ്ഡവം, യാത്രക്കാരുടെ ശ്രദ്ധയ്ക്ക് തുടങ്ങിയ അനേകം വാർപ്പുമാതൃകകൾ ഈ നൂറ്റാണ്ടിന്റെ തുടക്കത്തതിലും സംഭവിച്ചു. 2005–ൽ പുറത്തിറങ്ങിയ രാപ്പകൽ മലയാളിയുടെ കുടുംബബോധത്തെ എപ്പോൾ വേണമെങ്കിലും വിറ്റു കാശക്കാവുന്ന ഒന്നാണെന്ന് തെളിയിക്കുകയും ചെയ്തു.




കുടുംബം എന്നതിനെ, അതിന്റെ പ്രഖ്യാപിത 'പവിത്ര'തയെ പൊളിച്ചുകളയുന്ന വിഷയങ്ങൾ വിരളമായേ മലയാളിയുടെ തിരശീലയിൽ ആവിഷ്കരിക്കപ്പെട്ടുള്ളൂ. പതിവു മാതൃകകൾക്ക് വിപരീതമായി 'ഒരേകടലി'ൽ (2007) വിവാഹത്തിനു പുറത്തേക്കുള്ള ഒരു സ്ത്രീയുടെ സഞ്ചാരത്തെ അല്പമെങ്കിലും അടയാളപ്പെടുത്താൻ മലയാള സിനിമ തയ്യാറായി. പക്ഷെ ആ സഞ്ചാരത്തെയും ഭ്രാന്ത്, ശിഥിലമാക്കപ്പെടുന്ന കുടുംബത്തിന്റ വേവലാതികൾ എന്നിവയിൽ കെട്ടിവയ്ക്കാനുള്ള ശ്രമം സിനിമ നടത്തുന്നു. ഒരു സ്ത്രീ എന്ന നിലയിൽ സ്വതന്ത്രമായ പുറത്തേയ്ക്കുപോകൽ എന്നതിലുപരി മറ്റൊരു കുടുംബ വ്യവസ്ഥയിലേക്കാണ് കുട്ടികളെയും കൊണ്ട് അവൾ പോകുന്നത്. അവളുടെ അസ്തിത്വത്തെയും സ്വത്വത്തെയും നിർണയിക്കുന്ന ഒന്നായല്ല അവിടെയും കുടുംബത്തിൽ നിന്നുള്ള അവളുടെ ഇറങ്ങിപ്പോകലിനെ ചിത്രീകരിച്ചിരിക്കുന്നത്.

സാമൂഹിക ജീവിതത്തെ യഥാതഥമായി അവതരിപ്പിക്കുന്നുവെന്നു അവകാശപ്പെടുന്ന സിനിമകളിൽ പോലും യാഥാസ്ഥിതിക കുടുംബ ബന്ധങ്ങളെ സൃഷ്ടിക്കാനുള്ള ശ്രമങ്ങളാണുണ്ടാകുന്നത്. രണ്ടാനച്ഛന്മാർ പീഡകരാകും എന്ന് പറഞ്ഞു വയ്ക്കുന്ന മഞ്ഞുപോലുള്ള പെൺകുട്ടി, മറ്റൊരു പുരുഷനെ തിരഞ്ഞെടുത്ത ഭാര്യയെക്കുറിച്ച്, 'അമ്മ മരിച്ചു പോയി' എന്ന് മകളോട് കളവു പറയുന്ന അച്ഛനുള്ള 'മിന്നാമിന്നിക്കൂട്ടം' ഒക്കെയാണ് മലയാള സിനിമയിൽ കണ്ടുവരുന്ന പതിവ് മാതൃകകൾ. കുടുംബ ബാഹ്യമായ വ്യക്തിയുടെ, വിശേഷിച്ച് സ്ത്രീയുടെ തിരഞ്ഞെടുപ്പ്, മരണം പോലെ അസ്തിത്വത്തെത്തന്നെ റദ്ദുചെയ്യുന്ന ഒന്നാണ് എന്ന് പറയാതെ പറയുന്ന സിനിമകൾ നമ്മുടെ വിചാരങ്ങളിൽ സ്ഥാനപ്പെട്ടു.

ഇത്തരം ചിത്രങ്ങൾ നമ്മുടെ കുടുംബങ്ങളുടെ സ്വഭാവികതയോട് എത്രമാത്രം സത്യസന്ധത പുലർത്തുന്നുണ്ട്? ഇത്രയേറെ സുന്ദരസുരഭിലമായ എന്തെന്ത്

നന്മകളാണ് നമ്മുടെ കുടുംബങ്ങൾ പങ്കുവയ്ക്കുന്നത്. മലയാള സിനിമയിൽ പല പ്രകാരങ്ങളിൽ വൈവിധ്യമുള്ള കുടുംബങ്ങളെ ഈ ഇരുപത്തി ഒന്നാം നൂറ്റാണ്ടിലും അവതരിപ്പിക്കാൻ നമുക്ക് സാധിക്കാതെ പോകുന്നത് എന്തുകൊണ്ടായിരിക്കും തുടങ്ങിയ കാര്യങ്ങളെയാണ് പ്രശ്നവൽക്കരിക്കേണ്ടത്. ഈ പശ്ചാത്തലത്തിലാണ് ടേക്ക് ഓഫ്, C/O സൈറ ബാനു, റാണി പദ്മിനി, രാമന്റെ ഏദൻ തോട്ടം, ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ, കുമ്പളങ്ങി നൈറ്റ്സ്, ഉദാഹരണം സുജാത, വരനെ ആവശ്യമുണ്ട്, പാപം ചെയ്യാത്തവർ കല്ലെറിയട്ടെ പോലുള്ള സിനിമകൾ വ്യത്യസ്തമായ കുടുംബങ്ങളെ അവതരിപ്പിക്കാനുള്ള ശക്തമായ ശ്രമങ്ങൾ കാണിക്കുന്നത്.

ടൈക്ക് ഓഫിൽ സമീറ എന്ന മുസ്ലിം പെൺകുട്ടി കുടുംബത്തിലും ഭർതൃവീട്ടിലും നേരിടുന്ന പ്രശ്നങ്ങൾ, യാഥാസ്ഥിതിക സാഹചര്യങ്ങളെ മറികടക്കാനൊരുങ്ങുമ്പോഴുള്ള പ്രതിബന്ധങ്ങൾ ജീവിതാനുഭവങ്ങളിലൂടെ അവൾ നേടിയെടുക്കുന്ന ആർജ്ജവം എന്നിവയിലൂടെയാണ് സിനിമ സഞ്ചരിക്കുന്നത്. സ്ത്രീ / കുടുംബിനി ദ്വന്ദ്വത്തിന്റെ ഇടർച്ചകളിലും തുടർച്ചകളിലുമാണ് സിനിമയുടെ നിലനിൽപ്പ്. കുടുംബത്തെ പവിത്രമായ നിലനിർത്തുക എന്ന മുഖ്യധാരാ സിനിമാനിയമങ്ങളെ ഒരു പരിധിവരെ വെല്ലുവിളിക്കാൻ രാമന്റെ ഏദൻ തോട്ടം എന്ന സിനിമയ്ക്കും സാധിക്കുന്നുണ്ട്. ആണുങ്ങൾ മാത്രമുള്ള കുടുംബത്തിലേക്ക് ചില പെണ്ണുങ്ങൾ കടന്നുവരുന്നതും ആൺതുണയില്ലാത്ത കുടുംബത്തിലേക്ക് പുതുതായി എത്തിയ ആണൊരുത്തനും ചേർന്ന് കുമ്പളങ്ങിയുടെ രാവിനെയും പകലിനെയും സംഘർഷപൂരിതമാക്കുന്നതാണ് കുമ്പളങ്ങി നൈറ്റ്സിന്റെ കഥ. കുടുംബബോധ്യങ്ങളെ പുനർവിചിന്തനത്തിന് വിധേയമാക്കാൻ കുമ്പളങ്ങിയുടെ ഇതിവൃത്തത്തിനും അല്പമെങ്കിലും സാധിക്കുന്നു. ലൈംഗികതയെയും കുടുംബവ്യവസ്ഥയെയും നിശിതമായി വിമർശസ്ഥാനത്തു നിർത്തുന്നതാണ് പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്ന ചിത്രത്തിന്റെ ആഖ്യാനഭൂമിക. സ്ത്രീയുടെ തെരഞ്ഞെടുപ്പുകളെ പ്രശ്നവൽക്കരിക്കുന്ന കുടുംബനോട്ടങ്ങളെ ചോദ്യം ചെയ്തു കൊണ്ടാണ് വരനെ ആവശ്യമുണ്ട് എന്ന സിനിമയുടെയും നിലനിൽപ്പ്. നിശ്ചയിക്കപ്പെടുന്ന കുടുംബത്തിന്റെ ഘടനയെയും കുടുംബിനി ബിംബത്തിന്റെ രൂപ സംവിധാനത്തെയും പൊളിച്ചു കൊണ്ടാണ് C/O സൈറ ബാനു വ്യവസ്ഥിതിയോട് പ്രതികരിക്കുന്നത്. റാണി പദ്മിനിയിൽ, 'തെറ്റുകൾ ക്ഷമിക്കാം' എന്ന് ഔദാര്യത്തോടെ പറയുന്ന ഭർത്താവിനോട്, 'തെറ്റുകൾക്ഷമിക്കാം എന്ന് പറഞ്ഞത് മനസിലായില്ല' എന്ന ഉറച്ച ശബ്ദത്തിൽചോദിക്കുന്ന നായികയെ അവതരിപ്പിക്കാൻ മലയാള സിനിമയ്ക്ക് കഴിഞ്ഞു. ഏറ്റവും പുതുതായിറങ്ങിയ 'ബിരിയാണി'യും മതാത്മകമായ കുടുംബഘടനയെയും സാമൂഹിക ഘടനയെയും പെൺഭാവനയിലൂടെ ചോദ്യം ചെയ്യുന്നു.

ഇനി സ്ത്രീ പുരുഷ ദ്വന്ദ്വങ്ങൾക്കൊപ്പം നിൽക്കുന്ന ഭിന്നലൈംഗിക വിഭാഗങ്ങൾ കൂടിയുണ്ട്. അത്തരമൊരു വൈവിധ്യത്തെ കുടുംബഘടനയ്ക്കുള്ളിൽ നിർത്തി സമീപിക്കാൻ നിരന്തരം പരിവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന മലയാള സിനിമയ്ക്ക് കഴിയാതെ പോകുന്നു. ഞാൻ മേരിക്കുട്ടി, മൂത്തോൻ തുടങ്ങി വളരെ ചുരുക്കം സിനിമകളിൽ മാത്രമേ കുടുംബഘടനയിൽ മനുഷ്യന്റെ സ്വാഭാവിക ജൈവികതകളെ ആവിഷ്കരിക്കുന്നുമുള്ളൂ.

കേരളത്തിലെ കുടുംബഘടന ഭൗതീകതലത്തിൽ കാലാനുസൃതവും അനിവാര്യവും സ്വാഭാവികവുമായ മാറ്റങ്ങൾക്ക് വിധേയമാകുന്നുണ്ട്. മതപരമോ സാമ്പത്തികമോ ആയ പരിഗണനകളാണ് വ്യക്തിഗത പ്രണയങ്ങൾക്കും അപ്പുറത്ത് കുടുംബത്തെ രൂപപ്പെടുത്തിയത്. അതുകൊണ്ടുതന്നെ അലിഖിതമായ സദാചാരബോധങ്ങൾക്കുള്ളിൽ നിർത്തി കുടുംബഘടനയെ പരിപാലിക്കാൻ അയുക്തികമായ ബോധ്യങ്ങൾ തയ്യാറാകുന്നു. അത് ഒരുതരത്തിൽ സിനിമാഖ്യാനങ്ങളിൽ പലപ്പോഴായി അനിശ്ചിതത്വം സൃഷ്ടിക്കുന്നു. അതേ സമയം സിനിമാഖ്യാനങ്ങൾ സമൂഹത്തിന്റെ അബോധത്തിലേക്ക് പുരുഷാധീശപരമായ കുടുംബസംവിധാനമാതൃക രൂപപ്പെടുത്തുന്ന മാതൃകയായും പ്രവർത്തിക്കുന്നു. അവിടെയാണ് ' ദൃശ്യ' ങ്ങൾക്ക് തുടർച്ചകളുണ്ടാകുന്നത്.

നാഗരികതയുടെ ഭാഗമായി രൂപപ്പെട്ട ആൺകോയ്മയിലധിഷ്ഠിതമായ ഏക ദാമ്പത്യ വ്യവസ്ഥയുടെ പ്രതിഫലനങ്ങളാണ് മലയാളിയുടെ ജീവിതത്തിലും സിനിമയിലും പ്രതിഫലിക്കുന്നത് എന്ന് വ്യക്തം. കുടുംബ ജീവിതത്തിന് സ്ത്രീ – പുരുഷ – ഭിന്നലൈംഗിക പ്രണയവും, സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാവിയ്ക്കും ഭദ്രതയ്ക്കും സ്ത്രീപക്ഷ – ഭിന്നലൈംഗിക പക്ഷ മനോഭാവങ്ങളും മുന്നുപാധികൾ ആകേണ്ടതുണ്ട്. മനുഷ്യന്റെ സകല വൈവിധ്യങ്ങളെയും സ്വാഭാവിക ജൈവികതകളെയും ഉൾക്കൊണ്ടുകൊണ്ട് അധീശപ്രത്യയശാസ്ത്രങ്ങൾക്കു ബദലായി സുതാര്യമായ ആഖ്യാനങ്ങൾ ഇനിയും മലയാളസിനിമയിൽ സംഭവിക്കേണ്ടിയിരിക്കുന്നു. കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബമെങ്കിൽ സകല വൈവിധ്യങ്ങളെയും ഏകാത്മകമായി സമഭാവനയിൽ ഉൾക്കൊള്ളാനുള്ള ഘടന അതിന് അനിവാര്യമാണ്. അത്തരമൊരു ഘടനയിലേക്ക് വ്യവസ്ഥയെ സമവായങ്ങളില്ലാതെ നയിക്കാൻ സാധിക്കുന്ന തിരുത്തൽശക്തിയാകാൻ പോന്ന വ്യവഹാരസ്ഥാനമാണ് സിനിമ. അതുകൊണ്ടുതന്നെ വാർപ്പു മാതൃകകളുടെ ഏകാത്മക രൂപത്തിനപ്പുറത്ത് ജീവിതത്തിന്റെ ബഹുസ്വരപാഠങ്ങളെ വിനിമയം ചെയ്യുന്ന സംവേദനസ്ഥാനമായി ചലച്ചിത്രപാഠങ്ങൾ കൂടുതൽ ആർജ്ജവത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്.

# സ്വയംകൃതം



**പ്രവീണ കെ.**
മലയാളം ഗവേഷക വിദ്യാർത്ഥി
ശ്രീശങ്കരാചാര്യ സംസ്കൃത
സർവ്വകലാശാല,കാലടി

അടുക്കളയിൽ നിന്ന്
അകത്തളത്തിലേക്ക്
ഒരു രാപ്പകൽ നേരത്തിൽ
ദീർഘദൂര യാത്രയുണ്ട്.
രാവിലെ പൂങ്കോഴിയൊന്നും
കൂവാനില്ല.
നാലങ്ങാടി പള്ളിയിൽ
മൊയ്ദു മുസലിയാർ
സുബഹി ബാങ്ക് വിളിക്കും .
ചില ദിവസങ്ങളിൽ
അതിന് ഏറ്റക്കുറച്ചിലുകളുണ്ട്.

ക്ലാസിക് അലാറം താഴ്ന്ന് മിണ്ടി
ഒച്ച കനക്കുമ്പൊ
ഏറ്റക്കുറച്ചിലില്ലാതെ കണ്ണ് മിഴിയും.

കാലും കയ്യും തള്ളിമാറ്റി
അടിയിലുള്ളതും മേലുള്ളതും
ഉടുത്തൊരുങ്ങി
പുറപ്പെടുമ്പൊ
താള മാറ്റങ്ങളില്ലാത്ത
ഉറക്കത്തിന്റെ കലമ്പൽ
മാത്രം
മുഴച്ച് നിൽക്കും.
അപ്പൊ
അടുക്കളയുടെ പിന്നാമ്പുറത്തേക്കാൾ
അഴുകിയ
ഉറക്കുമുറിയിലൂർന്നു -
വീണ കൈലിയിൽ
ഇരുട്ടത്തമർത്തിച്ചവിട്ടി
അമർഷം തീർക്കും

നാക്ക് നീട്ടിവടിച്ച്
എച്ചില് കളഞ്ഞ്
ബേസിനിൽ നീട്ടിത്തുപ്പും
ക്ലോസപ് എത്ര പതപ്പിച്ച്
തുപ്പികളഞ്ഞാലും
പിന്നെയും നാക്കിൽ
പറ്റിപ്പിടിച്ച
രാത്രി വിയർപ്പു പുളിച്ചു തേട്ടും.

അടുക്കളയൊരുങ്ങി
അകത്തളമൊഴിഞ്ഞാൽ
നഖം കടിച്ച് തള്ളവിരലൂമ്പി
മലർന്നു കിടക്കും.
അപ്പോൾ , ഉത്തരം പൊങ്ങി
ഒരു നക്ഷത്ര പാച്ചിൽ
കാണാനുണ്ട്.
അച്ചുതണ്ടങ്ങനെ
കറങ്ങി തെളിയുമ്പൊ
ഭൂമി സൂര്യനെ
ചുറ്റി പകലിരുണ്ട്
കറുത്തിരിക്കും.

മുസലിയാർ അസറ് വിളിക്കുമ്പൊ
ഉറക്കുമുറിയിൽ
ചക്ക മുല്ല പൂത്ത് മണം പരന്നിരിക്കും .
ഷവറിലൂടെ
ഉച്ചവെയിലേറ്റ്
പതഞ്ഞ വെള്ളം നെറുകിൽ വീഴുമ്പൊ
ആലിപ്പഴം വീഴുന്ന കുളിർമ തോന്നും.

അകം വെളുത്ത്
പുറം നിറഞ്ഞ് ഇരുട്ട് പരന്നിട്ടുണ്ടാകും
അകത്തളങ്ങൾ മുക്കിയും മുരണ്ടും
വീണ്ടും ഒച്ച കൂട്ടും .

ടേബിളിൽ അവസാനത്തെ
ഓരി
ഒറ്റക്കിരുന്നുണ്ട്
എച്ചിലെടുത്ത്
ഉറങ്ങാൻ കിടത്താൻ ഒരു
മുസലിയാരും  ബാങ്കുവിളിക്കില്ല.

ഒറ്റക്ക് കയറി ചെന്നാൽ
പത്ത് മിനുട്ട് ഇരട്ടയായി പടയോട്ടം.
പടക്കുതിര ചുണ്ടു കോട്ടി പുറം
തിരിഞ്ഞ് പോവുമ്പൊ

കനല് പെരുക്കുന്നുണ്ടാകും

ഒന്നമർത്തി ഊതിയാൽ
കത്തിപ്പടരാൻ .....

പക്ഷേ ,
എച്ചിലുകോരി എല്ലുന്തി
മച്ചിയായി.
അടുക്കളയിൽ നിന്ന്
അകത്തളത്തിലേക്ക്
മാറ്റമില്ലാത്ത ദൂരം തന്നെ .

ഉച്ചവെയിലേറ്റ്
ഉറഞ്ഞു തുള്ളാൻ പക്ഷേ
ഒരു  നടുവിരലറ്റം
കിളിർത്തതുണ്ട്..

അതു മതി.



**ശ്രീലക്ഷ്മി അറക്കൽ**
ഫെമിനിസ്റ്റും, ആക്ടിവിസ്റ്റുമാണ്

# സാമൂഹിക മാധ്യമങ്ങളും കുടുംബങ്ങളും



കൂടുമ്പോൾ ഇമ്പമുണ്ടാകുന്ന ഏതൊരു entity യേയും കുടുംബമെന്ന് വിശേഷിപ്പിക്കാം എന്ന് ആരൊക്കെയോ വാമൊഴിയായി പറഞ്ഞ് കേട്ടിട്ടുണ്ട്. അങ്ങനെ നോക്കിയാൽ നമ്മൾ പാലിച്ചുപോരുന്ന ഇന്ത്യൻ സംസ്കാരത്തിൽ നിന്നും വ്യത്യസ്തമായ അർത്ഥമാകും കുടുംബത്തിന് കൈവരുന്നത്..കാരണം ഇവിടെ കുടുംബമെന്നു പറഞ്ഞാൽ ഒരേ കൂരയ്ക്ക് താഴെ താമസിക്കുന്ന രക്തബന്ധമുള്ളവരുടെ ഒരു കൂട്ടമാണ്.

പരമ്പരാഗതമായി കൈമാറി വരുന്ന ഭാഷാ- സാംസ്കാരിക- സാമ്പത്തിക മൂലധനങ്ങളുടെ കൈമാറ്റം ഒരു കുടുംബത്തിനുള്ളിൽ കാണാൻ സാധിക്കും. കേരളത്തിലെ ചില സമുദായങ്ങളിലെ കുടുംബങ്ങളൊഴിച്ചാൽ ഭൂരിപക്ഷം സമുദായങ്ങളും പാട്രിയാർക്കൽ ആയിട്ടുള്ള കുടുംബ വ്യവസ്ഥിതിയാണ് കാണാൻ സാധിക്കുക. ചില സമുദായങ്ങളിൽ കൈമാറ്റങ്ങൾ മാട്രിയാർക്കൽ ആയി തുടർന്ന് പോന്നിരുന്നെങ്കിൽ തന്നെയും പണിയെടുക്കുന്നവരും അടിച്ചമർത്തപ്പെടുന്നവരും ഒരു കുടുംബത്തിലെ സ്ത്രീകളും ലൈംഗീകന്യൂനപക്ഷത്തിൽപെടുന്ന ആളുകളുമായിരിക്കുന്ന സ്ഥിതിവിശേഷം ഇന്നും തുടർന്നുകൊണ്ടേയിരിക്കുന്നു.

**കുടുംബവും ടെക്നോളജിയും**

സെമി കണ്ടക്ടറുകളുടെ വരവോടെ ടെക്നോളജിക്കൽ ഫീൽഡിൽ വലിയ മാറ്റങ്ങൾ ഉണ്ടാവുകയുണ്ടായി.ലോകം വിരൽതുമ്പിലേക്ക് ചുരുങ്ങിയപ്പോൾ ആശയങ്ങൾ വിരൽ തുമ്പിൽ നിന്ന് പുറത്തേക്ക് വളരേ വേഗത്തിൽ പടരുകയും ജനം അതേറ്റെടുക്കുക

യും ചെയ്തു.

ടെക്നോളജിയുടെ വളർച്ച തീർച്ചയായും കുടുംബങ്ങളിലും ധാരാളം മാറ്റങ്ങൾ സൃഷ്ടിച്ചു. ഇതിൽ സോഷ്യൽ മീഡിയ കുടുംബങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 2010ലാണ് സൗഹൃദങ്ങളെ ഇളക്കി മറിച്ച ഓർക്കൂട്ട് എന്ന സാമൂഹിക മാധ്യമം യുവാക്കളുടെ ഇടയിൽ തരംഗമായത്.പിന്നീട് വന്ന ഫേസ്ബുക്ക് ഓർക്കൂട്ടിന്റെ വില്ലനായിരുന്നുവെന്നു വേണം കരുതാൻ. മ്യൂസിക്കലി, ടിക്ടോക്ക് പോലെയുള്ള വിനോദപ്രദമായ മീഡിയകളും ഇൻസ്റ്റഗ്രാം പോലെയുള്ള മറ്റു മീഡിയകളും എല്ലാവരും സ്ക്രോൾ ചെയ്തു. വാട്സാപ്പ് എന്ന മെസേജിങ്ങ് അപ്ലിക്കേഷനുകളിലൂടെ ആശയവിനിമയം വളരെ എളുപ്പമായി.ഇൻസ്റ്റഗ്രാം, ടിക്ടോക് മുതലായ സോഷ്യൽ മീഡിയ കഴിവിലും ട്രെൻഡിലും ഫോക്കസ് ചെയ്തപ്പോൾ ഫേസ്ബുക്കിലെ അക്കൗണ്ടുകൾ ഫോക്കസ് ചെയ്തത് ആശയങ്ങളുടെ കൈമാറ്റത്തിനായാണ്. ടെക്സ്റ്റ് എഴുതാൻ പരിധി നിർണ്ണയിച്ചിട്ടില്ല എന്ന ഫീച്ചറാണ് ഫേസ്ബുക്കിലെ വിപ്ലവകരമായ പല ആശയകൈമാറ്റത്തിനും പുറകിൽ പ്രവർത്തിച്ചത്.

പത്തുവർഷം മുന്നേവരെ മാഗസിനുകളിലും ബുക്കുകളിലും മറ്റും അച്ചടിച്ചാണ് ആശയങ്ങൾ തലയിൽ നിന്ന് തലകളിലേക്ക് സഞ്ചരിച്ചത്. എന്നാൽ ഫേസ്ബുക്ക് എന്ന പ്ലാറ്റ്ഫോം വന്നതോടെ ഏതൊരാൾക്കും തന്റെ അഭിപ്രായം പങ്കുവെയ്ക്കാൻ സാധിച്ചു. മാഗസിനുകളിൽ വിവിധ പ്രിവിലേജ് ഇല്ലായ്മകളാൽ ഇടം കിട്ടാതെ വന്ന സാധാരണ പാർശ്വവൽക്കരിക്കപ്പെട്ട മനുഷ്യർക്ക് അവരുടെ അടിച്ചമർത്തലുകളും വേദനകളും ആവശ്യങ്ങളും അവകാശങ്ങളും ഒക്കെ എഴുതുവാൻ കഴിഞ്ഞു. ഓരോ പോസ്റ്റും ഷെയർ ചെയ്ത് പോയപ്പോൾ ആശയങ്ങൾ ലക്ഷക്കണക്കിന് മനുഷ്യരിലേക്ക് എത്തി. ഇങ്ങനെ ആശയങ്ങൾ ഷെയർ ചെയ്തു പോയപ്പോൾ പലരുടേയും ചിന്താമണ്ഡലത്തിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാവുകയും കുടുംബപരമായി കൈമാറി വന്ന പല വേലിക്കെട്ടുകളേയും പൊട്ടിച്ച് മുന്നോട്ടുവരാൻ മനുഷ്യരെ പ്രേരിപ്പിക്കാനും ഈ ആശയകൈമാറ്റത്തിന് കഴിഞ്ഞു.

ടിക്ടോക് , ഇൻസ്റ്റഗ്രാം പോലുള്ള സാമൂഹിക മാധ്യമങ്ങൾ കുടുംബങ്ങളിൽ അടഞ്ഞു കിടന്നിരുന്ന സ്ത്രീകളുടെ കഴിവുകളെ പരിപോഷിപ്പിച്ചെടുത്ത ഒരു മാധ്യമമായാണ് ഞാൻ കാണുന്നത്. നന്നായി നൃത്തം ചെയ്യാൻ കഴിവുള്ള എന്റെ ഒരു കൂട്ടുകാരിയെ അവളുടെ അച്ഛൻ നൃത്തം ചെയ്യാൻ സമ്മതിക്കാത്തത് ഞാൻ ഓർക്കുന്നു. അന്ന് അദ്ദേഹം പറഞ്ഞത് ' ആണുങ്ങളുടെ മുന്നിൽ കൈയ്യും കണ്ണും കാണിച്ച് അഴിഞ്ഞാടാൻ പോകേണ്ട' എന്നാണ്. പക്ഷേ ടിക്ടോക്, റീൽസ് എന്നിവ വന്നതോടെ ഡാൻസ് ചെയ്യുന്ന പെൺകുട്ടികൾ എന്നത് സാധാരണ കാഴ്ച ആവുകയും കുടുംബത്തിലെ മറ്റുള്ളവർ അതിന് പ്രോത്സാഹനം കൊടുക്കാനും, എന്തിന് കുടുംബക്കാരെല്ലാം ചേർന്ന് ഒരുമിച്ച് ഡാൻസ് കളിക്കാൻ വരെ തുടങ്ങി. ജീൻസ്, ഷോർട്ട് ഒക്കെ ഇടുന്ന പെൺകുട്ടികളെ മോശക്കാരികൾ എന്ന് പറഞ്ഞുനടന്ന നാട്ടുകരടക്കം ഈ വേഷം ധരിച്ച പെൺകുട്ടികളുടെ ഡാൻസിന് കൈയ്യടിക്കുകയും പെൺകുട്ടികൾ അവർക്കിഷ്ടമുള്ള വസ്ത്രം ധരിച്ച് നടക്കാനും ചെറിയ തോതിലെങ്കിലും തുടങ്ങി.

സോഷ്യൽ മീഡിയയിൽ ഉയർന്നു വന്ന പല ഹാഷ് ടാഗ് ക്യാംപെയിനുകളും പലരുടേയും ഉറക്കം കെടുത്തുന്നതിനും പല വിപ്ലവങ്ങൾക്കും വഴിവെച്ചു. ഒരു കുടുംബത്തെ നാട്ടുകാരുടെ മുന്നിൽ സന്തോഷവും സമാധാനമുള്ളതുമായി മാറ്റാൻ കുടുംബത്തിനുള്ളിലെ പലരും പല ടോക്സിസിറ്റിയും സഹിക്കുകയും ഇറങ്ങിപ്പോരാനാവാതെ തടവറയിൽ കഴിയുകയും ചെയ്തിരുന്നു. ഇത്തരം കുടുംബങ്ങളിൽ നിന്ന് പല ഇറങ്ങിപോരലുകൾക്ക് സമൂഹിക മാധ്യമങ്ങളും അതിലൂടെയുള്ള ആശയപ്രചരണങ്ങളും ഒരു ഇന്ധനമായി പ്രവർത്തിച്ചു.

ഇത്തരം ഇറങ്ങിപ്പോരലുകൾ വഴി അരികുവൽക്കരിക്കപ്പെട്ട മനുഷ്യർ അവരുടെ കഴിവുകൾ മനസ്സിലാക്കി ,കൂടുമ്പോൾ ഇമ്പമുണ്ടാകുന്ന വേറൊരു കൂട്ടത്തെ കണ്ടെത്തി അതിൽ ചവിട്ടി നിന്ന് സ്വപ്നങ്ങൾ സഫലമാക്കുന്നതും മുന്നേറുന്നതും നമ്മൾ കാണുന്നു. ട്രാൻസ്ജെൻഡറുകളുടെ ഇടയിലുള്ള പരിവാർ ബന്ധം ഒക്കെ ഇത്തരത്തിൽ പരമ്പരാഗത കുടുംബങ്ങളിൽ നിന്ന് സഹികെട്ട് ഇറങ്ങിപ്പോന്ന മനുഷ്യരുടെ കൂടലിടം ആണ്. അതിനാൽ തന്നെ കൂടുന്ന ഇടങ്ങൾ മാനവിക മൂല്യങ്ങളുള്ളതാക്കാനായി സാമൂഹിക മാധ്യമം വലിയ തോതിലുള്ള പങ്ക് വഹിച്ചിട്ടുണ്ട്.

കുടുംബം എന്ന വ്യവസ്ഥിതിയോട് കലഹിച്ച് ഇറങ്ങിപ്പോരേണ്ടി വന്ന പെണ്ണുങ്ങൾ, ഇനിയും ഇറങ്ങിപ്പോരാത്ത ഒരുപാട് അടിമജീവിതങ്ങൾക്ക് പ്രചോദനമാണ്.പക്ഷേ ഇങ്ങനെ ഇറങ്ങിപ്പോന്ന സ്ത്രീകൾക്ക് ലൈക്കും ഷെയറും ചെയ്യാൻ ആയിരങ്ങൾ ഉണ്ടെങ്കിലും അത്രയധികം ദുരിതപൂർണ്ണമായ അവസ്ഥയിലൂടെ കടന്നുപോയി അവർ ഓരോരുത്തരും ആദ്യം മുതലേ ജീവിതം കെട്ടിപൊക്കുന്ന കാഴ്ചകളും ധാരാളം കണ്ടിട്ടുണ്ട്.അതിനാൽ തന്നെ എന്റെ ആഗ്രഹം കുടുംബങ്ങളിൽ നിന്ന് എല്ലാവരും ഇറങ്ങിപ്പോരണം എന്നതല്ല, ഒരു കുടുംബത്തിനുതകുന്ന വിധം തന്റെ സത്തയേ മറന്ന് അഡ്ജസ്റ്റ് ചെയ്യണം എന്നതുമല്ല മറിച്ച് കുടുംബത്തിലേ ഓരോരോ ആളുകൾക്കും ബോധവൽക്കരണം ഉണ്ടാക്കി അവരുടെ ചിന്താമണ്ഡലത്തിൽ മാറ്റം കൊണ്ടുവരിക എന്നുള്ളതാണ്. വളരെ ചെറിയ കാലയളവുകൊണ്ട് ഇത് നടന്നില്ലെങ്കിലും കുറേ വർഷങ്ങളിലുള്ള ആശയപരമായ വിനിമയത്തിലൂടെ ഇത് സാധ്യമാകും എന്ന് ഞാൻ പ്രത്യാശിക്കുന്നു. ഗവൺമെന്റ് തലത്തിൽ ഇത്തരം ആശയങ്ങൾക്ക് കിട്ടുന്ന സപ്പോർട്ട് വളരെ വലുതാണ്. കേരള വനിതാ ശിശുക്ഷേമ വകുപ്പ് ഇതിനോടകം തന്നെ



അത്തരത്തിൽ ആശയകൈമാറ്റം നടത്താനായി തുടങ്ങിയിരിക്കുന്നു എന്നത് വളരെ വലിയൊരു കാര്യമാണ്.

കുടുംബങ്ങളിൽ നിന്ന് കിട്ടുന്ന പിൻതുണയാണ് ഒരു വ്യക്തിയേ  മുന്നേറാനായി പ്രേരിപ്പിക്കുന്ന പ്രധാന ഘടകം. തന്റെ ഉറ്റവർ തങ്ങളെ മനസ്സിലാക്കുന്നില്ല എന്ന തിരിച്ചറിവ് ഏതൊരു മനുഷ്യനേയും തളർത്തി കളയുന്നു.ഇതിനാൽ തന്നെ കുടുംബത്തിലെ എല്ലാവരുടേയും പിൻതുണയോടുകൂടി തന്റേതായ രീതിയിൽ , സ്വാതന്ത്ര്യത്തോടെ ,സന്തോഷത്തോടെ ജീവിക്കാൻ സാധിക്കണം. പുറം രാജ്യങ്ങളിലൊക്കെ കാണുന്ന രീതിയിൽ ഒരു പരന്ന കാഴ്ചപ്പാടുള്ള കുടുംബങ്ങളുണ്ടാവാൻ ബോധപൂർവ്വമുള്ള ശ്രമങ്ങൾ ഉണ്ടാകണം.

സാമൂഹിക മാധ്യമങ്ങളുടെ വരവോടെ ലൈംഗീകദാരിദ്ര്യം കുറേയധികം ഇല്ലാതായി എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ.ഫേസ്ബുക്കിലെ ഡേറ്റിങ്ങ് ഗ്രൂപ്പുകളിൽ നിന്നും ഡേറ്റിങ്ങ് ആപ്പുകളിൽ നിന്നും ആൾക്കാർ പങ്കാളികളെ കണ്ടെത്തുകയും അവരുമായി ലൈംഗീകബന്ധത്തിൽ ഏർപ്പെടുകയും ഒക്കെ ചെയ്യുന്ന പ്രവണത നല്ലൊരു പുരോഗമന സമൂഹത്തിന്റെ പ്രതിബിംബമായി ഞാൻ കാണുന്നു. മറ്റു സാമൂഹിക മാധ്യമങ്ങൾ വഴിയും ആൾക്കാർ പരിചയപ്പെടാനും ജീവിത പങ്കാളികളെ തിരഞ്ഞെടുക്കാനും തുടങ്ങി. വിവേഹേതര ബന്ധങ്ങൾ കുറ്റകരമല്ല എന്ന ഹൈക്കോടതി വിധി  വന്നതോടെ സമൂഹ്യമാധ്യമങ്ങൾ വഴി ആളുകൾ അതിരുകളില്ലാതെ പ്രണയിക്കാൻ തുടങ്ങി. ഇത് കുടുംബങ്ങളെ ശിഥിലമാക്കും എന്നാണ് പൊതു അഭിപ്രായമെങ്കിലും ഞാനതിന് എതിരഭിപ്രായമുള്ള ആളാണ്. പല ആളുകൾക്കും ഒരു പങ്കാളിയിൽ മാത്രം ഒതുങ്ങി നിൽക്കാനാകില്ല എന്ന് എല്ലാ പങ്കാളികളും തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന കാലഘട്ടങ്ങളിലേക്ക് അത്ര ദൂരമില്ലെന്നും കുടുംബമെന്നത് സ്വാതന്ത്ര്യമാണെന്നും മാറ്റി വായിക്കപ്പെടുന്ന ഒരു നാൾ വരുമെന്ന് പ്രത്യാശിക്കാം. അതിന് ഈ സാമൂഹ്യമാധ്യമങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല എന്ന് സമ്മതിക്കേണ്ടതായുണ്ട്.

ഒരു കുടുബത്തിലേ ഓരോ വ്യക്തിക്കും സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ ലൈംഗീകതയേപറ്റി സമൂഹം നിർമ്മിച്ചുവെച്ചിരിക്കുന്ന കപടസദാചാരങ്ങൾ മൊത്തം പൊളിച്ചെഴുതേണ്ടതായുണ്ട്. ഒരാൾക്ക് അവർക്കിഷ്ടമുള്ള ലൈംഗീക അഭിരുചി നടപ്പിലാക്കാൻ തക്ക സ്വാതന്ത്ര്യമുള്ള കുടുംബങ്ങൾ ഉണ്ടായി വരണം. ഒരു വ്യക്തിക്ക് അവരുടെ പങ്കാളികളുമായി സമയം ചിലവഴിക്കാൻ സ്വന്തം വീടുകളിൽ സ്വാതന്ത്ര്യം ഉണ്ടാവണം. അച്ഛനും അമ്മക്കും ഒക്കെ അവർക്കിഷ്ടമുള്ള പങ്കാളിയുടെ കൂടെ സമയം ചിലവഴിക്കാൻ കുടുംബത്തിൽ തന്നെ സ്പേസുകൾ ഉണ്ടായിരിക്കേണം. ഇതൊക്കെയാണ് വളരെ ന്യൂട്രലായ ഒരു കുടുംബത്തേപ്പറ്റിയുള്ള എന്റെ ഭാവി കാഴ്ചപ്പാടുകൾ.

ചർച്ചാവിഷയം



# നിർമിതികളുടെ സാഹിത്യം : കഥാവായനയുടെ പാഠ്യതലങ്ങൾ



**ഐശ്വര്യ വി. ഗോപാൽ**
ഗവേഷക
തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

‘ഇപ്പോൾ ഇതൊരു വീടല്ല. നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽപ്പോലും ഇതൊരു വീടാവുന്നില്ല’ (ഓരോ വിളിയും കാത്ത് : യു.കെ കുമാരൻ). വീട് വീടല്ലാതാകുന്ന സാഹചര്യത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. മനുഷ്യന്റെ അടിസ്ഥാന ആവശ്യമായ പാർപ്പിടത്തിന്റെ സാമൂഹിക ചരിത്രാവസ്ഥകളിലൂടെയുള്ള പരിണാമത്തെ അത് അടയാളപ്പെടുത്തുന്നു. സുരക്ഷിതമായ ഒരു ഇടം/ കെട്ടിടം എന്നതിലുപരി ഓരോ വ്യക്തിയുടെയും സ്വകാര്യതയിലേക്കുള്ള വികാസമാണത്. ഇംഗ്ലീഷിൽ House എന്ന വാക്കിന് Home എന്നതിൽ നിന്നുള്ള പ്രകടമായ വ്യത്യാസം തന്നെ അതിലൊന്ന് കുടുംബവുമായി, ബന്ധങ്ങളുമായി അഭേദ്യമായ ചേർച്ചയിലാണെന്നതാണ്. സമൂഹത്തെ സ്വാധീനിക്കുന്നതിൽ ഒരു വ്യക്തിക്കുള്ള പ്രാധാന്യം അവന്റെ/അവളുടെ വീട്ടിൽ നിന്ന് തന്നെ നിർണയിക്കപ്പെടുന്ന ഒന്നായി മാറുന്നു. ഇന്ന് സ്വന്തമായൊരു വീട് എന്ന സങ്കല്പത്തിലേക്ക്/ലക്ഷ്യത്തിലേക്ക് ഉയരാനുള്ള മനുഷ്യന്റെ വ്യഗ്രത പ്രകടമാകുന്ന അവസ്ഥ നിലനിൽക്കുന്നുവെന്നതും യാഥാർഥ്യമാണ്. മലയാളസാഹിത്യത്തിലെ കുടുംബബന്ധങ്ങളെ സംബന്ധിച്ച നിരവധി വിശകലനങ്ങൾ ഉണ്ടായിരിക്കെത്തന്നെ വീട് എന്ന രൂപപരമായ നിർമിതിയെ ഭാവാത്മകമായ കെട്ടിയുറപ്പിക്കലുകളിലേക്ക് വളർത്തിയെടുക്കുന്നതിൽ മലയാളത്തിലെ പാഠ്യപദ്ധതിക്കുള്ള സ്വാധീനം പഠനവിധേയമാകേണ്ട സാഹചര്യം ഇന്ന് നിലനിൽക്കുന്നുണ്ട്.

കേരളത്തിലെ ഹൈസ്ക്കൂൾ മലയാളപാഠ്യപദ്ധതിയിൽ സ്ഥാനം പിടിച്ചിട്ടുള്ള, വ്യത്യസ്ത കാലഘട്ടങ്ങളെ



ന്ന അമ്മ, അമ്മയെ നഗരത്തിലെ തന്റെ വീട്ടിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്ന, എന്നാൽ അതിന് സാധ്യമാകാതെ പോകുന്ന നിസ്സഹായനായ മകൻ എന്നിവരുൾപ്പെടുന്ന ആഖ്യാനമാണ് 'ഓരോ വിളിയും കാത്ത്'. 'ഹരിതമോഹന'ത്തിലാകട്ടെ ഫ്ലാറ്റിൽ നിയന്ത്രണങ്ങൾക്ക് വിധേയപ്പെട്ട് താമസിക്കേണ്ടിവരുന്ന പ്രകൃതിസ്നേഹിയായ അരവിന്ദാക്ഷനും കുടുംബവും പുത്തൻ ജീവിതത്തിലേക്ക് ചുവടുവയ്ക്കാനൊരുങ്ങുകയും ചെയ്യുന്നു.

'പട്ടണത്തിന്റെ ഒഴിഞ്ഞ ഭാഗത്തുള്ള ഇടുങ്ങിയ വഴിയുടെ വക്കിൽ ഒരു ചെറിയ വീടാ'ണ് വിശ്വരൂപത്തിലെ താഴത്ത് കുഞ്ഞിക്കുട്ടിയമ്മയുടെ ഇടം. എഴുപത്തഞ്ചുകഴിഞ്ഞ മിസ്സിസ് തലത്തിനെ അന്വേഷിച്ച് സുധീർ എന്ന ചെറുപ്പക്കാരൻ എത്തുന്ന, 'ഗേറ്റിൽ വെള്ളക്കോളാമ്പി ച്ചെടി പടർന്ന് പൂത്തു കിടക്കുന്ന' ,' മുഖപ്പിൽ ഓം എന്ന് കൊത്തി'യിട്ടുള്ള വീട്. ഡോക്ടർ തലത്തിനോടൊപ്പം ലണ്ടനിലും ന്യൂയോർക്കിലും ജീവിച്ചിരുന്ന മാഡം തലത്ത് ഭർത്താവിന്റെ മരണശേഷം 'എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷെ എന്നെ കൊണ്ടുപോയില്ല' എന്ന ചിന്താ ഭാരമാണ് സുധീറിന് മുന്നിൽ ഇറക്കിവച്ചത്. ഒരേ സമയത്ത് കുടുംബബന്ധങ്ങളിലെ സ്ഥാനഭേദങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന പ്രസ്താവന.അതേസമയം തന്നെ അവർ ഒരു 'ഗൃഹനായികയുടെ ഗൗരവബോധത്തോടെ എണീറ്റ് അക'ത്തേക്ക് പോവുകയും ഒരോട്ടു ഗ്ലാസിൽ ചൂടുള്ള കാപ്പിയും നെയ്യപ്പവും മറ്റുമായി 'പണ്ട് തന്റെ അമ്മ നടന്നുവരാറുള്ളതുപോലെ' എന്ന് സുധീറിൽ തോന്നലുണ്ടാക്കുമാറ് തിരിച്ച് വരികയും ചെയ്യുന്നു. നാലുകുട്ടികളുടെ അമ്മയായിട്ടും ആ കുട്ടികളെ ചെറുപ്പത്തിൽ ഹോസ്റ്റലുകളിലും ബോർഡിംഗിലുമയയ്ക്കുകയും ശ്രദ്ധിക്കാതിരിക്കുകയും ചെയ്തതിന്റെ ഫലമെന്നോണം ആരും തിരിഞ്ഞുനോക്കാനില്ലാത്ത അവസ്ഥയിൽ സ്വയം കരുത്താർജിക്കുന്ന സ്ത്രീയായാണ് കഥാകാരി താഴത്ത് കുഞ്ഞുക്കുട്ടിയമ്മയെ അവതരിപ്പിക്കാൻ ശ്രമിക്കുന്ന

പ്രതിനിധാനം ചെയ്യുന്ന മൂന്ന് ചെറുകഥകളാണ് ഈ ലേഖനത്തിന്റെ പരിധിയിലുള്ളത് – ലളിതാംബിക അന്തർജനത്തിന്റെ 'വിശ്വരൂപം' ,യു.കെ.കുമാരന്റെ 'ഓരോ വിളിയും കാത്ത്' , സുസ്മേഷ് ചന്ത്രോത്തിന്റെ 'ഹരിതമോഹനം'. പ്രമേയപരിസരത്തിലും ആഖ്യാന സ്വഭാവത്തിലും വ്യതിരിക്തത പുലർത്തുന്ന ഈ കഥകളിൽ വീടു തന്നെയാണ് പൊതു ഏകകമായിത്തീരുന്നത്. സ്വന്തം ഇടത്തെ സംബന്ധിച്ച ബോധബോധ്യങ്ങൾക്കിടയിൽപ്പെട്ടു പോകുന്നവരാണ് ഇവയിലെ പ്രധാന കഥാപാത്രങ്ങൾ. പ്രത്യേകിച്ചും സ്ത്രീ കഥാപാത്രങ്ങൾ എന്ന് സാമാന്യമായി പറയാം. മിസ്സിസ് തലത്തായി ജീവിതം നയിച്ചിരുന്ന താഴത്ത് കുഞ്ഞുക്കുട്ടിയമ്മയെയും മാതൃത്വത്തിന്റെ വിശ്വരൂപമായി അവരെ അത്ഭുതത്തോടെ നോക്കിക്കാണുന്ന സുധീറിനെയും 'വിശ്വരൂപ'ത്തിലൂടെ കഥാകാരി വരച്ചിടുകയാണ്.അച്ഛന്റെ മരണശേഷം തനിച്ചായിപ്പോകു

ത്. മക്കളെ പ്രസവിച്ച , എന്നാൽ അവർക്കായി താരാട്ട് പാടുകയോ അവരെ ലാളിക്കുകയോ ചെയ്യാതിരുന്ന, സുഖക്കേടിൽ ശുശ്രൂഷിക്കുവാനോ വാശിപിടിച്ചാൽ ശാസിക്കുവാനോ മെനക്കെടാതിരുന്ന സ്ത്രീത്വത്തെക്കുറിച്ച് പൗരസ്ത്യ സംസ്കാരം പാടെ മറന്നവളെന്ന് ആഖ്യാനത്തിൽ പരാമർശിച്ചു കാണുന്നുണ്ട്. 'ഭാരത സ്ത്രീകളുടെ അംബാസഡർ' പദവിയിൽ പറന്നുനടന്നിരുന്ന അവർ മുറ്റത്ത് തുളസിത്തറയും മഞ്ഞമന്ദാരവുമുള്ള നാട്ടിലെ കൊച്ചുവീട്ടിലേക്ക് , അലങ്കാരങ്ങളോ ആർഭാടങ്ങളോ ഇല്ലാത്ത അവസ്ഥയിലേക്ക് , താഴത്ത് കുഞ്ഞുക്കുട്ടിയമ്മയിലേക്ക് പരിണമിക്കുന്നത് മാതൃത്വത്തിന്റെ മഹത്തായ ബോധ്യങ്ങൾ ഉൾക്കൊണ്ടിട്ടാണെന്നതാണ് സുധീറിലൂടെ വെളിപ്പെടുത്തുന്നത്. വിദേശത്തുള്ള ആഡംബര ജീവിതത്തിൽ, അലങ്കരിച്ച സ്വീകരണമുറിയിലൂടെ പ്രൗഢവനിതയായി വിലസിയിരുന്ന മാഡം തലത്ത് മിസ്റ്റർ തലത്തിന്റെ മരണത്തോടെ വീടിന്റെയും കുടുംബത്തിന്റെയും 'അക'ത്തെ വെടിയേണ്ടിവന്ന് പുറത്തേക്ക് പോയ(പുറത്താക്കപ്പെട്ട) സ്ത്രീയാണെന്ന യാഥാർഥ്യം നിഷേധിക്കാനാവില്ല. സ്വന്തം ബോധ്യങ്ങളുടെ 'അക'ത്തെ പൂർണാർഥത്തിൽ പരിഷ്കരിക്കുകകൂടിയായിരുന്നു അവർ. ആ 'പുറ' മാകട്ടെ, സമൂഹം നിഷ്കർഷിക്കുന്ന 'അമ്മ' സങ്കല്പവും ഏകാകിയായ വൃദ്ധയുടെ ആത്മീയതയും ഒത്തിണക്കിയതാണ്താനും. 'നരച്ച തല, കൃശമായ ശരീരം, നെറ്റിയിൽ ഭസ്മക്കുറി, കഴുത്തിൽ രുദ്രാക്ഷമാല ...' എന്നിങ്ങനെ പോകുന്നു അതിനെ സംബന്ധിച്ച വിശദീകരണങ്ങൾ. 'മാഡം ഇങ്ങനെയൊരു സ്ഥലത്ത് ഇതുപോലെ' ജീവിക്കുന്നതിൽ അമ്പരക്കുന്ന സുധീറിനോട് 'എന്റെ അച്ഛനമ്മമാർ ഇതിലും മോശമായ വീട്ടിലാണ് കുഞ്ഞേ താമസിച്ചിരുന്നത്. അവിടെയാണ് ഞാൻ വളർന്നത്...' എന്ന് മറുപടി പറയാൻ അവർ ശ്രദ്ധിക്കുന്നതായും കാണാം. താൻ വളർന്ന സാഹചര്യം പിന്നീടുള്ള ഉയർച്ചകളിൽ ഓർക്കാതിരുന്നതിന്റെ കുറ്റബോധംകൂടെ ആ വരികളിൽ പ്രകടമാകുന്നു. സാമൂഹികാംഗീകാരമെന്ന രീതിയിൽ 'വിശ്വരൂപ' ത്തിലൂടെ ഔന്നത്യം നേടുന്ന കഥാപാത്രമായി അവർ പരിണമിക്കുന്നുണ്ട്. ഭാരതത്തിന്റെ കുടുംബസംസ്കാരത്തിന് യോജിക്കുന്ന മട്ടിൽ ഉദാത്ത മാതൃസങ്കല്പത്തിലേക്കുള്ള മാറ്റമാണ് അതിൽ പ്രകടമാകുന്നതും. തന്റെ മുൻ യജമാനന്റെ ഭാര്യയുടെ ഈ വിശ്വരൂപം (മാതൃത്വത്തിന്റെ വിശ്വരൂപം)സ്നേഹാത്ഭുതത്തോടെ ദർശിക്കുന്ന സുധീറാകട്ടെ, സമൂഹത്തിന്റെതന്നെ പ്രതിനിധാനമാവുകയും ചെയ്യുന്നു.

അച്ഛന്റെ മരണശേഷം 'ഏകാന്തതയുടെ നിസ്സഹായാവസ്ഥയിലേക്ക് വീണു' പോകുന്ന അമ്മയെയാണ് യു.കെ.കുമാരൻ അവതരിപ്പിക്കുന്നത്. മറ്റു കഥാപാത്രങ്ങളുടെ ഓർമകളിലൂടെ ജീവിക്കുന്ന അച്ഛനാണ് ആ വീടിനെ വീടാക്കുന്നത് എന്ന പ്രസ്താവന കഥാകൃത്ത് നടത്തുന്നുണ്ട്.' അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽ നിന്ന് എന്തെല്ലാമോ ചോർന്നുപോയതുപോലെ' അനുഭവപ്പെടുത്തുന്നതും 'അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്ന വീടി'നെക്കുറിച്ച് ബോധ്യപ്പെടുത്തുന്നതും ആഖ്യാതാവ് തന്നെ.'കിടപ്പിലായിരുന്നപ്പോൾ പോലും വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നതു' കൊണ്ടാവണം കിടപ്പുമുറിക്കപ്പുറമുള്ള ലോകത്തേക്ക് അച്ഛനെ വളർത്തിയെടുക്കാൻ കഥാകൃത്ത് ശ്രമിക്കുന്നത്. അമ്മയാകട്ടെ, കാർക്കശ്യക്കാരനായ അച്ഛന്റെ വിളികൾക്ക് പിന്നാലെ ചുറുചുറുക്കോടെ ഓടിനടക്കുന്ന പ്രകൃതക്കാരിയുമാണ്. ഭർത്താവിന്റെ ഇല്ലായ്മയെ അംഗീകരിക്കാൻ സാധിക്കാത്ത അവർക്ക് ആ വീടുതന്നെ അയാളായി മാറുന്നു. അതുകൊണ്ടാണ് നഗരത്തിലുള്ള തന്റെ മകന്റെ വീട്ടിലേക്ക് പോകാൻ അമ്മയ്ക്ക് സാധിക്കാതെ പോകുന്നത്. അച്ഛൻ തന്നെ ഇപ്പോഴും വിളിച്ചുകൊണ്ടിരിക്കുകയാണെന്നും, 'വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ ....' എന്ന സ്നേഹസന്ദേഹത്തിലേക്കും ഉള്ള അമ്മയുടെ ഉയർച്ചയിലാണ് കഥ അവസാനിക്കുന്നത്.

**തിരശ്ചീനവും വിശാലവുമായ വീടെന്ന മോഹങ്ങളിൽ നിന്ന് ലംബമാനമായ അവസ്ഥയുടെ പരിമിതികളിലേക്ക് ചുരുങ്ങി ജീവിക്കേണ്ടിവരുന്ന അരവിന്ദാക്ഷന്റെയും കുടുംബത്തിന്റെയും കഥ പറയുന്നതാണ് സുസ്മേഷ് ചന്ദ്രോത്തിന്റെ 'ഹരിതമോഹനം'. അരവിന്ദാക്ഷൻ, ഭാര്യ സുമന മക്കളായ തന്മയ, പീലി എന്നിവരുൾപ്പെടുന്ന അണുകുടുംബമാണത്. അരവിന്ദാക്ഷനെ സംബന്ധിച്ചിടത്തോളം മണ്ണും മരങ്ങളും നിറഞ്ഞ സ്വന്തമായ ഒരു വീടാണ് സ്വപ്നം. ഫ്ലാറ്റ് അയാൾക്ക് തടവറയാണ്.'**

തിരശ്ചീനവും വിശാലവുമായ വീടെന്ന മോഹങ്ങളിൽ നിന്ന് ലംബമാനമായ അവസ്ഥയുടെ പരിമിതികളിലേക്ക് ചുരുങ്ങി ജീവിക്കേണ്ടിവരുന്ന അരവിന്ദാക്ഷന്റെയും കുടുംബത്തിന്റെയും കഥ പറയുന്നതാണ് സുസ്മേഷ് ചന്ദ്രോത്തിന്റെ 'ഹരിതമോഹനം'. അരവിന്ദാക്ഷൻ, ഭാര്യ സുമന മക്കളായ തന്മയ, പീലി എന്നിവരുൾപ്പെടുന്ന അണുകുടുംബമാണത്. അരവിന്ദാക്ഷനെ സംബന്ധിച്ചിടത്തോളം മണ്ണും മരങ്ങളും നിറഞ്ഞ സ്വന്തമായ ഒരു വീടാണ് സ്വപ്നം. ഫ്ലാറ്റ് അയാൾക്ക് തടവറയാണ്.' കള്ളത്തരം കാണിച്ച് വീട്ടിൽ കയറിയിരുന്നാൽ' പോലും കണ്ടുപിടിക്ക

പ്പെടുംവിധം സ്വകാര്യത നഷ്ടപ്പെടുന്ന ഇടം എന്ന സൂചനയും കഥാകൃത്ത് നൽകുന്നുണ്ട്. അനുവാദമില്ലാതെ ഫ്ലാറ്റിലേക്ക് മണ്ണും മരത്തൈകളും കൊണ്ടുവരാൻ ശ്രമിക്കുന്ന അരവിന്ദാക്ഷൻ തന്റെ സ്വപ്നത്തോട് അടുക്കാനാണ് ശ്രമിക്കുന്നത്. ഭാര്യ സുമനയാകട്ടെ ഏഴാം നിലയിലുള്ള ഒരു മരം ഉള്ള കിടപ്പാടം കൂടെ ഇടിച്ചുകളയുമോ എന്ന സംശയമാണ് ആദ്യഘട്ടത്തിൽ പ്രകടമാക്കുന്നത്. 'രണ്ടുമുറി ഫ്ലാറ്റിന്റെയും ഒരാൾക്ക് കഷ്ടിച്ച് പെരുമാറാൻ വലുപ്പമുള്ള അടുക്കളയുടെയും പരിമിതികൾ' അവരുടെ രാത്രികളിലെ ചർച്ചാവിഷയമാകുമ്പോൾ തന്നെയും പത്തുകൊല്ലമായി താമസിക്കുന്ന ഇതേ വീട്ടിലെ അലമാരയിൽ പതിനൊന്നുകൊല്ലം മുമ്പ് വരപ്പിച്ച 'വീടുപണിപദ്ധതി' യുടെ പകർപ്പിനെക്കുറിച്ചുള്ള സൂചനയും ഉയർന്നുവരുന്നുണ്ട്. 'മൂന്ന് കിടപ്പുമുറികളും മുറ്റത്ത് പൂന്തോട്ടവും പിന്നിൽ കുളവും കുറച്ച് മരങ്ങൾ വയ്ക്കാനുള്ള സ്ഥലവുമുള്ള ഒരു സങ്കല്പം'. വെറുതെയൊരു മോഹത്തിന് പറഞ്ഞുവരപ്പിച്ചതാണെന്ന് കഥാകൃത്ത് അതിനെ വ്യക്തമാക്കുന്നുമുണ്ട്. വീണ്ടും മരത്തൈകൾ കൊണ്ടുവന്ന് ടെറസ്സിൽ വയ്ക്കുമ്പോഴും സുമനയെ സംബന്ധിച്ച് കുറെക്കാലമായി നിയന്ത്രിച്ചു നിർത്തിയിട്ടുള്ള പതിവാവശ്യങ്ങളും മോഹങ്ങളും മുരണ്ടു നടക്കുമോ എന്ന സംശയവും അരവിന്ദാക്ഷനുണ്ട്. 'ചെമ്പകപുഷ്പ സുവാസിതയാമം' എന്ന പാട്ടുമൂളി കാല്പനികഭാവത്തിലെത്തുന്ന അരവിന്ദാക്ഷന്റെ സ്വപ്നഭവനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ, ഫ്ലാറ്റ് നടത്തിപ്പുകാരനായ രാജൻപിള്ളയുടെ ചോദ്യശരങ്ങൾ തടയാൻ ' ഇക്കണോമിക്സ് പഠിച്ച് ഗുമസ്തപ്പണിയെടുക്കുന്ന' സുമന നടത്തുന്ന 'ഹെർബേറിയം' എന്ന പ്രയോഗത്തിലെ അമ്പരപ്പിക്കുന്ന യാഥാർഥ്യത്തെ ഉൾക്കൊള്ളേണ്ടതുണ്ട്. അതുതന്നെയാണ് പ്രത്യാശാഭരിതമായ കഥയുടെ പര്യവസാനത്തിലേക്ക് നയിക്കുന്നതും. കിടപ്പുമുറിയിൽ നിന്ന് തുണി മടക്കി വയ്ക്കുന്ന സുമന യാഥാർഥ്യമാകുമ്പോൾ താൻ വച്ച് പിടിപ്പിക്കുന്ന മരങ്ങൾക്ക് വെള്ളം കോരിയൊഴിക്കുന്ന സുമനയും മക്കളും അരവിന്ദാക്ഷന്റെ സ്വപ്നമാണ്. ഫ്ലാറ്റ് അരവിന്ദാക്ഷനെ സംബന്ധിച്ചിടത്തോളം അപൂർണമായ ഒരിടമാണെങ്കിൽ സുമനയ്ക്ക് പരിമിതമാണെങ്കിലും സുരക്ഷിതമായ അകമാണത്. കുടുംബത്തെ സംരക്ഷിക്കാൻ ശ്രമിക്കുന്ന സന്ദർഭങ്ങളിലാണ് സുമനയ്ക്കുള്ള ഉയർച്ച എന്ന് കഥയിലൂടെ വെളിപ്പെടുന്നു.

കുടുംബബന്ധങ്ങളെ ചേർത്തു നിർത്തുന്നതിൽ വീട് പ്രധാന ഘടകമാകുമ്പൊഴും ആ വീടിനെ സംബന്ധിച്ച ചില പൊതുധാരണകളാണ് ഈ മൂന്നു കഥകളും മുന്നോട്ടുവയ്ക്കുന്നത്. സമൂഹത്തിന്റെ കാഴ്ചപ്പാടുകളെ തൃപ്തിപ്പെടുത്തുന്ന വീട്ടിലേക്കും ചുറ്റുപാടിലേക്കും മടങ്ങുന്ന താഴത്ത് കുഞ്ഞുക്കുട്ടിയമ്മ ,'ഭാരതസ്ത്രീകളു'ടെ, 'മാതൃത്വ'ത്തിന്റെ വിശ്വരൂപമെന്ന സ്ഥാനത്തിന് അർഹയാകുന്നു. അച്ഛന്റെ ഓർമകളും വിളികളും നിറയുന്ന വീട്ടിൽ നിന്ന് മാറാനാഗ്രഹിക്കാത്ത, വീടും പറമ്പും സംരക്ഷിക്കണമെന്ന് ചിന്തിക്കുന്ന അമ്മയുടെ മഹത്വം ഓരോ വിളിയും കാത്ത് എന്ന കഥയിൽ പ്രകടമാകുന്നു. അരവിന്ദാക്ഷന്റെ ഹരിതസ്വപ്നത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുന്ന, അതിനായി നിലവിലുള്ള വ്യവസ്ഥകളെ ശക്തിയുക്തം പ്രതിരോധിക്കാനായുന്ന സുമനയുടെ പ്രാധാന്യം ഹരിതമോഹനത്തിലും ഉയർന്നുവരുന്നു. ഈ മൂന്ന് സാഹചര്യങ്ങളിലും 'ഗൃഹാതുരത്വ'ത്തിന്റെ മേമ്പൊടികൾ വ്യത്യസ്ത ഭാവത്തിൽ കടന്നുവരുന്നതു. ശ്രദ്ധേയമാണ്. 'വിട്' എന്ന ധാതുവിൽ നിന്ന് നിഷ്പന്നമായ വീടിന് – 'വിട്ടുപോകുന്നത്' എന്ന അർഥമാണ് ശബ്ദതാരാവലി നൽകുന്നത്. എന്നാൽ വിട്ടുപോകാനാവാത്ത സ്മരണകളെ സമൂഹത്തിന്റെ കെട്ടിയുറപ്പിക്കലുകളിലേക്ക് തന്നെ എറിഞ്ഞുകൊടുക്കുന്ന സ്ത്രീകഥാപാത്രങ്ങൾ ഈ കഥകളിൽ സജീവമാകുന്നു. സുധീറിലൂടെയും അച്ഛന്റെ വിളികളിലൂടെയും അരവിന്ദാക്ഷന്റെ സ്വപ്നത്തിലൂടെയും അത് അരക്കിട്ടുറപ്പിക്കുക തന്നെ ചെയ്യുന്നു. സമൂഹത്തിന്റെ ബോധാബോധങ്ങൾ സാഹിത്യത്തിന്റെ നിർമിതികളാവുമ്പോൾ പാഠപുസ്തകങ്ങളിലെ പ്രമേയപരിസരത്തെ പ്രശ്നവത്കരിക്കാനുള്ള ശ്രമങ്ങളാണ് ക്ലാസ്മുറികൾ ഏറ്റെടുക്കേണ്ടത്. കെട്ടിയിടലുകളിൽ നിന്നും ചിന്തയുടെ കെട്ടുപൊട്ടിക്കലുകൾ അതിലൂടെ സാധ്യമാകുകതന്നെ ചെയ്യും.

> **'രണ്ടുമുറി ഫ്ലാറ്റിന്റെയും ഒരാൾക്ക് കഷ്ടിച്ച് പെരുമാറാൻ വലുപ്പമുള്ള അടുക്കളയുടെയും പരിമിതികൾ' അവരുടെ രാത്രികളിലെ ചർച്ചാവിഷയമാകുമ്പോൾ തന്നെയും പത്തുകൊല്ലമായി താമസിക്കുന്ന ഇതേ വീട്ടിലെ അലമാരയിൽ പതിനൊന്നുകൊല്ലം മുമ്പ് വരപ്പിച്ച 'വീടുപണിപദ്ധതി' യുടെ പകർപ്പിനെക്കുറിച്ചുള്ള സൂചനയും ഉയർന്നുവരുന്നുണ്ട്. 'മൂന്ന് കിടപ്പുമുറികളും മുറ്റത്ത് പൂന്തോട്ടവും പിന്നിൽ കുളവും കുറച്ച് മരങ്ങൾ വയ്ക്കാനുള്ള സ്ഥലവുമുള്ള ഒരു സങ്കല്പം'**




ശ്രീദേവി പി. എസ്.
ഗവേഷക, മലയാള വിഭാഗം
ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല കാലടി.

# ഉത്തമകുടുംബത്തിന്റെ പുറമ്പോക്കുകൾ ദളിത് കുടുംബം; ദേശീയതയുടെ അപരലോകങ്ങൾ

**ദേശീയതയും കുടുംബമെന്ന സങ്കല്പനവും**

ദേശരാഷ്ട്ര സങ്കല്പം എന്നതു പോലെ തന്നെ ആധുനികമായ സങ്കല്പമാണ് 'കുടുംബം'. ഭാഷ, ജാതി, മതം, ഭൂപ്രകൃതി നരവംശം, തുടങ്ങിയ വൈവിധ്യങ്ങൾക്കതീതമായി ഇന്ത്യ എന്നൊരു ഏകാത്മക സത്ത രൂപപ്പെടുത്തേണ്ടത് (സ്വതന്ത്ര പൂർവ്വഘട്ടത്തിലും സ്വാതന്ത്ര്യാനന്തരവും) ദേശീയ പ്രസ്ഥാനങ്ങളുടെ ആവശ്യമായിരുന്നു. മുകളിൽ സൂചിപ്പിച്ച വൈവിധ്യങ്ങൾക്കെല്ലാം മുകളിൽ ഒരു ദേശീയ സ്വത്വത്തെ കണ്ടെടുക്കലാണ് നാനാത്വത്തിൽ ഏകത്വം എന്ന പരികല്പന.

'ജീവശാസ്ത്രപരമായ വ്യത്യാസങ്ങൾ, വസ്ത്രം, ഭാഷ, ആരാധന, രീതികൾ, തൊഴിൽ, ഭക്ഷണക്രമം, രക്തബന്ധരീതികൾ, എന്നിവയുടെ അടിസ്ഥാനത്തിൽ സാംസ്കാരിക വ്യതിരിക്തത പുലർത്തുന്ന അസംഖ്യം ഗ്രൂപ്പുകളുള്ള 4635 സമുദായങ്ങളിലായി (ആന്ത്രോപോളജികൽ സർവ്വേ ഓഫ് ഇന്ത്യ) വിഭജിച്ചിരിക്കുന്നു. വ്യത്യസ്തത വംശങ്ങളിൽപ്പെടുന്ന ഇവർ ഒരു പക്ഷേ ലോകത്തിലെ എല്ലാ വംശമുദ്രകളിൽ നിന്നും പങ്കുപറ്റിയിട്ടുണ്ട്. തങ്ങളുടെ തനതായ ആരാധനാ ക്രമങ്ങളും വിശ്വാസസംഹിതകളും പിന്തുടരുന്ന വിവിധ മതാനുയായികൾ ഇന്ത്യയിൽ സഹവർത്തിക്കുന്നു. സാംസ്കാരിക ബഹുസ്വരത ഭാഷകളുടെയും വാമൊഴികളുടെയും എണ്ണത്തിലും പ്രതിഫലിപ്പിക്കുന്നു. വിവിധ ഭാഷാ കുടുംബങ്ങളിൽപ്പെട്ട 325 ഭാഷകളും 25 ലിപികൾക്കും പുറമേ ആയിരക്കണക്കിന് വാമൊഴികളും ഇവിടെയുണ്ട്. ഇത്രയധികം വൈവിധ്യമാർന്ന സാംസ്കാരിക സാമൂഹിക വൈജാത്യങ്ങൾ നിറഞ്ഞ ജനങ്ങൾ ഒരുമിച്ച് ചേർന്നതിന്റെ ഫലമായിട്ടാണ് ഒരു രാജ്യം എന്ന നിലയിലുള്ള ഇന്ത്യയുടെ സ്വത്വം നിലനിൽക്കുന്നത്'. (കെ.എൻ. പണിക്കർ 2004 : 25) നാനാത്വത്തിൽ ഏകത്വം എന്ന പരികൽപനയുടെ അ

ടിസ്ഥാനമായി അഥവാ ഏകത്വമായി സ്വാംശീകരിക്കപ്പെട്ടത് സവർണ്ണ ഹൈന്ദവ സംസ്കാരമാണ്.

'ലോകക്രമം ദേശീയതകളായി വിഭജിക്കപ്പെട്ടുകിടക്കുന്നു. ഒരു പ്രത്യേക ഭൂപ്രദേശ പരിധിക്കകത്ത് അവരുടേതുമാത്രമായ മിത്തുകളും ചരിത്രപരമായ ഓർമ്മകളും പങ്കിടുന്ന പൊതുവായ ഒരു സംസ്ക്കാരത്തിന്റെയും സമ്പദ് വ്യവസ്ഥയുടെയും കീഴിൽ നിയമപരമായ അവകാശങ്ങളും കടമകളും ഉള്ള ഒരു ജനതയുടെ സഞ്ചയമാണ് ദേശീയത.' (സ്മിത്ത് ആന്റണി 2000.1)

ബഹുഭൂരിപക്ഷം സാംസ്കാരിക വൈവിധ്യങ്ങളെ അപരങ്ങളാക്കി ഒരു സവിശേഷ സംസ്കാരത്തെയോ, പാരമ്പര്യത്തെയോ സാധൂകരിക്കുക അഥവാ വിശേഷവൽക്കരിക്കുക എന്നതാണ് ദേശീയതയുടെ കാതൽ. സാമൂഹികവും ഭാഷാപരവുമായ വൈവിധ്യങ്ങൾക്ക് മീതെ ഭാവനാത്മകമായി ഉയർത്തപ്പെട്ട ഒരു സമൂഹമാണ് (imagined communities*), ദേശീയത ഇന്ത്യയിലെ ബഹുസാംസ്കാരികതകൾക്ക് അപരമായി ഹൈന്ദവസംസ്കാരത്തെയും പാരമ്പര്യത്തെയും കണ്ടെടുത്ത് അതിനെ സ്ഥാപിച്ചെടുത്ത ദേശീയത കോളനീകരണത്തിന്റെ കുലീനതാ സങ്കല്പത്തിനകത്താണ് രൂപംകൊള്ളുന്നത്.

ദേശീയതാ സങ്കല്പം പുരുഷയുക്തിയാണെന്നും ലിംഗാധിഷ്ഠിതമായ വ്യത്യാസങ്ങൾ നിലനിർത്തുന്നതിലൂടെ രൂപപ്പെടുന്ന ഒരു വ്യവഹാരമാണ് ദേശീയത എന്ന് (ഇൻലിയോ 1989:49) സി.ഇൻലിയോ അഭിപ്രായപ്പെടുന്നുണ്ട്. ദേശീയത വ്യവഹാരം ലിംഗാധികാരവുമായി അഭേദ്യ ബന്ധം പുലർത്തുന്നതാണ്.

ആൺകോയ്മയിലധിഷ്ഠിതമായ ഇന്ത്യൻ സവർണ്ണ ദേശീയത സൃഷ്ടിക്കുന്നതിന്റെയും പുനരുല്പാദിപ്പിക്കുന്നതിന്റെയും ഇടങ്ങളായി പ്രവർത്തിച്ചത് കുടുംബങ്ങളാണ്. ദേശീയത ലിംഗാധികാരത്തിന്റെയും സവർണ്ണതയുടെയും പ്രായോഗിക സ്ഥാനമായിരിക്കുന്ന അതേ അർത്ഥത്തിൽ തന്നെ സവർണ്ണയുക്തികളാലും ലിംഗാധികാരങ്ങളാലും നിർവചിക്കപ്പെട്ടതാണ് ആധുനിക കുടുംബസങ്കല്പം. അലിഖിത ഭരണഘടനയോടുകൂടി പ്രവർത്തിക്കുന്ന ഒരു സാമൂഹിക സ്ഥാപനമാണ് കുടുംബം. ഭിന്ന ലൈംഗീകത/ഉഭയ ലൈംഗീകതയിലൂന്നിയ വിവാഹവും പ്രത്യല്പാദനവുമാണ് കുടുംബത്തിന്റെ അടിക്കല്ലായി പ്രവർത്തിക്കുന്ന സാമൂഹിക ഉടമ്പടി.

പുരുഷന്റെ കാമനകൾക്ക് അനുസൃതമായി സ്ത്രീ ലൈംഗീകതയെ പരിവർത്തിപ്പിക്കുകയും പ്രത്യുല്പാദത്തിലൂടെ ആൺ വംശത്തിന്റെ സംസ്കാരത്തിനും പാരമ്പര്യത്തിനും സ്വത്തവകാശത്തിലും പിൻതുടർച്ച നൽകുകയും ചെയ്യുന്ന ഒരു സാമൂഹിക സ്ഥാപനമാണ് 'കുടുംബം'. അതായത് കുടുംബം എന്ന സ്ഥാപനത്തിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്നത് പുരുഷാധികാരിയാണെങ്കിലും അതിന്റെ പ്രായോഗിക പ്രവർത്തനങ്ങൾ നടക്കുന്നത് സ്ത്രീയുടെ ലൈംഗീകതയെ

**പുരുഷന്റെ കാമനകൾക്ക് അനുസൃതമായി സ്ത്രീ ലൈംഗീകതയെ പരിവർത്തിപ്പിക്കുകയും പ്രത്യുല്പാദത്തിലൂടെ ആൺ വംശത്തിന്റെ സംസ്കാരത്തിനും പാരമ്പര്യത്തിനും സ്വത്തവകാശത്തിലും പിൻതുടർച്ച നൽകുകയും ചെയ്യുന്ന ഒരു സാമൂഹിക സ്ഥാപനമാണ്'കുടുംബം'. അതായത് കുടുംബം എന്ന സ്ഥാപനത്തിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്നത് പുരുഷാധികാരിയാണെങ്കിലും അതിന്റെ പ്രായോഗിക പ്രവർത്തനങ്ങൾ നടക്കുന്നത് സ്ത്രീയുടെ ലൈംഗീകതയെ കേന്ദ്രീകരിച്ചാണ്.**

കേന്ദ്രീകരിച്ചാണ്. സ്ത്രീയുടെ ലൈംഗീകത, പ്രത്യുല്പാദനം എന്നിവ നിയന്ത്രിക്കുന്നത് വഴി സംസ്കാരം, പാരമ്പര്യം തുടങ്ങിയ മൂല്യങ്ങളെ പരിരക്ഷിക്കേണ്ട ഒരു ഗണമായി സ്ത്രീയെ ചിട്ടപ്പെടുത്തിയെടുക്കുകയാണ് 'കുടുംബം' എന്ന സ്ഥാപനം. സ്ത്രീ, ദേശിയത, രാഷ്ട്രം എന്ന ഗ്രന്ഥത്തിൽ (യുവാൻ ഡേവീഡ് & അൻതിയാസ് 1989:7) സ്ത്രീയെ ദേശീയതയിലേക്ക് ഉൾചേർക്കുന്നതിനുള്ള അഞ്ച് വഴികൾ ഏതെക്കെയെന്ന് പ്രതിപാദിക്കുന്നുണ്ട്. അവ 1. ദേശീയ കൂട്ടായ്മയിലെ അംഗങ്ങളുടെ പ്രത്യുല്പാദകരായി, 2. ദേശീയ കൂട്ടായ്മയുടെ അതിരുകളുടെ പുനർനിർമ്മാതാക്കളായി (ലൈംഗീകതാ നിയന്ത്രണം, വിവാഹ ബന്ധം എന്നിവയിലൂടെ), 3. ദേശീയ സംസ്കാരത്തിന്റെയും സജീവ സംപ്രേഷകനായി, 4. ദേശീയതാ വൈവിധ്യങ്ങളുടെ പ്രതീകങ്ങളായി, 5. ദേശീയപോരാട്ടങ്ങളിൽ സജീവപങ്കാളിയായി എന്നിങ്ങനെയാണ്.

അതായത് ദേശീയത എന്ന സങ്കല്പനം രൂപപ്പെടുന്നതിന്റെ ആദ്യഘട്ടത്തിൽ തന്നെ ലിംഗഭേദം ദേശീയതയുടെ വ്യവഹാരമായി രൂപപ്പെടുന്നുണ്ട്. സ്ത്രീയുടെ ലൈംഗീകത, പ്രത്യുല്പാദനം ഇവ കേന്ദ്രീകരിച്ച് നിലനില്ക്കുന്ന കുടുംബവ്യവസ്ഥ, ദേശീയത, രാഷ്ട്രം എന്നിവയെ പ്രതിനിധീകരിക്കുന്ന ഏറ്റവും ചെറിയ ഏകകമാണെന്ന് മനസിലാക്കാം.

അച്ചടി, ആധുനികത, ആധുനിക പൊതുമണ്ഡ

ലം എന്നിവയിലൂടെ സാധ്യമായ ദേശീയതയെ സംബന്ധിച്ച ബനഡിക് ആന്റേഴ്സൺ നടത്തുന്ന നിരീക്ഷണങ്ങളിൽ, ദേശീയത സാങ്കല്പികമോയോ അല്ലാത്തതോ ആയ അതിരുകളാൽ നിർണ്ണയിക്കപ്പെട്ട ഒരു ഭാവനാ സമൂഹം / കല്പിത സമൂഹമാണ് എന്നതാണ്. ഇന്ത്യയെന്ന ദേശീയതയ്ക്കും ദേശരാഷ്ട്ര സങ്കല്പത്തിനും അകത്ത് ഈ 'ഭാവനാ സമൂഹം' ആരാണെന്ന് പ്രശ്നവൽക്കരിക്കേണ്ടിയിരിക്കുന്നു. ദേശീയതയുടെ പ്രാരംഭഘട്ടം മുതൽ നവഹൈന്ദവ ദേശീയതയുടെ സമകാലിക ഘട്ടം വരെ അതിന്റെ വിഭാവനം സവർണ്ണ ഹൈന്ദവ പിതൃകേന്ദ്രീകൃത മൂല്യബോധമുള്ള മധ്യവർത്തി സമൂഹത്തെ കേന്ദ്രീകരിച്ചാണ് നടന്നിട്ടുള്ളത്. ഈ കല്പിത സമൂഹത്തിന്റെ അപരങ്ങളായി, മുസ്ലീം ദളിത്, മത്സ്യതൊഴിലാളി, ആദിവാസി ഗോത്രവിഭാഗങ്ങൾ മാറ്റി നിർത്തപ്പെട്ടു. ഓരോ വ്യക്തിയുടെയും ഓരോ സമൂഹത്തിന്റെയും ഉൺമ (beingness) കൂടി ഉൾചേർക്കപ്പെടുമ്പോൾ മാത്രമാണ് 'ഭാവനാത്മക സമൂഹത്തിന്റ' വിഭാവന പ്രക്രിയ അർത്ഥവത്താവുകയുള്ളു. വൈവിധ്യങ്ങളിൽ നിന്ന് ഏകത്വത്തെ കണ്ടെടുക്കുക എന്നത് തന്നെ ഹിംസാത്മകമായ പരികല്പനയാണ്. ജനസമൂഹത്തിന്റെ അനന്യതയെ (entity) കണ്ടെടുക്കുകയും ഭാവനാത്മകയിടത്തിലേയ്ക്ക് ഉൾചേർക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ഇന്ത്യൻ ദേശീയത ബഹുസ്വരമാകുകയുള്ളൂ.

**നവോത്ഥാനവും ആദർശ കുടുംബങ്ങളുടെ രൂപീകരണവും**

'കുടുംബം' എന്ന സാമൂഹിക സ്ഥാപനത്തിന്റെ ആണിക്കല്ലായി ഉറപ്പിക്കപ്പെട്ട വിവാഹമാണ് ജാതി വ്യവസ്ഥ നിലനിർത്തുന്നതിനുള്ള ഏറ്റവും ജനപ്രിയവും സാധുവുമായ മാർഗ്ഗം. സ്വജാതിയ വിവാഹങ്ങളെ പറ്റിയുള്ള അംബേദ്ക്കറുടെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്*2 ഇന്ത്യൻ ജാതിവ്യവസ്ഥയുടെ പുനരുല്പാദനം നടക്കുന്നത് സ്വജാതിയ വിവാഹങ്ങളിലൂടെയാണ് എന്ന് അംബേദ്ക്കർ സ്വാതന്ത്ര്യത്തിനു മുൻപേ നിരീക്ഷിച്ചിട്ടുള്ള വസ്തുതയാണ്. കേരളത്തിലെ ജാതിതിരിച്ചുള്ള മാട്രിമോണി സൈറ്റുകളും ദിനപത്രങ്ങളിലെ വിവാഹപരസ്യങ്ങളിൽ എസ്.സി./എസ്.ടി. ഒഴികെ എന്ന രീതിയിൽ വരുന്ന പരസ്യവാചകങ്ങളും പ്രബുദ്ധമെന്ന് സങ്കല്പിക്കപ്പെടുന്ന കേരളം അതിന്റെ ആന്തരിക ഘടനയിലും അബോധത്തിലും എത്രമാത്രം ജാതിയതയെ നിലനിർത്തുന്നുവെന്നതിന് ചെറിയ ഉദാഹരണം മാത്രമാണ്.

കേരളത്തിന്റെ സാംസ്കാരികപൊതുമണ്ഡലത്തിൽ 'കുടുംബം' എന്ന് സവിശേഷമായി വ്യവഹരിക്കപ്പെടുന്നത് സവർണ്ണമദ്ധ്യവർഗ്ഗ കുടുംബമാണ്. കല, സാഹിത്യം, സിനിമ, സീരിയൽ, പരസ്യങ്ങൾ തുടങ്ങി സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ 'കുടുംബം' എന്ന നിലയിൽ ഉല്പാദിപ്പിക്കുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്ന രൂപകങ്ങളെല്ലാം മധ്യവർഗ്ഗ സവർണ്ണ പുരുഷാധിപത്യ ബോധത്തെ ആശയപരമായും രൂപപരമായും സാമ്പത്തികമായും പിൻപറ്റുന്നവയാണ്. സമൂഹത്തിനകത്ത് ഒരു വ്യക്തിയുടെ പദവി മൂല്യം നിർണ്ണയിക്കുന്നതിൽ 'കുടുംബം' എന്ന സ്ഥാപനത്തിന് വലിയ പങ്കുണ്ട്. ബ്രാഹ്മണിക്കൽ ആൺകോയ്മയുടെ പ്രായോഗിക ഇടങ്ങളാണ്; ജാതിവ്യവസ്ഥ ഉറപ്പിച്ചു നിർത്തുന്നത് ആൺകോയ്മയിലൂടെയാണ്. സ്വജാതിയ വിവാഹത്തിലൂടെ ജാതി വിശുദ്ധി നില നിർത്തുക ജാതിശ്രേണിയിൽ വ്യത്യസ്ഥരായവരുടെ ഇടകലരൽ തടയുകയും ചെയ്യുക എന്നതാണ് മനുസ്മൃതിയിലൂന്നിയ ബ്രാഹ്മണിക പുരുഷാധിപത്യത്തിന്റെ പ്രവർത്തന രീതി. ജാതിശ്രേണിയെ നിലനിർത്തുവാൻ പര്യാപ്തമായ ഏറ്റവും ചെറിയ ഏകകമെന്ന നിലയിൽ പരിഗണിക്കേണ്ടതുണ്ട്. ദേശീയത ജാതിവ്യവസ്ഥയെ ആദർശവൽക്കരി ക്കുന്നത് പോലെ തന്നെ കുടുംബവും ജാതിവ്യവസ്ഥയെ ആദർശവൽക്കരിക്കുന്നുണ്ട്.

വ്യത്യസ്ത ദായക്രമങ്ങൾ പിന്തുടരുന്ന ജാതി, മത, ഗോത്രവിഭാഗങ്ങൾ ഉള്ള കേരളീയ സമൂഹം 'മരുമക്കത്തായം' ഉപേക്ഷിച്ച് അണുകുടുംബങ്ങളിലേയ്ക്ക് പ്രവേശിക്കുന്ന ഘട്ടം; കേരളത്തിന്റെ ആധുനികതയുമായി ബന്ധപ്പെട്ട ഘട്ടം കൂടിയാണ്. ദായക്രമങ്ങൾ പരിഷ്ക്കരിക്കപ്പെടുകയും അണുകുടുംബത്തിന് നിയമപരമായി (പിതൃദായക്രമത്തിലുള്ള) സാധ്യതകൾ ഏറിവരുകയും ചെയ്ത സാഹചര്യത്തിൽ സൗമ്യരൂപം പൂണ്ട പുരുഷാധികാരം കുടുംബത്തിനകത്തെ ഉത്തമ സ്ത്രീരൂപങ്ങളെ നിർമ്മിച്ചെടുക്കുന്നതെങ്ങനെയെന്ന് 'തറവാട്ടിൽ പിറന്നവളും' 'ചന്തപ്പെണ്ണും' ഉണ്ടായതെങ്ങനെ എന്ന ലേഖനത്തിൽ ജെ. ദേവിക വിശദീകരിക്കുന്നുണ്ട് (2011:72). സ്നേഹം, മാതൃത്വം, കരുണ, സഹനം, ത്യാഗം, എന്നിവ ഉത്തമ സ്ത്രീഗുണങ്ങളായി ഉയർത്തപ്പെടുന്നു. ഉത്തമകുടുംബം / ഉത്തമസ്ത്രീ എന്ന സമവാക്യത്തിന്റെ രൂപീകരണ ഘട്ടം കൂടിയായ സവോത്ഥാനത്തെ മനസ്സിലാക്കേണ്ടതുണ്ട്.

കേരളീയ സാമൂഹിക ചരിത്ര പശ്ചാത്തലത്തിൽ നവോത്ഥാനവും ദളിത് വിമോചനവും തമ്മിലുള്ള പരസ്പര ബന്ധത്തെ അതിന്റെ എല്ലാ ഗുണാത്മക വശങ്ങളോടുംകൂടി അംഗീകരിക്കുമ്പോൾതന്നെ നവോത്ഥാനത്തിന്റെ സവർണ്ണ യുക്തികളാണ് പുരോഗമനമായും ജാതിവിരുദ്ധതയായും ജനകീയവൽക്കരിക്കപ്പെട്ടത്. നവോത്ഥാനം ഒരു ജാതി വിരുദ്ധ സാമൂഹിക പ്രവർത്തനമായാണ് കേരള ചരിത്രത്തിലും വർത്തമാനത്തിലും സ്ഥാനപ്പെട്ടിട്ടുള്ളത്. എന്നാൽ 'ജാതി വിരുദ്ധത'/ ജാതിയില്ലായ്മ എന്നീ നവോത്ഥാന മൂല്യസങ്കല്പങ്ങൾ ഉള്ളടരുകളിൽ പൊള്ളയായ ഒന്നാണ്. 'വിശാലമായ മനുഷ്യൻ' എന്ന മഹാപ്രമാണത്തി ലൂന്നിയ യൂറോപ്യൻ യുക്തിയെ സ്വാംശീകരിക്കുന്നതിലൂടെ സവർണ്ണനായ ആധുനികനാണ് ഇന്ത്യയിലെ ദേശരാഷ്ട്ര പൗരനായി മാറിയതെന്ന് പ്രദീപൻ പാമ്പിരിക്കുന്ന് നിരീക്ഷിക്കുന്നുണ്ട് (2011: 444, 445). ഇന്ത്യൻ

ദേശീയതയും കേരള നവോത്ഥാനവും ദളിതർക്ക് സാമൂഹിക നിർവ്വാഹകത്വം (social agency) നിഷേധിക്കുകയാണ് ചെയ്തിട്ടുള്ളത്. 'ജാതി' എന്ന അധികാരവും / അധികാരമില്ലായ്മയും അഥവാ ജാതി എന്ന മൂലധനവും / മൂലധനമില്ലായ്മയുമാണ് സാമൂഹിക നിർവ്വാഹകത്വം രൂപപ്പെടുന്നത്. ഒരുവ്യക്തി അവന്റെ നിർവ്വാഹകത്വത്തെ ഉൽപാദിപ്പിച്ചെടുക്കുന്നതിൽ 'കുടുംബം' എന്ന സാമൂഹിക സ്ഥാപനത്തിനുള്ള പങ്ക് ഇവിടെ സസൂഷ്മം പ്രശ്നവൽക്കരിക്കേണ്ടിയിരിക്കുന്നു.

ദേശീയതയുടെയും ദേശരാഷ്ട്രങ്ങളുടെയും പുറമ്പോക്കുകളിൽ ജീവിക്കുന്ന ദളിതരെ സമ്പന്ധിച്ചിടുത്തോളം അവരുടെ സാമൂഹികാധികാര സമ്പാദനവും, സാമൂഹിക നിർവ്വാഹകത്വം രൂപപ്പെടുത്തലും ജാതിശ്രേണിയിലതിഷ്ഠിതമായ ഭൂവധികാര ബന്ധങ്ങളോട് നിരന്തര കലഹത്തിലേർപ്പെടാതെ ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്ന ഒന്നല്ല. കോളനിവൽക്കരണത്തിലൂടെ ഭൂമിയുടെ മേലുള്ള അധികാരത്ത വിഭജനത്തിൽ സംഭവിച്ച മാറ്റങ്ങൾ; ഭൂമിയിൽ അദ്ധ്വാനിച്ചവർ കേവലം കർഷക തൊഴിലാളികൾ മാത്രമായി മാറിയ സാമൂഹികചരിത്രം. ജാതിയിലധിഷ്ഠിതമായ തൊഴിൽവിഭജനം എന്നിവയെ പ്രശ്നവൽക്കരിക്കാതെ 'കുടുംബം' എന്ന വ്യവസ്ഥയെ ദളിത് പരിപ്രേക്ഷ്യത്തിൽ നോക്കികാണുവാൻ സാധിക്കുകയില്ല.

**ദളിത് കുടുംബവും മൂലധനരൂപീകരണവും**

ജാതിക്കോളനി കോളനി ജീവിതത്തിന്റെ നൂറു വർഷം എന്ന കവർ സ്റ്റോറിയോടെ 2020 ജൂൺ 22 മാധ്യമം (പുസ്തകം 23 ലക്കം 1164) ആഴ്ച്ചപതിപ്പിൽ പ്രസിദ്ധീകരിച്ച വ്യത്യസ്ത ലേഖനങ്ങളിലായി കേരളത്തിലെ ദളിത് ആദിവാസി ജീവിതങ്ങളുടെ ഒരു സംക്ഷിപ്ത സാമൂഹിക ചരിത്രം അടയാളപ്പെടുത്തിയിരിക്കുന്നു. ദളിത് കോളനികൾ നൂറുവർഷത്തിന്റെ ചരിത്രവും വർത്തമാനവും എന്ന ലേഖനത്തിൽ (ആർ.കെ.ബിജുരാജ്) കേരളത്തിലെ ആകെ ഭൂമിയുടെ വിതരണത്തിന്റെ ചരിത്രവും അതിൽ ദളിതർക്ക് ലഭിച്ച ഭൂമിയുടെ കണക്കുകളും വ്യക്തമാക്കുന്നുണ്ട്.

'കുറച്ചുകൂടി സൂഷ്മമായി നോക്കിയാൽ സംസ്ഥാനത്ത് 558231 കുടുംബങ്ങളായുള്ള 23,52,087 ദളിതർക്ക് (11.49ലക്ഷം പുരുഷൻമാരും 12.03 ലക്ഷം സ്ത്രീകളും) ആകെയുള്ള ഭൂമി 59,375 ഏക്കറാണ്. അതായത് ഒരു വ്യക്തിക്ക് സ്വന്തമായുള്ളത് 2.52 സെന്റാണ്.' (ആർ.കെ.ബിജുരാജ് 2020:28)

2009 2010 ലെ കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) കേരളത്തിലെ പട്ടികജാതി വികസന വകുപ്പും സംയുക്തമായി നടത്തിയ സർവ്വേ പ്രകാരമുള്ള വിവരങ്ങളാണ് ഇപ്പോഴും കേരളത്തിലെ ദളിത് കോളനികളേയും കുടുംബങ്ങളേയും കേരളത്തിലെ ഭൂരഹിതരെയും ഭവനരഹിതരെയും സംബന്ധിക്കുന്ന ആധികാരിക രേഖ. 2009–2010 ഇന്നേവരെയായിട്ടും പരിഷ്കരിക്കപ്പെടാത്ത ഈ കണക്കിൽ നിന്ന് വിഭിന്നമാണ് നിലവിലെ ജാതി കോളനികളുടെയും ഭവന രഹിതരുടെയും കണക്കുകളെന്ന് മായാ പ്രമോദ് അഭിപ്രായപ്പെടുന്നുണ്ട്.* (ദളിത് കോളനികൾ : ചരിത്രവും വർത്തമാനവും organized by Dalit Employees Pensioners Association 10.02.2018 Maharajas College Ernakulam, കേരളത്തിലെ 60 വർഷത്തെ ദളിത് ജീവിതം organized by freethinkers Facebook group & Kerala freethinkers 2018 sept 11) ഭൂമി ഒരു വിഭവാധികാരമായി മാറുമ്പോൾ ഭൂമി, സമ്പത്ത് എന്നിവയുടെ വിതരണവ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ സമൂഹമായി മാറിയ 'പൊതു കേരളീയൻ' എന്ന പ്രതീകാത്മക മൂലധനത്തിന് അപരമായാണ് ദളിതരുടെ സാമൂഹിക ജീവിതം രൂപപ്പെട്ടത്.

പൊതു എന്ന് വിഭാവനം ചെയ്യപ്പെടുന്ന കേരളീയ പരിസരങ്ങളിലൊന്നും ദളിതൻ ഉണ്ടായിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇന്ത്യൻ ദേശീയതയുടെ പൊതുസമൂഹവും കേരള നവോത്ഥാനം വിഭാവനം ചെയ്ത പൊതു സമൂഹവും അതിന്റെ ആന്തരിക ഘടനയിൽ ഒന്നാണ് എന്ന വസ്തുത പ്രശ്നവല്ക്കരിക്കേണ്ടത് സാമൂഹിക നീതിയേയും സാമൂഹിക തുല്യതയേയും കുറിച്ചുള്ള ജനാധിപത്യ സങ്കല്പത്തിന്റെ നിലനില്പിന് അത്യന്താപേക്ഷിതമാണ്.

വീട്, ഭൂമി എന്നിവ 'കുടുംബത്തിന്റെ പദവി മൂല്യം' നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാന മാനദണ്ഡമാണ്. ഒരു കുടുംബത്തിന്റെ സ്വത്തായ ഭൂമി, വീട്, വീട് നിർമ്മിക്കാനുപയോഗിക്കുന്ന വസ്തുക്കൾ, വീട്ടുപകരണങ്ങൾ തുടങ്ങി 'കുടുംബം' എന്ന സങ്കല്പത്തെ പ്രാവർത്തികമാക്കുന്ന ഏറ്റവും ചെറിയ ഘടകങ്ങൾക്കുപോലും പദവിമൂല്യമുണ്ട്. ഈ പദവിമൂല്യം ഒരേ സമയം സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ജാതീയവുമായ മൂലധനത്തെ സൃഷ്ടിക്കുന്നവയാണ്. അഥവാ വ്യക്തിയുടെ പ്രതീകാത്മക മൂലധനം നിർമ്മിച്ചെടുക്കുന്നതിൽ കുടുംബത്തിനുള്ള പങ്ക് ചെറുതല്ല. ദളിത് കോളനികളിലും ലയങ്ങളിലും ആദിവാസി ഊരുകളിലും തീരദേശമേഖലയിലും ഉള്ള അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത ദളിത് ബഹുജൻ കുടുംബത്തിലെ വ്യക്തികൾ പ്രതീകാത്മക മൂലധനം നേടിയെടുക്കണമെങ്കിൽ ഏതൊക്കെ സാമൂഹികാവസ്ഥകളോട് പൊരുതണം? വീടുകളുടെ ഭൗതിക സാഹചര്യം തന്നെ ദളിതരെ കുടുംബം എന്ന സാമൂഹിക വ്യവസ്ഥയിൽ നിന്നും ഇതരമാക്കി നിർത്തുന്നു. 'തറവാട്ടിലെ ' സ്ത്രീയായിരിക്കുക എന്നതും 'കോളനിക്കാരി'യായിരിക്കുക എന്നതും നൽകുന്ന സാമൂഹികാനുഭവത്തിൽ പ്രവർത്തി ക്കുന്ന ഹിംസയെ വിഭവാധികാരത്തിലൂടെ രൂപപ്പെട്ട പ്രതീകാത്മക മൂലധനത്തോട് ചേർത്ത് മാത്രമേ ആലോചിക്കാൻ സാധിക്കുകയുള്ളൂ. ഉത്തമ കുടുംബം, മാതൃകാ കുടുംബം എന്നീ സാംസ്കാരിക നിർമ്മിതിയുടെ പുറമ്പോക്കിലാണ് ദളിത് കുടുംബങ്ങളെ പൊതുബോധം

വിഭാവനം ചെയ്യുന്നത്.

**ദളിത് സ്ത്രീ ; കുടുംബത്തിനകത്തും പുറത്തും**

'കുടുംബ'ത്തിനകത്തെ സ്ത്രീയുടെ സ്വത്തവകാശം, ലിംഗപരത, ലൈംഗീകമായ അടിച്ചമർത്തൽ തുടങ്ങിയവയെ പ്രശ്നവൽക്കരിക്കുക എന്നത് മുഖ്യധാര സ്ത്രീവാദ സമീപനങ്ങളുടെ ലക്ഷ്യമാണ്. എന്നാൽ നിലനിൽക്കുന്ന സാമൂഹിക രാഷ്ട്രീയ സാംസ്കാരികാന്തരീക്ഷത്തിൽ കുടുംബം എന്ന ഘടനയ്ക്കകത്ത് പൊതു സ്ത്രീ നേരിടുന്ന അടിച്ചമർത്തലുകളോ ആന്തരിക സംഘർഷങ്ങളോ അല്ല ഒരു ദളിത് സ്ത്രീനേരിടുന്നത്. കാലങ്ങളായി സാമൂഹികമായും സാംസ്കാരികമായും ജാതീയമായും അടിച്ചമർത്തപ്പെട്ട ജനവിഭാഗത്തിനകത്തുള്ള സ്ത്രീ പദവിയാണ് ഓരോ ദളിത് സ്ത്രീയ്ക്കുമുള്ളത്. ഇത് സ്ത്രീയെന്ന നിലയിലും ദളിത് എന്ന നിലയിലും ഉള്ള അടിച്ചമർത്തലുകൾക്ക് അവളെ വിധേയയാക്കുന്നു. ശ്രേണീകൃതമായ അസമത്വം ദളിത് സ്ത്രീയുടെ ഭൗതിക സാഹചര്യങ്ങളെ പരിമിതപ്പെടുത്തുന്നു. അടച്ചുറപ്പില്ലാത്ത വീടുകളിലെ സുരക്ഷിതത്വമില്ലായ്മ, പോഷകാഹാരക്കുറവ്, ആരോഗ്യനില, ലൈംഗിക വിദ്യാഭ്യാസത്തിന്റെ അഭാവം, ലൈംഗിക ചൂഷണം കുടുംബത്തിനകത്ത് പ്രവൃത്തിക്കുന്ന പുരുഷാധികാരം തുടങ്ങി നിരവധിയായ സംഘർഷങ്ങളിലൂടെയാണ് ദളിത് സ്ത്രീകൾ അവരുടെ കർത്തൃത്വത്തെ രൂപപ്പെടുത്തുന്നത്.

'സ്ത്രീകൾക്ക് ഇരട്ടി ജോലിയാണ്. രാവിലെമുതൽ സന്ധ്യ വരെ തേയിലത്തോട്ടത്തിൽ പണിയെടുത്താൽ പോരാ കുടുംബവും നോക്കണം. പുരുഷന്മാർ തങ്ങൾക്കുകിട്ടുന്ന പണം മദ്യത്തിനും മറ്റുമായി ചെലവഴിക്കും. അല്ലെങ്കിൽ അവരുടെ പണം പലിശക്കാരിൽ നിന്ന് കടം വാങ്ങിയത് തിരിച്ച് കൊടുക്കുവാനേ ഉണ്ടാകൂ. പിന്നെ വീട്ടിലേക്ക് ഒന്നുമുണ്ടാകില്ല. അങ്ങനെ കുടുംബം നോക്കേണ്ട ഉത്തരവാധിത്തവും പെണ്ണുങ്ങൾക്കാണ്. കുട്ടികളെ നോക്കുക, ആഹാരം പാകം ചെയ്യുക എന്നതടക്കമുള്ള വീട്ടുജോലി വേറെയും. ഇതാണ് മിക്ക ലയങ്ങളിലെയും അവസ്ഥ.' (ലിസി സണ്ണി 2015: പുറം 18)

പെമ്പിളൈ ഒരുമ നേതൃത്വത്തിലൊരാളായ ലിസി സണ്ണിയുടെ സ്വാനുഭവമാണിത്.

'നമ്മളെ ആൾക്കാരെ ഇടയില് പെണ്ണുങ്ങള് അധികമായി ചുമതലകൾ ഏറ്റെടുക്കും. മറ്റു സമുധായത്തിലും അങ്ങനെതന്നെ. കണ്ടത്തിലെ പണിക്ക് പോകും. എല്ലാ കൃഷിപ്പണികളും ചെയ്യും. കിളക്കുക, വിത്തിടുക, പാകമാക്കുക തുടങ്ങി ഭൂമിയിലെടുക്കേണ്ട പണികളെല്ലാം ചെയ്യും. കുടിലെ കുഞ്ഞുങ്ങളെയും നോക്കും.' (ഭാസ്കരൻ : ജാനു സി.കെ. : 55)

ഈ രണ്ട് അനുഭവ സന്ദർഭങ്ങളിലും ലിംഗപരമായ അസമത്വം മാത്രമല്ല പ്രശ്നം; ഒരു ദളിത് സ്ത്രീയെ സംബന്ധിച്ചെടുത്തോളം കുടുംബത്തിന്റെ പൂർണ്ണ ഉത്തരവാധിത്വം കൂടിയേറ്റെടുക്കാൻ അവളുടെ സാമൂഹിക സാഹചര്യങ്ങൾ അവളെ നിർബന്ധിതയാക്കുന്നു. സി.കെ. ജാനുവിന്റെ ആത്മകഥയിൽ ജന്മിയുടെ കണ്ടത്തിൽപൂട്ടാൻ കാളകളെ കിട്ടാതായാൽ നുകത്തിൽ കയറിനിന്ന് കണ്ടംപൂട്ടേണ്ടി വരുന്ന അവസ്ഥയെ വിവരിക്കുന്നുണ്ട്. ജന്മിമാരിൽ നിന്നും കുടിയേറ്റക്കാരിൽ നിന്നും തൊഴിലാളി നേതാക്കളിൽ നിന്നും ദളിത് ആദിവാസി സമൂഹത്തിലെ സ്ത്രീകൾ അനുഭവിക്കേണ്ടി വരുന്ന ലൈംഗീകാതിക്രമങ്ങളും തൊഴിൽപരമായ ചൂഷണങ്ങളുടെയും നേരനുഭവമാണിത്. ഈ രണ്ടനുഭവങ്ങളും ലിംഗാധിഷ്ഠിതമായ അധികാര ബന്ധങ്ങളിലൂടെ മാത്രമല്ല രൂപപ്പെടുന്നത് ജാതി ബന്ധങ്ങളിൽ കൂടിയുമാണ്.

'ഉത്തമസ്ത്രീ' പരികല്പനയിൽ കുടുംബത്തിലെ അവളുടെ സഞ്ചാര സ്വാതന്ത്യം, അഭിപ്രായ സ്വാതന്ത്ര്യം, ലൈംഗീകത എല്ലാം നിയന്ത്രണങ്ങൾക്ക് വിധേയമാണ്. പുരുഷാധികാരത്തെ തൃപ്തിപ്പെടുത്തുന്ന വിധം നിർമ്മിച്ചെടുത്ത ചലന സ്വാതന്ത്ര്യങ്ങളാണ് മധ്യവർഗ്ഗ ഉത്തമ കുടുംബത്തിലെ സ്ത്രീകൾക്കുള്ളത്. ജാതി ശ്രേണിയിൽ താഴ്ന്ന സ്ത്രീകൾക്ക് കുടുംബത്തിലെ നിലനിൽപിനായി കുടുംബത്തിന് പുറത്തുള്ള അദ്ധ്വാനത്തിൽ ഏർപ്പെടേണ്ടിവരുന്നത് അവരുടെ തൊഴിൽ ചലനാത്മകതയെയും ലൈംഗീകതയെയും നിയന്ത്രിക്കുന്നതിൽ നിന്ന് ബ്രാഹ്മണിക പുരുഷാധികാരത്തെ വിലക്കുന്നുവെന്ന് ഷർമിള റെഗെ നിരീക്ഷിക്കുന്നുണ്ട്. (2020;11)

കുടുംബത്തിനു പുറമെയുള്ള സ്ത്രീ ആദർശാത്മക കുടുംബസങ്കല്പത്തിന് ഭീഷിണിയാണ്. വിഭവാധികാരമില്ലാത്ത സ്ത്രീകൾ എന്ന നിലയിലും ആധുനിക കുടുംബസങ്കല്പത്തിന്റെ സദാചാര ബോധത്തിനകത്ത് ചേർന്ന് പോകാത്തവളായ സ്ത്രീ എന്ന നിലയിലും ദളിത് സ്ത്രീ കേരള കുടുംബ മാതൃകയ്ക്ക് പുറത്താണ്. 'ഇതിന് പുറത്ത് (കുടുംബത്തിന്) തൊഴിലെടുക്കുന്ന, സഞ്ചാര സ്വാതന്ത്ര്യമുള്ള ദളിത് സ്ത്രീ പ്രതിഷ്ഠിക്കപ്പെട്ടു. ഈ അപര നിർമ്മിതിയിലാണ് ഫെമിനിസ്റ്റ് സംവാദത്തിനകത്തെ ദളിത് സ്ത്രീ പ്രതിനിധാനം കുടികൊള്ളുന്നത്.'(രേഖാരാജ് 2016;19) ജാതിയും ലിംഗാധികാരവുമായുള്ള ബന്ധത്തെ കണക്കിലെടുക്കുമ്പോൾ മാത്രമേ ലിംഗ പദവിയെ സംബന്ധിക്കുന്ന ആലോചനകൾ ജനാധിപത്യപരമാവുകയുള്ളൂ.

മധ്യവർഗ്ഗസ്ത്രീ തൊഴിലിലൂടെ നേടുന്ന അന്തസും അഭിമാനവുമല്ല ദളിത് സ്ത്രീ തൊഴിലിലൂടെ ആർജിക്കുന്നത്. പലപ്പോഴും കുടുംബത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരുന്ന ദളിത് സ്ത്രീകൾ തൊഴിലിടങ്ങളുടെ ശ്രേണീകരിക്കപ്പെട്ട അവസ്ഥയാലും തൊഴിൽ വിഭജനത്തിന്റെ കേന്ദ്രയുക്തിയായി ജാതി പ്രവർത്തിക്കുന്നതിനാലും സമൂഹം ഏറ്റവും മോശമെന്ന് കരുതുന്ന തൊഴിലുകൾ എടുക്കുവാൻ നിർബന്ധിക്കപ്പെട്ടവരാണ്. വ്യത്യസ്ത തൊഴിൽ മേഖലകളിൽ എത്താൻ പറ്റാത്ത ദളിത് സ്ത്രീകൾ കുടുംബത്തിന്റെ നിലനിൽപ്പിനായി എത്തിപ്പെടുന്നത്

മധ്യവർഗ്ഗകുടുംബത്തിലെ വേലക്കാരികളും പുറംപണിക്കാരുമായാണ്. വേല എന്ന പദത്തിന് ജോലി എന്നാണ് അർത്ഥമെങ്കിലും വേലക്കാരി എന്ന പദം ഉണ്ടാക്കുന്ന സാമൂഹികാർത്ഥം ജോലി ചെയ്യുന്ന സ്ത്രീ എന്നല്ല. വീട്ടുജോലി ചെയ്യുന്ന ജാതിശ്രേണിയിൽ താഴ്ന്നവിഭാഗത്തിൽപ്പെട്ട സ്ത്രീ എന്നാണ്. അല്ലെങ്കിൽ മാതൃകാകുടുംബം/ഉത്തമകുടുംബത്തിന്റെ പിന്നാമ്പുറങ്ങളിൽ വേലക്കാരിയായ ദളിത് സ്ത്രീയുടെ/അപരസാന്നിദ്ധ്യം കേരളീയ കുടുംബമാതൃക വിഭാവനം ചെയ്യുന്നുണ്ട്.

സമൂഹം മാന്യമെന്ന് കരുതുന്ന തൊഴിൽ ചെയ്യുന്ന ദളിത് സ്ത്രീകൾ തൊഴിലിടങ്ങൾ ജാതീയവും ലിംഗപരവുമായ വെല്ലുവിളികൾ നേരിടുന്നുണ്ട്. തൃപ്പൂണിത്തറ ആർ.എൽ.വി. കോളേജിലെ അതിഥി അദ്ധ്യാപികയായ ഹേമലത തൊഴിലിടത്തിൽ അനുഭവിച്ച മാനസികവും തൊഴിൽപരവുമായ വിവേചനത്തിനടിസ്ഥാനം ജാതി തന്നെയാണ്. ഇത്തരത്തിൽ പുരോഗമനപരവും ജനാധിപത്യപരവുമെന്ന് കരുതിവരുന്ന ഉന്നതവിദ്യാ ഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ സാമൂഹിക സാഹചര്യങ്ങളോട് നിരന്തരമായി പൊരുതി ഉദ്യോഗസ്ഥ പദവിയിലേയ്ക്ക് എത്തപ്പെട്ട ദളിത് സ്ത്രീകൾ തൊഴിലിടങ്ങളിൽ നേരിടേണ്ടിവരുന്ന ചൂഷണങ്ങളും വിവേചനങ്ങളും ഇപ്പോഴും പൊതുസമൂഹത്തിന്റെ ചർച്ചയുടെ ഭാഗമാകുന്നില്ല. അഥവാ പൊതുമാധ്യമ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിലയിലേയ്ക്ക് ഈ വിവേചനവും ചൂഷണവും അപകടകരമാകുന്ന സാഹചര്യത്തിൽ മാത്രമാണ് മാധ്യമങ്ങൾ പോലും ഇത്തരം വിഷയങ്ങളെ അഭിസംബോധന ചെയ്യുന്നത്.

കുടുംബത്തിന് പുറത്ത് അദ്ധ്വാനിക്കുന്ന ദളിത് സ്ത്രീയുടെ സ്വഭാവം ലൈംഗീകത എന്നിവയെല്ലാംനിരന്തരമായി മൂല്യ നിർണ്ണയത്തിന് വിധേയമാണ്. കുടുംബത്തിനകത്തും പുറത്തുമുള്ള അതിക്രമങ്ങളെ തുറന്നുപറയുകയോ ചെറുത്തുനിൽക്കുകയോ ചെയ്യുന്ന ദളിത് സ്ത്രീകളുടെ അന്തസ്സി(modesty)നെ ചോദ്യം ചെയ്യുക എന്നതാണ് പൊതു/ജാതിയില്ലാത്ത പുരോഗമനസമൂഹത്തിന്റെ കർത്തവ്യമാണെന്ന് അവർ സ്വയം കരുതുന്നു. ജിഷയുടെ കൊലപാതകത്തിനു ശേഷവും വാളയാറിലെ കുഞ്ഞുങ്ങളുടെ കൊലപാതകത്തിനു ശേഷവും പൊതുസമൂഹം അവരുടെ അമ്മമാരോട് എങ്ങനെയാണ് പെരുമാറിയതെന്ന് പരിശോധിക്കുക. ദളിത് സ്ത്രീ ലൈംഗീകതിക്രമങ്ങളെ പറ്റിയോ ജാതിയെപറ്റിയോ സമൂഹത്തിലെ മറ്റേതെങ്കിലും വിഷയത്തിലിടപെട്ട് നിലപാട് വ്യക്തമാക്കിയാലും ആദ്യം അവളുടെ സത്യസന്ധത, സ്വഭാവം എന്നിവയെ മൂല്യ നിർണ്ണയം നടത്തുക. പിന്നീട് ലൈംഗീകമായി സദാചാരം ഇല്ലാത്തവളാമെന്ന് സ്ഥാപിച്ച് മാറ്റി നിർത്തുക തുടങ്ങിയവ ബ്രാഹ്മണിക ആൺകോയ്മയുടെ പൊതുപ്രവർത്തനരീതിയാണ്.

കുടുംബം എന്ന ഘടനയ്ക്ക് പുറത്തു നിൽക്കുന്ന എന്തിനെയും സദാചാര ആക്രമണങ്ങൾകൊണ്ട് നേരിടുകയോ ലൈംഗീകമായി കീഴ്പെടുത്തുകയോ ചെയ്യുക. ഭിന്നവർഗ്ഗ ലൈംഗീകതയെ (heterosexual) മാത്രമാണ് സ്വാഭാവികമെന്ന് കരുതിപ്പോന്നാൽ മാത്രം നിലനിർത്താൻ സാധിക്കുന്ന ഒരു സ്ഥാപനമാണ് കുടുംബം. സ്വാഭാവിക കുടുംബത്തിനു ബദലായ (co-habitation, living together) പങ്കാളിത്ത രീതികൾ സ്വീകരിക്കുന്ന ദളിത് സ്ത്രീ സദാചാരമില്ലാത്തവളും സ്വഭാവദൂഷ്യമുള്ളവളുമായാണ് ചിത്രീകരിക്കപ്പെടുന്നത്. എന്നാൽ ഈ ബദൽ സംവിധാനം സവർണ സ്ത്രീ അവലംബിക്കുകയാണെങ്കിൽ അവൾ പുരോഗമനവാദിയായി കണക്കാക്കപ്പെടും. ലൈംഗികതയെ കുറിച്ച് പൊതുവിടങ്ങളിൽ സംസാരിക്കുന്ന ദളിത് സ്ത്രീ അഴിഞ്ഞാട്ടക്കാരിയും കേസുകെട്ടുകളുമാണ് എന്ന് പൊതുസമൂഹം വിലയിരുത്തുന്നു. സാമൂഹികവും സാംസ്കാരികവുമായ മൂലധനമുള്ള ദളിത് സ്ത്രീകളുടെ സാമൂഹിക പദവി വിവാഹത്തിലൂടെ ഉയർത്തപ്പെടുന്നുണ്ട്. ഹൈന്ദവതയെ സ്വാംശീകരിക്കുന്ന ആചാരാനുഷ്ഠാനങ്ങളിലൂടെ നടത്തപ്പെടുന്നു വിവാഹങ്ങളിലേർപ്പെട്ട ദളിത് സ്ത്രീകൾക്കും , കാലങ്ങളായി ഒരേ വിവാഹ ബന്ധത്തിൽ തുടരുന്ന കുടുംബത്തിന്റെ ആന്തരഘടനയെ പ്രാവർത്തികമാക്കിയ ദളിത് സ്ത്രീകൾക്കും, പ്രത്യുല്പാദനം നടത്തി കുട്ടികളെ നോക്കി വളർത്തുന്ന സ്ത്രീകൾക്കും ചിലപ്പോഴെങ്കിലും പൊതു സമൂഹത്തിന്റെ സ്വീകാര്യതയുടെ ഭാഗമാകാൻ കഴിയുന്നുണ്ട്. ലിംഗ ലൈംഗിക ന്യൂനപക്ഷങ്ങളിൽപെട്ടവരും ഒറ്റയ്ക്ക് നിൽക്കുന്നവരും പ്രത്യുല്പാദനം നടത്താത്തവരും ആയ ദളിത് സ്ത്രീകളും അപരവൽക്കരിപ്പെടുന്നു. മിശ്രവിവാഹത്തിലൂടെ രൂപപ്പെടുന്ന ജാതിരഹിതമായ ഒരു സമൂഹം എന്ന അംബേദ്കർ ഉയർത്തുന്ന ആശയം ബ്രാഹ്മണിക്കൽ വ്യവഹാരത്തോടുള്ള പ്രതിഷേധം കൂടിയാണ്. എന്നാൽ ദളിത് കുടുംബങ്ങളുടെ പദവിമൂല്യമില്ലായ്മ മിശ്രവിവാഹത്തിലേർപ്പെടാനുള്ള ദളിത് സ്ത്രീയുടെ സാധ്യതകളെ ഇല്ലാതാക്കുന്നു.

കൊവിഡ് മഹാമാരിയുടെ രണ്ടുവർഷത്തെ അനുഭവം ദളിതരെയും ആദിവാസി പ്രാക്തനാ ഗോത്രവിഭാഗങ്ങളെയും സംബന്ധിച്ചെടുത്തോളം 'പുറത്താക്കലിന്റെ' അനുഭവചരിത്രം കൂടിയാണ്. വിദ്യഭ്യാസം, ആരോഗ്യം തുടങ്ങി ഭരണകൂടം ഉറപ്പുനല്കുന്ന അടിസ്ഥാന ആവശ്യങ്ങൾ സാധാരണ സാമൂഹിക സാഹചര്യത്തിൽപോലും നിറവേറാത്ത ആദിവാസി പ്രാക്തന വിഭാഗങ്ങൾ കേരളത്തിനകത്തുണ്ട്.

നവോത്ഥാനത്തിന്റെ ഗുണാത്മക വശമായി വിശദീകരിക്കപ്പെടുന്ന വിദ്യഭ്യാസം നേടി ആധുനിക വ്യക്തിയിലേയ്ക്ക് ഉയർത്തപ്പെട്ട ദളിതരിൽ എത്രസ്ത്രീകൾ ഉണ്ട് എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. ആധുനിക കുടുംബത്തിലേയ്ക്ക് ഉയർത്തപ്പെട്ട എത്ര ദളിത് കുടുംബങ്ങൾ കേരളത്തിലുണ്ട്. അവരിൽത്തന്നെ നൂതന സാങ്കേതിക വിദ്യയും ഇന്റർനെറ്റും പ്രാപ്ത

രായവർ എത്രയുണ്ട്? ഇതിൽതന്നെ ദളിത് ആദിവാസി സ്ത്രീകൾ എത്ര? ഇങ്ങനെ അനവധിയായ ചോദ്യങ്ങൾ സാമകാലിക സാമൂഹിക സന്ദർഭങ്ങളോടും ജനാധിപത്യ പൊതുസംവിധാനങ്ങളോടും ചോദിക്കേണ്ടതുണ്ട് സാങ്കേതിക വിദ്യയും ഇന്റർനെറ്റ് ലഭ്യതയുമെല്ലാം ഒരു വിഭവമായി തന്നെ പരിഗണിക്കണം. പ്രാഥമികവും അടിസ്ഥാനവുമായ സൗകര്യങ്ങൾ ഉറപ്പുവരുത്താതെ വിദ്യഭ്യാസ പ്രക്രിയയിൽ മാറ്റം കൊണ്ടുവന്നപ്പോൾ പൊതുവിദ്യാഭ്യാസത്തിൽനിന്ന് പുറന്തള്ളപ്പെട്ടത് ദളിത് വിദ്യാർത്ഥികളാണ്. കൊവിഡിനെതിരായി വാക്സിനേഷൻ കേരളത്തിൽ സൗജന്യമാണെന്ന് പറയുമ്പോഴും ഇന്റർനെറ്റ് പ്രാപ്യതയും സാങ്കേതിക പരിജ്ഞാനവും ഉള്ളവർക്കേ ഇതിനു സാധിക്കൂ എന്നതും ഒരു വസ്തുതയാണ്. ഇങ്ങനെ ഭരണകൂടം പൊതുജനത്തിനായി വിഭാവനം ചെയ്യുന്ന പദ്ധതികളിലെ പൊതു ആരാണെന്ന് പ്രശ്നവൽക്കരിക്കേ ണ്ടതുണ്ട്.

ജനാധിപത്യക്രമത്തിനകത്ത് ഭരണകൂടം സാധ്യമാക്കുന്ന പൗരാവകാശങ്ങൾ അതേ അർത്ഥത്തിൽ ദളിത് കുടുംബങ്ങൾക്ക് ലഭിക്കണമെങ്കിൽ പൊതു എന്ന വിഭാവന പ്രക്രിയയെ പ്രശ്നവൽക്കരിക്കേണ്ടതായി വരും. നവഹൈന്ദവ ദേശീയതയിലൂടെ ഉയർന്നുവരുന്ന ബ്രാഹ്മണിക പുരുഷാധിപത്യത്തിനോടും കേരളീയ നവോത്ഥാനത്തിന്റെ യൂറോപ്യൻ അടരുകളോടും അകമെയും പുറമെയും നിരന്തര കലഹങ്ങളും സംഘർഷങ്ങളും നടത്തിയാൽ മാത്രമേ ദളിത് ബഹുജൻ കുടുംബങ്ങൾക്ക് ദേശരാഷ്ട്രമെന്ന ജനാധിപത്യ സങ്കല്പത്തിൽ ഉൾചേരുവാൻ സാധിക്കുകയുള്ളൂ.

**ഗ്രന്ഥസൂചി**


1. ജാതിയെ ലിംഗവൽക്കരിക്കുമ്പോൾ, ഉമാ ചക്രവർത്തി (വിവ. പി.എസ്. മനോജ്കുമാർ) 2008 മാതൃഭൂമി ബുക്ക്സ് കോഴിക്കോട്.

2. കീഴാളപഠനങ്ങൾ, സൂസിതാരു എസ്. സഞ്ജീവ് (എഡിറ്റർ), 2006, ഡി. സി. ബുക്ക്സ്, കോട്ടയം.

3. ദളിത് സൗന്ദര്യ ശാസ്ത്രം, പ്രദീപൻ പാമ്പിരിക്കുന്ന്, 2017, ഡി. സി. ബുക്ക്സ്, കോട്ടയം.

4. ദളിത് സ്വത്വവും അധികാരത്തിന്റെ പ്രശ്നവും, ടി.എം. യേശുദാസൻ

5. ദളിത് സ്ത്രീ ഇടപെടലുകൾ, രേഖാരാജ്, 2016, ഡി. സി. ബുക്ക്സ്, കോട്ടയം.

6. ജനതയും ജനാധിപത്യവും ദളിത് വിജ്ഞാനത്തിന്റെ രാഷ്ട്രീയ പാഠങ്ങൾ, സണ്ണി എം. കപിക്കാട്, 2017, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്

7. നവോത്ഥാനം, ദേശീയത, ആധുനികത : കീഴാള സംസ്കാര പഠനം, പ്രദീപൻ പാമ്പിരിക്കുന്ന്, സംസ്കാരപഠനം ചരിത്രം പ്രയോഗം സിദ്ധാന്തം, 2011, മലയാള പഠന സംഘം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

8. കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ? ജെ.ദേവിക, 2011, സി.ഡി.എസ്. തിരുവനന്തപുരം.

9. ഫെമനിസം, ജയകൃഷ്ണൻ എൻ, പഠനസമാഹാരം, 2000 ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

10. സംസ്കാരവും ദേശിയതയും, പണിക്കർ കെ.എൻ, (വിവ. ഗോപികൃഷ്ണൻ പി.എൻ, മനോജ് കുമാർ പി.എസ്.), 2004, കറന്റ് ബുക്ക്സ്, തശൂർ.

11. Caste in India, Ambedkar B.R., Bheem pathrika Publication Jullunder

12. Imagined Communities, Reflection on the Origin and Spread of Nationalism, Anderson Benadict, 1996, Verso, Newyork

13. Theories of Nationalism Alternatives Models of National Formation, Asian Nationalism, Smith Antony D, 2000, Routledge Lond.

14. Women-Nation-State Yuval Davies and Anthias (Editor), 1989, Macmillan, London.

15. Dalit Feminist Theory A Reader, Sunina Arya, and Akash Singh Rathore, 2020, Routledge Newyork


**ലേഖനങ്ങൾ**


1. പെമ്പിളൈ ഒരുമൈയുടെ ആത്മകഥ; കവർ സ്റ്റോറി, ലിസ്സി സണ്ണി, ഗോമതി, ഫഹീം ചമൃവട്ടം, മാധ്യമം ആഴ്ചപതിപ്പ്, 2015 നവംബർ 30, പുസ്തകം 16.

2. ജാതികോളനി ജീവിതം, മായാ പ്രമോദ്, മാധ്യമം ആഴ്ചപതിപ്പ്, 2018, ജൂലൈ 2, പുസ്തകം 21

3. എച്ചിൽ: ഒരു ദളിതന്റെ ഓർമ്മകുറിപ്പുകൾ, സി.എസ്. മുരളി, മാധ്യമം ആഴ്ചപതിപ്പ്, 2018, ജൂലൈ 2, പുസ്തകം 21


4. ഐസക്കിന്റേത് രാഷ്ട്രീയ പരിപാടി, കുഞ്ഞാമൻ എം./ ആർ. സുനിൽ, മാധ്യമം ആഴ്ചപതിപ്പ്, 2020 ജൂൺ 22, പുസ്തകം, 23.

5. ദളിത് കോളനികൾ; നൂറ് വർഷത്തിന്റെ ചരിത്രവും വർത്തമാനവും, ആർ.കെ. ബിജുരാജ്, മാധ്യമം ആഴ്ചപതിപ്പ്, 2020 ജൂൺ 22, പുസ്തകം, 23.

6. ദളിതരെ അറിയാൻ മുഖ്യധാര സമൂഹം എത്തേണ്ടത് കോളനികളിൽ തന്നെയാണ്, മായ പ്രമോദ്, മാധ്യമം ആഴ്ചപതിപ്പ്, 2020 ജൂൺ 22, പുസ്തകം, 23.

7. കാണാതെപോകുന്ന ഓഫ് ലൈൻ ജീവിതങ്ങൾ, അസ്ലാം പി, മാധ്യമം ആഴ്ചപതിപ്പ്, 2020 ജൂൺ 22, പുസ്തകം, 23.

കഥ



**ശഹന എ.**
ഗവേഷക
കേരള സർവ്വകലാശാല കാര്യവട്ടം
എം. ഫിൽ മലയാളം

# പ്രണയവേവ്

ആബിദുമായുള്ള ഫോൺ സംഭാഷണം തുടരുന്നതിനിടയിൽ ആമി പലതവണ മുഖം വെറ്റ് ടിഷ്യു കൊണ്ട് ഒപ്പിയെടുത്തു. പശിമയുള്ള ഒട്ടലാണ് അയാളുടെ വാക്കുകൾക്ക്. ഷുഗർ സിറപ്പിൽ മുക്കിയെടുത്ത അഴകൊഴമ്പൻ വാചകങ്ങൾക്കിടയിലൂടെ കടിയനുറുമ്പുകൾ അരിച്ചിറങ്ങുന്നുണ്ട്. മറുപടിയൊന്നും കിട്ടാത്തതു കൊണ്ടാവണം മറുതലയ്ക്കൽ നിന്ന് ആബിദിന്റെ ശബ്ദം ഉച്ചത്തിലായി.

'ആമി ഞാൻ പറയണത് അന്റെ നന്മയ്ക്കു വേണ്ടിയാണ്. യ്യ് വിചാരിക്കണ പോലത്ര നല്ലവരല്ല ആണുങ്ങളൊന്നും.'

മൂളലിലൊതുക്കിയ മറുപടിക്കപ്പുറം ആമി ഉറുമ്പുകളെക്കുറിച്ച് തന്നെയാണാലോചിച്ചത്. പ്രണയ ത്തിന്റെ മാംസള ദിനങ്ങളിൽ അവളുടെ അകത്തളങ്ങളിലേക്ക് വിരുന്നെത്തിയ കുഞ്ഞനുറുമ്പുകൾ .അവ മുത്തിയുണ്ടായ തിണർപ്പുകൾ ചെമന്ന കല്ലിപ്പുകളായി നീറി പിടിച്ചപ്പോഴാണ് ഉറുമ്പിൻ കൂട്ടത്തിലെ വേഷം മാറി വന്ന കട്ടുറുമ്പുകളെ അവൾ കണ്ടത്.

'മുത്തേ ആമി'

ആബിദ് വിളിക്കുകയാണ്. വാക്കുകളുടെ പൊത്തുകളിൽ മറഞ്ഞിരിക്കുന്ന പ്രേമ പാമ്പുകളുടെ നാവുകൾ അവളെ നക്കിത്തുവർത്തുമെന്ന ഭീതിയിൽ അവൾ ഫോൺ കട്ട് ചെയ്തു. എല്ലാം മറന്നു ചിരിച്ചു വാഴാൻ ആഹ്വാനം ചെയ്തുകൊണ്ട് ഉമ്മയുടെ പാട്ടുപെട്ടി അടുക്കളയിൽ പാടി തുടങ്ങി.ചൂളമടിക്കാതെ തിളച്ചുകൊണ്ടിരിക്കുന്ന ഉമ്മയെന്ന പ്രഷർകുക്കറിന്റെ സേഫ്റ്റിവാൾവാണ് ആ റേഡിയോ.ചുണ്ടിൽ തത്തിക്കളിക്കുന്ന ചലച്ചിത്രഗാനങ്ങളുടെ അകമ്പടിയോടെ ഉമ്മ പാകം ചെയ്യുന്ന ഭക്ഷണങ്ങൾക്ക് ആറാത്ത സനേഹച്ചൂടുണ്ടായിരിക്കും.ഒരുതുണ്ട് മഴവില്ലരച്ച് താളി

ച്ച കറികളും നക്ഷത്രം വറവിട്ട ഉപ്പേരികളും ഊട്ടി ഉമ്മ വയറുകളിൽ പ്രണയത്തിന്റെ രുചി നിറച്ചു.ആബിദുമായുള്ള  പ്രണയത്തെപ്പറ്റി ആമി വാചാലയാകുമ്പോഴൊക്കെയും പാചക ജ്ഞാനത്തിലൊളിപ്പിച്ച അനുരാഗ പാഠങ്ങൾ ഉമ്മ വിളമ്പും.

‘ അലങ്കരിച്ചൊരുക്യ പലാരം കാണുമ്പൊ ചേലാണ്.നേരറിയണേലേ തിന്നെന്നെ നോക്കണം ആമ്യേ. തിന്നോക്കി പാകം പറയാൻ അന്നെക്കൊണ്ട് ഒക്കണെങ്കി ഇയ്യ് ഉസാറ് വെപ്പുകാരിയാവണം. മസാലേടെ കൂട്ടും കണക്കും അന്റെ കൈക്ക് നല്ലോണം തിരിയണം.അതു പോലെന്നാടീ പ്രേമോം ജീവിതോം.‘

മണിക്കൂറുകളോളം അടച്ചിട്ട മുറിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ വീർത്ത് കലങ്ങിയ കണ്ണുകൾ ഉമ്മ കാണാതെ ഒളിപ്പിച്ചിട്ടും പലതവണ പിടിക്കപ്പെട്ടു.ഉമ്മയുടെ കണ്ണുകളിൽ ചോദ്യങ്ങൾ പെറ്റു പെരുകുമ്പോൾ അവൾ മിണ്ടാതെ തിരിഞ്ഞു നടക്കും.ഇറുകിപ്പുണർന്ന് ഒട്ടിപ്പിടിക്കാത്ത കറിക്കൂട്ടുകൾ  ഒരു രുചിയും പകർന്നു തരാതെ കറികളിൽ മുഴച്ചു കിടന്നു..

ചലചിത്രഗാനങ്ങൾക്ക് ശേഷം കാലാവസ്ഥാ അറിയിപ്പുകൾ ആരംഭിച്ചു. അവൾക്ക് കിടക്കയിൽ നിന്നെഴുന്നേൽക്കാനേ തോന്നിയില്ല. സൈക്കോളജിസ്റ്റ് അരുൺ റോയിയുമായുള്ള അപ്പോയിൻമെന്റ് ഓർമ്മപ്പെടുത്തി കൊണ്ട് ആബിദിന്റെ ടെക്സ്റ്റ് മെസേജ് ഫോണിൽ വന്ന് കിടപ്പുണ്ട്. ആമി സംസാരിച്ചാലേ പ്രശ്നങ്ങളവസാനിക്കൂ എന്നാണ്  കഴിഞ്ഞ തവണയും ഡോക്ടർ പറഞ്ഞത്. എന്താണിനി സംസാരിക്കേണ്ടത്? അവൻ ഉടുപ്പിക്കുമ്പോഴൊക്കെയും അഴിച്ചിട്ടവളായതും അവൻ കൂട്ടിരിക്കുമ്പോഴൊക്കെയും ഒറ്റപ്പെട്ടതും, വാക്കുകളിലേക്ക് ചേക്കേറാതെ ഭാഷയ്ക്ക് പുറത്തെ ചതുപ്പിലാണ്ടു. എതിർശബ്ദങ്ങളെ പൊള്ളിക്കുന്ന ആസിഡ് ഭരണികളിലാണ് പ്രണയത്തെ ആബിദ് ഉപ്പിലിട്ടത് . ഇനിയൊരിക്കലും തൊട്ടുകൂട്ടാനാകാത്ത വിധം പ്രണയം അവളുടെ നാവിനെ കരിയിച്ചു കളഞ്ഞിരിക്കുന്നു. വേച്ചു വേച്ചു പറയുന്ന ആമിയുടെ 'നോ'കളിലേക്ക് കോരിയിടേണ്ട കനൽക്കട്ടയുടെ പാകം ആബിദിനറിയാം .വാട്സാപ്പിൽ അവനയച്ച ചിത്രങ്ങൾ ഗുണന ചിഹനത്തിനു ചുറ്റും വട്ടത്തിൽ കറങ്ങുമ്പോൾ അവളിൽ ഭീതിയുടെ വേരുകൾ ചുട്ടു പഴുക്കും. പച്ച വൃത്തത്തിന്റെ ബിന്ദുക്കൾ ഒരിടത്ത് കൂട്ടിമുട്ടുമ്പോൾ തുറക്കപ്പെടുന്ന ചോര കാഴ്ചകളിൽ പ്രണയത്തിന്റെ രൗദ്രത അവൾ കണ്ടു.' ഞാനിപ്പൊ ചാവും' എന്ന വാക്യത്തിന്റെ കൂർപ്പുകൾ ആമിയുടെ 'നോ'കളുടെ ഞരമ്പറുത്തു. കിടക്കയിൽ കിടന്ന് ആമി ഓർമ്മകളിൽ തിളച്ച് തൂവി. മുറി വിട്ടു പുറത്തിറങ്ങിയപ്പോൾ കണ്ടത് ഹാൾ അടിച്ചുവാരുന്ന ഉമ്മയെയാണ്. ബലാൽസംഗത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ച് അവളെഴുതിയ പ്രബന്ധത്തിന്റെ ചുരുട്ടിയ പേജുകളെയാണ് ചൂലുകൾ അടിച്ചു പറത്തുന്നത്. മുഖം ചുളിച്ച് പുരികം ചന്ദ്രക്കല പോലെ വളച്ച് അവളുടെ ഉള്ളിലേക്ക് ആബിദ് ചൊറിഞ്ഞു കയറി.

**”നീ പോൺ പേപ്പർ വായിച്ച് കേട്ടിരിക്കണ ആണ്ങ്ങളെ സുഖിപ്പിക്കാൻ പോവ്വാണോ ‘പോൺപേപ്പർ എന്ന വാക്കിന്റെ മുനകൾ അവളുടെ ചെവികളിൽ തുളഞ്ഞു കയറി.റേപ്പ് ന്യൂസുകൾ വായിച്ച് ഉദ്ധരിച്ച ലിംഗങ്ങളുടെ കഥകൾ ആബിദിന്റെ നാവിൻതുമ്പിൽ സ്ഖലിച്ചിറങ്ങി. പുകഞ്ഞ അഗ്നിപർവ്വതത്തിൽ നിന്നും ആഞ്ഞടിച്ച തീ കാറ്റു കണക്കെ ആമി അലറി. ‘ഷ..ട്ട്..അ..പ്പ്.. യു.. വ. ർ.. ബ്ല.. ഡി.. ‘ഭ്രാന്തിയെപ്പോലെ അലറി വിളിച്ചതിന്റെ പിറ്റേന്ന് തൊട്ട് സൈക്കോളജിസ്റ്റ് അരുൺ റോയിയുടെ പേഷ്യന്റായി തീർന്നു ആമി.**

”നീ പോൺ പേപ്പർ വായിച്ച് കേട്ടിരിക്കണ ആണ്ങ്ങളെ സുഖിപ്പിക്കാൻ പോവ്വാണോ ‘പോൺപേപ്പർ എന്ന വാക്കിന്റെ മുനകൾ അവളുടെ ചെവികളിൽ തുളഞ്ഞു കയറി.റേപ്പ് ന്യൂസുകൾ വായിച്ച് ഉദ്ധരിച്ച ലിംഗങ്ങളുടെ കഥകൾ ആബിദിന്റെ നാവിൻതുമ്പിൽ സ്ഖലിച്ചിറങ്ങി. പുകഞ്ഞ അഗ്നിപർവ്വതത്തിൽ നിന്നും ആഞ്ഞടിച്ച തീ കാറ്റു കണക്കെ ആമി അലറി. ‘ഷ..ട്ട്..അ..പ്പ്.. യു.. വ. ർ.. ബ്ല.. ഡി.. ‘ഭ്രാന്തിയെപ്പോലെ അലറി വിളിച്ചതിന്റെ പിറ്റേന്ന് തൊട്ട് സൈക്കോളജിസ്റ്റ് അരുൺ റോയിയുടെ പേഷ്യന്റായി തീർന്നു ആമി.

ഇളം നീല ചുമരുകളുള്ള കൺസൾട്ടന്റ് മുറിയിൽ ഡോക്ടർ അസ്വസ്ഥനായിരുന്നു. ചുറ്റിക്കളിപ്പിക്കുന്ന പദപ്രശ്നം മുഴുവനാക്കാൻ അയാൾക്ക് വാക്കുകൾ വേണമായിരുന്നു. വട്ടക്കണ്ണട മുഖത്ത് നിന്നെടുത്ത് മാറ്റി ഡോക്ടർ മുന്നോട്ടാഞ്ഞിരുന്നു. ‘ ലുക്ക് ആമി, വേർഡ്സ് ഹാവ് മാജിക് പവർ ടു ഹീൽ വൗണ്ട്സ്.സൊ .. ‘ ദുപ്പട്ടയ്ക്ക് താഴെ തൂങ്ങിക്കിടന്ന നൂലുകൾ പിണഞ്ഞുണ്ടായ കുരുക്കഴിക്കാൻ ശ്രമിക്കുകയായിരുന്നു അവൾ.പറ്റെ വെട്ടിയ നഖങ്ങൾ അവളുടെ ശ്രമങ്ങളെ പരാജയപ്പെടുത്തി കൊണ്ടിരുന്നു. പ്രണയത്തിന്റെ സൂചിപ്പല്ലുകൾ അവളുടെ ചുണ്ടുകളെ കുത്തിക്കെട്ടി തുന്നിയത് ഡോക്ടർക്കറിയില്ല. മിടിക്കുന്ന വാക്കുകളെല്ലാം കവർച്ച ചെയ്ത് പകരം സോപ്പ് പത പോലെ വഴുക്കുന്ന വാക്കുകളാൽ പദസഞ്ചി നിറക്കപ്പെട്ടിരിക്കുന്നു. കടംങ്കഥകളുടെ പൂട്ട് മുറുകി കൊണ്ടിരിക്കെ അക്ഷമനായ ആബിദ് മുറി വിട്ട് പുറത്തിറങ്ങി.

വിരസമാർന്ന പകലുകളുടെ ചാരക്കുഴിയിൽ നിന്നും ഉയിർക്കൊണ്ട ഒരു പുതിയ പകൽ ക്യാൻവാസുകണക്കെ മലർന്നു കിടന്നു. ഫൂട്ട്പാത്തിനരികിലുള്ള മതിലിലെ സിനിമാ പോസ്റ്ററിൽ പാതി വെന്ത മുഖം മറച്ച നായിക അവളുടെ മനസ്സിലേക്ക് ഒരു ഫേ

സ് ബുക്ക് പോസ്റ്റ് കൊളുത്തിയിട്ടു.' ◌ ഗോവിന്ദിനൊപ്പം' എന്ന പേരിൽ പ്രത്യക്ഷപ്പെട്ട കുറിപ്പിന്റെ ഉടമ ആബിദായിരുന്നുവെന്ന നടുക്കുന്ന ഓർമ്മയിൽ ആമി പൊള്ളി വിയർത്തു..കോഫി ഷോപ്പിന്റെ കോർണറിൽ ആബിദിനു അഭിമുഖമായി ഇരുന്നപ്പോൾ കാലുകളെ ചേർത്തൊട്ടിച്ച് ദുപ്പട്ടയിട്ടു മൂടാൻ ആമി മറന്നില്ല. മഴ പിഴിഞ്ഞു തുവർത്തിയ ഒരു പകലിൽ ഇതേ കോഫി ഷോപ്പിൽ വെച്ചായിരുന്നു പുരുഷാധിപത്യം ഹൈജാക്ക് ചെയ്ത സൊസ്യൂറിനെ ആമി കണ്ടത്. ചോര കുടിച്ച് വീർത്ത പാഡ് തുടകൾക്കിടയിൽ കനം വെച്ചപ്പോൾ അകറ്റി വെച്ച കാലുകളായിരുന്നു ആബിദ് കണ്ട അശ്ലീലചിഹ്നം.അംഗ വിന്യാസത്തിന്റെ 'തെറിച്ച 'ഘടനകളാണ് പെണ്ണിനെ ചൂഴുന്ന ആൺ കണ്ണുകൾക്ക് പിറകിലെന്നായിരുന്നു അവന്റെ സൈദ്ധാന്തിക നിരീക്ഷണം. സ്ത്രീയുടെ 'അച്ചടക്ക രഹിതമായ 'ചലനങ്ങൾ പുരുഷന്റെ ആകർഷണങ്ങളാണ് പോലും. ഇരിപ്പിന്റെ കിടപ്പിന്റെ നടപ്പിന്റെ രീതിശാസ്ത്രങ്ങൾ അവൾക്കിന്ന് മനപാഠമാണ്.നിരന്തരം അർത്ഥസൂചനകളെ സംവഹിക്കുന്ന ചിഹ്നത്തിന്റെ തടവുകാരിയായി അവൾ മാറി.

വെയിറ്റർ കൊണ്ടുവന്ന പതയുന്ന കാപ്പിയിലെ പ്രണയചിഹ്നം സ്പൂണിൽ കോരിയെടുക്കുന്നതിനിടയിലായിരുന്നു ആബിദിന്റെ ചോദ്യം.

'കാമുകിയുടെ കടമകൾ എന്താണെന്നറിയോ തനിക്ക് ' .കടും വർണ്ണത്തിലുള്ള ഒരു പുഛപ്പൂവ് ആമിയുടെ ചിരി കോണിൽ വിരിഞ്ഞാടി. അവളുടെ നിസ്സംഗഭാവം കണ്ട് വിളറി പിടിച്ച ആബിദ് ഫോണെടുത്ത് പബ്ജിയിലേക്ക് നുഴഞ്ഞു. പ്രേമം പഴുപ്പിച്ച മനസ്സും ശരീരവുമുള്ള കമിതാക്കൾ പരസ്പരം ചോര കൊണ്ട് ഐസ്ക്രീം ഉണ്ടാക്കി കഴിക്കുന്നത് അവൾ സിനിമയിൽ കണ്ടിട്ടുണ്ട്. ചെറുനാരങ്ങ പിഴിഞ്ഞ സർബത്ത് കണക്കെ ചുണ്ടുകളെ പാനം ചെയ്യുന്ന കാമുകീകാമുകന്മാരെയും ആമി കണ്ടിട്ടുണ്ട്. അവർക്കിടയിലൊക്കെയും ഒഴുകി പരക്കുന്ന വിശപ്പിനെ കൗതുകത്തോടെ അവൾ നോക്കി നിൽക്കും.പ്രണയം ചാലിച്ച ഭീഷണികൾക്കപ്പുറം കാമുകൻ കാമുകിയെ വെടിയുതിർത്തു കൊല്ലുന്ന ഗെയിം ആണിന്നവളുടെ പ്രണയം. ഗെയിം ഓവറിനപ്പുറം ആളിപ്പടരുന്ന തീജ്വാലകളെ ഭയന്നാണ് അവൾ ആൺകോന്തിയായത്. കാപ്പി പാതി കുടിച്ച് ആബിദ് എണീറ്റപ്പോഴും അവൾ കാപ്പിപ്പത കോരിക്കഴിഞ്ഞിരുന്നില്ല. കാപ്പിക്കപ്പിലെ ആഴങ്ങളിൽ പരപ്പില്ലാത്ത ആകാശങ്ങളും ഇരമ്പങ്ങളില്ലാത്ത കാറ്റും  അവശേഷിച്ചു.

ആമിയുടെ വീടിന് മുന്നിൽ ആബിദ് കാറു നിർത്തി.ഡോർ തുറക്കാനാഞ്ഞ ആമിയെ ബലമായി വലിച്ചു ചേർത്ത് ആബിദ് ചുംബിച്ചു.തടിയൻ തേരട്ടയുടെ വഴുക്കുന്ന ഇറച്ചി കഷ്ണം ആമിയുടെ ചുണ്ടുകളിൽ തൊട്ടതും തൊണ്ടയിലൂടെ ഇരച്ചു വന്ന ഓക്കാനം ഛർദ്ദിൽ തിരകൾക്ക് വഴിമാറി. മഞ്ഞ നിറത്തിലുള്ള കുറുകിയ ദ്രാവകം പാനം ചെയ്ത ആബിദ് കാറിനുള്ളിൽ നിന്നും പുറത്തേക്ക് പാഞ്ഞു. ഞെക്കി പഴുപ്പിച്ച നുണകളെ പ്രണയത്തിലരച്ച് നേടിയ സ്വാതന്ത്ര്യത്തിനു രുചി കയ്പ്പാണ്. തിയേറ്ററിലായിരിക്കുമ്പോൾ ലൈബ്രറിയിലും റസ്റ്റോറന്റിലാകുമ്പോൾ വീട്ടിലുമായിരിക്കേണ്ട ഇരട്ടവേഷപകർച്ചകൾക്ക് വിരാമമിടണമെന്ന് അവൾ നിശ്ചയിച്ചു.അന്നുരാത്രിയിലെ നിലാവിന് അവൾക്ക് കുളിരുന്ന ഇളം ചൂടനുഭവപ്പെട്ടു. ആബിദിന്റെ ഇട്ടാവട്ടങ്ങളിൽ കെട്ടിക്കിടന്ന പുഴയുടെ നിശ്ചലതയിലേക്ക് പതിച്ച വെള്ളാരം കല്ലുകൾ സൃഷ്ടിച്ച ഓളം വെട്ടലുകൾ.. സ്വപ്നങ്ങളിൽ നിന്ന് പറവകൾ ചിറകടിച്ചുയർന്നു. ആസിഡ് ബൾബുകളെ നിർവീര്യമാക്കുന്ന ഛർദ്ദിൽ തുള്ളികളുടെ മസാലക്കൂട്ടുകൾ ആമി കണ്ടെത്തി കഴിഞ്ഞിരുന്നു. കാന്താരിമുളകും കുരുമുളകും ചേർത്തരച്ച ഇഞ്ചിക്കറിയിലെ വഴുവഴുത്ത അവശിഷ്ടങ്ങൾ ആബിദിന്റെ മൂക്കിൻ തുള വഴി തൊണ്ടയിലേക്ക് ഇരച്ചുകയറി. വാളൻപുളി പിഴിഞ്ഞൊഴിച്ച പച്ച മാങ്ങാക്കറിയുടെ പുളിപ്പൻ ഛർദ്ദിൽ ആബിദിന്റെ ഏമ്പക്കങ്ങളിൽ തികട്ടി വന്നു.

അവൻ കുടിപ്പിച്ച ഗുളികകൾക്കൊന്നും തടയിടാനാകാത്ത വിധം ഛർദിയുടെ പേമാരി തിമർത്തുപെയ്തു.ഒടുവിൽ അരുൺ റോയിയുടെ മുറിയിലേക്ക് പ്രവേശിക്കുമ്പോൾ ആമി പതിവിലും ശാന്തയായിരുന്നു. ആബിദുമായുള്ള മണിക്കൂറുകൾ നീണ്ട സംഭാഷണത്തിന് ശേഷമാണ് ഡോക്ടർ അവളെ മുറിയിലേക്ക് വിളിപ്പിച്ചത്.കസേരയിൽ തല കുനിച്ചിരുന്ന ആബിദിനടുത്തു നിന്നും കസേര അകറ്റിയിട്ട് അവളിരുന്നു."കേട്ടിടത്തോളം ദിസ് ഈസ് ഗാമോഫോബിയ.എക്വൈന്റ് ഓഫ് ഫിയർ ഓഫ് കമ്മിറ്റ്മെന്റ് ഫോബിയ.ഇതിന്റെ ഫിസിക്കൽ സിംപ്റ്റം ആണ് ആമി കാണിക്കുന്ന ഈ ഒമിറ്റിംങ്. റാപ്പിഡ് ഹാർട്ട് റേറ്റ്, ബോഡി ഫെയ്ന്റിംങ്, ട്രെബ്ളിങ് ദീസ് ആർ അദർ സിംമ്റ്റംസ് ' .ആ ബിദിനേയും ആമിയേയും സൂക്ഷ്മമായി നിരീക്ഷിച്ചു കൊണ്ട് ഡോക്ടർ തുടർന്നു.' ഞാൻ പറയുമ്പോൾ ഇറ്റ് ഈസ് ബെസ്റ്റ് ദാറ്റ് യു സ്റ്റെ എവേ ഫ്രം ഈച്ച് അദർ.അദർ വൈസ് സിറ്റ്വേഷൻ വിൽ ഗെറ്റ് വേർസ്'. പറഞ്ഞു നിർത്തിയപ്പോൾ ഡോക്ടറുടെ കൈത്തലങ്ങളിൽ വിയർപ്പ് പടരുന്നത് അവൾ കണ്ടു.മാടമ്പള്ളിയിലെ യഥാർത്ഥ ചിത്ത രോഗിയെ ഡോക്ടർ കണ്ടെത്തിയോ എന്ന് അവളുടെ മനസ്സിലെ കുസൃതി കുരുവി ചിലച്ചു. 'ഫക്ക് ഓഫ് '.. ആബിദിന്റെ ശബ്ദമായിരുന്നു അത്. അവനിരുന്ന കസേരയിൽ നിന്നും ഒരു കൊടുംങ്കാറ്റ് കെട്ടഴിഞ്ഞ് മുറിയിൽ ആഞ്ഞുവീശി. ചുരുട്ടിയ മുഷ്ടി കൊണ്ട് ചുമരിൽ ആഞ്ഞു കുത്തിയ ശേഷം ആമിയെ തറപ്പിച്ചു നോക്കി കൊണ്ട് ആബിദ് മുറി വിട്ടു പോയി. ചോര ഊറ്റി കുടിച്ച  കന്നട്ട അവളുടെ ശരീരത്തിൽ നിന്നും താഴേക്ക് ഉരുണ്ടു വീണു.ചെരിപ്പ് കൊണ്ട് അട്ടയെ ചവിട്ടിയരക്കുന്നതിനിടയിൽ ആമി ഓർത്തത് ആബിദിനെ അസ്വസ്ഥപ്പെടുത്തിയ ഛർദ്ദിലിന്റെ രസക്കൂട്ടിനെക്കുറിച്ചായിരുന്നു.

പെൺപക്ഷം



അജിത കെ.

# ഈ മഹാമാരി നമ്മെ തകർക്കുമോ?

ഇന്നത്തെ സാഹചര്യത്തിൽ, സാധാരണക്കാരായ നമ്മളെല്ലാം ആകെ ഭയചകിതരായി നിൽക്കുകയാണ്. കഴിഞ്ഞ വർഷം മാർച്ചിൽ ആരംഭിച്ച മഹാമാരിയുടെ ആദ്യഘട്ടം ഒരുവിധം ശാന്തമായപ്പോൾ നമ്മൾ കരുതി ഇനി പ്രശ്നമില്ല. പഴയതുപോലെ സാധാരണ ജീവിതത്തിലേക്ക് നമുക്ക് മെല്ലെ മെല്ലെ പ്രവേശിക്കാമെന്ന്. അങ്ങനെ ആർഭാട-അനാർഭാട കല്യാണങ്ങളും മാറ്റിവെച്ച മറ്റു പല ചടങ്ങുകളും നമ്മൾ സന്തോഷത്തോടെ നടത്തി. അതിനിടയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പു വന്നു. വലിയ പ്രശ്നമൊന്നുമുണ്ടായില്ല. വരാനിരിക്കുന്ന രണ്ടാംഘട്ടത്തെക്കു റിച്ച് മുന്നറിയിപ്പുകൾ വന്നെങ്കിലും അവയൊന്നും ഗൗരവത്തോടെ കാണാനും കൈകാര്യം ചെയ്യാനുമുള്ള മാനസികാവസ്ഥയിലായിരുന്നില്ല നമ്മൾ. അസംബ്ലി തെരഞ്ഞെടുപ്പ് മാമാങ്കമാണ് പിന്നീട് നടന്നത്.

ഇതിനിടയ്ക്ക് കഴിഞ്ഞ സെപ്റ്റംബറിൽ തന്നെ നരേന്ദ്രമോദി- അമിത്ഷാ സർക്കാർ 3 കാർഷിക പരിഷ്കരണ നിയമങ്ങൾ കൊണ്ടുവന്നു .അന്നുമുതൽ പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലെ കർഷകർ സമരത്തിലാണ് കാർഷികരംഗത്തെ മൊത്തത്തിൽ ഇന്ത്യയിലെ വൻകിട കോർപ്പറേറ്റ് പ്രഭുക്കളായ അംബാനി, അദാനിമാർക്ക് തീറെഴുതി കൊടുക്കുന്ന ഈ നിയമങ്ങൾക്കെതിരെ പിന്നീട് ഉത്തരേന്ത്യയിലെ മുഴുവൻ കർഷക സംഘടനകളും ധീരോധാത്തമായ ഡൽഹി ചലോ സമരത്തിലിറങ്ങി. ലോകം തന്നെ കണ്ടിട്ടില്ലാത്ത ഐതിഹാസികമായ ഈ സമരം ഇന്ത്യ മുഴുവൻ ശക്തിപ്രാപിച്ചു കൊണ്ടിരിക്കുമ്പോഴാണ് കോവിഡിൻെറ രണ്ടാം വരവ്. എന്നിട്ടും തെരഞ്ഞെടുപ്പ് മാമാങ്കങ്ങൾ കൂസലില്ലാതെ അരങ്ങേറി. കേരളം , തമിഴ്നാട് ,പശ്ചിമബംഗാൾ, ആസാം, പോണ്ടിച്ചേരി, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിയമസഭാ തിരഞ്ഞെടുപ്പുകൾ

നിർബാധം നടന്നു. അതിന്റെ പ്രചരണങ്ങളും മറ്റു സംഘം ചേരലു മൊക്കെയായി സാമൂഹ്യ അകലം, മാസ്ക് തുടങ്ങിയ പ്രാഥമിക ചട്ടങ്ങൾ ഏതാണ്ട് ഒരു മാസക്കാലത്തോളം ഈ പ്രദേശങ്ങളിലെല്ലാം ഏതാണ്ട് അവഗണിക്കപ്പെട്ടു. ഒപ്പം വിവാഹങ്ങളും ഗൃഹപ്രവേശവും തുടങ്ങിയ ചടങ്ങുകൾ ഗംഭീരമായി തന്നെ നടത്തുക പതിവായി. ലക്ഷോപലക്ഷം ദിഗംബര സന്യാസികൾ പങ്കെടുത്ത ഹരിദ്വാരയിലെ കുംഭമേള നരേന്ദ്രമോഡിയുടെ അനുഗ്രഹാശംസകളോടെ കഴിഞ്ഞമാസം നടന്നു. ഇതാ ഇന്ത്യ മുഴുക്കെ ഇപ്പോൾ ഈ മഹാമാരിയുടെ നീരാളിപ്പിടുത്തത്തിലാണിപ്പോൾ. ഇതിൽ നിന്ന് ഇനി നമ്മുടെ നാട് എപ്പോഴാണ് കരകയറുക?

അതിനിടയ്ക്ക് 70 വർഷങ്ങളായി പകർച്ചവ്യാധിക്കുള്ള വാക്സിൻ സൗജന്യമായി കിട്ടിക്കൊണ്ടിരുന്ന ഇന്ത്യൻ ജനതയെ കോർപ്പറേറ്റുകൾക്ക് തോന്നിയപോലെ വാക്സിൻ വില കൂട്ടാൻ അനുവാദം കൊടുത്തു കൊണ്ട് കുരുതി കൊടുത്തു കൊണ്ടിരിക്കുകയാണ് ബിജെപി സർക്കാർ. ഇറ്റലിയുടെ ദുരന്തം കണ്ട് അന്ധാളിച്ച നമ്മൾക്ക് ഇന്ന് ഡൽഹി, ബാംഗ്ലൂർ എന്നിവിടങ്ങളിലെ ദുരന്തങ്ങൾ കേരളത്തിലേക്ക് വരുമോ എന്ന ആശങ്ക ഏറിവരുന്നു. അധികാരികളുടെ അലംഭാവത്തിന്ന് ഇരകളാക്കപ്പെടുന്നത്

പ്രാണവായു പോലും കിട്ടാതെ ഈയാംപാററകളെപ്പോലെ രാജ്യതലസ്ഥാനത്തും മററു ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും മരിച്ചുവീഴുന്ന മനുഷ്യജന്മങ്ങളാണ്.

അതിനിടയ്ക്ക് കാശ്മീർ ഇന്ത്യൻ പട്ടാളത്തിലെ സൈനിക കോൺസെൻട്രേഷൻ ക്യാമ്പുകൾ ആക്കിയതിനു ശേഷം ഇപ്പോൾ ഡൽഹി ഒരു ലെഫ്റ്റനന്റ് കേണലിന്റെ പൂർണ്ണ നിയന്ത്രണത്തിലേക്ക് കടന്നിരിക്കുകയാണ്. ഒരു സവർണഹിന്ദു രാഷ്ട്രത്തിന്റെ കാഹളം മുഴങ്ങാൻ പോകുന്നത് പട്ടാള ഭരണത്തിലൂടെയാണോ?

ചർച്ചാവിഷയം/അഭിമുഖം



**ഉമ്മു ഹബീബ**
ഗവേഷക, മലയാള വിഭാഗം
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല
കാലടി

# കുടുംബവും ഭരണകൂടവും : വിമത നോട്ടങ്ങൾ



ആദി

തൊഴിലുറപ്പിനമ്മ
പോയ്ക്കഴിഞ്ഞ ശേഷം
പുള്ളിയുള്ള
സാരിയുടുത്തു
ഞാൻ;
അന്നേരങ്ങളിൽ
മേലാകെ പുഴ, കാട്
വാലില്ലാനക്ഷത്രം'( കാലുകൾക്കിടയിലും തലയ്ക്കുമേലെയുമുള്ള രഹസ്യങ്ങൾ - ആദിയുടെ കവിത)

സ്വത്വത്തെ രാഷ്ട്രീയമായി നിർവചിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നവരാണ് കവിതകളാവുന്നത്. അതുപോലൊരു കവിതയാണ് ആദി. കുടുംബം, ഭരണകൂടം, നിലനിൽക്കുന്ന വ്യവസ്ഥിതി എന്നിവയെ മുൻനിർത്തിയുള്ള ആദിയുടെ വിശകലനത്തിന് ആഴത്തിലുള്ള രാഷ്ട്രീയ മാനങ്ങളുണ്ട്. 'ഈ ജീവിതം എന്റെ മൗലികാവകാശമാണെന്ന' നിരന്തരമായ ഓർമ്മപ്പെടുത്തലുണ്ട്, കവിതയിലെന്നപോലെ വാക്കുകളിലും. തന്റെ ക്വീയർ ലൈംഗികത പ്രഖ്യാപിക്കുമ്പോൾ തന്നെയും, വിമത ലൈംഗിക മുന്നേറ്റങ്ങൾക്കുള്ളിലുള്ള ജനാധിപത്യ വിരുദ്ധ നിലപാടുകൾ ചൂണ്ടികാണിക്കാൻ ആദിക്ക് സാധിക്കുന്നുണ്ട്.

ക്വിയർ ആക്ടിവിസ്റ്റും കവിയുമായ ആദി കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ മലയാളം വിദ്യാർത്ഥി കൂടിയാണ്.

** ഇന്ത്യയെ പുനർനിർമ്മിക്കുന്ന അൻപത് ദളിതുകളിൽ ഒരാളായി ഔട്ട്ലുക് മാഗസിൻ കേരളത്തിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ളത് ക്വീയർ ആക്ടിവിസ്റ്റും ആദിയുടെ സുഹൃത്ത് കൂടിയായിട്ടുള്ള ചിഞ്ചു അശ്വതി രാജപ്പനെയാണ്. ക്വീയർ, ദളിത് സ്വത്വങ്ങളിൽ ജീവിക്കുന്ന വ്യക്തിയെന്ന നിലയിൽ ചിഞ്ചുവിന്റെ ഈ യൊരു നേട്ടത്തെ ആദി എങ്ങനെയാണ് വിലയിരുത്തുന്നത്.?*

ചിഞ്ചു ഫേസ്ബുക്കിൽ എഴുതുന്നുണ്ട് ഈയൊരു നൂറ്റാണ്ട് അംബേദ്ക്കറിന്റേതാവട്ടെയെന്ന് . ഔട്ട്ലുക് മാഗസിനിൽ ഇന്ത്യയെ പുനർനിർമ്മിക്കുന്ന അൻപത് ദളിതുകളിലൊരാളായിട്ട് കാഞ്ച ഐലയ്യയുടേയും,അരുവിയുടെയും,ഹിമദാസിന്റെയുമൊക്കെ പേരിനൊപ്പമാണ് ചിഞ്ചുവിനും ഇടം കിട്ടുന്നത്. കേരളത്തിൽ നിന്നുള്ള ഒരേയൊരാൾ, ട്രാൻസ് ആയ ഒരേയൊരാൾ അത്തരത്തിൽ പല പ്രത്യേകതകളും ഈ നേട്ടത്തിന്റെ പിന്നിലുണ്ട്. മറ്റൊരു പ്രത്യേകത ഇന്റർസെക്ഷണൽ ആയിട്ടുള്ള ധാരണയുണ്ടല്ലോ,ചിഞ്ചുവൊക്കെ നിരന്തരം പറയുന്ന ജാതിയും ലൈംഗികതയും തമ്മിലുള്ള പരസ്പര ബന്ധങ്ങളെ മുൻനിർത്തിയുള്ള ആലോചനകളുടെ രാഷ്ട്രീയമൂല്യം വളരെ വലുതാണ്. അതായത് കേരളം ഇന്റർസെക്സക്ഷണൽ ധാരണക്ക് വലിയ സ്വീകാര്യതയൊന്നും ലഭിക്കുന്നയിടമല്ല. മുഖ്യധാരാ ക്വീയർ സ്പേസ് കുറേക്കൂടി(ഇന്ത്യൻ സാഹചര്യം കൂടി കണക്കിലെടുത്താണ് ഞാനിത് പറയുന്നത്) സവർണ സ്വഭാവമുള്ള ഇടമാണ്. ഇപ്പോ നിങ്ങള് യൂണിവേഴ്സിറ്റികളിലും മറ്റും കാണുന്ന ക്വീയർ സംഘടനകളുടെ സ്വഭാവം നോക്കുകയാണെങ്കിൽ മനസ്സിലാകും അത് കൃത്യമായിട്ടും സവർണ സ്വഭാവംകാണിക്കുന്ന ആളുകളുടെ കൂട്ടമാണെന്ന് .അല്ലെങ്കിൽ ഇന്ത്യയിലെ തന്നെ ആഘോഷിക്കപ്പെടുന്ന ക്വീയർ ആയ വ്യക്തികളെ നോക്കുകയാണെങ്കിൽ അവരൊക്കെ സാമ്പത്തികമായി, ജാതിപരമായി ഒരു ഉയർന്ന നിലയിൽ നിൽക്കുന്ന പ്രിവിലേജ്ഡ് സ്പേസിൽ നിൽക്കുന്ന ആളുകളാണ്. ഇന്ത്യയിലിപ്പോ അശോക് റോ കവി, ലക്ഷ്മി നാരായൺ തൃപാഠി, ഹരീഷ് അയ്യർ എന്നിവരൊക്കെയാണെങ്കിലും വളരെ പ്രിവിലേജ്ഡായ ഒരു സ്പേസിൽ നിൽക്കുന്നവരാണ്.അതുകൊണ്ട് തന്നെ നിലനിൽക്കുന്ന ഭരണകൂടത്തിന്റെ താല്പര്യങ്ങളോട് ഒത്തുപ്പോവുന്ന ധാരയെയും കൂടിയാണ് ഇവർ പ്രതിനിധീകരിക്കുന്നത്. മുഖ്യധാരാക്വീയർ മുന്നേറ്റം പ്രത്യക്ഷത്തിൽ തന്നെ ഹിന്ദുത്വ സംഘടനകളേയും അക്രമണങ്ങളെയുമൊക്കെ നിരന്തരം ന്യായികരിക്കുന്ന പണിയാണെടുക്കുന്നത്. അശോക് റോ കവിയൊക്കെ' ദളിത് ക്വീയർ' എന്ന് എന്തിനാണ് നിങ്ങള് പറയുന്നത് അതൊരു വിഘടനവാദമാണെന്നും മറ്റും പറയുന്നവരാണ്. ഏകശിലാത്മകമായ ക്വീയർ ഐഡന്റിറ്റിയെ കുറിച്ചുള്ള ഒരു ചിന്തയാണ് അവരൊക്കെയും മുന്നോട്ട് വെയ്ക്കുന്നത്. 'ഹിജഡ' എന്ന വാക്ക് ഉപയോഗിക്കാൻ പോലും ലക്ഷ്മി നാരായൺ തൃപാഠിയെപ്പോലുള്ളവർ താല്പര്യപ്പെടുന്നില്ല.കാരണം അതിനൊരു ഉറുദു റൂട്ട് ഉണ്ടെന്നുള്ളതാണ് . അതുകൊണ്ടു തന്നെ ഹിന്ദുത്വവൽക്കരിക്കപ്പെട്ട രീതിയിൽ ' കിന്നർ' എന്ന ഐഡന്റിറ്റിയിൽ അറിയപ്പെടാനാണ് അവരാഗ്രഹിക്കുന്നത്. പ്രത്യക്ഷത്തിൽ തന്നെ വളരെ ഹൈന്ദവവൽക്കരിക്കപ്പെട്ട നിലപാടുകൾ അവരുടേതായിട്ടുണ്ട്. അതുകൊണ്ട് ഇതിൽ നിന്നൊക്കെ വേറിട്ട് നിലനിൽപ്പുള്ള ഒരു പ്രതിധാരയായിട്ടാണ് ഇന്റർസെക്ഷണലായ ധാരണകളുള്ള ,ഡിസേബിൾഡ് ആയിട്ടുള്ള അല്ലെങ്കിൽ മുസ്ലീം ആയിട്ടുള്ള, ദളിത്, ബഹുജൻ ആയിട്ടുള്ള ആളുകളുടെ ഒരു ധാരയെ കാണേണ്ടതെന്ന് എനിക്ക് തോന്നുന്നു. അതിൽ കേരളത്തിൽനിന്നുള്ള പ്രധാനപ്പെട്ട ശബ്ദമാണ് ചിഞ്ചുവിന്റേത്.അതിന് കുറേക്കൂടി ശ്രദ്ധ കിട്ടുന്ന സമയമാണിത്.



ചിഞ്ചു, ആദി

ജാതിയും ലൈംഗികതയും തമ്മിലുള്ള പരസ്പര ബന്ധത്തെ കുറിച്ചുള്ള മനസ്സിലാക്കലുകൾ, അതിനെക്കുറിച്ചുള്ള നിരന്തരമായ സംവാദങ്ങൾ എന്നിവയൊക്കെ നിലനിർത്തി കൊണ്ടുപോകേണ്ടതുണ്ട്.അങ്ങനെയാണ് ഈ സ്പേസിനകത്തുതന്നെയുള്ള ഒരു വരേണ്യധാരയോട് ക്രിട്ടിക്കലായിരിക്കാൻ പറ്റുകയെന്ന ബോധം ചിഞ്ചുവിനും എനിക്കും ഉനൈസിനുമൊക്കെയുണ്ട്. 2019 ലെ തെരഞ്ഞെടുപ്പിൽ ദളിത് ക്വീയർ സ്വതന്ത്ര സ്ഥാനാർത്ഥിയായി ചിഞ്ചു മത്സരിക്കുകയും 494 വോട്ടുകൾ നേടുകയും ചെയ്തിരുന്നു. ചിഞ്ചുവിന്റെ ക്വീയർ ,അംബേദ്കറൈറ്റ് സ്ഥാനാർഥിത്വത്തിന്റെ മൂല്യം വളരെ വിലപ്പെട്ടതാണ്. ആ വോട്ടുകൾക്കും വലിയ മൂല്യമുണ്ട്.

** സ്വവർഗ്ഗ വിവാഹങ്ങളെ എതിർത്തുകൊണ്ട് സുപ്രീം കോടതിയിൽ കേന്ദ്ര ഗവൺമെന്റ് പറഞ്ഞ അഭിപ്രായം നമ്മുടെ സംസ്കാരത്തിന് വിരുദ്ധമാണെന്നാണ് ബഹുസ്വരതയെ ഉൾക്കൊള്ളണമെന്നതായിരുന്നു നെഹ്റുവിന്റെ തത്വം. എന്നാലിന്ന് ഏകഇന്ത്യയെ സൃഷ്ടിക്കാനാണ് ഭരണകൂടം ശ്രമിക്കുന്നത്. സ്വവർഗാനുരാഗിയെന്ന നിലയിൽ ഈയൊരു സാമൂഹിക സാഹചര്യം എങ്ങനെയാണ് അനുഭവപ്പെടുന്നത്?*

ഭരണകുടത്തിന് എന്തുനിലപാടുകൾ സ്വീകരിക്കണമെന്നതിൽ വല്ലാത്തൊരു ആശയകുഴപ്പം നിലനിൽക്കുന്നുണ്ട്. ഐ പി സി 377 ഭാഗികമായി റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് ഒരിക്കലും പ്രതീക്ഷിച്ചതല്ല.കാരണം ശക്തമായി ഹിന്ദുത്വ ഭരണകൂടം നിലനിൽക്കുന്ന സമയത്ത് ഇങ്ങനൊരു വിധി ഒരിക്കലും പ്രതീക്ഷിക്കുന്നില്ല. പൊതുവിൽ ഹിന്ദുത്വഭരണകൂടം ക്വീയർ ആളുകൾക്ക് മുകളിൽ അഴിച്ചുവിടുന്ന അതിക്രമങ്ങൾ നമുക്കറിയാവുന്നതാണ്. പക്ഷേ അതേസമയം, മുഖ്യധാരാ ക്വീയർ പക്ഷത്തുള്ളവർ ഇവർക്കുവേണ്ടി നിലനിൽക്കുന്നതായി കാണാം. ട്രാൻസ്ജെൻഡേഴ്

സിനു വേണ്ടി കൗൺസിൽ ഉണ്ടാക്കുന്നു.മോദിയൊക്കെ അതിന്റെ പ്രധാന ആളാകുന്നു. എന്തിനെയും തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് ഏറ്റെടുക്കാനുള്ള, സ്വാംശീകരിക്കാനുള്ള ശേഷി ഹിന്ദുത്വയ്ക്കുണ്ട്. അതൊരു പ്രധാനപ്പെട്ട തന്ത്രമാണ്. അംബേദ്ക്കറിനെ എങ്ങനെയാണോ അവരുടേതാക്കുന്നത് അതേ യുക്തി തന്നെയാണ് ക്വീയർ വ്യവഹാരങ്ങളോടും അവർ സ്വീകരിച്ചു പോകുന്നതെന്നാണ് എനിക്ക് തോന്നുന്നത്. അതായത് അവരിപ്പോ, ഇതിഹാസങ്ങളിലും പുരാണങ്ങളിലുമുള്ള അർദ്ധനാരീശ്വരൻ പോലുള്ള സങ്കൽപ്പങ്ങൾ മുൻനിർത്തി ട്രാൻസ് ഐഡന്റിറ്റിയെ സാധുകരിക്കാനാണ് ശ്രമിക്കുന്നത്. അക്കാദമിക് സർക്കിളുകളിൽ ഉൾപ്പെടെ ഹിന്ദുത്വത്തെ മുൻനിർത്തിയുള്ള ക്വീയർ നരേഷന് സ്വീകാര്യത ഉണ്ടാകുന്നുണ്ട്. ഈ ഏറ്റെടുക്കൽ ശ്രമങ്ങളെ എങ്ങനെ മറികടക്കണമെന്നത് ഒരു ചോദ്യമാണ്. ഇപ്പോ ഐ.പി.സി.377 റദ്ദ് ചെയ്ത സമയത്ത് സോ കോൾഡ് ക്വീയർ വരേണ്യ വ്യക്തികൾ പറഞ്ഞത് ക്വീയർ വിമോചകനാണ് മോദി എന്നാണ്. ഇപ്പോൾ സ്വവർഗ വിവാഹത്തെ കേന്ദ്രം ഇത്തരത്തിൽ തള്ളി പറയുമ്പോൾ ഹിന്ദുത്വത്തെ അനുകൂലിക്കുന്ന ക്വീയർ ആളുകൾ ഇത് ഏത് തരത്തിലാണ് ന്യായീകരിക്കാൻ പോവുന്നത് എന്ന കാര്യത്തിൽ എനിക്ക് കൗതുകമുണ്ട്. ആ രീതിയിൽ വളരെ വൈരുദ്ധ്യമുള്ള നിലപാടുകളാണ് ഗവൺമെന്റ് ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ളത് . ഐ.പി.സി. 377 നെ ചുറ്റിപ്പറ്റി  കൊളോണിയൽ കാലത്തെ ബ്രിട്ടീഷ് ഇറക്കുമതിയായ് മാത്രം സ്വവർഗഭീതിയെ ചുരുക്കാൻ പാടില്ല.അങ്ങനെ ചുരുക്കുന്നത് വഴി നിങ്ങളുടെ (ഹിന്ദു)പാരമ്പര്യം എല്ലാത്തരം ലൈംഗികതയേയും അംഗീകരിച്ചിരുന്ന വളരെ സമത്വസുന്ദരമായിരുന്ന ഭൂതകാലമാണെന്ന് വരുത്തി തീർക്കാനുള്ള ശ്രമത്തെ കുറേക്കൂടി ശക്തിപ്പെടുത്താനായി ഉപകരിക്കുകയേ ഉള്ളൂ.ഇതിലൂടെ മുസ്ലീം, ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളെ സ്വവർഗഭീതിയുടെ ആളുകളായി ചിത്രീകരിക്കാനും എളുപ്പത്തിൽ സാധിക്കുന്നു. ഹിന്ദുത്വം മതമെന്ന രീതിയിൽ നില നിൽക്കാത്തത് കൊണ്ടുതന്നെ അതിനൊരു എലാസ്റ്റിക് സ്വഭാവമാണുള്ളത്. സെമറ്റിക് മതങ്ങൾക്കുള്ളത് പോലെ കാർക്കശ്യങ്ങളോ മതഗ്രന്ഥങ്ങളോ ഹിന്ദുത്വയ്ക്ക് ഇല്ല.കാരണം ഹിന്ദു മതം നിലനിൽക്കുന്നില്ല എന്നത് കൊണ്ടു തന്നെയാണ്. അതൊരു ചിതറി കിടക്കുന്ന ഘടനയാണല്ലോ.ജാതി മാത്രമാണത്. ഒരു മതത്തിന്റെ സ്വഭാവം ഇല്ലാത്തതിനാൽ അതിന് പലതിനെയും ഏറ്റെടുക്കാൻ എളുപ്പത്തിൽ സാധിക്കുകയും ചെയ്യുമെന്നാണ് എനിക്ക് തോന്നുന്നത്.

ഹിന്ദുത്വ ഭരണകൂടത്തിന്റെ ഈ വിഷയത്തിലുള്ള അടിസ്ഥാന നിലപാടുകൾ വിരുദ്ധ സ്വഭാവമുള്ളതാണ്. ഒരു സമയത്ത് ട്രാൻസ് കമ്മ്യൂണിറ്റിയിൽ നിന്ന് വരുന്ന മനുഷ്യർക്കുള്ള വിസിബിലിറ്റിയെ ഏറ്റെടുക്കാൻ ശ്രമിക്കുന്നു. അവർക്കൊരിക്കലും താഴേക്കിടയിലുള്ള, സെക്സ് വർക്ക് ചെയ്യുന്ന,  ?ദളിത് ക്വീയർ' എന്ന് സ്വയം അഡ്രസ്സ് ചെയ്യുന്ന ആളുകളെ ഏറ്റെടുക്കാൻ പറ്റില്ല.മറിച്ച് കമ്മ്യൂണിറ്റികളിൽ വളരെ സുഖകരമായ ജീവിതം നയിക്കുന്ന,വർഗപരമായി ഉയർ



ന്ന,ജാതിപരമായി ഉയർന്ന ,പ്രിവിലേജിൽ നിൽക്കുന്ന ആളുകളെ അവർക്കേറ്റെടുക്കാൻ എളുപ്പമുണ്ട്. ആ ഏറ്റെടുക്കൽ തന്നെ പ്രശ്നമാണ്.ഒരേസമയം പുരോഗമനപരമായ നിലപാടും യാഥാസ്ഥിതികമായ നിലപാടുമെടുക്കേണ്ടിവരും. അവർ ട്രാൻസ്ജെൻഡർ കൗൺസിൽ രൂപീകരിക്കുന്നു,പക്ഷേ സ്വവർഗ്ഗവിവാഹത്തെ എതിർക്കുന്നു.ഇതിനുള്ളിലുള്ള സമ്മർദ്ദമുണ്ട്.. ക്വീയർ അനുകൂല മുഖം ഉണ്ടാക്കിയെടുത്താൽ, മറ്റു മതങ്ങളെ എളുപ്പത്തിൽ ഹോമോഫോബിക് ആയ മതങ്ങളെന്ന നിലയിൽ മുദ്രകുത്താനും ആ രീതിയിൽ പ്രയോജനപ്പെടുത്താനും ഹിന്ദുത്വ ഭരണകൂടത്തിന് സാധിക്കുമെന്നതാണ്.

ഇപ്പോ മുഹമ്മദ് ഉനൈസിനെപ്പോലുള്ളവർ മുസ്ലീം ക്വീയർ എന്നാണ് സ്വന്തം ഐഡന്റിറ്റിയെ വിശേഷിപ്പിക്കുന്നത്. ഇതിനെ ചുറ്റിപ്പറ്റി വലിയ സംവാദങ്ങൾ തന്നെ നടന്നു. ക്വീയർ കമ്മ്യൂണിറ്റിയിലുള്ളവരും പുറമേ നിന്നുള്ളവരും ഈയൊരു പൊസിഷനെ വിമർശിക്കുകയുണ്ടായി. എങ്ങനെയാണ് മുസ്ലീം ആയ ഒരാൾക്ക് അത്തരമൊരു ഐഡന്റിറ്റിക്കുള്ളിൽ നിന്നുകൊണ്ട് ക്വീയർ എന്ന് പറയാൻ പറ്റുക? മതം തന്നെ ക്വീയർ വിരുദ്ധമാണ്,പിന്നെ നിങ്ങളെങ്ങനെയാണ് മുസ്ലീം ക്വീയർ എന്ന് പറയുന്നത് ? തുടങ്ങിയ ചോദ്യങ്ങൾ ഉയർന്നു. കുറേ പേർ മത ഗ്രന്ഥങ്ങളെ ഉപയോഗിച്ച് സ്വവർഗ്ഗാനുരാഗം പാപമാണെന്ന ക്യാംപയിനിങ്ങുകളൊക്കെ നടത്തി. ഇത്തരത്തിൽ വളരെ ഹോമോഫോബിക്കായ ഒരന്തരീക്ഷം സോഷ്യൽ മീഡിയയിൽ വളർന്നുവന്നു. ഇതിന് സമാന്തരമായ് തന്നെ ക്വീയർ കമ്മ്യൂണിറ്റിയുടെ ഉള്ളിൽ ഇസ്ലാമോഫോബിയയും വളരുന്നുണ്ട്. ഇതൊക്കെയാണ് ഇതിനുള്ളിലെ ഒരു തന്ത്രമെന്നത്.

*'ഒട്ടും പ്രണയമില്ലാതുമ്മവെക്കുമ്പോൾ ചുണ്ടു മുറിയും.....*

ഉമ്മ വെക്കുമ്പോളൊക്കെ എനിക്കും ചുണ്ടു മുറിഞ്ഞു 'ആദിയുടെ വരികളാണ്. പോയകാലത്തിന്റെ മുറിവുകളുണ്ട് വരികളിൽ. ഇത്തരം ചൂഷണങ്ങൾക്ക് കാരണമാവുന്നത് ലൈംഗിക അസമത്വവും സാമൂഹ്യ, സാമ്പത്തിക അസമത്വങ്ങളും കൂടിയാണ്. എന്നാലിന്ന് വിദ്യാഭ്യാസത്തിലൂടെ ഇത്തരം ചൂഷണങ്ങളെ മറിക്കടക്കാൻ സാധിച്ചിട്ടുണ്ടോ ? ആദിയുടെ അനുഭവം പങ്കുവെക്കാമോ?

അതിലിപ്പോ അംബേദ്ക്കർ പറഞ്ഞപോലെ ജാതിമാറാതെ കുറേകൂടി മെച്ചപ്പെട്ട ജീവിതം ജീവിക്കണമെങ്കിൽ വിദ്യാഭ്യാസപരമായ ഉയർച്ചകൊണ്ട് പറ്റുമെന്ന ധാരണയുണ്ടല്ലോ. അതുപോലെ തന്നെ ക്വീയർ കമ്മ്യൂണിറ്റിയെ സംബന്ധിച്ചെടുത്തോളം വിദ്യാഭ്യാസം ഒരു പ്രധാനപ്പെട്ട ഘടകമാണ്. അവരുടെ ജീവിത നിലവാരം ഉയർത്താനാണെങ്കിലും വിദ്യാഭ്യാസം സഹായിച്ചേക്കും.പക്ഷേ അതിലൊരു ചോദ്യം വരുന്നത്,വിദ്യാഭ്യാസം നേടാനുള്ള സാധ്യത എല്ലാ ക്വീയർ മനുഷ്യർക്കുണ്ടോ എന്നതാണ്. പലർക്കും വളരെ ചെറുപ്പത്തിൽ തന്നെ പഠിത്തം നിർത്തേണ്ടി വരുന്നുണ്ട്. അതാകട്ടെ, നിലനിൽക്കുന്ന വ്യവസ്ഥ അവരെ ഉൾക്കൊള്ളാൻ പാകമാവുന്നില്ലെന്നതുകൊണ്ടാണ്. അത്തരമൊരു പ്രശ്നം ഇതിലുണ്ട്. എന്നാൽ കേരളത്തിന്റെ സാഹചര്യത്തിൽ കുറേക്കൂടി സ്കോളർഷിപ്പുകളും മറ്റുമായി സപ്പോർട്ട് സിസ്റ്റം നിലനിൽക്കുന്നുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്.

പിന്നെ ഈ വരികൾ വന്ന സന്ദർഭം, നമ്മുടെ പങ്കാളിയെ തേടുക എന്ന സംഗതിയുണ്ട്. നമ്മൾ ബന്ധങ്ങളുണ്ടാക്കാൻ ശ്രമിക്കുന്ന സമയത്ത് അതിനുള്ളിൽ തന്നെ നിലനിൽക്കുന്ന മേൽ/ കീഴ് ഘടനകളൊക്കെയുണ്ട്. നമ്മുടെ ബാക്ക്ഗ്രൗണ്ട്, നമ്മുടെ ശരീരം അത്തരത്തിൽ പലതിന്റേയും അടിസ്ഥാനത്തിലാണത് നിലനിൽക്കുന്നത്. ഇതിനുള്ളിൽ എന്നെപ്പോലുള്ള ഒട്ടും പ്രിവിലേജ്ഡ് അല്ലാത്ത വ്യക്തിക്ക് എങ്ങനെയാണ് സർവൈവ് ചെയ്യാൻ പറ്റുക. അതായത് ഡേറ്റിങ് ആപ്പുകളൊക്കെ ഉപയോഗിക്കുന്ന സമയത്ത് ഒരു ദളിതായ വ്യക്തി മാട്രിമോണിയൽ പേജ് നോക്കുന്ന പോലെയാണ് അനുഭവപ്പെടുക.അതായത് എസ്.സി, എസ്.ടി ഒഴികെ എന്ന് കാണുന്നത് പോലെ, ഈ ശരീര ഘടനയുള്ളവർ വേണ്ട, കറുത്തവർ വേണ്ട, തടിച്ചവർ വേണ്ട, ഫെമിനൈനായവർ വേണ്ട, പ്രായം കൂടുതലുള്ളവർ വേണ്ട...ഇങ്ങനെയുള്ള കണ്ടീഷൻസാണ് ഡേറ്റിങ് ആപ്പുകളിലെ പ്രൊഫൈലുകളിൽ നമുക്ക് കാണാൻ പറ്റുക . അങ്ങനെ വരുമ്പോ നമ്മുടേത് യാതൊരു മൂല്യവുമില്ലാത്ത ശരീരമാവുന്നു. ഞാൻ പലപ്പോഴും പല പ്രൊഫൈലുകളിലും കാണാറുണ്ട് Demi Sexual ( വൈകാരികബന്ധം ഉണ്ടായതിന് ശേഷം മാത്രം ശാരീരിക ബന്ധം ഉണ്ടാവുക) ആയ ആളുകൾ എന്നൊക്കെ.എങ്ങനെയാണ് സെക്സ് വർക്ക് ചെയ്യുന്ന ഒരാൾക്ക് Demi Sexual ആവാൻ പറ്റുക എന്നൊരു ചോദ്യം അവിടെയുണ്ട്. ഞാൻ എപ്പഴും വിചാരിക്കാറുണ്ട് എനിക്കൊന്നും ഒരിക്കലും റിലേഷൻഷിപ്പിലാവാനുള്ള സാധ്യത പോലും അവശേഷിക്കുന്നില്ലെന്ന് . നമ്മളെത്ര ഉദാത്ത വൽക്കരിച്ച് പറഞ്ഞാലും പ്രണയമെന്നൊക്കെ പറയുന്നത് പ്രിവിലേജുകൾ കയ്യാളുന്ന ശരീരങ്ങൾക്ക് പറ്റുന്ന ഒരു സംഗതിയാണ്. നമുക്കൊന്നും അതിലേക്ക് യാതൊരു പ്രവേശനവുമില്ല. പിന്നെയുള്ളത് എന്നേക്കാൾ പ്രായമുള്ള എന്റെച്ഛന്റെ പ്രായമുള്ള പുരുഷന്മാർക്കേ നമ്മളെ വേണ്ടതൊള്ളു. അവര് തന്നെ നമ്മുടെ ശരീരം രണ്ടാംകിടയാണെന്നുള്ള രീതിയിലാണ് പരിഗണിക്കുന്നത്. നമുക്ക് വൃത്തിയില്ലെന്നാണവർ പറയുന്നത്.വൃത്തിയില്ലാന്ന് പറയുമ്പോൾ നമ്മുടെ ശരീരത്തിന് നിറമില്ലെന്നാണവർ ഉദ്ദേശിക്കുന്നത്.ഇതൊക്കെ കേട്ടാണ് നമ്മളതിനുള്ളിൽ നിൽക്കുന്നത്.കമ്മ്യൂണിറ്റിയുടെ ഉള്ളിൽ പോലും ഇതുണ്ട്. പിന്നെ കമ്മ്യൂണിറ്റിയുടെ ഉള്ളിലുള്ള മനുഷ്യരെല്ലാം രാഷ്ട്രീയവൽക്കരിക്കപ്പെട്ട മനുഷ്യരാണെന്ന് ശാഠ്യം പിടിക്കാൻ പറ്റില്ലല്ലോ , സമൂഹത്തിന്റെ എല്ലാതരം സ്വാധീനങ്ങളും ഇതിനുള്ളിലുമുണ്ട്. സ്ത്രീ വിരുദ്ധതയും, ഹോമോഫോബിയയും, ട്രാൻസ് ഫോബിയയും ഒക്കെ ഇതിലുണ്ട്. പലതരത്തിൽ ചിതറി കിടക്കുന്ന ഘടനയാണിത്. ഓരോരുത്തരുടേയും പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ഇപ്പോ ഒരു പുരുഷ സ്വവർഗാനുരാഗിയും, സ്ത്രീ സ്വവർഗാനുരാഗിയും, ട്രാൻസ് ആയ വ്യക്തിയും, ഇന്റർസെക്സ് ആയ വ്യക്തിയും അനുഭവിക്കുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്. പ്രശ്നങ്ങൾ പല തരത്തിലു

ള്ളതാണ്, പലവിധത്തിലുള്ളതാണ്. എന്നാൽ വ്യവസ്ഥാപിത സമൂഹത്തിന്റേതായ എല്ലാ പ്രശ്നങ്ങളും ഇതിനുള്ളിലുണ്ടെന്ന് സാമാന്യവൽക്കരിച്ച് കാണാനും പറ്റില്ല. കൂറേക്കൂടി ക്രിട്ടിക്കൽ ആകേണ്ടതുണ്ട്.

സ്ത്രൈണതയോടുള്ള പേടി, ഗേ ആയ വ്യക്തികൾക്ക് സ്ത്രൈണതയുണ്ടെങ്കിൽ അവരെ മിസ്സ് ജെൻഡർ ചെയ്യുക. അവരുടെ ലൈംഗിക റോളിനെക്കുറിച്ചുള്ള മുൻവിധിയുണ്ടാക്കിയെടുക്കുക അങ്ങനെ ക്വീർ സർക്കിളുകൾക്കുള്ളിൽ തന്നെ ധാരാളം പ്രശ്നങ്ങളുണ്ട്.എന്തുകൊണ്ട് നമുക്കങ്ങനെ പ്രണയമില്ലാതെ ഉമ്മവെക്കേണ്ടി വരുന്നു അല്ലെങ്കിൽ ചുണ്ടു മുറിയേണ്ടി വരുന്നു എന്ന് ചോദിക്കുന്ന സമയത്ത് സ്വാഭാവികമായും നമ്മുടെ പ്രിവിലേജില്ലായ്മ, നിലനിൽക്കുന്ന ഈയൊരു ഡോമിനന്റ് ഘടനക്കുള്ളിൽ സ്ഥാനമെന്താണന്ന ഒരു ചോദ്യം, നമുക്കുള്ള സാധ്യതകൾ എന്തൊക്കെയാണെന്ന ചോദ്യം ഒക്കെ സാധുതയുള്ളതാണ്. അതായത് ഉയർന്ന ജീവിതം ജീവിക്കുന്ന വ്യക്തിക്ക് ഇങ്ങനെയൊരു സ്ഥിതിയുണ്ടാവില്ല. ഇങ്ങനെ പോവേണ്ടി വന്നാലും ഇത്തരത്തിലുള്ള വലിയ അബ്യൂസുകളൊന്നും നേരിടേണ്ടി വരില്ല. നമ്മുടെ ശരീരത്തോട് കാണിക്കുന്ന അവമതിപ്പോ മുൻവിധിയോ അത്തരം അവഗണനകളൊന്നും അവർക്ക് നേരിടേണ്ടി വരില്ല.

** 'കവിതയെഴുതാനെനിക്കറിവില്ല ഇതു മുഴുവനുമെന്റെയാത്മഹത്യാ കുറിപ്പാണ്'. അനുഭവങ്ങളെ രാഷ്ട്രീയമായി പകർത്തുന്നിടത്താണ് ആദിയുടെ വരികൾക്ക് തീക്ഷ്ണത കൈവരുന്നത്. ഇന്ന് മൂത്തോൻ പോലുള്ള സിനിമകൾ നമുക്കിടയിലേക്ക് വരുന്നുണ്ട്. സമകാലിക സാഹിത്യം, കല മുതലായവ കൂടുതൽ രാഷ്ട്രീയ ജാഗ്രത പുലർത്തുന്നതായി അനുഭവപ്പെട്ടിട്ടുണ്ടോ ?*

സിനിമയായാലും കലയായാലും നിലവിൽ രാഷ്ട്രീയ ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞിട്ടുണ്ട്. ചോദ്യം ചെയ്യലുകളുണ്ടാവുമെന്നതിന്റെ ബോധ്യത്തിന് പുറത്താണ് അത്തരമൊരു മാറ്റം. ചാന്തുപ്പൊട്ടിൽ നിന്ന് മൂത്തോനിലേക്കുള്ള ഒരു ഷിഫ്റ്റ് വളരെ പ്രകടമാണ്. പിന്നെ, സാഹിത്യത്തിൽ നമ്മള് പലപ്പോഴും ക്വീയർ കൃതികളായി പരിഗണിക്കാറുള്ളത് മുഖ്യധാരാ എഴുത്തുകാർ എഴുതുന്ന ക്വീയർ പ്രമേയമുള്ള രചനകളാണ്. ക്വീയറായ എഴുത്തുകാർ പലപ്പോഴും വിസിബിളല്ല. വിജയരാജമല്ലികയല്ലാതെ അങ്ങനെയൊരാളില്ല.ഒരു ശൂന്യതയുണ്ട്. ക്വീയറായ എഴുത്തുകാരിൽ പലരും അദൃശ്യരാണ്. പുതിയ പദസൃഷ്ടി നടത്തുക, നിലനിൽക്കുന്ന പദങ്ങളുടെ അർത്ഥത്തെ അപ്പാടെ മറിച്ചിടുക അങ്ങനെ പല തരത്തിലാണ് വിജയരാജമല്ലികയുടെ കവിതകൾ പ്രസക്തമാവുന്നതെന്ന് എനിക്ക് തോന്നുന്നു.മല്ലിക ഇന്റർ സെക്സ് ആയ കുട്ടികൾക്കായി താരാട്ട് പാട്ട് എഴുതുന്നു.ഇതിനെയൊക്കെ രാഷ്ട്രീയപരമായി തന്നെ ചർച്ച ചെയ്യേണ്ടതാണ്.ഒരു ക്വീർ സാഹിത്യ ധാര രൂപപ്പെടണമെങ്കിൽ ധാരാളം സമയമെടുക്കും.സ്വന്തം അനുഭവങ്ങളെ കുറിച്ചെഴുതുക എന്നത് സ്വയം അടയാളപ്പെടുത്തുന്നതിന്റെ ഭാഗമാണ്. കുറേക്കൂടി ദൃശ്യതയുണ്ടാകേണ്ടതുണ്ട്.ഇൻവിസിബിളായി നിൽക്കുന്ന എഴുത്തുകാര് മുന്നോട്ട് വരണം.കാലമെടുത്താണെങ്കിലും അങ്ങനെയൊരു ക്വീയർധാര മലയാളത്തിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

** 'സ്വയംഭോഗം ചെയ്യാൻ പോലും സ്വന്തമായൊരു മുറിയില്ലാത്ത മനുഷ്യർക്കെങ്ങനെയാണ് സ്വന്തം ലൈംഗികതയും ലിംഗത്വവുമൊക്കെ തുറന്നു പറയാനൊക്കുക' എന്ന ആദിയുടെ കുറിപ്പ് ഫേസ്ബുക്കിൽ കാണാനിടയായി. തൃഷ്ണ, വിചാരലോകം എന്നിവയൊക്കെ ആസ്വദിക്കുന്നതിനും രൂപപ്പെടുത്തുന്നതിലും 'വീട്' എന്നതിന് പ്രസക്തിയുണ്ട്. ആദിയുടെ വീടനുഭവം പറയാമോ ?*

ഞാൻ എപ്പോഴും ചിന്തിക്കാറുണ്ട് ഹരീഷ് അയ്യരുടെ അമ്മ പത്മാഅയ്യര് മകന്റെ തുറന്ന് പറച്ചിലുണ്ടായപ്പോ, ഹിന്ദു പത്രത്തിൽ പരസ്യം കൊടുത്തു. വരനെ ആവശ്യമുണ്ട്, വെജിറ്റേറിയനാണ്, മൃഗ സ്നേഹിയാണ്, ജാതി പ്രശ്നമില്ല, അയ്യരാണെങ്കിൽ സന്തോഷം! ആ ഒരു അമ്മയിൽ നിന്ന് എന്റെമ്മയിലേക്കുള്ള ദൂരം എത്രയാണെന്ന്? അത് പലതരത്തിൽ നിർണയിക്കപ്പെട്ടതാണ്. എന്റെയമ്മ എങ്ങനെയായിരിക്കും ഇതിനോട് പ്രതികരിക്കുന്നത്? വിദ്യാഭ്യാസമില്ലാത്ത, സാധാരണജീവിതം നയിക്കുന്ന, കൂലിപ്പണിയെടുക്കുന്ന ഒരു സ്ത്രീ ഏത് തരത്തിലായിരിക്കും ഇതിനോട് പ്രതികരിക്കുന്നത്? എങ്ങനെയായിരിക്കും ഇതിനെ ഉൾകൊള്ളുന്നത് ? എന്നൊക്കെയുള്ള ചോദ്യങ്ങൾ എനിക്കുണ്ടാവുന്നുണ്ട്. വീടിനുള്ളിൽ തുറന്ന് പറച്ചിലുകളുണ്ടാകേണ്ടത് അത്യാവശ്യമാണ്. പക്ഷേ അത്തരം ഒരു അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ കുറേയധികം ഊർജം ചിലവിടേണ്ടതായി വരും. തുറന്നു പറച്ചിലിനുള്ള ഊർജം നമുക്കുണ്ടോ? അല്ലെങ്കിൽ അതിനുള്ള സാധ്യതയുണ്ടോ?ഏത് തരം മനുഷ്യർക്കാണ് തുറന്ന് പറച്ചിലുകൾ സാധ്യമായിട്ടുള്ളത്? ഏത് തരം മനുഷ്യരാണ് തുറന്ന് പറച്ചിലുകൾ കഴിഞ്ഞ് ഇവിടെ നിൽക്കുന്നത്? ആരാണ് നമുക്ക് മാതൃകയായി ചൂണ്ടികാണിക്കാനുള്ളത്? എന്ന് നോക്കുന്ന സമയത്ത് എല്ലാവരും ഉയർന്ന ജാതിയിലുള്ള,വർഗ്ഗ നിലയിൽ ഉയർന്ന ജീവിതം ജീവിക്കുന്ന ആളുകളാണ്. ഇവിടെ നമ്മളെപ്പോലെ പ്രിവിലേജില്ലാത്ത മനുഷ്യരുടെ അതിജീവനം ഒട്ടും എളുപ്പമല്ല.

ഞാൻ വീടിനെ നോക്കികാണുന്നത് പ്രദീപൻ മാഷ് പറഞ്ഞത് പോലെയാണ്. വീട്ടിലേക്ക് പോവുകയെന്നാൽ ജാതിയിലേക്ക് പോവുകയാണെന്ന്.അതായത് ജാതിയിലേക്ക് മാത്രമല്ല നിങ്ങള് പോവുന്നത്, പല തരത്തിലുള്ള അടിച്ചമർത്തൽ ഘടനയിലേക്ക് ആകെയാണ് നിങ്ങള് കയറി ചെല്ലുന്നത്.വീട് ഒരു അടഞ്ഞ ഘടനയായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ സ്വതന്ത്രമായ ആവിഷ്കാരങ്ങളെയെല്ലാം അപ്പാടെ റദ്ദുചെയ്യുന്ന ഒന്ന്. എന്റെ വ്യക്തിപരമായ കാര്യം മാത്രമല്ല, പൊതുവിൽ ക്വീർ ആയ,സ്ത്രീയായ വ്യക്തിയെ സംബന്ധിച്ചെടുത്തോളം വീട് ഒരടഞ്ഞ സ്പേസ് ആണ് . എന്റെ ഒരു കൂട്ടുകാരിക്ക് ലെസ്ബിയൻ ആണെന്ന് തുറന്ന് പറയാൻ പറ്റില്ല. എനിക്ക് ഒരു പക്ഷേ തുറന്ന് പറയാൻ സാധിക്കും.അതൊരു ആൺ പ്രിവിലേജ് തന്നെയാണ്. അത് ഞാൻ പിടിച്ചു വാങ്ങുന്ന പ്രിവിലേജല്ല. അത് പാട്രിയാർക്കൽ സി




സ്റ്റം അനുവദിച്ചു തരുന്നതാണ്. ഞാനെന്റെ ഐഡന്റിറ്റി തുറന്നു പറയുന്നു എന്നതിനർത്ഥം ഞാനെന്റെ ആൺ പ്രിവിലേജിനെ പ്രയോജനപ്പെടുത്തുന്നു എന്ന് കൂടിയാണ്. എന്ത് കൊണ്ടാണ് ലെസ്ബിയൻ സ്ത്രീകൾ തുറന്ന് പറയാത്തത് എന്നതിനുള്ള പ്രധാന കാരണവും ഇതാണ്. ആണുങ്ങൾക്ക് ലഭിക്കുന്ന സാധ്യത അവർക്കില്ല.

കുടുംബം എന്ന ഘടനയും ദേശം എന്ന സങ്കൽപ്പവും തമ്മിൽ ഒരു നൈരന്തര്യമുണ്ട്. ദേശരാഷ്ട്രത്തെ രൂപപ്പെടുത്തുന്ന യൂണിറ്റാണ് കുടുംബം . ആ ഘടനയെ നിലനിർത്തേണ്ടത് ഉല്പാദനക്ഷമമായ ഭിന്ന ലൈംഗികതയിൽ ഊന്നികൊണ്ടാണ്.

** ക്യാമ്പസുകളിൽ ട്രാൻസ് സൗഹാർദ്ദ ഇടം സൃഷ്ടിക്കുന്നതിനായി യു.ജി.സി പ്രത്യേക ശുപാർശകൾ നിർദ്ദേശിക്കുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് തലം മുതൽ ഹോസ്റ്റലിൽ വരെ വിവേചനരഹിതമായ അന്തരീക്ഷം നിലനിൽക്കേണ്ടതുണ്ട്. ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി വിദ്യാർത്ഥിയെന്ന നിലയിൽ ആദിയുടെ ക്യാമ്പസ് അനുഭവം എങ്ങനെയുള്ളതായിരുന്നു ?*

വീട്ടിൽ നിന്നും കുറേക്കൂടി ദൂരത്ത് നിൽക്കണമെന്ന ആഗ്രഹത്താലാണ് കാലടിയിലേക്ക് വരുന്നത്. എന്റെ ക്ലാസിലുള്ള പലരും പല ജില്ലകളിൽ നിന്ന് വന്നവരാണ്. കാലടി യൂണിവേഴ്സിറ്റി വളരെ എളുപ്പത്തിൽ ആക്സസ് ചെയ്യാൻ പറ്റുന്ന ചെറിയൊരു സ്പേസ് ആണ്. കാലടിയുടെ ഒരു പൊതുസ്വഭാവം അത് കുറേക്കൂടി ഉൾക്കൊള്ളൽ സ്വഭാവമുള്ള യൂണിവേഴ്സിറ്റിയാണ്. ക്യാമ്പസ് കുറേക്കൂടി രാഷ്ട്രീയവൽക്കരിക്കപ്പെട്ട സ്പേസാണ്. തിരുത്താണി വിദ്യാർത്ഥി കൂട്ടം പോലുള്ള രാഷ്ട്രീയവത്കരിക്കപ്പെട്ട ഒരു കൂട്ടം ക്യാമ്പസിൽ സജീവമാണ്. എന്റെ ഡിപ്പാർട്ട്മെന്റിലെ കൂട്ടുകാരാണെങ്കിലും നമ്മളെ അംഗീകരിക്കുന്നവരാണ്. വലിയ തരത്തിലുള്ള അബ്യൂസ് ഒന്നും എനിക്ക് നേരിടേണ്ടി വന്നിട്ടില്ല. അതിൽ വളരെ സന്തോഷവുമുണ്ട്.

എന്നാൽ, ക്യാമ്പസ് വളരെ ക്വീയർസൗഹാർദ്ദപരമായ പുരോഗമനപരമായ ഒരു സ്പേസാണെന്ന് ഞാൻ പറയുന്നുമില്ല. യാതൊരു പ്രശ്നവുമില്ലാത്ത ഒരിടം എന്നൊക്കെ പറഞ്ഞാൽ അതൊരു ഉട്ടോപ്യൻ സങ്കൽപ്പം കൂടിയാണ്. പ്രോഗ്രസീവ് സ്പേസിൽ നിന്നുള്ള അതിക്രമങ്ങൾ കുറേക്കൂടി സൂക്ഷ്മ സ്വഭാവത്തിലുള്ളതാണ്. നമ്മളെ ഏതെങ്കിലും തരത്തിൽ ഒറ്റപ്പെടുത്താനായിരിക്കും അവർ ശ്രമിക്കുക. ഇപ്പോ ക്വീയർ ആയ തുറന്ന് പറച്ചിലുകൾ നടത്തിയിട്ടില്ലാത്ത വിദ്യാർത്ഥികളുണ്ടാവില്ലേ.അവരെ സംബന്ധിച്ചെടുത്തോളം, തുറന്ന് പറഞ്ഞ വിദ്യാർത്ഥികളോട് മിണ്ടുന്നത്, കൂടെ നടക്കുന്നത്, അത് അവർക്കൊരു പ്രതിസന്ധിയുണ്ടാക്കും 'ഇവരുടെ കൂടെ നടന്നാൽ ഞങ്ങളുടെ ഐഡന്റിറ്റി കൂടെ പ്രശ്നത്തിലാകുമെന്നാണവർ കരുതുന്നത്. അതവരുടെ പ്രശ്നം കൊണ്ടു മാത്രമല്ല മറിച്ച് സമൂഹം ഉണ്ടാക്കിയെടുത്ത ബോധ്യങ്ങളുടെ പ്രശ്നം കൂടിയാണ്. പിന്നെ ഇപ്പോ നമുക്കെതിരെ ഒരു പരാതി വന്നത് 'മലയാളത്തിലെ കുട്ടികൾ ഹോസ്റ്റൽ കുണ്ടൻ കളിക്കായി ഉപയോഗിക്കുന്നു എന്നാണ്' എനിക്കത് വലിയ ഷോക്കായി . നമ്മളോട് ചിരിച്ചു സംസാരിക്കുന്ന വ്യക്തിയാണ് ഈ പരാതി കൊടുക്കുന്നത്. അത്തരത്തിൽ നമ്മളെയിങ്ങനെ ഫുൾടൈം ഹൈപ്പർ സെക്ഷൽ ആയിട്ട് ചിത്രീ

കരിക്കുന്ന രീതിയുണ്ട്. അതുപോലെതന്നെ നമ്മുടെ വസ്ത്രധാരണത്തെ കുറിച്ച് .... ഞാനെപ്പോഴും ചിന്തിക്കാറുണ്ട് ഒരു ജെന്റർ ക്വീയർ ആയ വ്യക്തി ഏത് വസ്ത്രമാണ് ധരിക്കേണ്ടതെന്ന് . ഞാൻ എനിക്ക് കംഫർട്ടായ വസ്ത്രം ധരിച്ചാണ് ക്ലാസ് മുറിയിലേക്ക് വരുന്നത്. അതേ സമയം ഒരധ്യാപകൻ പറയുന്നു 'ഇത്തരം വസ്ത്രം ധരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടെന്ന് ' പക്ഷേ എനിക്കെതിരെ നടപടിയൊന്നും എടുക്കാനോ ഞാൻ ഉപയോഗിക്കുന്ന വസ്ത്രം പാടില്ലെന്ന് പറയാനോ ആരും മുതിർന്നില്ല. എന്നാൽ ഒരു യൂണിവേഴ്സിറ്റി അധ്യാപകൻ അങ്ങനെയൊരു കമന്റ് പറയുന്നതിൽ വലിയ പ്രശ്നമുണ്ട്. ഇത്തരം പ്രശ്നങ്ങൾ വരുമ്പോൾ അതിനുള്ളിൽ തന്നെ ഇന്റേണലായി അതിനെ റദ്ദ് ചെയ്യാനുള്ള ശബ്ദങ്ങൾ അവിടെതന്നെയുണ്ട്. അതാണ് യൂണിവേഴ്സിറ്റിയുടെ ഒരു സവിശേഷതയെന്നാണ് ഞാൻ കരുതുന്നത്.

** വിദ്യാർത്ഥി രാഷ്ട്രീയ പ്രസ്ഥാനങ്ങളിലേക്ക് ട്രാൻസ് സുഹൃത്തുക്കൾ എത്തുന്നുണ്ട്. ഇത്തരമൊരു പ്രാതിനിധ്യസ്വഭാവം ക്യാമ്പസിൽ മാറ്റമുണ്ടാക്കുന്നുണ്ടോ*

ഇപ്പോ കുറേയധികം മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. എസ് എഫ് ഐ പോലുള്ള പല സംഘടനകളും ക്വീയർ ആയിട്ടുള്ള പ്രതിനിധികളെ ഉൾപ്പെടുത്തുന്നുമുണ്ട്. അവരൊക്കെയും ക്വീയർ വിഷയത്തെ ഏറ്റെടുക്കുമ്പോൾ പുരോഗമനപരമായ നിലപാടായിട്ടാണ് കാണുന്നത്. അങ്ങനെയൊരു പുരോഗമനപരതയുടെ ഉള്ളില് വെക്കേണ്ട വിഷയം മാത്രമല്ലിത്. പുരോഗമനപരമായ ഒന്നായി ഈ വിഷയത്തെ സ്ഥാനപ്പെടുത്തുമ്പോൾ പലരും ഇതിൽ നിന്ന് പുറന്തള്ളപ്പെടും. ഇതിന്റെ പ്രതി(ശത്രു)പക്ഷത്ത് സ്വാഭാവികമായും ഒരു യാഥാസ്ഥിതികധാര രൂപപ്പെടും. പല സംഘടനകളും ക്വീയർ അനുകൂല മുഖമുണ്ടാക്കിയെടുക്കുമെങ്കിലും ഇവരുടെ മുദ്രാവാക്യങ്ങളിലൊക്കെ ശിഖണ്ഡിയും ഭയങ്കര ഹോമോഫോബിക്കായ തെറികളുമുണ്ടാകാറുണ്ട്.നമ്മള് തിരുത്തേണ്ട സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. പരസ്യമായി തന്നെ അവരുടെ നേതാക്കന്മാരും മറ്റും ഇത്തരം വാക്കുകൾ എടുത്തുപയോഗിക്കും നമ്മളതിനെ ചോദ്യം ചെയ്യുന്ന സന്ദർഭമുണ്ടായിട്ടുണ്ട്. പക്ഷേ കുറേക്കൂടി രാഷ്ട്രീയ പ്രതിനിധ്യം ഉണ്ടാവുന്നുണ്ട്. പ്രാതിനിധ്യം കിട്ടുകയെന്ന് വെച്ചാൽ അതൊരു ദൃശ്യതയെ സംബന്ധിച്ച കാര്യമാണ് .അതൊരു മാറ്റമാണ്.

** ' കല്യാണപന്തലിൽ പെണ്ണുങ്ങളെല്ലാം*
*അകത്ത് അടുക്കളയിൽ അടുപ്പിൽ*
*ആണുങ്ങളെല്ലാം*
*കോലായിൽ മുറ്റത്ത് പറമ്പിൽ പന്തലിൽ*
*ഞാനാണെങ്കിലെവിടെ*
*നിൽക്കണമെന്നറിയാതെ വെയിലത്ത് വയലിൽ'*

*ആദിയുടെ വരികളാണ്. ഭിന്ന ലൈംഗികതയെ അടിസ്ഥാനമാക്കി രൂപപ്പെടുത്തുന്ന കുടുംബമെന്ന സ്ഥാപനം പലപ്പോഴും വൈവിധ്യങ്ങളെ മാറ്റി നിർത്താനാണ് ശ്രമിക്കുന്നത്. കുടുംബത്തെക്കുറിച്ചുള്ള ആദിയുടെ നിരീക്ഷണം വ്യക്തമാക്കാമോ?*

കുടുംബം ഒരടഞ്ഞഘടനയാണ്. അതിന് ഉൾക്കൊള്ളാൻ പറ്റുന്നത് ഇത്തരമൊരു ബൈനറിയെ മുൻനിർത്തിയുള്ള പ്രണയം, കാമന അതിനെയൊക്കെയാണ്. അതിൽ തന്നെ ജാതി, മതം, വർഗം എന്നിവ പ്രധാന ഘടകങ്ങളാകുന്നുണ്ട്. ജാതി മാറിയുള്ള ഹെട്രോസെക്ഷ്വൽ ബന്ധത്തെപ്പോലും സ്വീകരിക്കാൻ പറ്റാത്ത ഒരു സ്പേസിനകത്താണ് നമ്മൾ ആൺ – ആൺ, പെൺ – പെൺ പ്രണയത്തെക്കുറിച്ച് സംസാരിക്കാൻ മുതിരുന്നത്. ഭിന്ന ലൈംഗികവൽക്കരിക്കപ്പെട്ട കുടുംബമാണ് നമ്മുടേത്. അതിനുള്ളിൽ തന്നെ അച്ഛനാണ് കേന്ദ്രം. ഭിന്നലൈംഗികവൽക്കരിക്കപ്പെട്ട കുടുംബമായതിനാൽ ബൈനറിക്കപ്പുറമുള്ള ബന്ധങ്ങളെയൊന്നും അതംഗീകരിക്കാൻ പോകുന്നില്ല. ഹോമോസെക്ഷ്വലായ വ്യക്തികൾ കുടുംബങ്ങൾക്കുള്ളിൽ നേരിടുന്ന കറക്ടീവ് റേപ്പ് പോലുള്ള നിരവധി പ്രശ്നങ്ങളുണ്ട് .അതായത് ഗേ, ലെസ്ബിയൻ ഒക്കെയായ വ്യക്തികളെ കുടുംബത്തിലുള്ള ആളുകളെകൊണ്ട് റേപ്പ് ചെയ്യിപ്പിക്കുക. അങ്ങനെ അവരുടെ ലൈംഗിക ആഭിമുഖ്യം മാറും. സ്ത്രീയാണെങ്കിൽ പുരുഷനെ കൊണ്ട്, പുരുഷനാണെങ്കിൽ സ്ത്രീയെ കൊണ്ട് . നിർബന്ധിത ഇന്റർകോഴ്സിലേക്ക് നയിച്ചാൽ അവരുടെ ലൈംഗിക ആഭിമുഖ്യം നേരായ ലൈംഗികതയായി മാറുമെന്ന തെറ്റിധാരണയുണ്ട്. വലിയ അതിക്രമങ്ങൾ നടക്കുന്ന ഇടം കൂടിയാണ് കുടുംബങ്ങൾ.രണ്ടാഴ്ച്ച മുമ്പാണ് ഒരു ട്രാൻസ്ജെന്റർ സുഹൃത്തിനെ സ്വന്തം ചേട്ടൻ തല്ലിക്കൊന്നത്. സമൂഹത്തിനോടുള്ള വലിയ പ്രതിബന്ധതയുണ്ട് കുടുംബത്തിന്.അതിന്റെ തുടർച്ചയായാണ് ഈ അതിക്രമങ്ങളെയൊക്കെ മനസ്സിലാക്കേണ്ടത്. നമ്മള് ഇങ്ങനെ അകത്തിനെ ക്രമപ്പെടുത്തി കൊണ്ടിരിക്കുകയാണ്. ഈ അകം ഇതുവരെ നിലനിന്നപോലെ നിലനിർത്താനുള്ള പെടാപാടാണ് നമുക്കുള്ളത്. വീട് പുറംതള്ളിയ വ്യക്തിയെന്നാൽ ദേശം പുറം തള്ളിയ വ്യക്തി കൂടിയാണ്.ഇതോടെ നമ്മൾ എല്ലാ രേഖകളും നഷ്ടപ്പെട്ട ശരീരമായി മാറുകയാണ് .അതായത് ദേശം പുറംതള്ളിയ വ്യക്തി ദേശത്തിന്റെ യാതൊരു ആനുകൂല്യവുമില്ലാത്ത വെറും ശരീരമായി മാറുന്നത് പോലെ തന്നെയാണത്. അതോണ്ടാണ് ട്രാൻസ് ആയ വ്യക്തികൾക്ക് ഭിക്ഷയെടുക്കേണ്ടി വരുന്നത്.യാതൊരു ആനുകൂല്യവുമില്ലാതാവുമ്പോൾ അവർക്ക് അരികുകളിലേക്ക് പോവേണ്ട ഒരവസ്ഥയുണ്ടാവുന്നു. സെക്സ് വർക്ക് ചെയ്യേണ്ട ഒരവസ്ഥയുണ്ടാകുന്നു. അത്തരത്തിൽ ദേശവും കുടുംബവും തമ്മിലുള്ള നൈരന്തര്യത്തിന്റെ തുടർച്ചയിലാണ് ഇത്തരം അതിക്രമങ്ങൾ സംഭവിക്കുന്നതെന്ന് തോന്നുന്നു.







ഡോ.ജാൻസി ജോസ്

# കുടുംബം പെണ്ണിന്റേതു കൂടിയാവേണ്ടുന്ന കാലം

കുടുംബം എന്ന വിഷയം കൈകാര്യം ചെയ്യുമ്പോൾ ,കൂട്ടിയും കിഴിച്ചും ഗുണിച്ചും നോക്കിയിട്ടും നഷ്ടങ്ങളുടെ കണക്കു മാത്രം പറയാൻ പററുന്ന സാമൂഹികാന്തരീക്ഷത്തിൽ നിന്നു കൊണ്ടു മാത്രം കുടുംബത്തെ കാണേണ്ടി വരുന്ന ശരാശരി പെണ്ണിന്റെ മാനസികാവസ്ഥയിൽ നിന്നേ എനിക്ക് എഴുതാൻ കഴിയുന്നുള്ളൂ. പെണ്ണിനെ സംരക്ഷിക്കുന്ന വാദങ്ങളും നിയമങ്ങളും വിധികളും എല്ലാം കണ്ടുകൊണ്ടിരിക്കെത്തന്നെ ഞാനെവിടെ എന്ന് തിരഞ്ഞു നോക്കേണ്ട അവസ്ഥയാണ് ഓരോ പെണ്ണിനും വന്നു പെട്ടിരിക്കുന്നത്. ഉണ്ടായതോ ചെന്നു ചേർന്നതോ ആയ ഏതെങ്കിലുമൊരു കുടുംബം അവളുടെ സ്വപ്നങ്ങൾ തകർത്തിരിക്കും. ഒരു ബന്ധവുമില്ലാത്ത കുടുംബങ്ങൾ അവളുടെ ചിറകുകൾ അരിഞ്ഞിരിക്കും. ചുറ്റുപാടുമുള്ള എല്ലാ കുടുംബങ്ങളും ചേർന്ന് അവളുടെ കാലുകൾ വരിഞ്ഞ് മുറുക്കിയിട്ടുണ്ടാവും. പറക്കാൻ ശ്രമിക്കുന്ന ഓരോ പെണ്ണും വട്ടംചുറ്റി താഴെ വീണിരിക്കും. ഒടുവിൽ തോറ്റ് നിലവിളിച്ച് തല താഴ്ത്തി കുടുംബത്തിൽ ജീവിക്കാൻ പാകത്തിന് തിരിച്ചു വരുമ്പോൾ ഇപ്പോഴാണ് മര്യാദ വന്നത് എന്നു പറഞ്ഞ് അടിമ ബോധം വരുത്താനുള്ള ട്രെയിനിംഗ് ആരംഭിച്ചിരിക്കും.

സ്വപ്നങ്ങൾ നഷ്ടമായ പെണ്ണ്, സ്വസ്ഥത പണയം വെച്ച പെണ്ണ് - ഇവർക്കു മാത്രമേ കുടുംബം അനുകൂലമായി നിൽക്കുകയുള്ളൂ. ഇന്ന് കുടുംബത്തിൽ ജീവിക്കുന്ന ഓരോ പെണ്ണിനും ചെയ്യാൻ കഴിയുന്നത് താനാണ് ഏറ്റവും ഭാഗ്യം ചെയ്ത പെണ്ണ് എന്നു പറഞ്ഞ് സന്തോഷിക്കുക മാത്രമാണ്. മെച്ചപ്പെട്ട അവസ്ഥ വരുമ്പോഴേക്കും ഇതാണ് ഏറ്റവും നല്ല അവസ്ഥ എന്ന് തെറ്റിദ്ധരിച്ച് അങ്ങ് ജീവിച്ചു പോവാം അത്ര തന്നെ. പെണ്ണിന്റെ പാരതന്ത്ര്യത്തെക്കുറിച്ച് പറഞ്ഞ് കുറച്ചു സ്ത്രീകളുടെ മുന്നിൽ ചെന്നപ്പോൾ ഞങ്ങൾ സ്വതന്ത്രരാണ് എന്നു പറഞ്ഞ് പരിഹസിച്ച അവസ്ഥ ഉണ്ടായിട്ടുണ്ട്. ഓരോരുത്തർ അനുഭവിക്കുന്ന സ്വാതന്ത്ര്യവും അവനവൻ മനസിലാക്കിയ സ്വാതന്ത്ര്യവും തമ്മിലുള്ള വ്യത്യാസം മാത്രമാണ് ഈ സംതൃപ്തി ക്കു പിന്നിൽ എന്നു പറയാതെ വയ്യ. ആണിനും പെണ്ണിനും വിഭജിച്ചു നൽകാത്ത ഒരു ആകാശം ഉണ്ടാകാത്തിടത്തോളം കാലം പെണ്ണ് കുടുംബം എന്ന കീറാമുട്ടിയുമായി മൽപ്പിടുത്തം നടത്തി മുന്നോട്ടു പോകേണ്ടി വരും. ഒരാകാശം ഒരേ ഒരു ആകാശം ഇല്ലാതെ പുറത്ത് വാശി പിടിച്ചു പോകുന്ന പെണ്ണുങ്ങളൊക്കെത്തന്നെ തിരിച്ച് ചിറകൊടിഞ്ഞ് കുടുംബത്തിൽ വന്നു പതിക്കും. നമുക്ക് ഒറ്റക്കെട്ടായി ചിന്തിച്ചു തുടങ്ങണം. ഒറ്റക്കൊറ്റക്കുള്ള ചിന്ത മതിയാക്കണം. മെല്ലെ മെല്ലെ മുന്നേറണം നമ്മുടെ ആകാശം നമുക്കു നേടണം. അങ്ങനെ കുടുംബം പെണ്ണിന്റേതു കൂടിയാവുന്ന കാലം വരുക തന്നെ ചെയ്യും.





**ഷിഫാന കെ.**
ഗവേഷക,
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല
9400369590

# മുസ്ലിം സ്ത്രീപദവിയും കുടുംബവും



കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം എന്നതാണ് കുടുംബത്തിന്റെ പൊതുവിലുള്ള നിർവ്വചനം.മാനസിക ബലവും സുരക്ഷാ ബോധവുമാണ് കുടുംബം നമുക്ക് പ്രദാനം ചെയ്യുന്നത്. ഒരു സ്ത്രീയെ സംബന്ധിച്ചാവുമ്പോൾ ഈ ധാരണ കുറച്ചു കൂടി ബലപ്പെടുന്നുണ്ട്. സ്ത്രീ സമം കുടുംബം എന്ന മട്ടിലാണ് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്.സ്ത്രീയുടെ ജീവശാസ്ത്രപരമായ അവസ്ഥയാണ് കുടുംബത്തിലേക്ക് ഒതുക്കപ്പെടുന്നതിന് കാരണമായിട്ടുള്ളതിൽ പ്രധാനം. ആർത്തവം, ഗർഭധാരണം, പ്രസവം, മുലയൂട്ടൽ, ശിശു പരിചരണം തുടങ്ങിയവ സ്ത്രീയുമായി ബന്ധപ്പെട്ടു നിൽക്കുന്നതു കൊണ്ടു തന്നെ അവളെ കുടുംബത്തിന്റെ വിളക്കായി വ്യാഖ്യാനിക്കാൻ നിഷ്പ്രയാസം സാധിക്കും. സ്ത്രൈണം , പൗരുഷം തുടങ്ങിയ ആശയങ്ങളാണ് സ്ത്രീയുടെ പദവിയെ സവിശേഷമായ രീതിയിൽ രൂപപ്പെടുത്തുന്നത്.ഈ ആശയങ്ങൾ ജീവശാസ്ത്രപരം എന്നതിനെക്കാൾ സാംസ്കാരികമാണ്.

കേരളീയ ചരിത്രത്തിൽ ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്നിരുന്ന കാലത്ത് സ്ത്രീ എന്ന സംവർഗ്ഗം പോലും രൂപപ്പെട്ടിരുന്നില്ല.എന്നാൽ ജാതിയധിഷ്ഠിമായ ജീവിതാവസ്ഥയിൽ എല്ലാ വിഭാഗത്തിലെ സ്ത്രീയവസ്ഥകളും സമാനമായിരുന്നു.അതു കൊണ്ടു തന്നെ കേരളീയ സ്ത്രീക്ക് ഒരു വാർപ്പു മാതൃക തന്നെ സൃഷ്ടിച്ചു വച്ചിട്ടുണ്ട്. അതിൽ നിന്നും വ്യത്യസ്തമായ ഒന്നല്ല മുസ്ലിം സ്ത്രീയുടേതും.എന്നാൽ ഖുർആനിൽ സ്ത്രീക്ക് മാന്യമായ ഇടമാണ് നൽകിയിട്ടുള്ളത്. പെൺകുഞ്ഞ് ജനിച്ചാൽ ജീവനോടെ കുഴിച്ചുമൂടുന്ന വ്യവസ്ഥിതിയിൽ നിന്നും സ്ത്രീയുടെ പദവി ഉയർത്തിയതും നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ ഭാര്യയോട് നല്ല രീതിയിൽ പെരുമാറുന്നവനാണെന്നും ലോകത്തിൽ വെച്ച് ഏറ്റവും കൂടുതൽ കടപ്പാടുള്ളത് മാതാവിനോടാണെന്നും പഠിപ്പിച്ചത് പ്രവാചകൻ മുഹമ്മദ് റസൂലാണ്.ഒന്നോ രണ്ടോ പെൺമക്കളെയും സഹോദരിമാരെയും നല്ല രീതിയിൽ ഒരാൾ വളർത്തുകയും സംരക്ഷിക്കുകയും ചെയ്താൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന് അവന് തടസ്സങ്ങൾ ഇല്ല എന്നും



ഖുർആൻ പറയുന്നു. സ്ത്രീയായാലും പുരുഷനായാലും സത്പ്രവൃത്തി ചെയ്താൽ അയാളുടെ ജീവിതം നല്ല രീതിയിലുള്ളതാവുമെന്നും അതിനനുസൃതമായ പ്രതിഫലം നൽകുമെന്നും ഖുർആൻ പറയുന്നുണ്ട്. അനുസരിക്കുന്ന പുരുഷന്മാരും അനുസരിക്കുന്ന സ്ത്രീകളും, വിശ്വസിക്കുന്ന പുരുഷന്മും വിശ്വസിക്കുന്ന സ്ത്രീകളും, ഭക്തന്മാരായ പുരുഷന്മാരും ഭക്തരായ സ്ത്രീകളും, ക്ഷമാശീലന്മാരായ പുരുഷന്മാരും ക്ഷമാശീലരായ സ്ത്രീകളും, താഴ്മയുള്ളവരായ പുരുഷന്മാരും താഴ്മയുള്ളവരായ സ്ത്രീകളും ദാനധർമ്മങ്ങൾ ചെയ്യുന്നവരായ പുരുഷന്മാരും ദാനധർമ്മങ്ങൾ ചെയ്യുന്നവരായ സ്ത്രീകളും, ചാരിത്യം സംരക്ഷിക്കുന്നവരായവർക്ക് അല്ലാഹു പാപമുക്തിയും മഹത്തായ പ്രതിഫലവും ഒരുക്കിയിരിക്കുകയാണ് എന്നാണ് പറയപ്പെടുന്നത്.

ലിംഗവിവേചനം ഇസ്ലാമിൽ ഇല്ല എന്നതിനുള്ള തെളിവുകൾ ഖുർആനിൽ പലയിടത്തും കണ്ടെത്താവുന്നതാണ്. ഖുർആനിൽ സ്ത്രീ ഇങ്ങനെയൊക്കെ വിവക്ഷിക്കപ്പെടുമ്പോഴും പ്രായോഗികതലത്തിൽ ഇതിന്റെ വൈരുദ്ധ്യമാണ് സംഭവിക്കുന്നത്. വിവാഹം ബഹുഭാര്യത്വം, വിവാഹമോചനം, അനന്തരവകാശം തുടങ്ങിവയിലൊക്കെ സ്ത്രീ വിവേചനത്തിന് ഇരയാകുന്നുണ്ട്.

ഇസ്ലാമിൽ വിവാഹം കരാറാണ്. വിവാഹബന്ധത്തിൽ സ്ത്രീക്കും പുരുഷനും തുല്യ സ്ഥാനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സ്ത്രീക്കും പുരുഷനും ഏതൊരു വിഷയത്തിലും തുല്യ അവകാശമാണെന്ന് ഖുർആൻ പറയുന്നു.ഇസ്ലാം ബഹുഭാര്യത്വം അനുവദിക്കുന്നുണ്ട്. അത് ആദ്യ ഭാര്യയുടെ സമ്മതത്തോടു കൂടിയാവണമെന്നും ഭാര്യ നിത്യരോഗിയാകുകയോ, സ്ത്രീ ജനസംഖ്യ കൂടുകയോ ചെയ്യുന്ന ഘട്ടങ്ങളിലാണ് അത് അനിവാര്യമാവുന്നത്. വിവാഹമോചനത്തിന്റെ കാര്യത്തിലും തെറ്റിദ്ധാരണയാണുള്ളത്. ഒറ്റയടിക്ക് മൂന്ന് മൊഴിയും ചൊല്ലി പിരിയാൻ ഇസ്ലാം നിർബന്ധിക്കുന്നില്ല. മനുഷ്യമനസ്സിന്റെ വീണ്ടു വിചാരത്തിന് ഇസ്ലാം അവസരം നൽകുന്നുണ്ട്. പുനർവിചിന്തനം നടത്തി ഒന്നിക്കാനാണ് ഇസ്ലാം ആവശ്യപ്പെടുന്നത്. വിവാഹ മോചനം ഇസ്ലാമിൽ വെറുക്കപ്പെട്ടിരിക്കുന്ന ഒന്നായാണ് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. ഇനി അവർ (ദമ്പതിമാർ ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരു വിഭാഗവും അനുരഞ്ജനമാണ് ഉദ്യേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു. ഭാര്യയുടെയും ഭർത്താവിന്റെയും സമ്മതം ആവശ്യമുള്ള 'മുബാറത് ', വിവാഹമോചനം നടത്താൻ സ്ത്രീക്ക് അവകാശമുള്ള' ഖുൽ അ 'തുടങ്ങിയ രീതികളെക്കുറിച്ചും പല സ്ത്രീകളും അജ്ഞരാണ്.സ്ത്രീ തൊഴിൽ ചെയ്യുന്നതിനും സ്വത്ത് സമ്പാദിക്കുന്നതിനും ഇസ്ലാം എതിരല്ല. അംഗീകരിക്കുകയാണ് ചെയ്തിരിക്കുന്നത്.അങ്ങനെ സമ്പാദിക്കുന്ന സ്വത്ത് സ്വതന്ത്രമായി ക്രയവിക്രയം ചെയ്യുന്നതിനും ഇസ്ലാം വിലക്ക് കൽപ്പിക്കുന്നില്ല. ഏഴാം നൂറ്റാണ്ടിൽ തന്നെ സ്ത്രീക്ക് അനന്തരവകാശം ഇസ്ലാം ഉറപ്പു വരുത്തിയിട്ടുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചു പോയ സ്വത്തിൽ പുരുഷന്മാർക്ക് ഓഹരിയുണ്ട്. മതാപിതാക്കളും അടുത്ത ബന്ധുക്കും വിട്ടേച്ചു പോയ സ്വത്തിൽ സ്ത്രീകൾ

**ഇസ്ലാമിക ചരിത്രം പരിശോധിക്കുമ്പോൾ രാഷ്ട്രീയ രംഗത്ത് സ്ത്രീയുടെ സാന്നിധ്യം വ്യക്തമാകുന്നതാണ്. രണ്ടാം ഖലീഫയുടെ ഭരണകാലത്ത് മാർക്കറ്റിംങ് ഇൻ സ്പെക്ടറായി ഒരു വനിതയെ നിയമിച്ചിട്ടുണ്ട്. 'ശിഫാ അ' എന്ന പേരിലാണ് ചരിത്രത്തിൽ അവരെ അടയാളപ്പെടുത്തിയിരിക്കുന്നത്. വിദ്യഭ്യാസവും മികച്ച ബുദ്ധി ശേഷിയുമുള്ള സ്ത്രീകളെ അവർ അർഹിക്കുന്ന മട്ടിൽ സ്ഥാനമാനങ്ങൾ നൽകാനും പദവി ഉയർത്താനും ഇസലാം മടിക്കുന്നില്ല.**

ക്കും അവകാശമുണ്ട്.സ്ത്രീ-മകൾ ,ഭാര്യ, മാതാവ്, തുടങ്ങിയ നിലകളിലൊക്കെയുള്ള സ്വത്തവകാശം സ്ത്രീക്ക് എങ്ങനെയാണെന്നും എത്രയാണെന്നും ചിട്ടപ്പെടുത്തിയിട്ടുണ്ട്. അതുപോലെ തന്നെ മകൾ, ഭാര്യ, മാതാവ്, തുടങ്ങിയ സ്ത്രീ നിലകളിലൊക്കെ അവളുടെ ചിലവുകൾ വഹിക്കേണ്ടത് പുരുഷനാണ്. മഹർ (വിവാഹത്തിന് സ്ത്രീക്ക് ലഭിക്കുന്നത് ) -ന്റെ മൂല്യം നിശ്ചയിക്കാനും വരനെ തിരഞ്ഞെടുക്കാനുമുള സ്വാതന്ത്ര്യവും ഇസ്ലാം സ്ത്രീക്ക് അനുവദിച്ചിട്ടുണ്ട്. രാഷ്ട്രീയ രംഗത്തിലുള്ള അവളുടെ സാന്നിധ്യത്തിന് പോലും ഇസ്ലം അതിർവരമ്പ് കല്പ്പിച്ചിട്ടില്ല.

ഇസ്ലാമിക ചരിത്രം പരിശോധിക്കുമ്പോൾ രാഷ്ട്രീയ രംഗത്ത് സ്ത്രീയുടെ സാന്നിധ്യം വ്യക്തമാകുന്നതാണ്. രണ്ടാം ഖലീഫയുടെ ഭരണകാലത്ത് മാർക്കറ്റിംങ് ഇൻ സ്പെക്ടറായി ഒരു വനിതയെ നിയമിച്ചിട്ടുണ്ട്. 'ശിഫാ അ' എന്ന പേരിലാണ് ചരിത്രത്തിൽ അവരെ അടയാളപ്പെടുത്തിയിരിക്കുന്നത്. വിദ്യഭ്യാസവും മികച്ച ബുദ്ധി ശേഷിയുമുള്ള സ്ത്രീകളെ അവർ അർഹിക്കുന്ന മട്ടിൽ സ്ഥാനമാനങ്ങൾ നൽകാനും പദവി ഉയർത്താനും ഇസ്ലാം മടിക്കുന്നില്ല. ഇത്തരത്തിൽ കുടംബത്തിനകത്തും പുറത്തും അവളുടെ വ്യക്തിത്വത്തെ പരിഗണിക്കുകയും അവർ അർഹിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഒരു പരിധി വരെ വകവെച്ചു കൊടുക്കുകയും ചെയ്യുന്നുണ്ട്. പുരുഷനെയും സ്ത്രീയെയും തുല്യ സ്ഥാനത്ത് നിർത്തുന്ന നിരവധി സന്ദർഭങ്ങൾ ഖുർ ആനിൽ നിന്നും കണ്ടെത്താവുന്നതാണ്.മതത്തിന്റെ അടിസ്ഥാന ഗ്രന്ഥമായ ഖുർ ആൻ ഇങ്ങനയൊക്കെ പറയുമ്പോഴും അതിന്റെ വൈരുദ്ധ്യാത്മകതയാണ് നിലവിലുള്ളത്.

ഇത്തരം അവസ്ഥകളാണ് 'ഇസ്ലാമിക ഫെമിനിസം' പോലുള്ള ആശയങ്ങളുടെ അടിസ്ഥാനം. ഇസ്ലാമിക ഫെമിനിസ്റ്റുകൾ അവളുടെ പദവി സംബന്ധിച്ച് സൂക്ഷ്മതലത്തിൽ അന്വേഷിക്കുകയാണ്.വാർപ്പുമാതൃക സൃഷ്ടിച്ച് സ്ത്രീയെ കൂടുതൽ ഒതുക്കപ്പെടേണ്ടതിന്റെ കാര്യകാരണബന്ധങ്ങളെയാണ് അവർ പരിശോധിച്ചത് .ഇത്തരം അന്വേഷണങ്ങൾ ഖുർആന്റെ സ്ത്രീപക്ഷ വായനയെയാണ് പ്രേരിപ്പിക്കുന്നത്. ഫാത്തിമ മെർനിസ്സി, ആമിന വദൂദ് ,ലൈല അഹമ്മദ് തുടങ്ങിയ ഇസ്ലാമിക ഫെമിനിസ്റ്റുകൾ അത് സാധ്യമാക്കിയവരാണ്. അവരുടെയെല്ലാം വ്യഖ്യാനങ്ങൾ പുരുഷകേന്ദ്രീകൃതമായ ഇസ്ലാം എന്നതിനെ പൊളിക്കാനുള്ള ശ്രമങ്ങളാണുള്ളത്.

കേരളത്തിന്റെ ചരിത്രം പരിശോധിക്കുമ്പോഴും അറയ്ക്കൽ ബീവി തമ്പുരാട്ടിമാരുടെയും മാതൃദായ ക്രമം പിൻതുടരുന്ന മുസ്ലിംസമുദായത്തെയുമൊക്കെ കണ്ടെത്താവുന്നതാണ്. കേരളത്തിലെ മുസ്ലിം സമുദായത്തിനു മാത്രം ബാധകമാകുന്ന ഒന്നായിരുന്നു മാപ്പിള പിൻതുടർച്ചവകാശം (1918) .1937ൽ ശരി അത്ത് നിയമം പാസ്സാക്കിയെങ്കിലും അപ്രയോഗികമായി തീർന്നു. നാട്ടാചാര നിയമങ്ങൾ ഇസ്ലാമിക വത്ക്കരിക്കപ്പെട്ടിരുന്നു എന്നത് മാത്രമല്ല, നവോത്ഥാന നായകന്മാർ മുന്നേറ്റത്തിന് വേണ്ടി ശ്രമിച്ചിരുന്ന ഒരു പാരമ്പര്യമാണ് കേരളത്തിനുള്ളത്. ഇന്ന് സമൂഹത്തിൽ മുസ്ലിം സ്ത്രീകൾ തൊഴിൽപരമായും വിദ്യഭ്യാസപരമായുമൊക്കെ മുന്നേറുന്നുണ്ടെങ്കിലും അവർ ശരി അത്ത് നിയമങ്ങളിൽ വേണ്ടുവോളം ധാരണ ഉണ്ടോ എന്നത് സംശയമാണ്. അതു കൊണ്ടാണ് ബഹുഭാര്യത്വം വിവാഹം, വിവാഹ മോചനം, സ്വത്തവകാശം തുടങ്ങിയവയിലെ അനീതികൾക്ക് സ്ത്രീകൾ ഇരകളാകുന്നത്.

മറ്റു മതങ്ങളിലെ സത്രീയവസ്ഥയും മുസ്ലിം സ്ത്രീക്ക് സമാനമാണ്. അതിനർത്ഥം ഇസ്ലാമും മറ്റു മതങ്ങളെപ്പോലെ പൗരോഹിത്യ മതമാണ് എന്നതാണ്. പുരുഷാധിപത്യം മതഗ്രന്ഥങ്ങളിലെ സത്തയെ വളച്ചൊടിക്കുകയും നിയമങ്ങളിൽ നിന്നും അവരെ അജ്ഞരാക്കി നിലനിർത്തുന്നതിൽ ശ്രദ്ധിക്കുകയും സ്ത്രീകളെ സംബന്ധിച്ച കാര്യങ്ങളെ തെറ്റായി വ്യാഖ്യാനിക്കുകയും സ്ത്രീയെ പുരുഷന് കീഴിൽ ഒതുക്കുകയും ചെയ്തു വരുന്നുവെന്നതാണ്. അതല്ലെങ്കിൽ പോലും എല്ലാ കുടുംബ വ്യവസ്ഥക്കുള്ളിലും സ്ത്രീ അവഗണിക്കപ്പെടുകയും പുരുഷനനുസൃതമായി പരുവപ്പെടുത്തി അധികാരം സ്ഥാപിച്ചെടുക്കപ്പെടുകയും ചെയ്യുന്നുണ്ട്. പ്രബലമായ എല്ലാ മതങ്ങളിലെയും സ്ത്രീകൾ മെരുക്കപ്പെടുന്നതിലെ വൈരുദ്ധ്യം എന്തായിരികും? സ്ത്രീയുടെ ചൂഷണം ചെയ്യുന്ന പുരുഷാധിപത്യത്തിന്റെ മനോഭാവം തന്നെയല്ലേ? ഇത്തരം മനോഭാവം മാറുന്നതിന്റെ സൂചന എന്നോണം 14 ഏപ്രിൽ 2021 കേരള ഹൈക്കോടതി ഖുൽ അ എന്ന സ്ത്രീക്ക് വിവാഹമോചനം നേടാനുള്ള രീതിയെ അംഗീകരിച്ചു കൊണ്ട് വിധി പുറപ്പിടുവിച്ചത്. ഇത് മുസ്ലിം സ്ത്രീയുടെ സാമൂഹികമായ അംഗീകാരത്തിന്റെ കൂടി നാന്ദി കുറിക്കലാണ്.

ഉപ്പും മുളകും

ഗീത



# മതാത്മക കുടുംബങ്ങളും സ്ത്രീ സ്വത്വവും

## ബിരിയാണി , ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ എന്നിവയെ ആസ്പദിച്ച അന്വേഷണം

**2020**ൽ സജിൻ ബാബു എഴുതി സംവിധാനം ചെയ്തു പുറത്തിറങ്ങിയ പടമാണ് ബിരിയാണി.ഇരുപതാമത് ഏഷ്യാറ്റിക് ഫിലിം ഫെസ്റ്റിവലിൽ മികച്ച ചിത്രത്തിനുള്ള നെറ്റ് പാക് അവാർഡുൾപ്പടെ നിരവധി പുരസ്കാരങ്ങൾ ഈ ചിത്രം കരസ്ഥമാക്കി. അതിൽ എടുത്തു പറയേണ്ടത് കനികുസൃതിക്കു ലഭിച്ച മികച്ച നടി അവാർഡ് ആണ്.

കനി എന്ന നടി ചുമലേറ്റുന്ന പടമാണ് ബിരിയാണി. കടലോരത്തു ജീവിക്കുന്ന കദീജയെന്ന സ്ത്രീ എന്തെല്ലാം പരീക്ഷണ ഘട്ടങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്നതാണു വിഷയം. തുടക്കം മുതൽ ഒടുക്കം വരെ കദീജയെ കേന്ദ്രീകരിച്ചു തന്നെയാണ് സിനിമയുടെ എല്ലാ ഘടകങ്ങളും നീങ്ങുന്നത്. കിടപ്പറയിലെ സ്ത്രീ പുരുഷ സുരതത്തിൽ നിന്നു തുടങ്ങുകയും അതിൽ അവസാനിക്കുകയും ചെയ്യുന്നു ബിരിയാണിയെന്നതും എടുത്തു പറയേണ്ടതാണ്. തുടക്കത്തിൽ ഭർത്താവിന്റെ ഏകപക്ഷീയമായ ഭോഗത്തിന് വിധേയപ്പെട്ട് കല്ലുപോലെ അല്ലെങ്കിൽ മരം പോലെ കിടക്കുന്ന കദീജയിൽ ആണു തുടക്കം. അയാൾ തൃപ്തനായി അവളിൽ നിന്നെഴുന്നേല്ക്കുമ്പോൾ അവൾ തുടങ്ങിയിട്ടു പോലുമില്ല. അയാൾ എണീറ്റു പോയ ശേഷം സ്വയംഭോഗത്തിലൂടെ തന്റെ ലൈംഗിക സംതൃപ്തി കണ്ടെത്തുകയാണ് കദീജ. അത് ഏകപക്ഷീയമായി ഉപരി സുരതം ചെയ്യുന്ന ആണിനുള്ള പെണ്ണിന്റെ താക്കീതു കൂടിയാണ്. നിങ്ങളെയൊക്കെ എന്തിനു കൊള്ളാമെന്ന ചോദിക്കാത്ത ചോദ്യം. അഥവാ സ്ത്രീയെ തൃപ്തിപ്പെടുത്താൻ കഴിയാത്ത ആണിന്റെ ലൈംഗിക ശേഷിക്കുറവിനെയും ധാരണക്കുറവിനെയും കുറിച്ചുള്ള ഒരോർമ്മപ്പെടുത്തൽ. അതിനു കീഴ്പെട്ട് നിസ്സഹായയായി ഒടുങ്ങാൻ താൻ തയ്യാറല്ലെന്ന പ്രഖ്യാപനമാണ് അവസാന സീനിലെ അവളുടെ ഉപരി സുരതം സൂചിപ്പിക്കുന്നത്.



എന്നാൽ ഇതു പെണ്ണിന്റെ ലൈംഗിക കാമനയുടെ മാത്രം പ്രശ്നമാണോ? അല്ലെന്നാണ് ബിരിയാണി നല്കുന്ന ഉത്തരം. തീവ്രവാദിയെന്നധിക്ഷേപിക്കപ്പെട്ട ഷാനവാസിന്റ സഹോദരി കൂടിയാണ് കദീജ. മകന്റെ തിരോധാനത്തിനു ശേഷം മാനസികമായ സമനില തീർത്തും നഷ്ടപ്പെട്ട സുഹറാബിയെന്ന ഉമ്മയുടെ ഏകാവലംബമാണവൾ. ഷാനവാസിനെപ്പറ്റി ചോദ്യം ചെയ്യുമ്പോൾ പോലീസ് സംവിധാനം ഉപയോഗിക്കുന്ന അധികാരം കുടുംബത്തിൽ ഭർത്താവു പയോഗിച്ച അതേ അധികാരം തന്നെയാണ്. ശാരീരികം മാത്രമല്ല അധികാര പ്രയോഗങ്ങൾ. ജനാധിപത്യ സംവിധാനത്തിന്റെ ഉപകരണങ്ങൾ പെണ്ണിനുണ്ടാക്കുന്ന മാനസിക വൈകാരിക സമ്മർദ്ദങ്ങൾ ആൺകോയ്മ പരമായ അധികാര ബോധത്തിൽ നിന്നു തന്നെ സംഭവിക്കുന്നതാണ്. മൂന്നു തലാക്ക് ഒറ്റയടിക്കു ഭർത്താവ് ഫോണിൽ മെസെജു ചെയ്യുന്നതോടെ അ

വൾ മകനടക്കമുള്ള കുടുംബത്തിൽ നിന്നു ബഹിഷ്കൃതയാകുന്നു. ഇവിടെ ഭർത്താവിന് അങ്ങനെ ചെയ്യാനുള്ള പ്രേരണയും പ്രോത്സാഹനവും അയാളുടെ ഉമ്മയാണ്. ആ ഉമ്മയും ഒരു സ്ത്രീയാണ്, അപ്പോൾ സ്ത്രീ തന്നെയാണ് സ്ത്രീക്കെതിര് എന്ന പതിവു വാദങ്ങളുണ്ട്. പക്ഷേ ഈ ഉമ്മ കേവലമൊരു സ്ത്രീയല്ല. പുരുഷാധികാരപരമായ മതത്തിന്റെ വിശ്വസ്തയായ ഏജൻറാണ്. അവളുടെ കൈയിൽ മതാചാരങ്ങൾ ഭദ്രമാണ്. ആൺകോയ്മയുടെ ഈ ശക്തിയാണ് മതാചാര സംരക്ഷണ രൂപത്തിൽ കദീജയിൽ ആ പാവം ഉമ്മ സ്വയമറിയാതെ പ്രവർത്തിപ്പിച്ചതെന്നു കാണാം. അവൾ സ്വന്തം കടപ്പുറത്തേക്കു തിരിച്ചു വരുന്നു. ഉമ്മയായ സുഹറാബിയെ കാത്തു രക്ഷിക്കുന്നവളായി മാറുന്നു. പോലീസുകാരുടെ അധികാര പ്രയോഗത്തിന്റെയും അശ്രദ്ധയുടെയും ഫലമായി അവളുടെ കുടിൽ കത്തിച്ചാമ്പലാകുന്നു. അങ്ങനെ അവൾക്ക് വീടും നഷ്ടമാകുന്നു. പെണ്ണിന്റെ സുരക്ഷിതത്വമെന്നു പൊതുവേ വ്യവഹരിക്കപ്പെടുന്ന ഭർതൃ കുടുംബവും ജനിച്ച വീടും നാടും നഷ്ടപ്പെട്ടവളായി അവൾ മാറുന്നു.

മതം, പൗരോഹിത്യം തീവ്രവാദിയുടെ ബന്ധുവെന്ന മേൽവിലാസം എന്നിവയിൽ നിന്നു രക്ഷപ്പെട്ട് സ്വതന്ത്രയാകാനുള്ള കദീജയുടെ ജീവിതയാത്രയുടെ ആദ്യഘട്ടത്തിൽ ഉമ്മയും കൂടെയുണ്ടായിരുന്നു. എന്നാൽ കാത്തിരുന്ന മകൻ കൊല്ലപ്പെട്ടുവെന്ന തിരിച്ചറിവിന്റെ ആഘാതം താങ്ങാനാകാതെ അവർ ഈ ലോകത്തെ വെടിയുന്നു. പിന്നീടുള്ള കദീജയുടെ യാത്ര പൂർണമായും അവളുടെ സ്വത്വാന്വേഷണത്തിന്റേതായിരുന്നു. ആദ്യമവൾ പുരുഷന്മാരുമായി ചെയ്ത രതിബന്ധങ്ങളിലൂടെ ശരീരത്തിന്റെ ആനന്ദമന്വേഷിച്ചു. അത് സൗജന്യമായും പ്രതിഫലത്തിനായും അവൾ ചെയ്തുകൊണ്ടിരുന്നു. അത്തരം ബന്ധങ്ങളും അതിൽ നിന്നും കിട്ടുന്ന തുകയും തന്നെ വൈകാരികമായി തൃപ്തിപ്പെടുത്തുന്നില്ലെന്നവൾ അറിയുന്നു. അപ്പോഴേക്കുമവൾ ഗർഭിണിയായിക്കഴിഞ്ഞിരുന്നു.

എല്ലാം നിർത്തി പാറപ്പുറത്തെ ചെറുവീട്ടിൽ താമസിക്കുമ്പോഴാണ് സുർജിത്തിന്റെ കഥാപാത്രം അവളുടെ ജീവിതത്തോടൊപ്പം ചേരുന്നത്. തന്നേക്കാൾ വളരെ വൃദ്ധനായ അയാളോടൊപ്പം കുറച്ചു ദിവസം അവൾ സമാധാനത്തോടെ കഴിഞ്ഞു. തന്റെ അമ്മയുടെ ആഗ്രഹമായ അച്ഛന്റെ ആണ്ട് അച്ഛനും അമ്മക്കും സഹോദരനും വേണ്ടി അവളുടെ വീടിരുന്ന കടപ്പുറത്തു നടത്താൻനടത്താൻ അവർ തീരുമാനിക്കുന്നു. ആ ബിരിയാണിസദ്യക്ക് അവൾ നാടടക്കം ക്ഷണിക്കാൻ തുടങ്ങുന്നു. വീണ്ടും പോലീസ് അന്വേഷണം. വീണ്ടും പോലീസിന്റെ അധികാരം അവളിലേക്കു കടന്നു വരുന്നു. പോലീസിന്റെ ക്രൂരമായ മർദനത്തിൽ അവരുടെ ഗർഭം അലസിപ്പോകുന്നു. ആശുപത്രിയിൽ നിന്ന് അവളത് പൊതിഞ്ഞു കൊണ്ടുവരികയും നാട്ടുകാർക്കു വിളമ്പുന്ന ബിരിയാണിയിൽ ഭ്രൂണത്തെ ആരുമറിയാതെ ചേർക്കുകയും ചെയ്തു. എല്ലാ മനുഷ്യരും മനുഷ്യമാംസം കലർന്ന ആ ബിരിയാണി സ്വാദോടെ ഭക്ഷിക്കുന്നതവൾ നോക്കി നിന്നു. തന്നോട് ആൺകോയ്മ ചെയ്തത് അവൾ മതാചാരത്തിന്റെ രൂപത്തിൽ അവർക്കു തിരിച്ചു കൊടുക്കുകയായിരുന്നു. തന്റെ മക്കളെ തിന്നുന്നവരാണ് മനുഷ്യരെന്ന പാഠം സിനിമയിൽ ഉല്പാദിപ്പിക്കപ്പെടുന്നു. വലിയ സംസ്കാരം അവകാശപ്പെടുമ്പോഴും അത്രയൊന്നും സംസ്കരിക്കപ്പെട്ടിട്ടില്ല എന്നതാണു യാഥാർഥ്യം. ആൺകോയ്മ അവളിൽ നിരുത്തരവാദപൂർവം ഉല്പാദിപ്പിച്ച ആരുടേതെന്നറിയാത്ത ആ ഭ്രൂണത്തെ ഭൂമിയിലേക്കാനും വളർത്താനും തയ്യാറായ അവളിൽ നിന്ന് അതൂറ്റിക്കളഞ്ഞതും അതേ അധികാരത്തിന്റെ നിരുത്തരവാദപരമായ ക്രൗര്യമായിരുന്നു. കുടുംബം, പിതൃത്വം, മതം ജനാധിപത്യം എന്നിവയിലെ ഹിംസാത്മകമായ പുരുഷാധിപത്യത്തെ ഒറ്റയടിക്ക് അവൾ വെളിപ്പെടുത്തി കീഴ്പ്പെടുത്തുകയാണ്. ഏറ്റവും സാത്വികനായ പ്രിയപ്പെട്ടവർ പോലും ' ഒരു തെറ്റിനെ മറ്റൊരു തെറ്റു കൊണ്ടു തിരുത്താനാവില്ലെ' ന്ന് അവളെ ഉപേക്ഷിച്ചു നടന്നകലുന്നു. അവളുടെ ജീവതത്തെ ജീവിത ദൗത്യത്തെ അവൾ വിശേഷിപ്പിക്കുന്നതു 'തെറ്റ് ' എന്നാണ്. അവളതിനെ തിരുത്താൻ ശ്രമിക്കുന്നില്ല. അത്രയും നിസ്സഹായയായി നോക്കി നില്ക്കുന്നു. എന്നാൽ പിന്നെയവൾക്കു നില്ക്കാനാകില്ല. അവൾ തന്റെ ഭൗതിക ശരീരമാകുന്ന ആ 'തെറ്റി 'നെ വെള്ളത്തിൽ ഉപേക്ഷിക്കുന്നു. അവളുടെ 'ആത്മാവ്" ചിറകടിച്ച് സ്വാതന്ത്ര്യത്തിലേക്കു കുതിക്കുന്നു. അവളെ അവളുടെ കാമനകളെ ശരികളെ അടിച്ചമർത്തിയ അധികാരങ്ങൾക്കുമേൽ ഉപരി സുരതം നടത്തി തൃപ്തയാകുന്ന അവളിൽ ബിരിയാണി അവസാനിക്കുന്നു.

2021 ൽ ജിയോബേബി എഴുതി സംവിധാനം ചെയ്തു പുറത്തിറക്കിയ ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ തുടങ്ങുന്നത് ദൈവത്തിനു പകരം ശാസ്ത്രത്തിനു നന്ദി പറഞ്ഞു കൊണ്ടാണ്. നല്ലത്. ദൈവത്തിന്റെ സന്തതിയല്ല സിനിമ ശാസ്ത്രത്തിന്റെ ഉല്പന്നമാണ്. നൃത്തരംഗത്തിൽ തുടങ്ങുകയും അവസാനിക്കുകയും ചെയ്യുന്നു. തന്റെ മോഹങ്ങളിൽ നിന്ന് ഒരുവൾ പരമ്പരാഗത മതാത്മക വിവാഹത്തോടെ മറ്റൊരുവന്റെ വീട്ടിലെത്തുന്നു. ആ വീട് പകൽ മുഴുവൻ അവൾക്ക് അടുക്കളയാണ്. വ്യത്യസ്ത വിഭവങ്ങളുടെ പാചകം വിളമ്പൽ എച്ചിൽ വൃത്തിയാക്കൽ പാത്രം കഴുകൽ സിങ്കിലെ വേസ്റ്റുവെള്ളം നിയന്ത്രിക്കൽ. സിനിമയുടെ ഏറ്റവും കൂടുതൽ സീനുകൾ ഇങ്ങനെയാണ്. പാചകം ചെയ്യുന്നവൾ ഭക്ഷണം കഴിക്കുന്ന സീനാകട്ടെ ഒന്നോ രണ്ടോ . അവൾ ഭക്ഷണം കഴിക്കുന്നുണ്ടോ എന്നത് അവിടെ ആരുടെയും ഉത്കണ്ഠയല്ല സ്വാദിഷ്ഠമായ വിഭവങ്ങൾ ഒരുക്കി വിളമ്പിത്തരാനുള്ള ഒരു യന്ത്രം മാത്രമാണവൾ. രാത്രിയാകട്ടെ ഏകപക്ഷീയമായ സുരതം. അതവളെ വേദനിപ്പിച്ചു കൊണ്ടേയിരിക്കുന്നു. സ്ത്രീയും പുരുഷനും ഏറ്റവും സന്തോഷത്തോടെ ആനന്ദിക്കേണ്ട ലൈംഗിക ബന്ധം സ്ത്രീക്ക് വേദനാകരമായിത്തീരുന്നത് എപ്പോഴാണെന്നും എന്തുകൊണ്ടാണെന്നും മനസിലാക്കാൻ കഴിയാത്ത / ശ്രമിക്കാത്ത പുരുഷനെ 'ബി

രിയാണി'യിലെന്ന പോലെ ഈ സിനിമയിലും കാണാം. പക്ഷേ ബിരിയാണിയിലെ പുറം കാറ്റേല്ക്കുന്ന നായിക വർഗ പരമായി ഏറ്റവും അടിത്തട്ടിലായതിനാൽ അവൾ തന്റെ ആനന്ദത്തിനുള്ള വഴികൾ സ്വയം കണ്ടെത്താൻ കഴിവുള്ളവളാണ്. ഉയർന്ന മധ്യവർഗത്തിന്റെ മിഥ്യാഭിമാനബോധം കിച്ചനിലെ നായികയെ നിസ്സഹായയും വിധേയയുമാക്കിയിരിക്കുന്നു. ഇത്തരം ഒരു നായികയെ കെ ജി ജോർജിന്റെ ആദാമിന്റെ വാരിയെല്ലിൽ സുഹാസിനി അവതരിപ്പിച്ചിട്ടുണ്ട്. വർഷങ്ങൾക്കു ശേഷം ആധുനിക സൗകര്യം വർധിപ്പിച്ച അതേ അടുക്കളയിൽ തളഞ്ഞു കിടക്കുന്ന പുതിയ നായിക പഴയവളുടെ മുമ്പിൽ നിഷ്പ്രഭയാണ്. എന്നാൽ ഭ്രാന്താശുപത്രിയിലാണ് പഴയവൾ എത്തിപ്പെട്ടത്. വീടും അടുക്കളയും അതിതീവ്ര പീഡനങ്ങളായി മാറുന്നത് ആദാമിന്റെ വാരിയെല്ലിൽ കാണാം. എന്നാൽ ഇവിടെ താരതമ്യേന ദുർബലയായ പുതിയവൾ അതിനെ പ്രതിരോധിച്ച് പുറത്തേക്കു വന്ന് നൃത്താലയത്തിൽ എത്തുന്നതാണു കാണുന്നത്.



അവളെ ആ മോചനത്തിനു സഹായിക്കാനായി ശബരിമലയും ആചാരങ്ങളുമൊക്കെയുണ്ട്. തീണ്ടാരിയായ പെണ്ണു തൊട്ടാൽ ചാണക ഉരുള വിഴുങ്ങുകയോ ചാണകത്തെളിവെള്ളം കുടിക്കുകയോ ആണ് വേണ്ടതെന്നു പദേശിക്കുന്നവരുണ്ട് സിനിമയിൽ. അത് ബിരിയാണിയിലെ പെൺ സുന്നത്തു പരാമർശം പോലെ അവിശ്വസനീയമായി അനുഭവപ്പെടുന്നു. കിച്ചനിലെ കഥാപാത്രങ്ങൾ സംസാരിക്കുന്നത് ഞാൻ മനസിലാക്കിയേടത്തോളം കോഴിക്കോട് ജില്ലയിലെ / സമീപ പ്രദേശങ്ങളിലെ ഭാഷയാണ്. മലപ്പുറം ജില്ലയിലെ തിരൂർ താനൂർ ഭാഗങ്ങളിലും ഇതിനോടു സാമ്യമുള്ളതാണ് സംസാരഭാഷ. അവിടെയൊന്നും ഇത്തരം ചാണകം തിന്നുന്ന ആചാരങ്ങൾ നിലവിൽ ഉള്ളതായി അറിവില്ല. ഇനി രാഷ്ട്രീയശരി ശാഠ്യത്തിന്റെ ഭാഗമായി പ്രതീകാത്മകമായി നടത്തിയ പരാമർശമാണിതെങ്കിൽ പോകട്ടെ. ഈ ആർഭാടങ്ങളൊന്നുമില്ലെങ്കിലും സ്ത്രീയുടെ അടുക്കള – കിടപ്പറയനുഭവങ്ങൾക്കു മാറ്റമുണ്ടാകുമായിരുന്നില്ല എന്നു മാത്രം.


ബിരിയാണിയും ദ ഗ്രേറ്റ് ഇന്ത്യൻ കിച്ചനും കാലിക പ്രസക്തമായ രണ്ടു സിനിമകൾ ആണ്. പുരുഷന്മാർ എഴുതി സംവിധാനം ചെയ്ത സ്ത്രീ മുന്നേറ്റത്തിന്റെ പാഠങ്ങൾ ആണ് അവ രണ്ടും . അതു കൊണ്ടു മാത്രം അവ അചോദ്യങ്ങളെന്നോ അഗണ്യങ്ങളെന്നോ വരുന്നില്ല. മാത്രമല്ല കിച്ചൻ സ്ത്രീകൾക്കിടയിൽ വലിയ ചർച്ചയാവുകയും ചെയ്തു. ബിരിയാണി അർഹമായ രീതിയിൽ ചർച്ച ചെയ്യപ്പെട്ടില്ലെന്നു തോന്നുന്നു.

രണ്ടു സിനിമകളുടെയും പ്രത്യേകത സ്ത്രീകൾ ചുമലേറ്റുന്നവയാണവ എന്നതു കൂടിയാണ്. കനികുസൃതിയുടെ സങ്കോചങ്ങളില്ലാത്ത ശരീരഭാഷയും അഭിനയവുമാണ് ബിരിയാണിയെ വിജയിപ്പിച്ചെടുത്ത മുഖ്യ ഘടകം. ഹോളിവുഡ് നടിമാരെ ഓർമ്മിപ്പിക്കുന്ന അഭിനയചാതുര്യം ബിരിയാണിയിൽ കനി കാഴ്ച വെക്കുന്നുണ്ട്. മലയാള സിനിമയിലെ വ്യത്യസ്ത നടിയായി അതു കനിയെ അടയാളപ്പെടുത്താൻ സഹായകവുമാണ്. നിമിഷാസജയൻ തന്റെ ഭാവാഭിനയം കൊണ്ട് കിച്ചനെ സജീവമാക്കുന്നു. അപകർഷതാ ബോധമുള്ള അത്രയൊന്നും 'അരഗന്റ് 'മെയിൽ അല്ലാത്ത സുരാജ് വെഞ്ഞാറമൂട് അങ്ങനെയുള്ള ഒരാൾക്ക് എങ്ങനെ ഹിംസാത്മകമാകാൻ കഴിയുന്നുവെന്നു വ്യക്തമാക്കുന്നുണ്ട്. അയാൾ ഒച്ചക്കാരനല്ലാതിരുന്നിട്ടും ആക്രോശങ്ങളേക്കാൾ ഭയാനകമായി അയാളുടെ ചെറു പരാമർശങ്ങൾ നായികയെ തകർക്കുന്നു. ഇരുവരും മത്സരിച്ചഭിനയിക്കുന്ന ചിത്രമാണ് കിച്ചൻ.

ബഹുനിലകളിൽ – മതം കുടുംബം സമൂഹം – പടുത്തുയർത്തപ്പെട്ട ആണധികാരക്കമ്മട്ടത്തെ ഉലക്കുന്ന നായികമാരെയാണ് ഇരു സിനിമകളിലും കാണുന്നത്. എന്നാൽ ഉത്തരം ആവശ്യമായ മറ്റൊരു പ്രശ്നം അവിടെ അവശേഷിക്കുന്നു – സിനിമയിലെ നായക കഥാപാത്രങ്ങൾ ചെയ്ത നടന്മാർക്കു നല്കിയ തുല്യ പ്രതിഫലം തന്നെയാണോ ഇരു സിനിമകളിലെയും നായിക നടിമാർക്കു ലഭിച്ചത്?

ഇത് കാണികൾക്കറിയില്ല. പക്ഷേ അറിയേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ തുല്യ ജോലിക്ക് തുല്യ വേതനമെന്ന സാമൂഹിക നീതി സംരക്ഷിക്കപ്പെടേണ്ടതുണ്ട്. സർക്കാരിന് ഹേമാ കമ്മിഷൻ റിപ്പോർട്ട് പരസ്യപ്പെടുത്താൻ കഴിയണം. അല്ലെങ്കിൽ പറയുന്നതും പ്രവർത്തിക്കുന്നതും രണ്ടാകുമല്ലോ. അതിനാൽ അതിന്റെ മറുപടി കൂടിയാണ് ഈ എഴുത്തിനെ പൂർണമാക്കുക. അത് എഴുതിയ എനിക്കല്ല സിനിമ ചെയ്തവർക്കാണു തരാൻ പറ്റുക എന്നും പ്രത്യേകം അറിയിക്കട്ടെ.

വഴിത്താരകൾ



**ജാനകി**
കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക

# ഇനി 'അമ്മ എന്ത് ചെയ്യും?'

ഈ സന്ദേഹം ഒരു ഗൃഹനാഥൻ മരിച്ച വീട്ടിൽ സ്വാഭാവികമായും ഉയരുന്ന ചോദ്യമാണ്. അതിന്റെ സ്വാഭാവികതയിലെ ഒട്ടും ആശാവഹമല്ലാത്ത അന്തർധാരയെ കുറിച്ച് നമ്മൾ ആലോചിക്കാറുണ്ടോ? അമ്മയൊഴികെ നാട്ടുകാരെയും വീട്ടുകാരെയും ആശങ്കാഭരിതരാക്കുന്ന ഈ പ്രശ്നം സൂചിപ്പിക്കുന്നത് സമൂഹത്തിന്റെ ഉത്തരവാദിത്തത്തെയല്ല ; മറിച്ചു, ഭർത്താവ് മരിച്ച പ്രത്യേകിച്ചും മുതിർന്ന സ്ത്രീക്ക് ഒറ്റയ്ക്ക് ജീവിക്കാൻ കഴിയില്ല എന്ന മുൻവിധിയെയാണ്. അമ്മക്കോ ഭാര്യക്കോ ഇതിൽ എന്തെങ്കിലും പറയാനുണ്ടോ ? ആരും കാണാൻ ശ്രമിക്കാത്ത ആ മൗനത്തെ ഭേദിക്കാനാണ് സീമ പെഹ്‌വയുടെ ആദ്യ സംവിധാന സംരംഭമായ രാമപ്രസാദ് കെ തെഹെർവി എന്ന ചലചിത്രം ശ്രമിക്കുന്നത്.

ചിത്രം ഇറങ്ങിയത് 2019 ലാണ് . എനിക്ക് കാണാൻ കഴിഞ്ഞത് 2021ൽ ഒ ടി ടി പ്ലാറ്റഫോമായ നെറ്ഫ്ലിക്ക്സിലൂടെയാണ്. സീമ പെഹ് വ എന്ന ചലച്ചിത്ര/ടെലിവിഷൻ അഭിനേത്രിയെയാണ് നമുക്കു കൂടുതൽ പരിചയം.മലയാളിയായ ടെലിവിഷൻ പ്രേക്ഷക പ്രത്യേകിച്ചും അവരെ അറിയുന്നത് ദൂരദർശൻ സീരിയലായ ഹം ലോഗിലെ ബഡ്കിയായിട്ടാണ്.സീമയുടെ കലാജീവിതത്തിലെ വളർച്ചയെ അടയാളപ്പെടുത്തുന്ന ഈ സിനിമയിൽ നസീറുദ്ദിൻ ഷായുടെയും സുപ്രിയ പാഥക്കിന്റെയും സാന്നിധ്യം ഹിന്ദി ചലച്ചിത്ര ലോകത്തിലെ മധ്യവർത്തി/ സമാന്തര സിനിമകളുടെ ചില ഓർമ്മകൾ പുതുക്കുന്നുണ്ട് . ഹ്രസ്വമെങ്കിലും പ്രധാനമാണ് നസീറുദ്ദീൻ ഷായിലൂടെ അവതരിക്കപ്പെടുന്ന രാമപ്രസാദ് എന്ന പരേതൻ. സംഗീതജ്ഞൻ കൂടിയായ ഈ കാരണവരുടെ മരണശേഷം ആ വലിയ വീട്ടിൽ എത്തിപ്പെടുന്ന മക്കളും മരുമക്കളും പേരക്കുട്ടികളും സഹോദരങ്ങളും അടങ്ങുന്ന കുടുംബ സംഗമത്തിൽ സംഭവിക്കുന്ന സംഘർഷങ്ങളും,ആവലാതികളും,അസംതൃപ്തികളിലൂടെയുമാണ് തിരക്കഥ വികസിക്കുന്നത്.മരണാനന്തരം നടക്കേണ്ട പതിമൂന്നു ദിവസത്തെ ദുഃഖാചരണത്തിൽ നിന്നാണ് സിനിമയുടെ ശീർഷകം രൂപപ്പെടുന്നത്.ഇതിൽ ഒരു ഇന്ത്യൻ പ്രേക്ഷകക്കു പ്രത്യേകം പുതുമയൊന്നും തോന്നാൻ വഴിയില്ല . ഒരാളുടെ മരണത്തിനു ശേഷം കുടുംബ ബന്ധങ്ങളിലെ പൊയ്മുഖങ്ങൾ അഴിഞ്ഞുവീഴുന്നതും ഏറ്റവും അടുപ്പമുള്ളവരിൽ പോലും സ്വാർത്ഥചിന്തകൾ വെളിപ്പെടുന്നതും ഒക്കെ ഹാസ്യത്തിലൂടെയും ട്രാജഡിയിലൂടെയും എല്ലാം നമ്മൾ പലവുരു കണ്ടതാണ്. പക്ഷെ സീമ തന്റേതായ ശൈലിയിൽ പരിചിതമായ ഒരു ജീവിതാനുഭവത്തിനു വ്യത്യസ്തമായ ദൃശ്യഭാഷ നൽകാൻ ശ്രമിക്കുന്നു. പരിചരണത്തിലെ ഒതുക്കവും കരുതലും മതിപ്പുളവാക്കുന്നു.




സുദീപ് സെൻഗുപ്തയുടെ ക്യാമറ ആംഗിളുകൾ ആ വീട്ടിൽ നടക്കുന്ന കോലാഹലങ്ങൾ ഒരു അകലത്തിൽ നിന്നാണ് വീക്ഷിക്കുന്നത്...അതൊരു ദാർശനിക അകലമാണെന്നു തോന്നിപോകും.വളരെ കാര്യമാത്രപ്രസക്തമായി മരണത്തെ നേരിടുന്ന ഒരു കുടുംബത്തെയാണ് നമ്മൾ കാണുന്നത്.മെലോഡ്രാമക്കും വൈകാരിക ധാരാളിത്തത്തിനും സാധ്യതയുള്ള ഒരു പ്രമേയം മനുഷ്യബന്ധങ്ങളിലെ ഉപരിപ്ലവതകളും കാപട്യങ്ങളും അനാവരണം ചെയ്യാനുള്ള നിമിത്തമായി മാറുന്നു.ക്ലോസ് അപ്പ് ഷോട്ടുകൾ വളരെ കുറവാണെ




ന്നത് ശ്രദ്ധേയമാണ്.ഇവിടെ 'അമ്മ ഒരു നിഷ്പക്ഷയായ കാണിയായി മാറുകയാണ്. പെറ്റു വളർത്തിയ മക്കളും അവരുടെ കുടുംബങ്ങളും ആടിത്തകർക്കുന്ന നാടകത്തെ നിസ്സംഗയായി, പരാതിയില്ലാതെ വീക്ഷിയ്ക്കുന്ന കാണി.ഒരു തരത്തിലും ഭർതൃദുഃഖത്തിന്റെ സ്ഥിരം പല്ലവികൾ അവർ പാടുന്നില്ല.അവർക്കു യഥാർഥത്തിൽ ദുഃഖമുണ്ടോ എന്ന് പോലും മരുമക്കൾ സംശയിക്കുന്നുണ്ട്.അവരുടെ വികാരങ്ങളുടെ സങ്കീർണതയാണ് നമുക്ക് അനുഭവവേദ്യമാകുന്നത്.വൃദ്ധനായ രാമപ്രസാദിന്റെ ശവമഞ്ചം വീടിനു പുറത്തേക്കു

പോകുമ്പോൾ, ആ വഴിയേ വീട്ടിനുള്ളിലേക്ക് ഭൂതകാലത്തിൽ നിന്ന് കയറി വരുന്ന ചെറുപ്പക്കാരനായ രാമപ്രസാദിനെയാണ് 'അമ്മ കാണുന്നത്.ഒരു നിമിഷം തുളുമ്പി നിൽക്കുന്ന കണ്ണീരിൽ ചിരി പടരുന്നു.ഭൂതവും വർത്തമാനവും ഇട കലരുന്ന ഓർമകളിലൂടെ സിനിമ ഒഴുകുമ്പോൾ ജീവിതത്തിന്റെ നിസ്സംഗമായ ഒഴുക്കാണ് ഫോക്കസിൽ നിൽക്കുന്നത്.

വളരെ ഏകാന്തമായ ഒരു വാർധക്യ ജീവിതം നയിച്ചിരുന്ന രാമപ്രസാദിന്റെയും ഭാര്യയുടെയും വിജനവും മൂകവുമായ ഇരുട്ട് തളം കെട്ടി നിന്നിരുന്ന ആ വീട് ഒരൊറ്റ രാത്രി കൊണ്ട് ശബ്ദമുഖരിതമാകുന്നു.'അമ്മ' എന്ന പേരിനാൽ മാത്രം നമ്മൾ അറിയുന്ന രാമപ്രസാദിന്റെ പത്നിയുടെ ചുറ്റും മറ്റൊരു ലോകം തന്നെ ആ ദുഃഖാചരണത്തിൽ കെട്ടിപ്പടുക്കപ്പെടുന്നു. സാധാരണ ജീവിതത്തിന്റെ സമ്മർദ്ദങ്ങളിൽ നിന്ന് ഒരവധി കിട്ടിയ പോലെ ആണ്മക്കളും പേരക്കുട്ടികളും ആസ്വദിക്കുന്നതു കാണുമ്പോൾ ,ചടങ്ങു നടക്കുമ്പോഴും സെൽഫി എടുക്കുന്ന തന്റെ കുടുംബത്തെ കാണുമ്പോൾ രാമപ്രസാദിന്റെ ഭാര്യ അറിയുന്നു---താൻ അനുഭവിക്കുന്ന വേർപാട് മറ്റാരും ആ തീവ്രതയിൽ അനുഭവിക്കാൻ സാധ്യതയില്ല എന്ന് .






സീമ പെഹ്വ തന്നെ മുൻപ് രചിച്ച പിണ്ട് ദാൻ എന്ന നാടകത്തിന്റെ ചലചിത്രാവിഷ്കാരമാണ് ഈ സിനിമ.ഷായ്ക്കും സുപ്രിയക്കും പുറമെ പ്രഗത്ഭരായ പല തലമുറകളിലെ അഭിനേതാക്കൾ അണിനിരക്കുന്നുണ്ട്.കോങ്കോണ സെൻ ശർമ്മ,പരംബ്രത ഭട്ടാചാര്യ , വിനയ് പാഥക് വിക്രാന്ത് മാസ്സീ എന്നിങ്ങനെ നാടകത്തിലും സിനിമയിലും ഉള്ള ചെറുതും വലുതുമായ അനേകം ആർട്ടിസ്റ്റുകൾ. ഇത്ര കഴിവുള്ള അഭിനേതാക്കളെ സിനിമ വേണ്ടുന്ന വിധം പ്രയോജനപ്പെടുത്തിയോ എന്ന സംശയം ചില വിമർശകർ ഉയർത്തിയിട്ടുണ്ട്.നമ്മൾ ശീലിച്ചു പോന്ന 'പ്രകടന'മല്ല അഭിനയം എന്ന് ഈ സിനിമ പറയാതെ പറയുന്നുണ്ട്.വളരെ കുറച്ചുരംഗങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ഷായുടെ ഓരോ ചലനവും, ഓരോ ഉടലനക്കവും ഒരു അഭിനയ വിദ്യാലയമാണ്!

'ഇനി അമ്മ ഒറ്റക്ക് എങ്ങിനെ ജീവിതത്തെ നേരിടും' എന്ന മക്കൾ ഓരോരുത്തരും അവരുടെ മുറികളിലെ സ്വകാര്യതയിൽ പിറുപിറുക്കുന്നതു കേൾക്കാം .സിനിമ നമുക്കായി സൂക്ഷിച്ചു വെക്കുന്ന അദ്ഭുതകരമായ രഹസ്യവും അതാണ്.അമ്മ ആരുടെയും കൂടെ പോകുന്നില്ല .പതിമൂന്നാം ദിവസത്തെ ചടങ്ങുകൾ കഴിഞ്ഞു ഓരോരുത്തരായി യാത്ര പറഞ്ഞു ഇറങ്ങി കഴിയുമ്പോൾ അമ്മ ആ വീട്ടിനുള്ളിലേക്ക് പിൻവാങ്ങുന്നു.തന്റെ മുറിയിലെത്തി അലമാര തുറക്കുമ്പോൾ കാണുന്ന ക്ലോസപ്പ് ദൃശ്യത്തിൽ അമ്മയുടെ മുഖത്ത് ആദ്യമായി വിടരുന്ന മന്ദസ്മിതത്തിനു പത്തരമാറ്റ് തിളക്കമാണ് . രാംപ്രസാദിന്റെ വീടിനെ 'രാമപ്രസാദ് സംഗീത വിദ്യാലയ'മാക്കി മാറ്റി, കുട്ടികളെ ചിരിച്ചു കൊണ്ട് വീട്ടിനുള്ളിലേക്ക് ആനയിക്കുന്ന സുപ്രിയയുടെ ദീപ്തമായ മുഖഭാവത്തിലൂടെ സിനിമ നമ്മളോട് യാത്ര പറയുമ്പോൾ നമുക്ക് ഉത്തരം കിട്ടിയിരിക്കുന്നു...ഇനി 'അമ്മ എന്ത് ചെയ്യും എന്നതിന്.ഒരു സംവിധായികയുടെ ജീവിത വീക്ഷണം തിരക്കഥയുടെ ദിശ എങ്ങിനെ നിർണ്ണയിക്കുന്നു എന്ന്കൂടി നമ്മൾ അറിയുന്നു.മറ്റൊരു തുടർച്ചയിലേക്കു,മറ്റൊരു വാഴിലേക്കു പ്രതീക്ഷയോടെ നമ്മൾ ഉറ്റു നോക്കുന്നു....



# നാടകങ്ങളിലെ കുടുംബങ്ങൾ



**ആതിര നികത്തിൽ**
ഗവേഷക
തിയേറ്റർ ആന്റ് പെർഫോമിങ് ആർട്സ്
സ്കൂൾ ഓഫ് ഡ്രാമ, തൃശൂർ

നാടകങ്ങൾ മിക്കവാറും തന്നെ 1825 ൽ യുജീൻ സ്ക്രൈബ് മുന്നോട്ട് വെച്ച 'വെൽ മെയ്ഡ് പ്ലേ' ഘടന പിന്തുടരുന്നവയാണ്. അതായത് ഒരു നാടകം ആരംഭിക്കുന്നു, പുരോഗമിക്കുന്നു, സംഘട്ടനത്തിലേക്ക് എത്തുന്നു, അവസാനത്തിൽ പ്രശ്നപരിഹാരം തേടി പഴയതോ പുതിയതോ ആയ അവസ്ഥയിലേക്ക് എത്തുന്നു. അന്നത്തെ കൊമേർഷ്യൽ നാടകങ്ങളിൽ കാണപ്പെട്ട ഈ ഘടന നമ്മുടെ പല നാടകങ്ങളും പിന്തുടർന്ന് പോന്നു. ഈ ഘടനയെ നിലനിർത്തികൊണ്ടുപോയത് 'കുടുംബം' ആയിരുന്നു - അച്ഛനും അമ്മയും മക്കളും മറ്റ് ബന്ധുക്കളും അടങ്ങിയ സാമൂഹ്യ ഘടനയ്ക്ക് അകത്തു നിൽക്കുന്ന അല്ലെങ്കിൽ സാമൂഹ്യ ഘടനയെ നിലനിർത്തുന്ന കുടുംബം .ഈ കുടുംബത്തിലെ മകനോ മകൾക്കോ അന്യമതസ്ഥരുമായി ഉണ്ടാകുന്ന പ്രണയം, അതു മൂലം ഉണ്ടാകുന്ന പ്രശനങ്ങൾ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നടകങ്ങൾ ആയിരുന്നു പലതും.

എഴുപതുക്കൾക്ക് മുൻപ് ഉത്സവപ്പറമ്പുകളിൽ കളിച്ചു വിജയിച്ചിരുന്ന നാടകങ്ങൾ ഇത്തരത്തിൽ കുടുംബ ബന്ധങ്ങളെയും അതിനെ ചുറ്റിപറ്റിയുള്ള പ്രശ്നങ്ങളെയും ആസ്പതമാക്കിയുള്ളവ ആയിരുന്നു. എന്നാൽ എഴുപതുകൾക്ക് ശേഷം തനത് നാടകവേദിയുടെ വരവോട് കൂടി ഈ ഘടനയ്ക്ക് വലിയ വ്യത്യാസം വരുന്നതായി കാണാം. ഈ സമയത്ത് നാടക അവതരണം എന്നത് പ്രോസീനിയം സ്ട്രക്ക്ചെറിൽ നിന്ന് വിട്ടിറങ്ങുകയും അവിടെ നിന്നും നാടകം കൈകാര്യം ചെയ്യുന്ന ഇതിവൃത്തങ്ങൾ അസ്തിത്വം, വ്യക്തിത്വം, നിലനിൽപ്പ് എന്നിവയ്ക്ക് വേണ്ടിയുള്ള അന്വേഷണങ്ങളിലേക്ക് തിരിയുകയും ചെയ്യുന്നു. ജി ശങ്കരപ്പിള്ളയുടെ 'കറുത്ത ദൈവങ്ങളെ തേടി' , കാവാലം നാരായണപ്പണിക്കരുടെ 'അവനവൻ കടമ്പ' ഇവയൊക്കെ ഉദാഹരണങ്ങളായി പറയാവുന്നവയാ


ണ്.

പിന്നീട് നാടകം അമേച്വർ എന്നും പ്രൊഫഷണൽ എന്നും രണ്ടായി തിരിയുകയും പിന്നീട് പ്രേക്ഷകർ തന്നെ നാടകത്തിൽ നിന്നും അകന്നു പോകുന്ന അവസ്ഥയിലേക്കും എത്തിച്ചേരുന്നുണ്ട്. ടെലിവിഷൻ പോലുള്ള പുതിയ മാധ്യമങ്ങളുടെ കടന്നുവരവ് പ്രൊഫഷണൽ നാടകങ്ങൾക്കുള്ള കാണികളെ ഇല്ലാതെയാക്കുന്നുണ്ട്. ഏകദേശം ഇരുപതിയൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പ്രേക്ഷകരുടെ കാഴ്ചയിൽ വലിയ മാറ്റം സംഭവിക്കുകയും നാടകങ്ങളിലെ അന്വേഷണങ്ങളിൽ തന്നെ വഴിത്തിരിവ് ഉണ്ടാവുകയും ചെയ്യുന്നുണ്ട്. ഇറ്റ്ഫോക്കിന്റെ കടന്നുവരവ് ഉണ്ടാകുന്ന ഇതേ സമയത്ത് നാടകങ്ങൾ ദളിത് വിഷയങ്ങളേയും ഫെമിനിസ്റ്റ് വിഷയങ്ങളെയും (അരികുവൽക്കരിക്കപ്പെടുന്ന വിഷയങ്ങൾ) കുറിച്ച് സംസാരിക്കാൻ തുടങ്ങി. ഈ വിഷയങ്ങൾ ആദ്യം പൊളിച്ചെഴുതാൻ തുടങ്ങിയത് കുടുംബ ബന്ധങ്ങളെ ആയിരുന്നു. ഡോ. ഗോപൻ ചിദംബരത്തിന്റെ 'സദൃശ്യവാക്യങ്ങൾ' വിനോദ് കുമാറിന്റെ 'അനന്തരം അവൾ' തുടങ്ങിയ നാടകങ്ങൾ നിലനിന്നു പോന്ന കുടുംബ ബന്ധങ്ങളെ പൊളിച്ചെഴുതിയവ ആയിരുന്നു. പഴയ നാടകങ്ങളെ പുതിയ സാമൂഹികപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവതരിപ്പിക്കപ്പെടാറുണ്ട്. ഡോ. ശ്രീജിത്ത് രമണൻ സംവിധാനം ചെയ്ത മരിയോ ഫ്രാറ്റിയുടെ 'ഹിസ് ലാസ്റ്റ് മൊമന്റ്സ്' ഒരു ഉദാഹരണമാണ്. സോഷ്യൽ ടെക്സ്റ്റുകൾ മാറുന്നത് അനുസരിച്ചു ഉണ്ടാകുന്ന സ്ക്രിപ്റ്റ്കൾക്കും മാറ്റം ഉണ്ടാകും. പണ്ടത്തെ സോഷ്യൽ സ്ക്രിപ്റ്റിന്റെ ഭാഗമായി ഉണ്ടായതാണ് കെ.ടി മുഹമ്മദിന്റെ 'ഇത് ഭൂമിയാണ്', വി.ടി യുടെ 'അടുക്കളയിൽ നിന്നും അരങ്ങത്തേക്ക്' എന്ന നാടകവുമൊക്കെ. എന്നാൽ ഇന്നത്തെ സോഷ്യൽ സ്ക്രീപ്റ്റ് മാറുകയും അവ ബൈനറികളിൽ മാത്രം ഒതുങ്ങാതെ വരികയും ചെയ്യുന്ന ഒരു കാലത്തിലേക്ക് എത്തുകയും ചെയ്തു. ജെൻഡർ പൊളിറ്റിക്സിൽ വന്ന മാറ്റം പാരമ്പര്യമായി നിലനിൽക്കുന്ന കുടുംബ ബന്ധങ്ങളെ അല്ലെങ്കിൽ വ്യവസ്ഥിതിയെ പുനർ നിർമ്മിക്കുന്നുണ്ട്. കേവലം ആൺ-പെൺ ബൈനറികളിൽ ഒതുങ്ങാതെ അത് പല ദിശകളിലേക്ക് പടരുന്നത് കാണാം. കുടുംബം എന്ന ഘടന തന്നെ പല തരത്തിലുള്ള മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. സിംഗിൾ പേരെന്റ്റിംഗ്, ഡിവോഴ്സ് ആയി ജീവിക്കുന്ന മനുഷ്യർ, ലിവിങ് ടുഗെതർ, ക്വീർ കുടുംബങ്ങൾ തുടങ്ങി വൈവിധ്യങ്ങൾ പലതാണ്. അതുകൊണ്ടു തന്നെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കും മാറ്റങ്ങൾ ഉണ്ടായതായി കാണാം. കോവിഡ് വന്നതിനു ശേഷം പുതിയ ഒരു സോഷ്യൽ സ്ക്രീപ്റ്റ് ഇപ്പോൾ രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. ലോക്ക്ഡോൺ സമയത്ത് കുടുംബ ബന്ധങ്ങളിൽ ഉണ്ടായ തകർച്ചകളും കൂടിച്ചേരലുകളും നമ്മൾ കണ്ടതാണ്. അതിനനുസരിച്ചുള്ള പുതിയ സാമൂഹ്യപാഠത്തെ നമ്മൾ ഉൾക്കൊണ്ടു വരികയാണ്. അതുകൊണ്ടുതന്നെ ഇനി പുതിയതായി വരുന്ന നടകങ്ങളിൽ ഈ സോഷ്യൽ സ്ക്രിപ്റ്റ് കടന്നു വരികയും അത് പുതിയ വാതയാനങ്ങൾ നാടകരംഗത്തിന് നൽകുകയും ചെയ്യുമെന്നതാണ് പ്രതീക്ഷ.


## സംഘടിത കൂട്ടായ്മയിൽ കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു.
കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ - പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും - ക്ഷണിക്കുന്നു. താൽപര്യമുള്ളവർ
**sheebakm@gmail.com**
എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.




**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ


# കാതലീൻ റൂബിൻസ്– ബഹിരാകാശ സ്വപ്നങ്ങൾ കൈയത്തിപ്പിടിച്ച തന്മാത്രാ ജീവശാസ്ത്രജ്ഞ

ബഹിരാകാശത്തു വച്ച് ആദ്യമായി ഡി.എൻ.എ അനുക്രമ നിർണ്ണയം നടത്തിയ വ്യക്തി, ഡോക്റ്ററേറ്റ് നേടിയത് കാൻസർ ബയോളജിയിൽ, രണ്ടു ബഹിരാകാശപ്പറക്കലുകളിലായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ തങ്ങിയത് 300 ദിവസം. നാലു സ്പേസ് വോക്കും നടത്തി. പറഞ്ഞുവരുന്നത് കാതലീൻ റൂബിൻസ് (കെയ്റ്റ് റൂബിൻസ്) എന്ന ആസ്ട്രോനോട്ടിനെക്കുറിച്ചാണ്. അന്താരാഷ്ട്ര ബഹിരാകാശനിലയത്തിൽ നിന്നും 185 ദിവസം നീണ്ട തന്റെ രണ്ടാമത്തെ ദൗത്യം പൂർത്തിയാക്കി ഇക്കഴിഞ്ഞ ഏപ്രിലിൽ  ഭൂമിയിൽ തിരിച്ചെത്തി ഈ നാല്പത്തിരണ്ടുകാരി.

1978–ൽ യു.എസ്സിലെ കണക്റ്റിക്കറ്റിൽ ജിമ്മിന്റെയും ആൻ ഹാല്ലിസിയുടെയും മകളായി ജനിച്ച റൂബിൻസിന്റെ പഠനകാലം കലിഫോർണിയയിൽ ആയിരുന്നു. ഓട്ടം, സൈക്ലിങ്, നീന്തൽ, സ്കൂബാഡൈവിങ് ,വായന എന്നിവയിലൊക്കെ തല്പരയായിരുന്ന ആ പെൺകുട്ടിയുടെ സ്വപ്നങ്ങളിൽ കുട്ടിക്കാലത്തു തന്നെ ബഹിരാകാശത്തിന്റെ അനന്ത വിസ്മയങ്ങൾ ചിറകടിച്ചിരുന്നു.കലിഫോർണിയ  സർവ്വകലാശാലയിൽ നിന്ന് തന്മാത്രാ ജീവശാസ്ത്രത്തിൽ ബിരുദവും സ്റ്റാൻഫഡ് സർവ്വകലാശാലയിൽ നിന്ന് കാൻസർ ബയോളജിയിൽ പി.എച്ച്ഡി യും നേടിയ റൂബിൻസ് 2009–ലാണ് നാസയിൽ എത്തുന്നത്. എച്ച് ഐ വി–1 ഇന്റഗ്രേഷന്റെ ജീനോം തല ഗവേഷണങ്ങളും സ്മോൾ പോക്സ്, എബോള വൈറസ്സുകളെക്കുറിച്ചു

ള്ള പഠനങ്ങളും ഏറെ ശ്രദ്ധിക്കപ്പെട്ടു. അന്താരാഷ്ട്ര ശാസ്ത്ര ജേണലുകളിൽ നിരവധി ഗവേഷണ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചതിലൂടെയും കാതലീൻ റൂബിൻസ് ശ്രദ്ധേയയായി. അപ്പോഴും ബഹിരാകാശപ്പറക്കൽ എന്ന സ്വപ്നം മനസ്സിൽ കെടാതെ കാത്തുസൂക്ഷിക്കുന്നുണ്ടായിരുന്നു റൂബിൻസ്.

2009-ൽ നാസയുടെ ആസ്ട്രോനോട്ട് പരിശീലനത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള പറക്കലിനാവശ്യമായ അതി കഠിനമായ പരിശീലന കടമ്പകൾ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തതോടെ റൂബിൻസിന്റെ സ്വപ്നങ്ങൾക്ക് ചിറകു മുളച്ചു. അങ്ങനെ 2016 ജൂലൈയിൽ കസാഖിസ്ഥാനിലെ ബൈക്കന്നൂർ കോസ്മോഡ്രോമിൽ നിന്നും സോയൂസ് എംഎസ് പേടകത്തിലേറി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ കാതലീൻ ആ വർഷം ഒക്റ്റോബർ വരെ അവിടെ തങ്ങി. എക്സ്പെഡിഷൻ 48, 49 അംഗങ്ങൾക്കൊപ്പം റൂബിൻസ് 275-ലധികം പരീക്ഷണങ്ങളാണ് അവിടെ നടത്തിയത്. ഇതിൽ മോളിക്കുലാർ ബയോളജി, സെല്ലുലാർ ബയോളജി, ഹ്യൂമൻ ഫിസിയോളജി, ഫ്ലൂയിഡ് ഫിസിക്സ് ഗവേഷണങ്ങൾ, മൈക്രോ ഗ്രാവിറ്റിയിലുള്ള ഡി.എൻ.എ സീക്വൻസിങ്, ഹൃദയ കോശങ്ങൾ വളർത്തിയെടുത്തുള്ള ഗവേഷണങ്ങൾ എന്നിവയൊക്കെ ഏറെ ശ്രദ്ധേയമായി. രണ്ടു തവണ സ്പേസ് വോക്കും നടത്തി.ജെഫ് വില്ല്യംസ് കൂടി ഉൾപ്പെട്ട ബഹിരാകാശ നടത്തത്തിൽ ബഹിരാകാശ നിലയത്തിന്റെ ചില അറ്റകുറ്റപ്പണികളും ചില ഉപകരണങ്ങളുടെ ഘടിപ്പിക്കലുമൊക്കെ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.

2020 ഒക്റ്റോബർ 14-ന് ആയിരുന്നു ബഹിരാകാശ നിലയത്തിലേക്കുള്ള രണ്ടാമത്തെ യാത്ര. ബൈക്കന്നൂർ കോസ്മോഡ്രോമിൽ നിന്നും സോയൂസ് പേടകത്തിൽ. എക്സ്പെഡിഷൻ 63, 64 സംഘങ്ങളിലെ ആസ്ട്രോനോട്ടുകൾക്കൊപ്പം ഇത്തവണയും ശ്രദ്ധേയമായ ഗവേഷണങ്ങളാണ് റൂബിൻസ് നടത്തിയത്. ഗുരുത്വാകർഷണത്തിലെ വ്യത്യാസം കാർഡിയോ വാസ്കുലാർ കോശങ്ങളെ എങ്ങനെയൊക്കെ ബാധിക്കുന്നു എന്ന ഗവേഷണം ബഹിരാകാശപ്പറക്കലിനു തയ്യാറെടുക്കുന്ന യാത്രികർക്ക് ഏറെ പ്രയോജനപ്പെടുന്ന ഒന്നാണ്. ഡി.എൻ.എ അനുക്രമ നിർണ്ണയ ഗവേഷണങ്ങൾ ബഹിരാകാശ നിലയത്തിലെ രോഗനിർണ്ണയത്തിനും സൂക്ഷ്മജീവികളെക്കുറിച്ചുള്ള വിശദമായ പഠനത്തിനും ഉതകും വിധം വികസിപ്പിക്കാനും സാധിച്ചു. ഇതിനിടെ രണ്ടു സ്പേസ് വോക്കും നടത്തി. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ഈ രണ്ടാമത്തെ ദൗത്യത്തിൽ 185 ദിവസം പൂർത്തിയാക്കിയ റൂബിൻസ് 2021 ഏപ്രിൽ 17-ന് സുരക്ഷിതമായി ഭൂമിയിൽ തിരിച്ചെത്തി.

തന്മാത്രാ ജീവശാസ്ത്രവും കാൻസർ ബയോളജിയും പഠിച്ച് ബഹിരാകാശ യാത്രികയാവുക എന്ന സ്വപ്നം കൈയെത്തിപ്പിടിച്ച, ആ രംഗത്ത് ശ്രദ്ധേയ നേട്ടങ്ങൾ കൈവരിച്ച കാതലീൻ റൂബിൻസിന്റെ ജീവിതം ബഹിരാകാശ രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന പെൺകുട്ടികൾക്ക് പ്രചോദനമാകും എന്നുറപ്പ്.

